Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.4 / Issue 40/ Pages32
16
ഏപ്രിൽ 2025
ബുധനാഴ്ച
1200 മേടം 3

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 29 Technology | 30 World

# താരിഫ്: മുന്നറിയിപ്പുമായി ജെറോം പവൽ




പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വീണ്ടും വീണ്ടുമുള്ള താരിഫ് നയത്തിൽ മുന്നറിയിപ്പുമായി ഫെഡറൽ റിസർവ് ചെയർ ജെറോം പവൽ. നയത്തിന്റെ ആഘാതത്തെക്കുറിച്ച് ജെറോം പവൽ ശക്തമായ മുന്നറിയിപ്പ് നൽകിയതോടെ ഓഹരി വിപണിയിലും അത് പ്രതിഫലിച്ച് തുടങ്ങി. ഇതുവരെ പ്രഖ്യാപിച്ച താരിഫ് വർദ്ധനവിന്റെ തോത് പ്രതീക്ഷിച്ചതിലും വളരെ വലുതാണ്. ഉയർന്ന പണപ്പെരുപ്പവും മന്ദഗതിയിലുള്ള വളർച്ചയും ഉൾപ്പെടുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾക്ക് ഇത് കാരണമായേക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു.ബുധനാഴ്ച ഷിക്കാഗോയിലെ ഇക്കണോമിക് ക്ലബ്ബിൽ നടത്തിയ പ്രസംഗത്തിനിടെ പവൽ ഇത്തരമൊരു പ്രസ്താവന നടത്തിയത്. താരിഫുകൾ പണപ്പെരുപ്പം വർദ്ധിപ്പിക്കുകയും വളർച്ച മന്ദഗതിയിലാക്കുകയും ചെയ്യുമെന്ന് പവൽ ഈ മാസം ആദ്യം മുന്നറിയിപ്പ് നൽകിയിരുന്നു. സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ബിസിനസുകൾക്കും ഉപഭോക്താക്കൾക്കും ഉണ്ടായിരുന്ന പ്രതീക്ഷകളെയും അവ വളരെയധികം ബാധിക്കുകയും ചെയ്തിട്ടുണ്ട്.വീടുകളിലും വ്യാപാര മേഖലകളിലും നടത്തിയ സർവേകളിൽ കുത്തനെ ഇടിവ് റിപ്പോർട്ട് ചെയ്യുകയും കാഴ്ചപ്പാടിനെക്കുറിച്ചുള്ള അനിശ്ചിതത്വം വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തിയിരുന്നു. ഇത് പ്രധാനമായും വ്യാപാര

ശേഷം പേജ് 8ൽ

## ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതാദ്ധ്യക്ഷന്റെ ഈസ്റ്റർ സന്ദേശം



ക്രൈസ്തവ ജീവിതത്തിന്റെ ഏറ്റവും കാതലായ ഭാഗമാണ് ക്രിസ്തു രഹസ്യങ്ങളുടെ ആഘോഷമെന്നുള്ളത്. ഈ വലിയൊരാഴ്ചയിലൂടെ നാം കടന്നുപോയിക്കൊണ്ട് ഈ ക്രിസ്തു രഹസ്യങ്ങളെ ആഘോഷിക്കുകയായിരുന്നു ക്രൈസ്തവ ലോകം മുഴുവൻ. അവിടുന്ന് കടന്നുപോയ വേദനയുടെയും കഷ്ടപ്പാടുകളുടേയും വഴിയിലൂടെയും സഞ്ചരിച്ചുകൊണ്ട് അവിടുത്തെ മരണത്തിൽ പങ്കുചേർന്നുകൊണ്ട് നാം അവിടുത്തോടുകൂടി ഉയർത്തെഴുന്നേൽക്കുന്ന അനുഭവമാണ് ഈ ഈസ്റ്റർ ദിനത്തിനെ നാം അനുസ്മരിക്കുന്നത്. സമാഗതമായിരിക്കുന്ന ഈ ഈസ്റ്ററിന്റെ എല്ലാ മംഗളങ്ങളും പ്രാർത്ഥനകളും സെന്റ് തോമസ് സീറോ മലബാർ ഷിക്കാഗോ രൂപതയുടെ പേരിൽ നിങ്ങൾക്ക് ഏവർക്കും ഞാൻ ആശംസിക്കുന്നു. ഉത്ഥിതനായ യേശു നമ്മെ ഓരോരുത്തരേയും അനുഗ്രഹിച്ച് ആശീർവദിക്കുമാറാകട്ടെ, ഇന്നും നമ്മോടൊപ്പം ജീവിക്കുന്ന ആ ഈശോയിൽ ആശ്രയിച്ചുകൊണ്ട് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാനും മുന്നോട്ടു നയിക്കാനും നിങ്ങൾക്ക് ഏവർക്കും സാധിക്കട്ടേയെന്ന് ആശംസിക്കുന്നു



ബിഷപ്പ് ജോയി ആലപ്പാട്ട്

# നാടുകടത്തൽവിമാനങ്ങളുടെ പേരിൽ കോടതിയലക്ഷ്യ നടപടിക്ക് സാധ്യത



വാഷിംഗ്ടൺ: എൽ സാൽവഡോറിലേക്ക് ആളുകളെ കൊണ്ടുപോയ നാടുകടത്തൽ വിമാനങ്ങളുടെ കാര്യത്തിൽ ട്രംപ് ഭരണകൂടത്തിനെതിരെ കോടതിയലക്ഷ്യത്തിന് കേസെടുക്കാൻ സാധ്യതയുണ്ടെന്ന് ഒരു ഫെഡറൽ ജഡ്ജി അറിയിച്ചു. ഇതിനുള്ള കാരണം കണ്ടെത്തിയതായി ബുധനാഴ്ച പുറത്തിറക്കിയ ഉത്തരവിൽ ജഡ്ജി വ്യക്തമാക്കി.'സർക്കാരിന്റെ അന്നത്തെ നടപടികൾ കോടതി ഉത്തരവിനോടുള്ള ബോധപൂർവമായ അവഗണനയാണ് കാണിക്കുന്നത്,' യുഎസ് ജില്ലാ ജഡ്ജി ജെയിംസ് ബോസ്ബെർഗ് പറഞ്ഞു. 'സർക്കാരിനെ ക്രിമിനൽ കോടതിയലക്ഷ്യത്തിന് വിചാരണ ചെയ്യാൻ മതിയായ കാരണമുണ്ടെന്ന് കോടതിക്ക് കണ്ടെത്താൻ ഇത് മതിയാകും.''കോടതി ഈ നിഗമനത്തിലെത്തുന്നത് ലഘുവായി കാണുന്നില്ല. പ്രതികൾക്ക് അവരുടെ പ്രവർത്തനങ്ങൾ തിരുത്താനും വിശദീകരിക്കാനും ധാരാളം അവസരങ്ങൾ നൽകിയിരുന്നു. എന്നാൽ അവരുടെ പ്രതികരണങ്ങളൊന്നും തൃപ്തികരമായിരുന്നില്ല,' എന്നും ബോസ്ബെർഗ് തന്റെ ഉത്തരവിൽ കൂട്ടിച്ചേർത്തു.

ഗുജറാത്ത് എ.ഐ.സി.സി സമ്മേളനം: സിംഹത്തിന്റെ മടയിൽ കയറി കൊടിനാട്ടിയ കോൺഗ്രസ് ................................ പേജ് 05
കേരള തൊഗാഡിയ'; പണറായി വക ശുദ്ധിപത്രം ................................പേജ് 15
നിലമ്പൂരിൽ നിലമൊരുങ്ങുന്നത് ആർക്കുവേണ്ടി? ................................................ പേജ് 16
പണ്ട് ജയരാജന്മാർ ജയ ജയഹേ, ഇപ്പോൾ ജയരാജത്രയം 'പോ' ഹേ! ................ പേജ് 24
അസമിൽ കോൺഗ്രസിന്റെ പ്രതീക്ഷ ഗൗരവ് ഗൊഗോയിൽ! ........................................ പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ട്രംപ് തീരുവകളിൽ നിന്ന് മെലോണി യൂറോപ്പിനെ എങ്ങനെ രക്ഷിക്കും?



വാഷിംഗ്ടൺ: യൂറോപ്പിന് മേലുള്ള താരിഫുകൾ സംബന്ധിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി സംസാരിക്കാൻ ഇറ്റലിയുടെ പ്രധാനമന്ത്രി ജോർജിയ മെലോണി വാഷിംഗ്ടണിലെത്തും. താരിഫുകൾ ഇറ്റാലിയൻ കയറ്റുമതിക്കാർക്ക് വൻ പ്രഹരമായിരിക്കും എന്ന അവർ ട്രംപിനെ ബോധ്യപ്പെടുത്തിയേക്കും.

എന്നിരുന്നാലും, ജനുവരിയിലെ ചടങ്ങിലേക്ക് ട്രംപ് അവരെ ക്ഷണിച്ചപ്പോൾ അവർ ഒരു മികച്ച നേതാവും വ്യക്തിയുമാണെന്ന് പറഞ്ഞിരുന്നു. ഇതെല്ലാം മുൻ നിർത്തി ട്രംപ് കേൾക്കാൻ തയ്യാറായേക്കാവുന്ന ഒരേയൊരു യൂറോപ്യൻ നേതാവ് അവരായിരിക്കുമെന്ന് യൂറോപ്പിൽ നിന്നുള്ള അവരുടെ എതിരാളികൾ പോലും കരുതുന്നു. മുഖസ്തുതി, ഭീഷണി അല്ലെങ്കിൽ കൂടുതൽ അമേരിക്കൻ വാതകം വാങ്ങുമെന്ന വാഗ്ദാനങ്ങൾ എന്നിവയിലൂടെയെല്ലാം യുഎസ് പ്രസിഡന്റിന്റെ മനസ്സ് മാറ്റാൻ മറ്റ് യൂറോപ്യൻ നേതാക്കൾ ശ്രമിച്ചിട്ടുണ്ട്. പക്ഷേ ചർച്ചകൾ എങ്ങുമെത്താതെ പരാജയപ്പെടുകയായിരുന്നു.

അമേരിക്കയിലേക്കുള്ള എല്ലാ കയറ്റുമതികൾക്കും 20 ശതമാനം തീരുവ ചുമത്തരുതെന്ന് ട്രംപിനെ ബോധ്യപ്പെടുത്താൻ നിലവിൽ യൂറോപ്യൻ യൂണിയന് മൂന്ന് മാസത്തെ സമയമുണ്ട്. സ്റ്റീൽ, അലുമിനിയം, വാഹനങ്ങൾ എന്നിവയ്ക്ക് 25 ശതമാനം കൂടി അധികമായി ചുമത്തിയ അടിസ്ഥാന താരിഫ് ഒഴികെയാണിത്.

വ്യാഴാഴ്ച മെലോണി ട്രംപുമായി സംസാരിക്കുമ്പോൾ, അവർക്ക് ഇപ്പോഴും യുഎസുമായി ബിസിനസ്സ് ചെയ്യാൻ കഴിയുമെന്ന് കാണിക്കാനുള്ള യൂറോപ്പിന്റെ അവസരമാണിത്. മാത്രമല്ല ട്രംപിനെ ബോധ്യപ്പെടുത്താൻ കഴിയുമെന്നും അദ്ദേഹത്തിന്റെ വ്യാപാര ഭീഷണികൾ ഒരു ചർച്ചാ തന്ത്രം മാത്രമാണെന്നും അവർ തന്നെ കരുതുന്നുമുണ്ടെന്ന് സർക്കാരിന്റെ രാഷ്ട്രീയ നിലപാടിനെക്കുറിച്ച് പരിചയമുള്ള രണ്ട് ഇറ്റാലിയൻ ഉദ്യോഗസ്ഥർ പറയുന്നു. ജോർജിയ മെലോണിയെ ട്രംപ് കേൾക്കുന്നത് മുഴുവൻ യൂറോപ്യൻ യൂണിയനും ഒരു മുതൽക്കൂട്ടാണെന്ന് ഒരു ഇറ്റാലിയൻ ഉദ്യോഗസ്ഥൻ പൊളിറ്റിക്കോയോട് പറഞ്ഞു.

# 'ഫുഡ് സ്റ്റാമ്പ്' ഉപയോഗിച്ച് സോഡയും മിഠായിയും വേണ്ട



ന്യൂയോർക്ക്: അമേരിക്കയിൽ കുറഞ്ഞ വരുമാനക്കാർക്ക് സർക്കാർ നൽകുന്ന ഭക്ഷ്യ സഹായം (ഫുഡ് സ്റ്റാമ്പ് അഥവാ SNAP സപ്ലിമെന്റൽ ന്യൂട്രീഷൻ അസിസ്റ്റൻസ് പ്രോഗ്രാം) ഉപയോഗിച്ച് സോഡ പോലുള്ള മധുര പാനീയങ്ങളും മിഠായികളും വാങ്ങുന്നത് തടയാൻ നടപടിയുമായി നാല് സംസ്ഥാനങ്ങളിലെ ഗവർണർമാർ.

അർക്കൻസാസ്, ഇഡാഹോ, ഇന്ത്യാന എന്നീ സംസ്ഥാനങ്ങളിലെ ഗവർണർമാരാണ് അടുത്തിടെ ഈ ആവശ്യം ഉന്നയിച്ച് സർക്കാരിന് അപേക്ഷ നൽകിയത്. കഴിഞ്ഞ മാസം വെസ്റ്റ് വിർജീനിയ ഗവർണറും സമാനമായ നീക്കം പ്രഖ്യാപിച്ചിരുന്നു.

കുറഞ്ഞ വരുമാനക്കാരായ അമേരിക്കക്കാർക്കിടയിൽ അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ കുറയ്ക്കാനും അതുവഴി അവരുടെ ആരോഗ്യം മെച്ചപ്പെടുത്താനുമാണ് ഈ നീക്കമെന്ന് ഗവർണർമാർ പറയുന്നു. പഞ്ചസാരയുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന പൊണ്ണത്തടി, ടൈപ്പ് 2 പ്രമേഹം, ഹൃദ്രോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ തടയുകയാണ് പ്രധാന ലക്ഷ്യം.

റോബർട്ട് എഫ്. കെന്നഡി ജൂനിയർ മുൻകൈയെടുത്ത് തുടങ്ങിയ 'അമേരിക്കയെ വീണ്ടും ആരോഗ്യകരമാക്കാം' (Make America Healthy Again) പോലുള്ള ആരോഗ്യ ബോധവൽക്കരണ മുന്നേറ്റങ്ങളെ പിന്തുണയ്ക്കുന്നതാണ് തങ്ങളുടെ പദ്ധതിയെന്നും ഗവർണർമാർ സൂചിപ്പിച്ചു.

അമേരിക്കൻ കാർഷിക വകുപ്പിന്റെ (USDA) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഒരാൾ ഒരു ദിവസം കഴിക്കുന്ന ഭക്ഷണത്തിലെ പഞ്ചസാരയുടെ അളവ് ആകെ കലോറിയുടെ 10 ശതമാനത്തിൽ കൂടാൻ പാടില്ല.

എന്നാൽ, സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷന്റെ (CDC) കണക്കനുസരിച്ച്, അമേരിക്കയിലെ കുട്ടികൾ ശരാശരി 17 ടീസ്പൂൺ വരെ അധിക മധുരം ദിവസവും കഴിക്കുന്നുണ്ട്.

ഗവർണർമാരുടെ ഈ നിർദ്ദേശം, ആളുകളെ ഇത്തരം അനാരോഗ്യകരമായ ഭക്ഷണങ്ങൾ (ജങ്ക് ഫുഡ്) വാങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ ഒരു പരിധി വരെ സഹായിക്കുമെന്നാണ് ആരോഗ്യ വിദഗ്ദ്ധരും അഭിപ്രായപ്പെടുന്നത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## American Diary | 50 Years Ago

### *Cambodia Windup*



On April 16, 1975, in America, the evacuation of Phnom Penh by the Khmer Rouge began, marking the end of the Cambodian Civil War. In the U.S., it was a day with various happenings, including the US Embassy in Cambodia closing and beginning the evacuation of American citizens. The New York Times also reported on ICI America's expansion, a lawsuit filed by Staats against Ford on impoundment, and the death of Edith Vanocur.

April 16, 1975

# പിരിച്ചുവിട്ട ഫെഡറൽ ജീവനക്കാർക്കായി സൗജന്യ നിയമോപദേശ കേന്ദ്രം ആരംഭിച്ചു



ന്യൂയോർക്ക്: ട്രംപ് ഭരണകൂടം ജീവനക്കാരെ വ്യാപകമായി പിരിച്ചുവിടുന്നതിനിടയിൽ തൊഴിൽ നഷ്ടപ്പെട്ടതോ നിയമപരമായ അവകാശങ്ങൾ ലംഘിക്കപ്പെട്ടതോ ആയ ഫെഡറൽ ജീവനക്കാർക്ക് സൗജന്യ നിയമോപദേശം നൽകുന്നതിനായി തൊഴിലാളി യൂണിയനുകളും ഇടതുപക്ഷ സംഘടനകളും ചേർന്ന് ഒരു നിയമോപദേശ കേന്ദ്രം രൂപീകരിച്ചു.

അമേരിക്കയിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ എ.എഫ്. എൽസി.ഐ.ഒയും സന്നദ്ധ അഭിഭാഷകരെ ലാഭരഹിത സംഘടനകളുമായി ബന്ധിപ്പിക്കുന്ന വീ ദി ആക്ഷനും ചേർന്നാണ് ഈ സംരംഭത്തിന് നേതൃത്വം നൽകുന്നത്. ഫെഡറൽ ജീവനക്കാരുമായി അവരുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനായി ആയിരക്കണക്കിന് അഭിഭാഷകരെ നിയമിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുമെന്ന് ഈ സംഘടനകൾ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു.

അഭിഭാഷകർ 20 മിനിറ്റ് വരെ നീണ്ടുനിൽക്കുന്ന പ്രാഥമിക വിവരശേഖരണ കോളുകൾ സ്വീകരിക്കുകയും അർഹരായ തൊഴിലാളികൾക്ക് ഒരു മണിക്കൂർ സൗജന്യ നിയമോപദേശം നൽകുകയും ചെയ്യും എന്ന് വെബ്സൈറ്റിൽ പറയുന്നു.

അതേസമയം, പ്രസിഡന്റ് ഡൊണാൾഡ് ട്രംപും അദ്ദേഹത്തിന്റെ ഉപദേശകനും ശതകോടീശ്വരനുമായ എലോൺ മസ്കും ഫെഡറൽ ഗവൺമെന്റിന്റെ വലുപ്പം കുറയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.

ഫെഡറൽ ഏജൻസികൾ അടുത്തിടെ ആയിരക്കണക്കിന് ജീവനക്കാരെ പിരിച്ചുവിട്ടെന്നും കഴിഞ്ഞ ആഴ്ചകളിൽ മറ്റ് നിരവധി ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ടെന്നും റിപ്പോർട്ടുകളുണ്ട്.

## റീ...പോളിംഗ്




*കേരള പോലീസിന് രണ്ടരക്കോടി രൂപ ചെലവിൽ തോക്ക് വാങ്ങുന്നു*

# മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോയുടെ സ്വപ്നം സഫലമാക്കാൻ എബ്രഹാം വർക്കി

ഷിക്കാഗോയിലും പരിസര പ്രദേശങ്ങളിലും വസിക്കുന്ന മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനികൾക്ക് ഒരു ചിരകാല സ്വപ്നമുണ്ടെന്നും അത് സാക്ഷാത്കരിക്കാൻ വേണ്ടിയാണ് മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോ (എം.ഒ.സി.എസ്) നിലകൊള്ളുന്നതെന്നും സംഘടനയുടെ വൈസ് പ്രസിഡന്റ് എബ്രഹാം വർക്കി പറഞ്ഞു. അടുത്ത മാസം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെടുന്ന എം.ഒ.സി.എസ് തങ്ങളുടെ കുടുംബാംഗങ്ങളെയെല്ലാം വിശ്വാസത്തോടൊപ്പം സാമൂഹികവും സാംസ്കാരികമായും ഒരുമിപ്പിക്കുന്ന വേദിയായിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.



ആത്മീയ കാര്യങ്ങളിൽ നിന്ന് ഒട്ടും അകന്നുപോകാതെ പുതുതലമുറയെ നെഞ്ചോട് ചേർത്ത് പിടിക്കുന്ന ഈ സൊസൈറ്റി 'മലങ്കര ഓർത്തഡോക്സ് കോൺഗ്രസ്' എന്ന നിലയിൽ നോർത്ത് അമേരിക്കയിലെമ്പാടും വ്യാപിക്കുന്ന കാലം വിദൂരമല്ലെന്നും എബ്രഹാം വർക്കി പ്രത്യാശ പ്രകടിപ്പിക്കുന്നു.

കോട്ടയം ജില്ലയിലെ ചിങ്ങവനത്തിനടുത്തുള്ള കുഴിമറ്റം ചാലുവേലിൽ പരേതരായ എം.കെ വർക്കിയുടെയും മറിയാമ്മ വർക്കിയുടെയും ഇളയ മകനാണ് അനിമോൻ എന്ന എബ്രഹാം വർക്കി. ബിസിനസുകാരനായിരുന്നു പിതാവെങ്കിൽ മാതാവ്, 'മലങ്കര സഭാ ഭാസുരൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുടെ (വട്ടശ്ശേരിൽ തിരുമേനി) മല്ലപ്പള്ളിയിലെ കുടുംബത്തിൽപ്പെട്ട വ്യക്തിയാണ്. അതിനാൽ ത്തന്നെ തീർത്തും വിശ്വാസത്തിൽ അധിഷ്ഠിതമായ കുടുംബാന്തരീക്ഷത്തിൽ നിന്നാണ് കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ എബ്രഹാം വർക്കി കടന്നു വന്നിട്ടുള്ളത്.

ബാലജനസഖ്യത്തിലൂടെ സാമൂഹ്യ പ്രവർത്തനം ആരംഭിച്ച എബ്രഹാം, കോട്ടയം ബസേലിയോസ് കോളേജിൽ നിന്നും ബി.എസ്‌സി പഠനം കഴിഞ്ഞ് 20-ാം വയസ്സിൽ ഷിക്കാഗോയിലെത്തിയ എബ്രഹാം വർക്കി ജോലിയോടൊപ്പം പഠനവും തുടർന്നു. നോർത്ത് വെസ്റ്റൺ ബിസിനസ് കോളേജിൽ അക്കൗണ്ടിംഗ് പഠനത്തിനിടയിൽ ഷിക്കാഗോ ട്രാൻസിറ്റ് അതോറിറ്റിയുടെ റെയിൽവേ വിഭാഗത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു.

ജോലിയിലിരിക്കെ സഭാപ്രവർത്തനങ്ങളിലും മുഴുകിയ എബ്രഹാം വർക്കി ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ അംഗമായി. 10 വർഷം സഭാ അസംബ്ലി മെമ്പറായും 2017 മുതൽ 2022 വരെ സൗത്ത് വെസ്റ്റ് ഭദ്രാസന കൗൺസിലറായും പ്രവർത്തിച്ചു. ഷിക്കാഗോ ട്രാൻസിറ്റ് അതോറിറ്റിയിലെ ഇരുപത്തേഴു വർഷത്തെ സുസ്ത്യർഹമായ സേവനത്തിനു ശേഷം ഏർലി റിട്ടയർമെന്റ് എടുത്ത എബ്രഹാം വർക്കി എ.ആർ ഡെവലപ്പേഴ്സ് എന്ന സ്വന്തം റിയൽ എസ്റ്റേറ്റ് നിർമാണ കമ്പനിയുടെ പ്രവർത്തനങ്ങളിലും സാമൂഹിക പ്രവത്തങ്ങളിലും ശ്രദ്ധ കേന്ദ്രികരിക്കുന്നു. മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സഭയുടെ വിശ്വാസ ധാരയിൽ ചേർന്നുപോരുന്ന ഷിക്കാഗോയിലെ നാലുപള്ളികളിലും ഉൾപ്പെടുന്ന കുടുംബാംഗങ്ങളെ സാമൂഹിക സാംസാകാരിക വേദിയിൽ അണിനിരത്തി സൗഹൃദം ഊട്ടിയുറപ്പിച്ച് എം.ഒ.സി.എസിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള പുറപ്പാടിലാണ് ഇദ്ദേഹം.

എം.ഒ.സി.എസ് എന്ന സാമൂഹിക കൂട്ടായ്മയുടെ ഔപചാരികമായ ഉദ്ഘാടനവും ഫാമിലി നൈറ്റും വരുന്ന മെയ് 10-ാം തീയതി ശനിയാഴ്ച വൈകുന്നേരം ഓക് ബ്രൂക്കിലെ ഷിക്കാഗോ മാരിയറ്റ് ഓക് ബ്രൂക്ക് ഹോട്ടലിൽ നടക്കും. എബ്രഹാം വർക്കി സംഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് സരളമായ അഭിമുഖ സംഭാഷണത്തിലൂടെ വിശദീകരിക്കുന്നു.

**? മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോയുടെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യം എന്തായിരുന്നു...**

ഷിക്കാഗോയിൽ ഞങ്ങൾക്ക് നാല് പള്ളികൾ ഉണ്ട്. ആ ഇടവകകളിലെ കുടുംബാംഗങ്ങളെ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള വേദി എന്ന നിലയിലാണ് എം.ഒ.സി.എസ് രൂപീകരിച്ചത്. പുതിയ തലമുറയ്ക്കും യുവജനങ്ങൾക്കും അവർക്കിഷ്ടപ്പെട്ട വിനോദങ്ങളിലും മറ്റും ഏർപ്പെടാൻ സൗകര്യമൊരുക്കുന്നതാണ്. ആദ്യത്തെ തലമുറയിൽ പെട്ട സീനിയേഴ്സിന്റെ മക്കളൊക്കെ കുടുംബസമേതം പലയിടങ്ങളിലേക്കും താമസം മാറിപ്പോയിട്ടുണ്ട്. അതോടെ വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾക്കെല്ലാം ഒന്നിച്ചു ചേർന്ന് അവരുടേതായ ഒരു ലോകത്തിൽ വ്യാപരിക്കാൻ പൊതുവായ ഒരു സ്ഥലവും അന്തരീക്ഷവും സംജാതമാക്കുക എന്നതും ഈ സൊസൈറ്റിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

**? ഈ ആലോചന പെട്ടെന്നൊരു സാഹചര്യത്തിൽ ഉണ്ടായതാണോ...**

അല്ല. കുറച്ചു നാളുകളായി ഞങ്ങൾ പരസ്പരം ഷെയർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ആശയമാണിത്. മേരിക്കയിൽ ആദ്യമായി ഷിക്കാഗോയിലാണ് ഇത്തരമൊരു കൂട്ടായ്മയ്ക്ക് തുടക്കമിടുന്നത്. ഷിക്കാഗോയിലെ നാലു മലങ്കര (ഇന്ത്യൻ) ഓർത്തഡോക്സ് പള്ളികളിലും ചേർന്നുവരുന്ന പുരോഗമന ചിന്താഗതിക്കാരായ ഏതാനും ചിലർ കൂടിയാലോചിച്ചു രൂപംകൊടുത്ത ഒരു പ്രസ്ഥാനമാണ് മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോ (മോക്സ് ഷിക്കാഗോ).

**? എന്തുകൊണ്ടാണ് മോക്സ് എന്ന പേര് സ്വീകരിച്ചത്...**

മലങ്കര ഓർത്തഡോക്ൾസ് സഭയ്ക്കോ സഭയിലെ ഏതെങ്കിലും ഒരു പള്ളിക്കോ സഭയിലെ ആത്മീയ നേതൃത്വത്തിനോ എതിരായി പ്രവർത്തിക്കുവാൻ ഈ പ്രസ്ഥാനത്തിന് യാതൊരു ലക്ഷ്യവുമില്ല. അങ്ങനെ ആരെങ്കിലും പ്രചരിപ്പിക്കുന്നുവെങ്കിൽ അത് ഒരു മിഥ്യാധാരണയായി തള്ളിക്കളയുക. കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന പ. കാതോലിക്കേറ്റിനോടും അതിൽ വാണരുളുന്ന പ. ബസേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ തിരുമേനിയോടും പ. സുന്നഹദോസിനോടും ഈ പ്രസ്ഥാനത്തിലെ ഓരോരുത്തർക്കുമുള്ള ഭക്തിയും കൂറും അടിവരയിട്ടു പ്രഖ്യാപിക്കുന്നു. എന്നാൽ സഭയുമായി ഈ പ്രസ്ഥാനത്തിന് യാതൊരു ബന്ധവുമില്ലായെന്നും ക്രിസ്ത്യാനിറ്റിയിൽ നമ്മൾക്കുള്ള ഐഡന്റിറ്റി മലങ്കര ഓർത്തഡോക്ൾസ് ക്രിസ്ത്യൻ എന്നതിനാലുമാണ് മലങ്കര ഓർത്തഡോക്ൾസ് ക്രിസ്ത്യൻ സൊസൈറ്റി എന്ന പേര് നൽകിയിരിക്കുന്നത്.

**? എന്തുകൊണ്ടാണ് ഇങ്ങനെയൊരു സൊസൈറ്റി...**

2009ലാണ് നോർത്ത് അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടാമത്തെ ഭദ്രാസനമായ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം ആരംഭിക്കുന്നത്. 2012 മുതൽ പത്തുവർഷത്തോളം സൗത്ത് അമേരിക്കൻ ഭദ്രാസന അസംബ്ലി മെമ്പറായും കൗൺസിൽ മെമ്പറായും പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. ഈ അവസരത്തിൽ അമേരിക്കയിലെ വിവിധ പള്ളികൾ സന്ദർശിക്കുകയും ജനങ്ങളോട് സംവാദിക്കുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നോർത്ത് അമേരിക്കയിൽ കുറച്ചു പള്ളികൾ അല്ലാതെ മറ്റ് യാതൊരു സ്ഥാപനങ്ങളും കെട്ടിപ്പടുക്കുവാൻ സാധിച്ചിട്ടില്ല എന്നത് ഖേദകരമാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ ഷിക്കാഗോയിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ പൊതുവായ ഒരു സ്ഥാപനം എന്ന നിലയിലാണ് ഒരു കമ്മ്യൂണിറ്റി സെന്റർ നിർമ്മിക്കുക എന്ന ആശയം ഉടലെടുക്കുന്നത്.

**? എം.ഒ.സി.എസിന്റെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെ...**

ജന്മനാട്ടിൽ നിന്ന് നമുക്ക് പൈതൃകമായി ലഭിച്ച ഓർത്തഡോക്സ് സംസ്കാരം ഒട്ടും ചോർന്നു പോകാതെ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുക, അവരെ നമുക്കാവും വിധത്തിൽ മലയാള ഭാഷ പഠിപ്പിച്ച് നമ്മുടെ സംസ്കൃതിയിൽ വളർന്നു വരാനുള്ള സാഹചര്യം സൃഷ്ടിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സൊസൈറ്റിയുടെ പരമപ്രധാനമായ ലക്ഷ്യങ്ങളാണ്. ചില കുട്ടികളും യുവജനങ്ങളും ആത്മീയതയിൽ നിന്ന് വിട്ടു പോകുന്ന ഒരു പ്രവണത കണ്ടു തുടങ്ങിയിട്ടുണ്ട്. അതിനൊക്കെയുള്ള പ്രതിവിധിയെന്നോണം മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ കമ്മ്യൂണിറ്റിയെ കൂടുതൽ കെട്ടുറപ്പുള്ളതാക്കി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യവും എം.ഒ.സി.എസിന്റെ രൂപീകരണത്തിനു പിന്നിലുണ്ട്.

**? വിശ്വാസത്തിൽ നിന്നും പള്ളിയിൽ നിന്നും അകന്ന് നിൽക്കുന്നവരുടെ താത്പര്യങ്ങൾ എന്തെല്ലാമാണ്...**

സ്പിരിച്വൽ ലൈഫിനെ അപേക്ഷിച്ച് സോഷ്യൽ ആക്ടിവിറ്റികളിലാണ് അവർക്കേറെ താത്പര്യം എന്നാണ് മനസ്സിലാക്കേണ്ടത്. ആത്മീയമായ പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹിക കാഴ്ചപ്പാടോടെയായിരിക്കും എം.ഒ.സി.എസ് പ്രവർത്തിക്കുക. കലാകായിക മത്സരങ്ങൾ, ഫാഷൻ ഷോകൾ തുടങ്ങിയ പരിപാടികൾ വേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകി കുട്ടികളും കൗമാര പ്രായക്കാരുമൊക്കെ ഉൾപ്പെടുന്ന തലമുറയെ നമ്മളിലേക്ക് ആകർഷിക്കുവാനുള്ള വിവിധ പദ്ധതികളാണ് കാലോചിതമായി എം.ഒ.സി.എസ് ആവിഷ്ക്കരിക്കുക. വിനോദയാത്രകൾ നടത്താനും ഉദ്ദേശിക്കുന്നു. ഓർത്തഡോക്സ് സഭ എപ്പോഴും അതിന്റെ അച്ചടക്കം അനുസരിച്ചാണ് മുന്നോട്ടു പോകുന്നത്.

**? സഭയിൽ നിന്ന് മാറി ചിന്തിച്ചു പോകുന്നവരുടെ എണ്ണം കൂടുന്നതായി തോന്നിയിട്ടുണ്ടോ...**

അങ്ങനെ പ്രകടമായ ഒരു ഒഴുക്ക് ഉണ്ടെന്നു തോന്നുന്നില്ല. അതേസമയം, അമേരിക്കയിൽ ആദ്യം കുടിയേറി പാർത്തവരുടെ മക്കളായിട്ടുള്ളവർ അതായത് സെക്കന്റ് ജനറേഷനിലെ ഒത്തിരി യുവാക്കൾ സഭയിൽ നിന്നും വിട്ട് മറ്റ് പള്ളികളിൽ ചേർന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

**? ഇങ്ങനെയൊരു കൊഴിഞ്ഞു പോക്കിന്റെ കാരണമെന്താണെന്ന് വിചിന്തനം ചെയ്തിട്ടുണ്ടോ...**

നമുക്കെല്ലാം വലിയ പരിമിതികളുണ്ട്. ആദ്യത്തെ ജനറേഷനിൽ എത്തിയവർക്ക് ഇവിടെയൊരു സ്വസ്ഥമായ ജീവിതം കെട്ടിപ്പടുക്കുവാനുള്ള ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അക്കാലത്ത് തിരക്കു പിടിച്ച ജീവിത സാഹചര്യങ്ങൾ മൂലം മാതാപിതാക്കൾക്ക് ഇവിടുത്തെ സോഷ്യൽ ആക്ടിവിറ്റികളിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. കുട്ടികൾ സ്കൂളുകളിലൊക്കെ പഠിച്ച് വേറൊരു സംസ്കാരത്തിൽ ആകൃഷ്ടരായി എന്നും പറയാം. അതിനൊരു മാറ്റം ആവശ്യമാണ്.

**? നോർത്ത് അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ശക്തി എത്രത്തോളമുണ്ട്...**

എഴുപതുകളിലായിരിക്കണം മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ ഇവിടെ തുടങ്ങുന്നത്. ഏതാനും അച്ചന്മാരും കുറച്ച് വിശ്വാസികളുമൊക്കെ കൂടിച്ചേർന്ന് ചെറിയ കൂട്ടായ്മകളായി വീടുകളിലൊക്കെ കുർബാന നടത്തിയാണ് വളരെ എളിയ തോതിൽ പ്രവർത്തനം ആരംഭിക്കുന്നത്. ഇപ്പോൾ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സഭയ്ക്ക് രണ്ട് ഭദ്രാസനങ്ങളാണുള്ളത്. ന്യൂയോർക്ക് കേന്ദ്രമാക്കിയുള്ള നോർത്ത് ഈസ്റ്റ് ഭദ്രാസനവും ഹൂസ്റ്റൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സൗത്ത് വെസ്റ്റ് ഭദ്രാസനവും. ഈ രണ്ട് ഭദ്രാസനങ്ങളിലുമായി 130ഓളം പള്ളികളുണ്ട്. കൂടാതെ അമേരിക്കൻ ഭദ്രാസനത്തിന്റെ ഭാഗമായിരുന്ന കാനഡയിൽ പുതിയ ഭദ്രാസനം യാഥാർത്ഥ്യമായിട്ടുണ്ട്. അങ്ങനെ നോർത്ത് അമേരിക്കയിൽ മൊത്തം മൂന്ന് ഭദ്രാസനങ്ങളുണ്ട്. കാനഡയിലെ പള്ളികൾ കൂടി കണക്കിലെടുത്താൽ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സഭയിൽ 150ഓളം പള്ളികൾ ഉണ്ട്.

**? നിലവിൽ സഭാംഗങ്ങൾക്കെല്ലാം ഒത്തുകൂടുവാനുള്ള സാഹചര്യം ഇല്ലെന്നാണോ...**

അങ്ങനെയല്ല, മൂന്നു വർഷം കൂടുമ്പോൾ സഭയുടേതായി ഫാമിലി കോൺഫറൻസ് ഉൾപ്പെടെയുള്ള കൂട്ടായ്മകൾ നടത്താറുണ്ട്. അതേസമയം, എല്ലാ ഞായറാഴ്ചയും പള്ളിയിൽ വരാതെ വല്ലപ്പോഴും ഒക്കെ എത്തുന്ന വിശ്വാസികളും നമ്മുടെ ഇടയിലുണ്ട്. എല്ലാവരെയും ഒപ്പം ചേർത്ത് സഭാപരമായ കെട്ടുറപ്പോടു കൂടി പ്രവർത്തിക്കുവാനാണ് എം.ഒ.സി.എസ് പ്ലാൻ ചെയ്യുന്നത്.

**? ഷിക്കാഗോയ്ക്ക് പുറത്ത് എം.ഒ.സി.എസിന്റെ ഘടകങ്ങൾ രൂപീകരിക്കപ്പെടാനുള്ള സാധ്യത...**



എം.ഒ.സി.എസിന്റെ രൂപീകരണത്തെ പറ്റി അറിഞ്ഞ വിശ്വാസികൾ ന്യൂയോർക്ക്, ഡാളസ്, കാലിഫോർണിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നമ്മളെ ബന്ധപ്പെടുന്നുണ്ട്. നോർത്ത് അമേരിക്കയെ മൊത്തത്തിൽ പ്രതിനിധാനം ചെയ്യുന്ന 'ഓർത്തഡോക്സ് കോൺഗ്രസ്' എന്ന ഒരു കേന്ദ്ര സംഘടന ഭാവിയിൽ രൂപീകരിക്കപ്പെടാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

**? എം.ഒ.സി.എസിനെ ഷിക്കാഗോയിലെ വിശ്വാസി സമൂഹം എപ്രകാരമാണ് സ്വീകരിക്കുന്നത്...**

എല്ലാ പ്രായത്തിൽ പെട്ടവരുടെയും സഹകരണവും സാന്നിധ്യവുമുണ്ട്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ഏവരുടെയും ആത്മാർത്ഥമായ പിന്തുണയുമുണ്ട്. സഭയുടെ അഭിവൃദ്ധിക്കു വേണ്ടിയാണ് എം.ഒ.സി.എസ് നിലകൊള്ളുന്നതെന്ന് വിശ്വാസികൾക്കെല്ലാം ബോധ്യം വന്നിട്ടുമുണ്ട്.

**? കമ്മ്യൂണിറ്റി സെന്ററിന്റെ രൂപീകരണത്തെ പറ്റി...**

നമ്മുടെയൊരു വലിയ സ്വപ്നമാണ് കമ്മ്യൂണിറ്റി സെന്റർ. ഒരു സ്പോർട്സ് അരീന ഉൾപ്പെടെ എല്ലാ പ്രായക്കാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള അത്യാധുനിക സംവിധാനങ്ങൾ കമ്മ്യൂണിറ്റിസെന്ററിൽ ഉണ്ടായിരിക്കും. മൂന്നു വർഷത്തിനുള്ളിൽ ഇത് പ്രവർത്തനക്ഷമമാക്കാനാണ് ആഗ്രഹിക്കുന്നത്. കമ്മ്യൂണിറ്റി സെന്റർ നിർമിക്കാൻ പലതരം എന്റർടെയ്ൻമെന്റ് പ്രോഗ്രാമുകൾ നടത്തിയും സ്പോൺസർഷിപ്പുവഴിയും പണം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഷിക്കാഗോയിലുള്ള ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ സാമൂഹികവും ഭൗതീകവുമായ ഉന്നമനമാണ് സൊസൈറ്റിയിലൂടെ ലക്ഷ്യമിടുന്നത്. ജോലിയിൽനിന്നു വിരമിച്ചു വീട്ടിൽ കഴിയുന്നവർക്കും, യുവജനതക്കും, കുട്ടികൾക്കും വിവിധ സ്പോർട്സ്, കല, സാംസ്കാരിക പരിപാടികളിൽ ചേർന്ന് പ്രവർത്തിക്കാൻ കഴിയുന്നതിനുള്ള ഒരു കമ്മ്യൂണിറ്റി സെന്റർ നിർമ്മിക്കുവാനും ഈ പ്രസ്ഥാനം പ്രതിജ്ഞാബദ്ധമായിരിക്കും.

**? വൈസ് പ്രസിഡന്റ് എന്ന നിലയിൽ സൊസൈറ്റിയെ പറ്റി എന്താണ് പറയുവാനുള്ളത്...**

ഷിക്കാഗോ ലാൻഡിലുള്ള എല്ലാ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ വിശ്വാസികളും എം.ഒ.സി.എസിൽ അംഗങ്ങളായി തങ്ങളുടെ കമ്മ്യൂണിറ്റിയോടുള്ള പ്രതിബദ്ധതയും സ്നേഹവും തുറന്ന് പ്രകടിപ്പിക്കേണ്ടതുണ്ട്. വാസ്തവത്തിൽ ഈ സൊസൈറ്റി നമ്മുടെ പുതിയ തലമുറയ്ക്കാണ് ഏറെ പ്രയോജനം ചെയ്യുക. ഇപ്പോഴത്തെ കുട്ടികളെല്ലാം ഒരു വേദിയിൽ ഒത്തു ചേർന്ന് പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കുകയും സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ ആരോഗ്യകരമായ ഒരു ജീവിതത്തിലേയ്ക്കായിരിക്കും അവർ പ്രവേശിക്കുക. ജീവിത പങ്കാളിയെ കണ്ടെത്താനും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുവാനും അച്ചടക്കമുള്ള ഓർത്തഡോക്സ് സഭാമക്കളായി വളർന്ന് നമ്മുടെ അഭിമാനഭാജനങ്ങളായി തീരുവാനും എം.ഒ.സി.എസ് ഇവിടെ വഴി തുറക്കുകയാണ്.

***

എബ്രഹാം വർക്കിയുടെ ഭാര്യ ഡോ. റീന വർക്കി യു.എസ് ഡിപ്പാർട്ട്മെന്റ് ഓഫ് വെറ്ററൻസ് അഫയേഴ്സിന്റെ ഷിക്കാഗോ വി.എ ഹോസ്പിറ്റലിൽ ചീഫ് നേഴ്സ് മാനേജരായി ജോലി ചെയ്യുന്നു. മൂത്ത മകൻ ആൽബിൻ എബ്രഹാം ബാങ്ക് ഓഫ് അമേരിക്കയിൽ കമ്പ്യൂട്ടർ എഞ്ചിനിയറാണ്. ഇളയ മകൻ റൂബിൻ എബ്രഹാം ഇലക്ട്രിക്കൽ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.

◗ *എ. എസ് ശ്രീകുമാർ*



## ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ റവ. ഡോ. എബി എം. തോമസിന് യാത്രയപ്പ് നൽകി

ഷിക്കാഗോ: എക്യുമെനിക്കൽ കൗൺസിൽ ഓഫ്കേരളചർച്ചസ്ഇൻഷിക്കാഗോയുടെഏപ്രിൽ മീറ്റിംഗ് മലങ്കര ഓർത്തഡോക്സ് ചർച്ച് ഹാളിൽ പ്രസിഡന്റ് റവറന്റ് ഫാദർ തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ ഏപ്രിൽ 4, 2025 നടത്തപ്പെട്ടു. നമ്മുടെ ഉള്ളിൽ വസിക്കുന്നത് ദൈവത്തിന്റെ ശരീരം ആകുന്നു എന്ന് മനസ്സിലാക്കി നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുവാൻ ഏവരെയും സഹായിക്കട്ടെ എന്ന് ഉദ്ഘോഷിച്ചു.

റവറന്റ് എബി തോമസ് തരകൻ വചന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഈ നോമ്പിന്റെ കാലയളവിൽ ക്രിസ്തു യേശുവിന്റെ ദർശനം നമ്മളിൽ അനുഭവിപ്പാനും, അത് മനസ്സിലാക്കി ജീവിക്കാനും നമ്മളെ യോഗ്യതയുള്ളവരാക്കട്ടെ എന്ന് ആശംസിച്ചു. കഴിഞ്ഞ മാസത്തെ മീറ്റിംഗ് മിനിറ്റ്സ് സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു അവതരിപ്പിക്കുകയും കൗൺസിൽ പാസാക്കുകയും ചെയ്തു.

തുടർന്ന് ഷവലിയാർ ജോർജ് വർഗീസിന് തന്റെ സഭയിൽ നിന്ന് ലഭിച്ച ഡീക്കൻ പദവിക്കും ഡീക്കൻ മാത്യു പുഴിക്കുന്നേലിനു റവറന്റ് ഫാദർ എന്ന പദവിക്കും കൗൺസിൽ പ്രത്യേകം അനുമോദനങ്ങൾ അറിയിച്ചു. യാക്കോബ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രിഗോരിയോസ് കാത്തോലിക്കാ ബാവായുടെ നിയുക്ത പദവിക്കായും കൗൺസിൽ അനുമോദനം അറിയിച്ചു.

കൂടാതെ, ഷിക്കാഗോ മാർത്തോമ്മാ പള്ളിയുടെ ഇടവക വികാരിയും മുൻ വർഷത്തെ എക്യുമെനിക്കൽ കൗൺസിലിന്റെ പ്രസിഡന്റുമായിരുന്ന എബി എം. തോമസ് തരകന് ഇടവകയുടെ ചുമതകളിൽ നിന്നും നാട്ടിലേക്ക് സ്ഥാനം മാറി യാത്ര പോകുന്ന ഈ അവസരത്തിൽ കൗൺസിലിന്റെ എല്ലാ മംഗളങ്ങളും അറിയിച്ചു. ഇടവക ചുമതലകളിൽ പ്രവർത്തിക്കുമ്പോൾ തന്നെ, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ച ഡോക്ടറേറ്റ് (പിഎച്ച്ഡി) ബിരുദത്തിന് കൗൺസിൽ അംഗങ്ങൾ പ്രത്യേകം അനുമോദിച്ചു. പ്രിയ അച്ഛന്റെ വൈദിക പഠനങ്ങൾ കോട്ടയം സെമിനാരി വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. ജോർജ് പണിക്കർ, മാത്യു മാപ്പിളേട്ട്, ജോൺസൺ കണ്ണൂക്കാടൻ, ബെഞ്ചമിൻ തോമസ്, സം തോമസ് എന്നിവർ കൗൺസിലിനു വേണ്ടി അനുമോദിക്കുകയും കൗൺസിൽ പുരസ്കാരവും പൊന്നാട നൽകി ആദരിക്കുകയും ചെയ്തു. എബി അച്ഛന്റെ മറുപടി പ്രസംഗത്തിൽ, വാഴ്ത്തപ്പെട്ട യേശുക്രിസ്തുവിനെ തിരിച്ചറിയുവാനും അനുഭവിക്കാനും, അനുഗമിപ്പാനും നമ്മെ യോഗ്യതയുള്ളവരാകട്ടെ എന്ന് പ്രബോധിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ബെഞ്ചമിൻ തോമസ് കടന്നുവന്ന ഏവർക്കും കൗൺസിലിന്റെ നന്ദി അറിയിച്ചു. പ്രാർത്ഥന ആശിർവാദത്തോടെ യോഗം ഡിന്നറിന് ശേഷം അവസാനിച്ചു.

*സാം തോമസ്–ജോൺസൻ വള്ളിയിൽ*

## മിഷൻ ലീഗ് ഫെയ്ത് എന്റിച്ച്മെന്റ് പ്രോഗ്രാം നടത്തി

ഷിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് ക്നാനായ റീജിയണൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ റീജിയണൽ തലത്തിൽ ഫെയ്ത് എന്റിച്ച്മെന്റ് പ്രോഗ്രാം നടത്തി. മുൻ വർഷങ്ങളിൽ ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾക്കായിട്ടാണ് ഈ തുടർ പരിശീലന പരിപാടി ഓൺലൈനിൽ സംഘടിപ്പിച്ചത്.

സിസ്റ്റർ അലീസ എസ്.വി.എം. ക്ലാസുകൾ നയിച്ചു. ക്നാനായ റീജിയണൽ ഡയറക്ടറും വികാരി ജനറലുമായ ഫാ. തോമസ് മുളവനാൽ സമാപന സന്ദേശം നൽകി. മിഷൻ ലീഗ് റീജിയണൽ ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ സ്വാഗതവും മിഷൻ ലീഗ് ഇന്റർനാഷണൽ ഓർഗനൈസർ സിജോയ് പറപ്പള്ളിൽ നന്ദിയും പറഞ്ഞു.



## ഫോമാ സതേൺ റീജിയന്റെ ആദരവ് ലീഗ് സിറ്റി മലയാളി സമാജത്തിന്

ഡാളസ്: ഫോമാ സതേൺ റീജിയന്റെ 2025-26 കമ്മിറ്റിയുടെ ആദരവ് ഡാളസിൽ വച്ച് ലീഗ് സിറ്റി മലയാളി സമാജത്തിനു നൽകപ്പെട്ടു. സംഘടനക്കുവേണ്ടി പ്രസിഡന്റ് ബിനീഷ് ജോസഫിനെയാണ് ഫോമയുടെ റീജിയണൽ കമ്മിറ്റി അംഗങ്ങളും നാഷണൽ കമ്മിറ്റി അംഗങ്ങളും ചേർന്ന് ആദരിച്ചത്. ബിനീഷ് ജോസഫിനെ കൂടാതെ ലീഗ് സിറ്റി മലയാളി സമാജം വൈസ് പ്രസിഡന്റ് സോജൻ ജോർജ്, ജോയിന്റ് ട്രഷറാർ മാത്യു പോൾ, സംഘടനയുടെ സ്പോൺസറും ഒട്ടേറെ ആശുപത്രികളുടെ സ്ഥാപകനുമായ ഡോ. സച്ചിൻ തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

ഫോമയുടെ 2025-26 കമ്മിറ്റിയുടെ റീജിയനിൽ നിന്നുള്ള ആദ്യ മെമ്പർ കൂടിയാണ് ലീഗ് സിറ്റി മലയാളി സമാജം. ചടങ്ങിന് അധ്യക്ഷത വഹിച്ചത് ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേലാണ്. റീജിയണൽ വൈസ് പ്രസിഡന്റ് ബിജു ലൗസോൺ നേതൃത്വം നൽകി. ഫോമാ നാഷണൽ ട്രഷറാർ സിജിൽ പാലക്കലോടി, നാഷണൽ കമ്മിറ്റി അംഗങ്ങളായ രാജൻ യോഹനാൻ, ജിജു കുളങ്ങര, റീജിയൺ ചെയർ രജേഷ് വർഗീസ്, ഫോമയുടെ മുൻ പ്രസിഡന്റുമാർ, കൺവെൻഷൻ ചെയർമാൻ മാത്യു മുണ്ടക്കൻ, കൺവെൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, മറ്റു ഭാരവാഹികൾ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങുകൾ നടത്തപ്പെട്ടത്.

*ജീമോൻ റാന്നി*

# ഫോമയിൽ മൂന്നു മലയാളി അസോസിയേഷനുകൾ കൂടി

ന്യൂയോർക്ക് : ലോകത്തിലെ ഏറ്റവും വലിയ മലയാളി അസോസിയേഷനുകളുടെ കേന്ദ്ര സംഘടനയായ ഫോമയിൽ (ഫെഡറേഷൻ ഓഫ് മലയാളീ അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) പുതിയതായി മൂന്നു അസോസിയേഷനുകൾക്കുകൂടി അംഗത്വം നൽകിയതായി ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

Malayalee Association of Long Island, Inc.

Malayalee Samajam of League City

Kerala Samajam of Yonkers

ഇതോടുകൂടി ഫോമയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മലയാളി അസോസിയേഷനുകളുടെ എണ്ണം എൺപത്തിയെട്ടായി ഉയർന്നു. മോൻസി വർഗീസ് പ്രസിഡന്റായിട്ടുള്ള 'കേരള സമാജം ഓഫ് യോങ്കേഴ്സ്', ജെയിംസ് മാത്യു പ്രസിഡന്റായിട്ടുള്ള 'മലയാളി അസോസിയേഷൻ ഓഫ് ലോങ് ഐലൻഡ്', ബിനീഷ് ജോസഫ് പ്രസിഡന്റായിട്ടുള്ള 'മലയാളി സമാജം ഓഫ് ലീഗ് സിറ്റി' എന്നീ സംഘനകൾക്കാണ് പുതിയതായി ഫോമയിൽ അംഗത്വം ലഭിച്ചത്.

ചെയർമാൻ വിജി ഏബ്രഹാമിന്റെ നേതൃത്വത്തിൽ, സെക്രട്ടറി ടോജോ തോമസ്, കോർഡിനേറ്റർ തോമസ് കർത്തനാൽ, കമ്മിറ്റി അംഗങ്ങളായ ജോൺ പട്ടപതി, ചാക്കോച്ചൻ ജോസഫ് എന്നിവർ അടങ്ങിയ ഫോമാ ക്രെഡൻഷ്യൽസ് കമ്മിറ്റി സൂക്ഷ്മ പരിശോധനകൾക്കു ശേഷം നൽകിയ ശുപാർശ, ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയായിരുന്നു. ഇനിയും മറ്റു ചില അസോസിയേഷനുകളുടെ അപേക്ഷകൾ ക്രെഡൻഷ്യൽസ് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ടെന്നും, ശുപാർശകൾ ലഭിക്കുന്നതനുസരിച്ച് അവർക്കും ഫോമയിൽ അംഗത്വം ലഭിക്കുന്നതാണെന്നും ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ പറഞ്ഞു. ഫോമാ അംഗസംഘടനകളുടെ എണ്ണം നൂറിൽ എത്തിക്കുക തന്റെ ഒരു ലക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു.

പുതിയതായി ഫോമയിൽ അഫിലിയേറ്റ് ചെയ്ത 'കേരളം സമാജം ഓഫ് യോങ്കേഴ്സ്', 'മലയാളി അസോസിയേഷൻ ഓഫ് ലോങ് ഐലൻഡ്', 'മലയാളി സമാജം ഓഫ് ലീഗ് സിറ്റി' എന്നീ മൂന്നു അസോസിയേഷനുകളും മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളാണെന്നും, ഈ സംഘടനകളുടെ അംഗത്വം ഫോമക്ക് മുതൽക്കൂട്ടാണെന്നും ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി എന്നിവർ പറഞ്ഞു. പുതിയതായി അംഗത്വം ലഭിച്ച മൂന്നു

അസോസിയേഷനുകളെയും ഫോമയിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നതായി ഫോമാ വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

*ഷോളി കുമ്പിളുവേലി*



# ഗുജറാത്ത് എ.ഐ.സി.സി സമ്മേളനം: സിംഹത്തിന്റെ മടയിൽ കയറി കൊടിനാട്ടിയ കോൺഗ്രസ്

ഗുജറാത്തിൽ കണ്ടൊരു സവിശേഷത പൊതു ഇടങ്ങളിൽ ഒരിടത്തും ഒരു രാഷ്ട്രീയ പാർട്ടികളുടേയും കൊടികളോ,ഫ്ളെക്സുകളോമറ്റുതോരണങ്ങളോ കാണാനില്ല എന്നതാണ്. എന്നാൽ എ.ഐ.സി.സി സമ്മേളന നഗറിനുചുറ്റിലും വഴിയരികുകളിലും മറ്റും മല്ലികാർജുൻ ഖർഗെ, സോണിയാ ഗാന്ധി, പ്രിയങ്ക, രാഹുൽ, കെ.സി.വേണുഗോപാൽ എന്നിവർക്കൊപ്പം പ്രാദേശിക നേതാക്കളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയുള്ള ബോർഡുകൾ കാണാമായിരുന്നു. റോഡിലെ ഡിവൈഡറുകളിലെല്ലാംകോൺഗ്രസ്പതാകകൾ,പ്രാദേശിക നേതാക്കളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയുള്ള ബോർഡുകളുണ്ടായിരുന്നു.

42 ഡിഗ്രിയാണ് ചൂടിലും അവിടമാകെ തിരഞ്ഞെടുപ്പു പ്രചാരണം പോലെയുള്ള കാഴ്ചകൾ. വാസ്തവത്തിൽഗുജറാത്തിലെഎ.ഐ.സി.സിസമ്മേളനംസിംഹത്തിന്റെമടയിൽകയറികൊടിനാട്ടിയ അനുഭവമാണ് കാഴ്ചവച്ചത്. പോരാത്തതിന് അഡൽ ബ്രിഡ്ജിന് സമീപമാണ് എ.ഐ.സി.സി സമ്മേളനം നടക്കുന്നത്. അഡൽ ബ്രിഡ്ജ് കാണാനുള്ളവരുടെ തിരക്കും സമ്മേളനത്തിന് കൊഴുപ്പുകൂട്ടിയെന്നു പറയാം.

2027 ലെ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഗുജറാത്തിനെ ആദ്യ പ്രത്യേക പ്രമേയത്തിനായി എ.ഐ.സി.സി സമ്മേളനം തിരഞ്ഞെടുത്തത് എന്തുകൊണ്ട്? ഈചോദ്യത്തിന്റെ ഉത്തരമിതാണ്. ഗുജറാത്തിൽ കോൺഗ്രസ് 30 വർഷമായി അധികാരത്തിൽ നിന്ന് പുറത്തായതിനാൽ,സംഘടനയെപുനരുജ്ജീവിപ്പിക്കുന്നതിൽ നിന്ന് ജാതി സെൻസസ് പ്രതിജ്ഞയെടുക്കുന്നതിലേക്കും ഗാന്ധിയുടെയും സർദാർ പട്ടേലിന്റെയും പാത പിന്തുടരുന്നതിലേക്കും തിരിച്ചുവരവ് പദ്ധതി പ്രമേയം മുന്നോട്ടുവയ്ക്കുന്നു.

64 വർഷങ്ങൾക്ക്ശേഷമാണ് ഗുജറാത്തിൽ എ.ഐ.സി.സി സമ്മേളനം നടക്കുന്നത്. അവസാനമായി സമ്മേളനം നടന്നത് 1961 ൽ ഭാവ്നഗറിലായിരുന്നു. 'ആപ് ഘരോംസേ ബഹാർ നികാലിയേ, ബദ്‌ലവ് ആപ്കി പ്രതീക്ഷമേം ഹേ (നിങ്ങളുടെ വീടുകളിൽ നിന്ന് പുറത്തുകടക്കുക, മാറ്റം നിങ്ങൾക്കായി കാത്തിരിക്കുന്നു)' എന്ന് കോൺഗ്രസ് ദേശീയ പ്രസ്പോസ്റ്റ് ചെയ്ത വീഡിയോ സന്ദേശത്തിലൂടെ പറഞ്ഞു. അഹമ്മദാബാദിൽനടന്നഅഖിലേന്ത്യാകോൺഗ്രസ് കമ്മിറ്റി (എ.ഐ.സി.സി) സമ്മേളനം അവസാനിച്ചതിന് രണ്ട് ദിവസത്തിന്ശേഷമാണ് ഈ സമ്മേളനം 2027ലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പാർട്ടിയുടെ ഗതി പട്ടികപ്പെടുത്തുന്ന ഗുജറാത്ത് പ്രത്യേക പ്രമേയം പാസാക്കിയത്.

30 വർഷമായി അധികാരത്തിൽ നിന്ന് വിട്ടുനിൽക്കുന്ന ഗുജറാത്തിൽ തന്റെ പാർട്ടിയുടെ 'സജീവവുംപോരാട്ടവീര്യവുമുള്ള' സംഘടനാശക്തിതെളിയിക്കപ്പെട്ടത്, ഷാഹിബാഗിലെ സർദാർ പട്ടേൽ സ്മാരകത്തിൽ അഹമ്മദാബാദ് വിപുലമായ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി (സി.ഡബ്ല്യു.സി) യോഗവും 1961 ന്ശേഷം സംസ്ഥാനത്തെ ആദ്യത്തെ എ.ഐ.സി.സി സമ്മേളനവും ഏപ്രിൽ 8-9 തീയതികളിൽ സബർമതി നദിയുടെ തീരത്ത് സംഘടിപ്പിച്ചതിലൂടെയാണെന്ന് ഖർഗെ അഭിപ്രായപ്പെട്ടു.




ഇതിനിടയിലും പാർട്ടിയിലെ മുതിർന്ന നേതാക്കളും യുവനേതാക്കളും ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾക്ക്,തിരഞ്ഞെടുപ്പുവരെകേഡർമാർക്കിടയിൽ ആവേശം നിലനിർത്താനാകുമോ എന്ന ആശങ്ക ഇല്ലാതില്ല. കോൺഗ്രസ് പുനഃസംഘടനയുടെ കാതൽ, ഡി.സി.സികൾ അതിന്റെ പുനരുജ്ജീവനത്തിന് എന്തുകൊണ്ട് നിർണായകമാണ്. പാർട്ടിനേതൃത്വം 41 ജില്ലാകോൺഗ്രസ്കമ്മിറ്റികൾക്കും(ഡി.സി.സി)ഓരോന്നിനും ഒരു എ.ഐ.സി.സി നിരീക്ഷകനെയും നാല് പ്രദേശ്കോൺഗ്രസ് കമ്മിറ്റി (പി.സി.സി) നിരീക്ഷകരെയും നിയമിച്ചു. ഡി.സി.സിപ്രസിഡന്റുമാരെനിയമിക്കുന്നപ്രക്രിയയ്ക്ക്മേൽനോട്ടംവഹിക്കാൻ വേണ്ട ക്രമീകരണവും നടത്തി. എ.ഐ.സി.സി. സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച് ജില്ലാതല യൂണിറ്റുകൾ ശക്തിപ്പെടുത്തുക എന്നതാണ് പാർട്ടിയുടെ പുനരുജ്ജീവന പദ്ധതിയുടെ കേന്ദ്രബിന്ദു.

എ.ഐ.സി.സിസമ്മേളനത്തിൽ 'പ്രഭാവമുള്ള പ്രതിപക്ഷമായി' മാറണമെന്ന് ആഹ്വാനം ചെയ്ത ഗുജറാത്ത് കോൺഗ്രസ് വർക്കിംഗ് പ്രസിഡന്റ് ജിഗ്നേഷ്മേവാനി 'വാചകം'ന്യൂസിനോടു പറഞ്ഞു. 'എ.ഐ.സി.സിയുംരാഹുൽജിയും തീർച്ചയായും ഗുജറാത്തിനെ വളരെ ഗൗരവമായി കാണുന്നു. യോഗം പാർട്ടി കേഡർമാർക്ക് ഊർജ്ജം നൽകി... മുഴുവൻ പാർട്ടി യൂണിറ്റും ഉത്സാഹഭരിതരാണ്.'

മറ്റൊരു മുതിർന്ന സംസ്ഥാന നേതാവ് പറഞ്ഞതിങ്ങനെ: ''ഡി.സി.സിയെ നയിക്കാൻആരെനിയമിക്കുന്നുഎന്നതാണ് ഏറ്റവും പ്രധാനം. കൂടാതെ, നമ്മുടെ യുവ പ്രവർത്തകർ ജനങ്ങളിലേക്ക് പോകേണ്ടിവരും, ആദ്യ തവണ സ്വീകാര്യത ലഭിച്ചില്ലെങ്കിൽപോലും അവരോടൊപ്പം സഹകരണ മനോഭാവത്തോടെ ഇടപഴകണം. വോട്ടർമാർ തങ്ങളെ ഗൗരവമായി എടുക്കുന്നതിനുള്ള ഒരേയൊരു മാർഗ്ഗമാണിത്,'' അദ്ദേഹം പറഞ്ഞു.

മഹാത്മാഗാന്ധിയുടെയും സർദാർ വല്ലഭായ് പട്ടേലിന്റെയും പാത പിന്തുടരുമെന്ന് വാഗ്ദാനം ചെയ്യുന്ന പ്രമേയം, കോൺഗ്രസ് അധികാരത്തിൽ വന്നാൽ ഗുജറാത്തിൽ ജാതി സെൻസസ് നടത്താനും പട്ടികജാതി (എസ്‌സി), പട്ടികവർഗ (എസ്ടി), ന്യൂനപക്ഷങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ (ഒബിസി) എന്നിവർക്ക് ഭരണഘടനാപരമായ അവകാശങ്ങൾ വാഗ്ദാനം ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു.

'മൂന്ന്കാര്യങ്ങളെചുറ്റിപ്പറ്റിയാണ്പ്രമേയം കേന്ദ്രീകരിച്ചിരിക്കുന്നത്: കോൺഗ്രസ് തിരിച്ചുവരികയും അഭിവൃദ്ധി കൊണ്ടുവരികയും ചെയ്യും; ബ്രിട്ടീഷുകാർക്കെതിരെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്നേതൃത്വം നൽകിയ പാർട്ടി, വീണ്ടും (ബി.ജെ.പിക്കെതിരെ) മറ്റൊരു സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകും; ഗുജറാത്തിൽ നിന്ന് ആരംഭിച്ച ഈപോരാട്ടം ഗാന്ധിജിയുടെയും സർദാർ പട്ടേലിന്റെയും നാട്ടിൽ നിന്ന് വീണ്ടും ആരംഭിക്കാൻപോകുന്നു' എന്ന് പ്രമേയം അവതരിപ്പിച്ച മുൻ സംസ്ഥാന പ്രതിപക്ഷനേതാവ് പരേഷ് നാനി പറയുന്നു.

'വെല്ലുവിളികൾവ്യത്യസ്തമാണ്, കഠിനാധ്വാനത്തിന് പകരം മറ്റൊന്നില്ല. അധികാരത്തിൽ തിരിച്ചെത്താൻ നമുക്ക് പോരാട്ടവീര്യവുംശാഠ്യവുംഉണ്ടായിരിക്കണം,' കലാപങ്ങളുടെ പശ്ചാത്തലത്തിൽ വളരെ ധ്രുവീകരിക്കപ്പെട്ട അന്തരീക്ഷത്തിൽ 2002 ൽ തന്റെ ആദ്യ തിരഞ്ഞെടുപ്പിൽ വിജയിച്ച ധനാനി പറയുന്നു. 1985 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പാർട്ടിയുടെ വൻ വിജയത്തിന് കാരണമായ കെ.എച്ച്.എ.എം അല്ലെങ്കിൽ ക്ഷത്രിയ, ഹരിജൻ, ആദിവാസി, മുസ്ലീം സഖ്യവുമായി കോൺഗ്രസിന്റെ നിലവിലെ ജാതി സെൻസസ് ആവശ്യത്തെ താരതമ്യം ചെയ്യുന്നത് 'തെറ്റായ പ്രചാരണം' ആണെന്നും ധനാനി പറഞ്ഞു.

'അരക്ഷിതാവസ്ഥ അനുഭവിക്കുന്ന എല്ലാ ജാതിക്കാർക്കും ജാതി സെൻസസ് ആത്മവിശ്വാസം നൽകും... നിങ്ങൾ ഒറ്റയ്ക്കല്ലെന്ന് പറയാനുള്ള ഒരു ഉപകരണമാണിത്. അവർ (ബി.ജെ.പി) ഭയത്തിന്റെഒരുസാങ്കൽപ്പികമതിൽസൃഷ്ടിച്ചു, അതിന് ആളുകൾ ഇരയായി,' ബി.ജെ.പി 'ആദിവാസികളെപോലുംഉപവിഭാഗങ്ങളായി വിഭജിച്ചു' എന്നും ഈ സമുദായങ്ങളിൽ 'ആഴത്തിലുള്ള വിഭജനങ്ങൾ' സൃഷ്ടിച്ചു എന്നും ധനാനി കാര്യകാരണ സഹിതം വിവരിക്കുന്നു.

### കോൺഗ്രസിന്റെ പുനരുജ്ജീവന തന്ത്രം ഫലപ്രദമാകുമോ?

സംസ്ഥാന രാഷ്ട്രീയത്തിൽ ജാതി ഒരു പ്രേരകശക്തിയായി മാറിയിട്ടുണ്ടെന്ന് കോൺഗ്രസ് സേവാദൾ ദേശീയ പ്രസിഡന്റ് ലാൽജിദേശായി അഭിപ്രായപ്പെട്ടു. ''കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, നമ്മുടെ ആശുപത്രികൾ, സ്കൂളുകൾ, ബിസിനസുകൾ, ശ്മശാനങ്ങൾ, ക്ഷേത്രങ്ങൾ, അനാഥാലയങ്ങൾ എന്നിവപോലും ജാതി അടിസ്ഥാനമാക്കിയുള്ളതായി മാറിയിരിക്കുന്നു. മുഴുവൻ അധികാര ഘടനയും ജാതിയുടെ ആധിപത്യത്തിലാണ്. ബഹുജനനേതാക്കൾക്ക് പകരം ആളുകൾ ജാതിനേതാക്കളായി മാറിയിരിക്കുന്നു. ഒരു സെൻസസ് നടത്തിയാൽ മാത്രമേ ഏത് ജാതി എവിടെയാണെന്ന് നമുക്ക് അറിയാൻ കഴിയൂ.

ഉദാഹരണത്തിന്, ഒരു പാട്ടിദാർ കർഷകനോഒരുചെറുകിടകർഷകനോഉണ്ടാകാം, അവരുടെ സാമ്പത്തിക സ്ഥിതിമോശമായിരിക്കാം. മുമ്പ്, കുറഞ്ഞത് ഒരു സർക്കാർ ജോലിയുടെ സുരക്ഷ ഉണ്ടായിരുന്നു; ഇന്ന്, എല്ലാം ഔട്ട്സോഴ്സ് ചെയ്തതും കരാറടിസ്ഥാനത്തിലുള്ളതുമാണ്, ''ദേശായി പറഞ്ഞു.

1990 കളിൽ ഗുജറാത്തിൽ ബി.ജെ.പി പ്രബല ശക്തിയായി മാറിയതിനുശേഷം, 2017 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചു, സംസ്ഥാനത്തെ 182 സീറ്റുകളിൽ 77 എണ്ണംനേടി. ഇത് ബി.ജെ.പിയെ ഭയപ്പെടുത്തി. 99 സീറ്റുകൾനേടിയ ബി.ജെ.പിക്ക് 1990 ന്ശേഷം ആദ്യമായി 100 സീറ്റ്നേടാനായില്ല.

ആ തിരഞ്ഞെടുപ്പിലെ ഫലങ്ങൾ പ്രധാനമായും ഹാർദിക് പട്ടേൽ നയിച്ച പാട്ടിദാർപ്രക്ഷോഭത്തിന്കാരണമായി. സമുദായത്തിന് ഒബിസി പദവി ആവശ്യപ്പെട്ട് അവർ നടത്തിയ പ്രക്ഷോഭമാണ് ഇതിന് പ്രധാന കാരണം. പരമ്പരാഗതമായി ബി.ജെ.പിയുടെ വിശ്വസ്ത മണ്ഡലമായിരുന്ന പട്ടിദാർ പാർട്ടിക്കെതിരെവോട്ട് ചെയ്യുകയും കോൺഗ്രസിനെസഹായിക്കുകയുംചെയ്തു. 2019ൽ ഹാർദിക് കോൺഗ്രസിൽചേർന്നു, എന്നാൽ 2022 ലെ നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് ബി.ജെ.പിയിലേക്ക് കളംമാറി, ഇപ്പോൾ എം.എൽ.എയാണ്. 2022 ൽകോൺഗ്രസ് വെറും 17 സീറ്റുകൾ മാത്രമാണ് നേടിയത്, നിരവധി എം.എൽ.എമാർ ബി.ജെ.പിയിൽ ചേരാൻ രാജിവച്ചതിനെത്തുടർന്ന് ഇന്നിപ്പോൾ 12 സീറ്റായി കുറഞ്ഞു.

'കോൺഗ്രസ് പഴയ പ്രത്യയശാസ്ത്രത്തിലേക്ക് തിരിച്ചുപോകുന്നു, കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉയർന്നുവന്ന അധികാര ഘടനകളിലെ അസമത്വങ്ങൾ പരിഹരിക്കുന്നു' എന്നതോന്നലാണ് എ.ഐ.സി.സി സമ്മേളനം കൊണ്ടുവന്നതെന്ന് ദേശായി പറഞ്ഞു. 'മുതലാളിത്തം, ഫ്യൂഡലിസം, ജാതീയത, മതഫാസിസം, പുരുഷാധിപത്യം, ലിംഗ അസമത്വങ്ങൾ' എന്നിവയ്ക്കെതിരെ പാർട്ടിപോരാടും, ദേശായി പറഞ്ഞു. പാർട്ടിക്കുള്ളിലെ ആഴത്തിലുള്ള ഭിന്നതകളും വിഭവങ്ങളുടെ പരിമിതിയും കണക്കിലെടുക്കുമ്പോൾ, ഗുജറാത്ത് പ്രദേശ്കോൺഗ്രസ്കമ്മിറ്റി(ജിപിസിസി)മേധാവിയും രാജ്യസഭാ എംപിയുമായ ശക്തിസിങ്ഗോഹിലിന്റെ ചുമതല വളരെ വലുതാണ്.

എ.ഐ.സി.സി മീറ്റിംഗ് അവസാനിപ്പിച്ച്, ഗോഹിലിലേക്ക് നോക്കി ഖാർഗെ പറഞ്ഞ ഒരു വാചകം ശ്രദ്ധേയമായിരുന്നു: 'ശക്തിസിൻഹ്, തുംഹാരി ശക്തി ദിഖാവോ, സബ്കോ സാത്ത്ലോ ഔർ ആഗേ ബഢോ (ശക്തിസിൻഹ്, നിങ്ങളുടെ ശക്തി കാണിക്കൂ, എല്ലാവരേയും ഒപ്പം കൂട്ടി മുന്നോട്ട്പോകൂ).'

**അഹമ്മദാബാദിൽ നിന്നും വാചകം ന്യൂസ് വീക്കിലി എഡിറ്റർ ജോഷി ജോർജിന്റെ റിപ്പോർട്ട്**

## ഒരു പ്രമേയം കൊണ്ടുവരുന്നത് തന്റെ പാർട്ടിയുടെ 140 വർഷത്തെ ചരിത്രത്തിൽ ആദ്യം: ജയറാം രമേശ്

എ.ഐ.സി.സി സമ്മേളനത്തിൽ ഗുജറാത്തിന് മാത്രമായി ഒരു പ്രമേയം കൊണ്ടുവരുന്നത് തന്റെ പാർട്ടിയുടെ 140 വർഷത്തെ ചരിത്രത്തിൽ ആദ്യമാണെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി ഇൻചാർജ് കമ്മ്യൂണിക്കേഷൻസ് ജയറാം രമേശ് പറയുന്നു.

ഈ പ്രമേയത്തിന്റെ മുദ്രാവാക്യം 'നൂതൻ ഗുജറാത്ത്, നൂതൻകോൺഗ്രസ്' എന്നതാണ്,' 'ഗുജറാത്തിലെ എല്ലാ വലിയ ഫാക്ടറികളും കോൺഗ്രസ് ഭരണകാലത്താണ് സ്ഥാപിതമായത്. ഗുജറാത്തിലെ വ്യാവസായിക മേഖലയെ പ്രോത്സാഹിപ്പിച്ചത് കോൺഗ്രസാണ്,' അദ്ദേഹം പറഞ്ഞു.

രാജ്യത്തെ സ്റ്റെയിൻലെസ് സ്റ്റീൽ യൂണിറ്റുകളിൽ 80 ശതമാനവും ഗുജറാത്തിലാണെന്നും എന്നാൽ ചൈനീസ് ഇറക്കുമതിക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി യാതൊരു നിയന്ത്രണവും ഏർപ്പെടുത്താത്തതിനാൽ അവയിൽ മൂന്നിലൊന്ന് ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണെന്നും രമേശ് അഭിപ്രായപ്പെട്ടു.



# മന്ത്ര 2025 കൺവൻഷൻ ശുഭാരംഭവും, വാഷിംഗ്ടൺ ഡിസി ചാപ്റ്റർ ഉദ്ഘാടനവും ഗംഭീരമായി സംഘടിപ്പിച്ചു



ഏപ്രിൽ 6ന് ബെഥേനു എലിമെന്ററി സ്കൂളിൽ സംഘടിപ്പിച്ച മന്ത്ര കൺവൻഷൻ ശുഭാരംഭവും, വാഷിംഗ്ടൺ ഡിസിചാപ്റ്റർഉദ്ഘാടനവുംവാഷിംഗ്ടൺ ഡിസി മെട്രോ റീജിയണിലെ മലയാളീ കമ്മ്യൂണിറ്റിയിൽ ഒരു ഉത്സവ പ്രതീതി ജനിപ്പിച്ചു. അഞ്ജലി വാരിയരുടെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ മന്ത്ര പ്രസിഡന്റ് ശ്യാം ശങ്കർ ആയിരുന്നു മുഖ്യ അതിഥി.

വസുദൈവ കുടുംബകം എന്ന ആശയത്തിൽ ഊന്നിയാണ് മന്ത്ര പ്രവർത്തിക്കുന്നതെന്ന് വാഷിംഗ്ടൺ ഡിസി ചാപ്ടർ പ്രസിഡന്റ് സരൂപാ അനിൽ സ്വാഗത പ്രസംഗത്തിലും മന്ത്രയുടെ ലക്ഷ്യങ്ങളെപ്പറ്റി ശ്യാം ശങ്കർ അദ്ദേഹത്തിന്റെ അധ്യക്ഷ പ്രസംഗത്തിലും വിശദമായി പ്രതിപാദിച്ചു. സനാതന ധർമം പരിപാലിക്കുന്നതിലൂടെ ലോകസമാധാനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാൻ മന്ത്ര കുടുംബത്തിന് സാധിക്കും എന്ന് മന്ത്ര ജനറൽ സെക്രട്ടറി ഷിബു ദിവാകരൻ പ്രത്യാശ പ്രകടിപ്പിച്ചു.

കേരള കൾചറൽ സൊസൈറ്റി ഓഫ് മെട്രോപൊളിറ്റൻ ഡിസി, കേരള അസോസിയേഷൻ ഓഫ് ഗ്രെയ്ടർ വാഷിംഗ്ടൺ, നായർ സൊസൈറ്റി ഓഫ് ഗ്രെയ്ടർ വാഷിംഗ്ടൺ, ശിവഗിരി ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക, ദുർഗ ടെംപിൾ എന്നിവയുടെ പ്രതിനിധികൾ മന്ത്രക്ക് ആശംസകൾ അർപ്പിച്ചു. മനോഹരമായ കലാപ്രകടനങ്ങൾ പരിപാടിക്ക് കൂടുതൽ മിഴിവേകി. സനാതനധർമ്മം പരിപാലിക്കുന്നതിനായി നൽകിയ സംഭാവനകളെ മാനിച്ചു സത്യാ മേനോനെ, മന്ത്ര ട്രസ്റ്റീ ബോർഡ് വൈസ് ചെയർ ഡോക്ടർ രേഖ മേനോൻ ഹാരാർപ്പണം നൽകി ആദരിച്ചു.

പുതിയ തലമുറയിലെ കുട്ടികളിലെ കലാവാസന പരിപോഷിപ്പിക്കുന്നതിന് നൽകുന്ന സംഭാവനകളെ മാനിച്ചു കെ.സി.എസ് പ്രസിഡന്റ് കൂടി ആയ അനീഷ് സേനനെ ചെയർ പൊന്നാട നൽകി ആദരിക്കുകയുണ്ടായി. ഈ വർഷം ജൂലൈയിൽ ഷാർലറ്റ് മന്ത്ര ശിവോഹം കൺവെൻഷനിലേക്ക് കൺവൻഷൻ ചെയർ വിനോദ് ശ്രീകുമാറും, കൺവൻഷൻ ടീം മെമ്പർ അരുൺ നായരും ഏവരെയും ക്ഷണിക്കുകയും, കൺവൻഷന് മുന്നോടിയായുള്ള ഒരുക്കങ്ങളെക്കുറിച്ചു വിശദീകരിക്കുകയും ചെയ്തു. മന്ത്ര കുടുംബത്തിലെ മുതിർന്ന അംഗങ്ങളായ മോഹൻകുമാറും, സത്യാ മേനോനും ഒരുമിച്ചു കുട്ടികൾക്ക് വിഷുകൈനീട്ടം നൽകുകയുണ്ടായി. ജൂലൈയിൽ ഷാർലറ്റിൽ കാണാം എന്ന ശുഭ പ്രതീക്ഷയോടെ ആണ് അത്താഴത്തിനു ശേഷം ഏവരും പിരിഞ്ഞത്.

*സരൂപ അനിൽ*

# നേതൃനിരയിൽ അഴിച്ചുപണി: കെ.എച്ച്.എൻ.എ ഗോപിനാഥകുറുപ്പ് ട്രസ്റ്റി ചെയർമാൻ





ന്യൂയോർക്ക്: ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കാനൊരുങ്ങുന്ന കെ.എച്ച്.എൻ.എ യുടെ ട്രസ്റ്റീ ബോർഡിൽ സമൂല മാറ്റങ്ങൾ വരുത്തി ഡയറക്ടർ ബോർഡ്. സംഘടനയുടെ ട്രസ്റ്റീ ബോർഡിൽ അടുത്തകാലത്തായി നില നിന്നിരുന്ന പ്രശനങ്ങൾക്ക് ശാശ്വത പരിഹാരം നിർദേശിച്ചതും തീരുമാനങ്ങൾ എടുത്തതും ഡയറക്ടർ ബോർഡ് ഐക്യകണ്ഠേന തന്നെ. അടുത്തകാലത്തായി സംഘടനയുടെ യശസ്സിന് കളങ്കമുണ്ടാക്കുന്ന ചില നീക്കങ്ങൾ നടക്കുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്നാണ് ദൈനംദിന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾ അടിയന്തിരമായി ഇടപെട്ടതെന്ന് ഡോ. നിഷ പിള്ള പറഞ്ഞു.

ഇക്കഴിഞ്ഞ മാർച്ച് എട്ടാം തിയതി ന്യൂയോർക്കിൽ നടന്ന ഇടക്കാല പൊതുയോഗത്തിൽ സംഘടനയെ ശക്തിപ്പെടുത്താനായി ഭരണഘടനയിൽ കാതലായ മാറ്റങ്ങൾ വരുത്തിയിരുന്നു. ഇതിന്റെ വെളിച്ചത്തിൽ തർക്കം നിലനിന്നിരുന്ന ട്രസ്റ്റീ ബോർഡ് ചെയർമാൻ സ്ഥാനത്തേക്ക് ഗോപിനാഥക്കുറുപ്പിനെ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ അംഗീകരിക്കുകയായിരുന്നു. ഡയറക്ടർ ബോർഡ് യോഗത്തിൽ ഈ തീരുമാനം ശരിവച്ചു.

ഡയറക്ടർ ബോർഡ് തീരുമാനങ്ങളുടെ വെളിച്ചത്തിൽ സംഘടനക്ക് അപകീർത്തികരവും അടിസ്ഥാനരഹിതവുമായ വാർത്തകൾ പ്രചരിപ്പിച്ചവർക്കെതിരെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് ഉടനടി നീക്കം ചെയ്യാൻ ഡയറക്ടർ ബോർഡ് ഐക്യകണ്ഠേന തീരുമാനിച്ചു. സിൽവർ ജൂബിലി കൺവെൻഷൻ ഒരുക്കങ്ങൾ ദ്രുതഗതിൽ മുന്നേറുമ്പോൾ ഈ മഹത്തായ സംഘടനയെ തളർത്താനുള്ള ഏതു ശ്രമത്തെയും ഒറ്റക്കെട്ടായി ചെറുക്കാൻ ഡയറക്ടർ ബോർഡ് അംഗങ്ങൾ തീരുമാനിച്ചു. വ്യാജ വാർത്തകളും അനധികൃത പ്രവർത്തനങ്ങളും നടത്തുന്നവർക്കെതിരെ ശക്തമായ നടപടികളെടുത്ത് മഹത്തായ ഈ സംഘടനയെ മുന്നോട്ടു നയിക്കാൻ ഇതിന്റെ ഭാരവാഹികൾ പ്രതിജ്ഞാബദ്ധരാണെന്നും അവർ അറിയിച്ചു.

ട്രസ്റ്റീ ബോർഡിന്റെ അടിയന്തിര മീറ്റിംഗിൽ ട്രസ്റ്റീ ചെയർമാൻ ഗോപിനാഥക്കുറുപ്പും ട്രസ്റ്റീ ബോർഡ് അംഗങ്ങളും തീരുമാനങ്ങൾ അംഗീകരിച്ചതോടെ മേൽപറഞ്ഞ തീരുമാനങ്ങൾ ഉടൻ നടപ്പിലാകും. അറ്റ്ലാന്റിക് സിറ്റിയിൽ ഓഗസ്റ്റിൽ നടക്കുന്ന കൺവെൻഷൻ വൻ വിജയമാക്കാനുള്ള എല്ലാ ഒരുക്കങ്ങളും ദ്രുതഗതിയിൽ നടന്നു വരുന്നതായി ഡോ. നിഷ പിള്ള അറിയിച്ചു. ഇപ്പോൾത്തന്നെ മുന്നൂറിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതായും അവർ അറിയിച്ചു.

*അനിൽ ആറന്മുള*

# കെ.എച്ച്.എൻ.എ. രജത ജൂബിലി കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി




ന്യൂയോർക്ക്: ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിലുള്ള എം.ജി.എം. ഇന്റർനാഷണലിൽ വെച്ച് ഓഗസ്റ്റ് 17 മുതൽ 19 വരെ നടക്കുന്ന കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ രജത ജൂബിലി കൺവൻഷൻ വളരെ വിപുലമായി സംഘടിപ്പിക്കുവാൻ ഡയറക്ടർബോർഡ്അംഗങ്ങളുംട്രസ്റ്റീബോർഡ്അംഗങ്ങളും ഒരേ മനസ്സോടെ പ്രവർത്തിച്ചുവരുന്നു. ഈ കൺവൻഷൻ പൊന്നിൻ ചിങ്ങമാസം 1 മുതൽ 3 വരെയാണ് നടക്കുന്നതെന്ന പ്രത്യേകതയുമുണ്ട്.

തൃശ്ശൂർപൂരത്തിനെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ഘോഷയാത്രയോടുകൂടി ആരംഭിക്കുന്ന ഈ കൺവൻഷനിൽ, കേരള കലാമണ്ഡലം കാഴ്ചവെക്കുന്ന വിവിധ തരം ക്ഷേത്രകലകൾ, മെഗാ തിരുവാതിര, മെഗാ മോഹിനിയാട്ടം, സുപ്രസിദ്ധ ഗായകൻ ഹരീഷ് ശിവരാമകൃഷ്ണനും സംഘവും ‘അഗം’ എന്ന മ്യൂസിക്കൽ ബാൻഡ്, പ്രശസ്ത സംഗീത സംവിധായകനും സംഗീതജ്ഞനുമായ രമേഷ് നാരായണും മകൾ മധുശ്രീ നാരായണും ചേർന്ന് അവതരിപ്പിക്കുന്ന ഹിന്ദുസ്ഥാനി സംഗീത കച്ചേരി, ന്യൂയോർക്കിൽ നിന്നുള്ള കലാകാരന്മാരും കലാകാരികളും നേതൃത്വം കൊടുക്കുന്ന ‘സമഷ്ടി’ തുടങ്ങിയ കലാപരിപാടികൾ ഉണ്ടായിരിക്കും.

ഇന്ത്യയിൽ നിന്ന് പ്രശസ്തരായ നിരവധി വ്യക്തിത്വങ്ങൾ കൺവൻഷനിൽ പങ്കെടുക്കാനെത്തുന്നുണ്ട്. മുൻ കേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനി, രാജീവ് ചന്ദ്രശേഖർ, ടി.വി. ചർച്ചകളിലൂടെ സുപരിചിതരായ അഡ്വ. എ. ജയശങ്കർ, ശ്രീജിത് പണിക്കർ, ചലച്ചിത്ര മേഖലയിൽ നിന്ന് ധ്യാൻ ശ്രീനിവാസൻ, അഭിലാഷ് പിള്ള, ഗോവിന്ദ് പത്മസൂര്യ, പ്രശസ്ത നടി ശിവദാ എന്നിവരും, എഴുത്ത്, ടെലിവിഷൻ പരസ്യ ചിത്രീകരണം എന്നീ മേഖലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ശരത് എ ഹരിദാസൻ, പ്രശസ്ത സാഹിത്യകാരനും പ്രാസംഗികനും പ്രജ്ഞാ പ്രവാഹുമായ ജെ. നന്ദകുമാർ തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യം എടുത്തു പറയേണ്ടതാണെന്ന് കെ.എച്ച്.എൻ.എ. പ്രസിഡന്റ് ഡോ. നിഷാ പിള്ള അറിയിച്ചു.

*ജയപ്രകാശ് നായർ*



# ഷിക്കാഗോ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ പ്രധാന തിരുനാളിന്റെ ഒരുക്കങ്ങൾക്ക് തുടക്കം കുറിച്ചു

ഷിക്കാഗോ: ഷിക്കാഗോ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഓഗസ്റ്റ് 3 മുതൽ 11 വരെ നടത്തപ്പെടുന്ന പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാളിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. ഇടവകയിലെ എല്ലാ പുരുഷന്മാരും പ്രസുദേന്തിമാരാകുന്ന തിരുനാളിന് നേതൃത്വം നൽകുന്ന മെൻ മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് ഓശാന ഞായറാഴ്ചയിലെ വിശുദ്ധ കുർബ്ബാനയ്ക്ക്ശേഷം തിരുനാൾ കിക്ക് ഓഫ് സംഘടിപ്പിച്ചത്.

മുൻവർഷങ്ങളിൽ യൂത്ത് മിനിസ്ട്രി അംഗങ്ങൾ, വിമൻ മിനിസ്ട്രി അംഗങ്ങൾ എന്നിവർ തിരുനാൾ പ്രസുദേന്തിമാരായി തിരുനാളിന് നേതൃത്വം നൽകിയതുപോലെ, ഇടവകയിലെ എല്ലാ പുരുഷന്മാരും പ്രധാന തിരുനാളിന്റെ നടത്തിപ്പിനായി മുന്നോട്ട് വരുമ്പോൾ, അത് ഇടവകയിലെ കുടുംബങ്ങളുടെ സജീവമായ പങ്കാളിത്വത്തിന്റെയും, കുടുംബങ്ങളിലേക്ക് പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹങ്ങൾ ചൊരിയുന്നതിന്റെയും സൂചനയാണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിയിൽ ഓർമിപ്പിച്ചു. ഫാ. ബിബിൻ കണ്ടോത്ത്, ഇടവക സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ മെൻ മിനിസ്ട്രി കോർഡിനേറ്റർ പോൾസൺ കുളങ്ങര, സിബി കൈതക്കത്തൊട്ടിയിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ എന്നിവരോടൊപ്പം കിക്ക് ഓഫിന് ചുക്കാൻ പിടിച്ചു.

*അനിൽ മറ്റത്തിക്കുന്നേൽ*





# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഓശാനയാചരണത്തോടെ വിശുദ്ധവാരത്തിന് തുടക്കം കുറിച്ചു

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഭക്തിനിർഭരമായ ഓശാനയുടെ ചടങ്ങുകളോടെ വിശുദ്ധ വാര കർമങ്ങൾക്കു തുടക്കമായി. ഞായറാഴ്ച നടന്ന കുരുത്തോല തിരുനാളിൽ നടത്തപ്പെട്ട നാല് വിശുദ്ധ കുർബ്ബാനകളിൽ ഇടവക സമൂഹം പ്രാർത്ഥന നിർഭരമായി പങ്കു ചേർന്നു.

വികാരി ഫാ. സിജു മുടക്കോടിയിൽ, ഫാ. ബിബിൻ കണ്ടോത്ത് എന്നിവരുടെ മുഖ്യ കാർമികത്വത്തിൽ തിരുകർമ്മങ്ങൾ ഭക്തി സാന്ദ്രമായി നടത്തപ്പെട്ടു. കുരുത്തോല വിതരണവും വിശുദ്ധ കുർബാനയും, മലയാളത്തിലും, യുവജനങ്ങൾക്കും കുട്ടികൾക്കുമായി ഇംഗ്ലീഷിലും നടത്തപ്പെട്ടു. ഭക്തിനിർഭരമായ ചടങ്ങുകൾക്ക്, വിസിറ്റേഷൻ സിസ്റ്റേഴ്സ്, കൈക്കാരൻമ്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, അൾത്താര ശുശ്രുഷികൾ, ഗായകസംഘം എന്നിവർ സജീവമായി നേതൃത്വം നൽകി.

വിശുദ്ധവാരാചരണത്തിന്റെ ഭാഗമായി വ്യാഴാഴ്ച്ച വൈകിട്ട് ഏഴുമണിക്ക് കാൽകഴുകൽ ശുശ്രൂഷയും പെസഹാ ആചാരണവും നടത്തപ്പെടും. ദുഃഖ വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് യുവജനങ്ങൾക്കായി ഇംഗ്ലീഷിലും, മുതിർന്നവർക്കായി ഏഴുമണിക്ക് മലയാളത്തിലും പീഡാനുഭവശുശ്രൂഷയും കുരിശിന്റെ വഴിയും നടത്തപ്പെടും. ദുഃഖ ശനിയാഴ്ചത്തെ തിരുക്കർമ്മങ്ങൾ രാവിലെ 8.15 നും ആഘോഷമായ ഈസ്റ്റർ വിജിൽ സർവ്വീസ് ശനിയാഴ്ച വൈകുന്നേരം അഞ്ചുമണിക്കും (ഇംഗ്ലീഷ്), ഏഴുമണിക്കും (മലയാളം) നടത്തപ്പെടും. ഈസ്റ്റർ ഞായറാഴ്ച രാവിലെ പത്തുമണിക്കും വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കും.

പ്രാർത്ഥനാ ചൈതന്യത്തിലും വിശ്വാസനിറവിലും വിശുദ്ധവാരത്തിന്റെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുവാനായി ഏവരെയും ക്ഷണിക്കുന്നതായി ഇടവകയ്ക്ക് വേണ്ടി വികാരി. ഫാ. സിജു മുടക്കോടിയിൽ അറിയിച്ചു.

*അനിൽ മറ്റത്തിക്കുന്നേൽ*

# വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയന് നവ നേതൃത്വം



ന്യൂജേഴ്സി: ആഗോള സംഘടനയായ വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ ചെയർമാനായി ഡാളസ് പ്രൊവിൻസിൽ നിന്നുമുള്ള ഷിബു സാമുവേലിനെയും പ്രസിഡന്റായി ഫ്ളോറിഡ പ്രൊവിൻസിൽ നിന്നുള്ള ബ്ലെസ്സൺ മണ്ണിലിനെയും തെരഞ്ഞെടുത്തു. മഞ്ജു നെല്ലിവീട്ടിൽ (കണക്റ്റിക്കട്ട്) ജനറൽ സെക്രട്ടറി, മോഹൻ കുമാർ (വാഷിംഗ്ടൺ) ട്രഷറർ എന്നിവരാണ് മറ്റു ഭാരവാഹികൾ.

അമേരിക്ക് റീജിയനിൽ പത്ത് പ്രോവിൻസുകളാണുള്ളത്. ഗ്ലോബൽ ഇലക്ഷൻ കമ്മീഷൻ ഡോ. സൂസൻ ജോസഫാണ് വിജയികളെ പ്രഖാപിച്ചത്. ഒരു നോമിനേഷൻ മാത്രം ലഭിച്ചതിനാൽ എതിരില്ലാതെയാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തതെന്ന് ഡോ. സൂസൻ ജോസഫ് പറഞ്ഞു. രണ്ട് വർഷക്കാലത്തേക്കാണ് പുതിയ ഭാരവാഹികളുടെ കാലാവധി.

ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ, സെക്രട്ടറി ജനറൽ ദിനേശ് നായർ, ട്രഷറർ ഷാജി മാത്യു, അഡ്മിൻ വൈസ് പ്രസിഡന്റ് ജെയിംസ് കൂടൽ, വൈസ് പ്രസിഡന്റ് ഡോ. തങ്കം അരവിന്ദ് എന്നിവർ പുതിയ ഭാരവാഹികളെ അഭിനന്ദിച്ചു

ജൂലായ് 25 മുതൽ മുന്ന് ദിവസം ബാങ്കോക്കിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ആഗോള ദ്വിവത്സര സമ്മേളനത്തിന് അമേരിക്ക റീജിയനിൽ നിന്നും സജീവ പങ്കാളിത്തവും ഉണ്ടാകണമെന്ന് സംഘടക സമിതി ചെയർമാൻ ഡോ. ബാബു സ്റ്റീഫൻ അഭ്യർത്ഥിച്ചു. 1995ൽ അമേരിക്കയിലെ ന്യൂജേഴ്സിയിൽ ടി.എൻ. ശേഷൻ, കെ.പി.പി. നമ്പ്യാർ, ഡോ. ബാബു പോൾ, ഡോ.ടി.ജി.എസ്.സുദർശൻ തുടങ്ങിയ പ്രഗത്ഭമതികൾ ആരംഭിച്ച പ്രവാസി മലയാളികളുടെ ഈ ആഗോള പ്രസ്ഥാനം ഇന്ന് അമ്പതിലേറെ രാജ്യങ്ങളിൽ ശാഖകളുള്ള ഏറ്റവും വലിയ ആഗോള മലയാളി പ്രസ്ഥാനമാണ്.



# സേവനപാതയിൽ പുതിയ ചുവടുവെപ്പുമായി ഫൊക്കാന ടെക്സാസ് റീജിയൻ

ഹ്യൂസ്റ്റൺ: സമൂഹ നന്മക്കായി ഫൊക്കാന ടെക്സാസ് റീജിയനും 'ദി ബീക്കൺ' ഹ്യൂസ്റ്റണുമായി കൈകോർക്കുന്നു. ദി ബീക്കൺ ഹ്യൂസ്റ്റൺ അനാഥരായിട്ടുള്ള ആളുകൾക്ക് ആശാ സങ്കേതമായി 2007ൽ ബാപ്റ്റിസ്റ്റ് ചർച്ച് ഗ്രൂപ്പിന്റെ കീഴിൽ ഉദയം ചെയ്ത ഒരു സ്ഥാപനം ആണ്.

ബീക്കണിന്റെ സ്വന്തം അടുക്കളയിലുണ്ടാകുന്ന ചൂടുള്ള പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, പ്രൈവറ്റ് ഷവേർസ്, ഫുൾ സർവീസ് ലോണ്ടറി, ഡിവൈസ് ചാർജിങ്ങ്, അക്സസ്സ് റ്റു ഫോൺ, വൈഫൈ എന്നിവ ബീക്കന്റെ ഡെയിലി സർവീസിന്റെ ഭാഗമാണ്. 'വലിയ കാര്യങ്ങൾ ചെയ്യാനല്ല മറിച്ചു ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോട് ചെയ്യാൻ വിളിക്കപ്പെട്ടവരാണ് നാം' എന്ന ഇന്ത്യയിലെ അശരണർക്ക് തുണയായി മാറിയ മദർ തെരേസയുടെ വാക്കുകൾ ഇന്ത്യയുടെ തെരുവീഥികളിൽ മുഴങ്ങിയത് നമുക്ക് എങ്ങനെ മറക്കാനാവും?

2022–24ൽ ബീക്കൺ സർവീസ് ചെയ്തത് ഓരോ വർഷവും 80,000ൽപരം ഹോട്ട് മീൽസ് ആണ്. ഇതിന്റെ ഭാഗമായി കമ്മ്യൂണിറ്റി സർവീസ് ചെയ്യാൻ സാധിച്ചതിൽ ഫൊക്കാന ടെക്സാസ് റീജിയൻ ഭാരവാഹികൾ സർവേശ്വരന് നന്ദി പറയുകയാണ്. റീജണൽ വൈസ് പ്രസിഡന്റ് ഫാൻസിമോൾ പള്ളത്തുമഠം, റീജണൽ ചെയർമാൻ ജോജി ജോസഫ്, യൂത്ത് റെപ്പ് ക്ലിയോണ ചേതനും ചുക്കാൻ പിടിച്ച ഈ വോളണ്ടിയർ വർക്കിൽ, സെന്റ് ജോസഫ് ഫൊറൈൻ ചർച്ചിന്റെ സെയിന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും കൈ കോർക്കുകയുണ്ടായി.

ഇതര സംഘടനകളിൽ നിന്ന് തികച്ചും വ്യത്യസ്ത സ്വഭാവം പ്രകടിപ്പിച്ച് കൊണ്ട് ജീവകാരുണ്യ പ്രവർത്തനരംഗങ്ങളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ച് മുന്നോട്ട് കുതിക്കുകയാണ് ഫൊക്കാന ടെക്സാസ് റീജിയൻ. ജീവിതത്തിൽ മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് സഹജീവികളുടെ നന്മക്കും, ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കാൻ നമുക്ക് കഴിയണം. പരസ്പരമുള്ള സ്നേഹവും സാഹോദര്യവും ഊട്ടിയുറപ്പിക്കാനും അതുവഴി സമൂഹത്തിന് അൽപമെങ്കിലും ചൂടും ചൂരും വെളിച്ചവും പകരാൻ നമുക്ക് കഴിഞ്ഞാൽ അതിൽപരം ഒരു പുണ്യപ്രവർത്തി മറ്റൊന്നുമില്ലെന്ന് റീജിയണൽ വൈസ് പ്രസിഡന്റ് ഫാൻസിമോൾ പള്ളത്തുമഠം അഭിപ്രായപ്പെട്ടു.

ശ്രീകുമാർ ഉണ്ണിത്താൻ

# ഷിക്കാഗോ രൂപത മിഷൻ ലീഗ് നോമ്പുകാല ധ്യാനം സംഘടിപ്പിച്ചു

ഷിക്കാഗോ: ഷിക്കാഗോ രൂപതയിലെ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾക്കായി നോമ്പുകാല ധ്യാനം സംഘടിപ്പിച്ചു.

ഫാ. ജോസ് കണ്ണമ്പള്ളി വി.സി. യുടെ നേതൃത്വത്തിലുള്ള ഡിവൈൻ യൂത്ത് മിനിസ്ട്രി ടീം ധ്യാനം നയിച്ചു.

മിഷൻ ലീഗ് രൂപത പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ സ്വാഗതവും ജനറൽ സെക്രട്ടറി ടിസൻ തോമസ് നന്ദിയും പറഞ്ഞു.

രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഇരുനൂറിലധികം മിഷൻ ലീഗ് അംഗങ്ങൾ ഓൺലൈനിലൂടെ നടത്തിയ ഈ പരിപാടിയിൽ പങ്കുചേർന്നു.

CHERUPUSHPA MISSION LEAGUE
LOVE • SACRIFICE • SERVICE • SUFFERING
ചെറുപുഷ്പ മിഷൻ ലീഗ്

# എബ്രഹാം ചാക്കോയുടെ നിര്യാണത്തിൽ ഫൊക്കാന ഇന്റർനാഷണൽ അനുശോചിച്ചു




ടാമ്പാ, ഫ്ളോറിഡ: ഫ്ളോറിഡയിലെ പ്രമുഖ സാമൂഹ്യ സാംസ്കാരിക പ്രവർത്തകനും ഫൊക്കാനയുടെ മുൻ റീജിയണൽ വൈസ് പ്രസിഡന്റുമായിരുന്ന എബ്രഹാം ചാക്കോ (കുഞ്ഞുമോൻ)യുടെ നിര്യാണത്തിൽ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക ദേശീയ സമിതി അനുശോചിച്ചു. മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ സ്ഥാപകാംഗവും മുൻ പ്രസിഡന്റുമായിരുന്ന എബ്രഹാം ചാക്കോയുടെ നിര്യാണം മലയാളി സമൂഹത്തിനു തീരാനഷ്ടമാണെന്ന് പ്രസിഡന്റ് സണ്ണി മറ്റമന പറഞ്ഞു.

അദ്ദേഹത്തിന്റെ സേവനങ്ങളെ മാനിച്ചു മലയാളി അസോസിയേഷൻ ഓഫ് ടാമ്പാ അദ്ദേഹത്തിന് വിവിധ പുരസ്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്. ഫൊക്കാന ഇന്റർനാഷണൽ കമ്മറ്റിഅംഗം എബ്രഹാം ജോർജ് പരേതന്റെ സഹോദരീ ഭർത്താവാണ്.

എബ്രഹാം ചാക്കോയുടെ നിര്യാണത്തിൽ ജനറൽ സെക്രട്ടറി എബ്രഹാം ഈപ്പൻ, ട്രഷറർ എബ്രഹാം കളത്തിൽ, ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസഫ് കുര്യപ്പുറം, എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് ഡോ. ജേക്കബ് ഈപ്പൻ, വൈസ് പ്രസിഡന്റ് ഷാജി ആലപ്പാട്ട്, വിമൻസ് ഫോറം ചെയർ ഡോ. നീന ഈപ്പൻ, അസോസിയേറ്റ് സെക്രട്ടറി റോബർട്ട് അരീച്ചിറ, അസോസിയേറ്റ് ട്രഷർ ഷാജി ജോൺ, അഡി. അസോസിയേറ്റ് സെക്രട്ടറി സഞ്ജീവ് എബ്രഹാം, അഡി. അസോസിയേറ്റ് സെക്രട്ടറി തോമസ് ജോർജ്, ഇന്റർനാഷണൽ കോർഡിനേറ്റേഴ്സ് കലഷാഹി, റജി കുര്യൻ എന്നിവരും അനുശോചിച്ചു.



# താരിഫ്: മുന്നറിയിപ്പുമായി ജെറോം

(ഒന്നാം പേജ് തുടർച്ച)

നയ ആശങ്കകളെ പ്രതിഫലിപ്പിക്കുന്നുവെന്ന് പവൽ വ്യക്തമാക്കുന്നു. സമ്പദ്‌വ്യവസ്ഥയിൽ ഇപ്പോൾ ഉണ്ടാകുന്ന വർദ്ധിച്ച തകർച്ച അപകടസാധ്യതകളെക്കുറിച്ചുള്ള ഏറ്റവും വലിയ മുന്നറിയിപ്പാണെന്നും പവൽ കൂട്ടിച്ചേർത്തു.

വിപണി തകർച്ച വലിന്റെ അഭിപ്രായ പ്രകടനങ്ങൾ ശേഷം, വൈറ്റ് ഹൗസ് അതിന്റെ വ്യാപകമായ താരിഫ് നയത്തിന്റെ നിരവധി ഭാഗങ്ങൾ പിൻവലിക്കുകയും പിന്നീട് വീണ്ടും നടപ്പിലാക്കുകയുംചെയ്തിരുന്നു.ഏറ്റവുംപ്രധാനമായി, അധികലെവികൾബാധിച്ചചൈനഒഴികെയുള്ള എല്ലാ രാജ്യങ്ങൾക്കും ഏപ്രിൽ 2 ന് പ്രഖ്യാപിച്ച താരിഫുകൾ ട്രംപ് താൽക്കാലികമായി നിർത്തിവച്ചു. ആ ഇളവുകളിൽ ട്രംപ് വ്യക്തിപരമായി ഇടപെട്ട് ഗതിമാറ്റുന്നതുവരെ അദ്ദേഹത്തിന്റെ ഭരണകൂടം സ്മാർട്ട്ഫോണുകൾ, സെമികണ്ടക്ടറുകൾ പോലുള്ള ചില ഉൽപ്പന്നങ്ങൾക്ക് ഇളവുകൾ അനുവദിച്ചു. ട്രംപിന്റെ താരിഫുകൾ മൂലമുണ്ടായ വിപണി തകർച്ചയിൽനിന്ന് പലരും ഇപ്പോഴും കരകയറിയിട്ടില്ലെന്നും റിപ്പോർട്ടുകൾ പറയുന്നു. താരിഫുകൾമൂലം വില ഉയരാനുള്ള സാധ്യത കൂടുതലാണെന്ന് പവൽ വ്യക്തമാക്കുന്നു. പക്ഷേ ഫെഡ് ഇപ്പോഴും വിലയിരുത്തുന്ന പ്രധാന ചോദ്യം ഇത് എത്രത്തോളം നിലനിൽക്കുമെന്നതാണ്. ദീർഘകാല പണപ്പെരുപ്പപ്രതീക്ഷകൾകൃത്യമായിനിലനിർത്തുകയും വിലനിലവാരത്തിലെ ഒറ്റത്തവണ വർധനവ് തുടർച്ചയായ പണപ്പെരുപ്പ പ്രശ്നമായി മാറുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് തങ്ങളുടെ കടമയെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

**പണപ്പെരുപ്പം**

സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തലുകളിൽ ഫെഡ് നിരീക്ഷിക്കുന്ന പ്രധാന അളവുകോലുകളിൽ ഒന്ന് ദീർഘകാല പണപ്പെരുപ്പ പ്രതീക്ഷകളാണ്. ആ വർധനവ് ഉണ്ടായാൽ, ബിസിനസ് നേതാക്കൾ, നിക്ഷേപകർ, പൊതുജനങ്ങൾ എന്നിവർ പണപ്പെരുപ്പത്തെ വിട്ടുമാറാത്ത ഒരു പ്രശ്നമായി കാണുന്നു എന്നാണ് ഇതിനർത്ഥം. അങ്ങനെ സംഭവിക്കുമ്പോൾ, അവർ ചെലവ് കുറയ്ക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് മാന്ദ്യത്തിനുള്ള സാധ്യത വർദ്ധിപ്പിക്കും. മാർച്ചിലെ ഏറ്റവും പുതിയ ഉപഭോക്തൃ വില സൂചിക റിപ്പോർട്ട് പ്രകാരം പണപ്പെരുപ്പം 2.4% ആയി കണക്കാക്കി. ഇത് പ്രതീക്ഷിച്ചതിലും അല്പം കുറവാണ്. അതേസമയം ട്രംപ് തന്റെ താരിഫ് നയം നടപ്പിലാക്കുന്നതിന് മുമ്പായിരുന്നു അത്. പവലിന്റെ പ്രതികരണത്തിന് ശേഷം, ട്രംപിന്റെ താരിഫുകളുടെ സാമ്പത്തിക പ്രതിസന്ധി ഓഹരി വിപണിയിൽ നിന്ന് ബോണ്ട് വിപണിയിലേക്ക് വഴിമാറി. യുഎസിലെയും ആഗോള ഓഹരികളിലെയും ഓഹരികൾ ഇടിഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ 10 വർഷത്തെയും 30 വർഷത്തെയും ട്രഷറികളിലെ ആദായം കുതിച്ചുയർന്നു. ഭയന്ന നിക്ഷേപകർ ഓഹരികളിൽ നിന്ന് പണം പിൻവലിക്കുകയാണെന്നും ലോകത്തിലെ ഏറ്റവും സുരക്ഷിതമായ നിക്ഷേപമായി കണക്കാക്കപ്പെടുന്ന യുഎസ് ബോണ്ടുകളിൽ നിക്ഷേപിക്കുന്നതിനുപകരംയഥാർത്ഥത്തിൽആ ആസ്തികൾ വിൽക്കുകയാണെന്നും ഇത് സൂചന നൽകി. ആ ചലനാത്മകത യുഎസ് സമ്പദ്‌വ്യവസ്ഥയിൽ അഭൂതപൂർവമായ വിശ്വാസക്കുറവിനെ സൂചിപ്പിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. ഇതിനെക്കുറിച്ച് എങ്ങനെ ചിന്തിക്കണമെന്ന് ആധുനിക അനുഭവമില്ലെന്ന് അടുത്തിടെ നടപ്പിലാക്കിയ താരിഫ് നയത്തെക്കുറിച്ച് പവൽ പറഞ്ഞു. ബോണ്ട് വിപണിയിലെ നീക്കങ്ങൾ അസാധാരണമായിരുന്നു. അവയ്ക്ക് കാരണമായത് എന്താണെന്ന് കണ്ടെത്തുന്നതിൽ ജാഗ്രത പാലിക്കണം. ചരിത്രപരമായി സവിശേഷമായ സംഭവവികാസങ്ങൾ വലിയ അനിശ്ചിതത്വത്തോടെയാണ് വിപണികൾ പ്രോസസ്സ് ചെയ്യുന്നത്. തുടർച്ചയായ ചാഞ്ചാട്ടം നിങ്ങൾ കാണുമെന്ന് കരുതുന്നു, പക്ഷേ അതിന് കാരണമാകുന്നത് എന്താണ് എന്നതിനെക്കുറിച്ച് കൃത്യമായി പറയാൻ താൻ ശ്രമിക്കില്ലെന്നും പവൽ കൂട്ടിച്ചേർത്തു. പതിവ് പോലെ, വരാനിരിക്കുന്ന പണനയ നീക്കങ്ങളെക്കുറിച്ചോ അവ എപ്പോൾ സംഭവിക്കുമെന്നതിനെക്കുറിച്ചോ പവൽ ഒന്നും തന്നെ വ്യക്തമാക്കിയില്ല. ട്രംപിന്റെ താരിഫുകൾ ബിസിനസുകൾക്കും ഉപഭോക്താക്കൾക്കും വില ഉയർത്തുമെന്ന് ഏതാണ്ട് ഉറപ്പാണ്. ഇത് പണപ്പെരുപ്പം കുറയ്ക്കാനുള്ള ഫെഡറേഷന്റെ വർഷങ്ങളായി നടത്തുന്ന ശ്രമങ്ങളെ തടസ്സപ്പെടുത്തും. ആ സാഹചര്യത്തിൽ, നിരക്ക് വർദ്ധനവ് ആവശ്യമായി വന്നേക്കാം. എന്നിരുന്നാലും, സെപ്തംബർ മുതൽ ഫെഡ് പിന്തുടരുന്ന നിരക്ക് കുറയ്ക്കൽ ചക്രത്തിൽ നിന്നുള്ള ഒരു വിപരീത സഞ്ചാരമായിരിക്കും അത്. അതേസമയം യുഎസ് സമ്പദ്‌വ്യവസ്ഥ മാന്ദ്യത്തിലേക്ക് പ്രവേശിക്കുകയാണെങ്കിൽ നിരക്ക് കുറയ്ക്കൽ അനിവാര്യമായിരിക്കും. ഏറ്റവും മോശം സാഹചര്യം സ്റ്റാഗ്ഫ്ലേഷൻ ആണ്. പണപ്പെരുപ്പം ഉയർന്നതാണെങ്കിലും സമ്പദ്‌വ്യസ്ഥ വളരാത്ത സമയമാണിത്. ആ പ്രത്യേക സാഹചര്യത്തെ വെല്ലുവിളി നിറഞ്ഞ ഒന്നായി പവൽ നിർവചിച്ചു. അതിൽ ഫെഡറലിന്റെ ഇരട്ട മാൻഡേറ്റ് ലക്ഷ്യങ്ങളായ സമ്പൂർണ്ണ തൊഴിൽ, സ്ഥിരതയുള്ള വിലകൾ എന്നിവയെ പിരിമുറുക്കത്തിലാക്കും. ചുരുക്കത്തിൽ, ഫെഡ് എന്തുചെയ്യുമെന്നോ എന്തുചെയ്യണമെന്നോ ഉള്ളതിന്റെ വ്യാപ്തി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വർഷത്തിന്റെ രണ്ടാം പകുതി മുതൽ നിലവിൽ രണ്ടോ മൂന്നോ നിരക്ക് കുറയ്ക്കലുകൾക്കിടയിൽ വില നിശ്ചയിക്കുന്നു. എന്നാൽ സമ്പദ്‌വ്യസ്ഥയിലുടനീളം കാര്യങ്ങൾ എത്രമാത്രം അസ്ഥിരമാണെന്ന് കണക്കിലെടുക്കുമ്പോൾ ആ പദ്ധതികൾ മാറ്റത്തിന് വിധേയമായേക്കാം. വിപണികൾ അനിശ്ചിതത്വവുമായി വളരെയധികം പോരാടുന്നുണ്ട്. അതിനർത്ഥം ചാഞ്ചാട്ടമാണെന്നും പവൽ വ്യക്തമാക്കുന്നു.

**ഓഹരികളിൽ ചാഞ്ചാട്ടം**

അതേസമയം ജെറോം പവലിന്റെ താരിഫ് ആഘാതത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് ശേഷം ഓഹരികളിൽ ചാഞ്ചാട്ടമെന്ന് റിപ്പോർട്ട്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താരിഫുകൾ പ്രതീക്ഷിച്ചതിലും വലുതാണെന്നതിനാൽ, നയരൂപകർത്താക്കൾ ഏതെങ്കിലും നിരക്ക് നീക്കങ്ങളിൽ നിന്ന് വിട്ടുനിൽക്കുമെന്ന് ഫെഡറൽ റിസർവ് ചെയർമാൻ ജെറോം പവൽ പറഞ്ഞതിനെത്തുടർന്ന് നിക്ഷേപകർ യു.എസ് ഓഹരികൾ വിൽക്കുന്നത് വർദ്ധിപ്പിച്ച് വരുന്നതായി ഏറ്റവും പുതിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. നാസ്ഡാക്ക് കോമ്പോസിറ്റ് 3% ത്തിലധികം നഷ്ടം നേരിട്ടു. ടെസ്ല, സ്റ്റാർബക്സ്, ആമസോൺ എന്നിവ ഏറ്റവും വലിയ നഷ്ടം നേരിട്ടപ്പോൾ, ഡോളർ ട്രീ, സീഗേറ്റ് എന്നിവ നേട്ടങ്ങൾ രേഖപ്പെടുത്തി. എസ് & പി 500 ന്റെ 2% ത്തിലധികം ഇടിവ് നേരിട്ടു. കൂടാതെ ഉപഭോക്തൃ വിവേചനാധികാര, ആശയവിനിമയ ഓഹരികളിലും ഇടിവ് നേരിട്ടുവെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.



# എന്താണ് 50501? എന്തിന് ട്രംപിനെതിരെ പ്രതിഷേധിക്കണം?

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെ ഏപ്രിൽ 19 ന് യു.എസിൽ പ്രതിഷേധത്തിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. വൻതോതിലുള്ള ഹാൻഡ്സ് ഓഫ് പ്രതിഷേധത്തിൽ ഉൾപ്പെട്ടവർ ഉൾപ്പെടെയുള്ള ട്രംപ് വിരുദ്ധ ഗ്രൂപ്പുകളാണ് ഏപ്രിൽ 19 ന് പ്രതിഷേധം ആസൂത്രണം ചെയ്തിരിക്കുന്നത്.

50 സംസ്ഥാനങ്ങളിലെ 50 പ്രതിഷേധങ്ങൾ, 1 പ്രസ്ഥാനം എന്നതിന് വേണ്ടി നിലകൊള്ളുന്ന 50501 ഗ്രൂപ്പ് ഏപ്രിൽ 19 ന് എല്ലാ 50 സംസ്ഥാനങ്ങളിലും ഒരേസമയം പ്രകടനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഏപ്രിൽ അഞ്ചിലെ ഹാൻഡ്സ് ഓഫ് പ്രതിഷേധത്തിന് സമാനമായ ഒരു ജനക്കൂട്ടത്തെ അണിനിരത്താൻ ഗ്രൂപ്പ് പ്രതീക്ഷിക്കുന്നു.

യു എസിന് പുറത്തുള്ള ലണ്ടൻ, ബെർലിൻ, പാരീസ് എന്നിവയുൾപ്പെടെയുള്ള നഗരങ്ങളിലും ഏപ്രിൽ 5 ന് നടന്ന ഹാൻഡ്സ് ഓഫ് പ്രതിഷേധത്തിന് സമാനമായ ഒരു ജനക്കൂട്ടത്തെ അണിനിരത്തുമെന്ന് സംഘം വ്യക്തമാക്കുന്നു. യു.എസ് ജനസംഖ്യയുടെ 3.5 ശതമാനം പ്രതിനിധീകരിക്കുന്ന പ്രതിഷേധത്തിൽ 11 ദശലക്ഷം ആളുകൾ പങ്കെടുക്കണമെന്ന് 50501 ഗ്രൂപ്പ് ആഹ്വാനം ചെയ്യുന്നു. ഈ പ്രതിഷേധം നിലവിലുള്ള പ്രതിരോധത്തെ ശക്തമാക്കുമെന്ന് കരുതുന്നു.

**എന്തുകൊണ്ടാണ് ഈ ഗ്രൂപ്പുകൾ ട്രംപിനെതിരെ പ്രതിഷേധിക്കുന്നത്**

ട്രംപിന്റെ പ്രവർത്തനങ്ങൾ നിരവധി അമേരിക്കക്കാരെ അകറ്റിയതായി പ്രതിഷേധക്കാർ വാദിക്കുന്നു. ഫെഡറൽ തൊഴിലാളികളെ കുറയ്ക്കുക. സാമൂഹ്യ സുരക്ഷ ഓഫീസുകൾ അടച്ച് പൂട്ടുക. രണ്ട് ലിംഗഭേദം മാത്രം അംഗീകരിക്കുന്ന നിയമങ്ങൾ പാസാക്കുക. കുടിയേറ്റക്കാരെ തിരിച്ചയക്കുക, സഖ്യരാജ്യങ്ങളെ സമ്മർദ്ദത്തിലാക്കുക, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾക്കുള്ള ഫണ്ട് വെട്ടി കുറയ്ക്കുക തുടങ്ങിയ ട്രംപിന്റെ നടപടികൾക്കെതിരെയാണ് പ്രതിഷേധം.

**എന്താണ് 50501**

ട്രംപ് തന്റെ രണ്ടാം ടേമിൽ നടപ്പാക്കിയ നയങ്ങൾക്ക് മറുപടിയായി 2025 ന്റെ തുടക്കത്തിൽ രൂപീകരിച്ച സംഘടനയാണ് 50501 മൂവ്മെന്റ്. '50501' എന്ന പേര് 50 പ്രതിഷേധങ്ങൾ 50 സംസ്ഥാനങ്ങൾ, ഒരു ദിവസം എന്നിവയെ പ്രതിനിധീകരിക്കുന്നു. ട്രംപിന്റെ ഭരണകൂടത്തിന്റെ ജനാധിപത്യവിരുദ്ധവും നിയമവിരുദ്ധവുമായ നടപടികൾ എന്ന് ഗ്രൂപ്പ് വിശേഷിപ്പിക്കുന്ന നടപടികൾക്കെതിരെയുള്ള പ്രതിഷേധമായാണ് ഈ പ്രസ്ഥാനം ഉണ്ടായത്.

നേരത്തെ ട്രംപ് ഭരണകൂടത്തിനെതിരെ പ്രതിഷേധം ഉയർന്നിരുന്നു. ഏപ്രിൽ 5 ന് 50501 ഗ്രൂപ്പ് തന്റെ രണ്ടാം ടേം ആരംഭിച്ചതിന് ശേഷം ഏറ്റവും വലിയ പ്രതിഷേധം നേരിടേണ്ടി വന്നു. ഏകദേശം 600,000 പേർ പങ്കെടുക്കാൻ സൈൻ അപ്പ് ചെയ്തു. 50501 ഗ്രൂപ്പിന് പുറമെ പൗരാവകാശ സംഘടനകൾ, വെറ്ററൻസ് ഗ്രൂപ്പുകൾ, സ്ത്രീകളുടെ അവകാശ ഗ്രൂപ്പുകൾ, ലേബർ യൂണിയനുകൾ, എൽ ജി ബി ടി ക്യൂ+ , എന്നിവരും പ്രതിഷേധത്തിൽ പങ്കുചേർന്നു.

ഫെബ്രുവരി 4 ന് ട്രംപിനെതിരെ പ്രതിഷേധവും ഫെബ്രുവരി 17 ന് നോ കിംഗ്സ് ഡേ പ്രതിഷേധവും മാർച്ച് 4 ന് മറ്റൊരു പ്രകടനവും സംഘടിപ്പിച്ചിട്ടുണ്ട്.

# ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ് ഏറ്റെടുക്കൽ: FTC വിചാരണയിലെ സക്കർബർഗിന്റെ മൊഴിയിലെ 5 നിർണ്ണായക നിമിഷങ്ങൾ


വാഷിംഗ്ടൺ: ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ് തുടങ്ങിയ ജനപ്രിയ ആപ്പുകളെ ഏറ്റെടുത്തതിലൂടെ മെറ്റ പ്ലാറ്റ്ഫോംസ് (ഫേസ്ബുക്കിന്റെ മാതൃ കമ്പനി) വിപണിയിൽ അനാരോഗ്യകരമായ കുത്തക സ്ഥാപിച്ചുവെന്ന അമേരിക്കൻ ഫെഡറൽ ട്രേഡ് കമ്മീഷന്റെ (FTC) കേസിൽ സിഇഒ മാർക്ക് സക്കർബർഗ് നിർണ്ണായക മൊഴി നൽകി. ഈ ഏറ്റെടുക്കലുകൾ റദ്ദാക്കണമെന്ന് FTC ആവശ്യപ്പെടുന്ന ഈ വിചാരണ, മെറ്റയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനപ്പെട്ടതാണ്. സക്കർബർഗിന്റെ സാക്ഷി വിസ്താരത്തിലെ അഞ്ച് പ്രധാന ഭാഗങ്ങൾ താഴെ പറയുന്നവയാണ്:

**1. ഇൻസ്റ്റഗ്രാം ഏറ്റെടുക്കൽ: മത്സരത്തെക്കുറിച്ചല്ല, മൊബൈൽ മാറ്റത്തെക്കുറിച്ചാണ്:** 2012ൽ ഇൻസ്റ്റഗ്രാമിനെ വാങ്ങിയത് പ്രധാനമായും ഫേസ്ബുക്കിനെ മൊബൈൽ പ്ലാറ്റ്ഫോമുകളിലേക്ക് അതിവേഗം മാറ്റുന്നതിനും പുതിയ സാധ്യതകൾ തുറക്കുന്നതിനുമാണെന്ന് സക്കർബർഗ് വാദിച്ചു. ഇൻസ്റ്റഗ്രാം അക്കാലത്ത് ഒരു വലിയ മത്സര ഭീഷണിയായിരുന്നില്ലെന്നും, അതിനെ ഒരു എതിരാളിയായി കണ്ട് ഇല്ലാതാക്കാനല്ല ശ്രമിച്ചതെന്നും അദ്ദേഹം പറഞ്ഞു.

**2. വാട്സ്ആപ്പ് ഏറ്റെടുക്കൽ: വ്യത്യസ്ത സേവനം:** 2014ൽ വാട്സ്ആപ്പിനെ ഏറ്റെടുത്തത്, ഫേസ്ബുക്ക് നൽകുന്നതിൽ നിന്ന് വ്യത്യസ്തമായി, സ്വകാര്യ സന്ദേശ കൈമാറ്റത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സേവനമായതുകൊണ്ടാണെന്ന് സക്കർബർഗ് വ്യക്തമാക്കി. ആഗോളതലത്തിൽ മെസേജിംഗ് രംഗത്ത് നിലനിന്ന മത്സരത്തെക്കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു. ഇതൊരു കുത്തക സ്ഥാപിക്കാനുള്ള നീക്കമായിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**3. 'വാങ്ങുക അല്ലെങ്കിൽ തകർക്കുക' തന്ത്രം നിഷേധിച്ചു:** വളർന്നുവരുന്ന എതിരാളികളെ ഒന്നുകിൽ പണം നൽകി വാങ്ങുക, അല്ലെങ്കിൽ അവരെ വിപണിയിൽ നിന്ന് ഇല്ലാതാക്കുക എന്നതായിരുന്നു മെറ്റയുടെ നയമെന്ന FTCയുടെ പ്രധാന ആരോപണത്തെ സക്കർബർഗ് ശക്തമായി എതിർത്തു. അങ്ങനെയൊരു തന്ത്രം കമ്പനിക്ക് ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു.

**4. ഏറ്റെടുക്കലുകൾ നവീകരണത്തിന് ഊർജ്ജം നൽകി:** ഇൻസ്റ്റഗ്രാമിനെയും വാട്സ്ആപ്പിനെയും ഏറ്റെടുത്ത ശേഷം മെറ്റ നടത്തിയ നിക്ഷേപങ്ങളും സാങ്കേതിക സഹായങ്ങളും ഈ പ്ലാറ്റ്ഫോമുകളുടെ വളർച്ചയ്ക്കും പുതിയ കണ്ടുപിടിത്തങ്ങൾക്കും വലിയ തോതിൽ സഹായകമായെന്ന് സക്കർബർഗ് ചൂണ്ടിക്കാട്ടി. മെറ്റയുടെ ഭാഗമായ ശേഷമാണ് ഈ ആപ്പുകൾ ഇന്നു കാണുന്ന നിലയിലേക്ക് വളർന്നതെന്നും അദ്ദേഹം വാദിച്ചു.



## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#040925



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#040925

## ബേബി സിറ്ററെ ആവശ്യമുണ്ട്

**അഡിസണിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് 17 മാസം പ്രായമുള്ള കുട്ടിയെ നോക്കാൻ മെയ് മാസം പകുതി മുതൽ (തിങ്കൾ മുതൽ വെള്ളിവരെ) വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 847 – 890 – 5941, 847 – 942 – 1057**

#031925

## വരനെ ആവശ്യമുണ്ട്

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786 – 868 – 7192, 786 – 825 – 5748**

#040925

## ROOMS FOR RENT IN DOWNERS GROVE


Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#040925

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**റോസമ്മ തോമസ്**

#041625

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ചിന്നമ്മ കുര്യൻ**

#041625

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773 – 888 – 2242
1 773 – 842 – 9149
1 773 – 888 – 2243
vachakamonline@gmail.com
news@vachakam.com

Vachakam.com

**For E-Paper reading visit Vachakam.com**


## അവസാന നിമിഷം ഫണ്ടിംഗ് ലഭിച്ചു; നിർണ്ണായക സൈബർ സുരക്ഷാ ഡാറ്റാബേസിന് താൽക്കാലിക ആശ്വാസം

വാഷിംഗ്ടൺ: ലോകമെമ്പാടുമുള്ള കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകളിലെ സുരക്ഷാവീഴ്ചകൾ കണ്ടെത്തുകയും അവയെ തരംതിരിച്ച് പട്ടികപ്പെടുത്തുകയും ചെയ്യുന്ന നിർണ്ണായക ഡാറ്റാബേസിന് അമേരിക്കൻ സർക്കാരിൽ നിന്ന് അവസാന നിമിഷം സാമ്പത്തിക സഹായം ലഭിച്ചു. 'കോമൺ വൾനറബിലിറ്റീസ് ആൻഡ് എക്സ്പോഷേഴ്സ്' (CVE) എന്നറിയപ്പെടുന്ന ഈ സംവിധാനത്തിനുള്ള ഫണ്ടിംഗ് അവസാനിക്കാൻ മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കെയാണ് പുതിയ തീരുമാനം വന്നത്.



ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന MITRE കോർപ്പറേഷൻ ആണ് ഈ ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നത്. സൈബർ സുരക്ഷാ ഗവേഷകർ, ഐടി പ്രൊഫഷണലുകൾ, വിവിധ കമ്പനികൾ എന്നിവരെല്ലാം സോഫ്റ്റ്വെയർ പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും ഈ ഡാറ്റാബേസിനെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

ഫണ്ടിംഗ് നിലയ്ക്കുമെന്ന വാർത്ത സൈബർ സുരക്ഷാ രംഗത്ത് വലിയ ആശങ്ക സൃഷ്ടിച്ചിരുന്നു. ഈ ഡാറ്റാബേസിന്റെ പ്രവർത്തനം നിലച്ചാൽ, പുതിയ സൈബർ ഭീഷണികളെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ലാതാവുകയും അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യുമായിരുന്നു.

എന്നാൽ, അമേരിക്കൻ സൈബർ സുരക്ഷാ ആൻഡ് ഇൻഫ്രാസ്ട്രക്ചർ സെക്യൂരിറ്റി ഏജൻസി (CISA) ഇടപെട്ട്, കരാർ 11 മാസത്തേക്ക് കൂടി നീട്ടുകയായിരുന്നു. ഈ തീരുമാനം സൈബർ സുരക്ഷാ സമൂഹത്തിന് വലിയ ആശ്വാസം നൽകി. CVE പോലുള്ള സംവിധാനങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് ഈ സംഭവം. താൽക്കാലികമായാണെങ്കിലും ഫണ്ടിംഗ് ഉറപ്പാക്കിയത് ലോകമെമ്പാടുമുള്ള ഡിജിറ്റൽ സംവിധാനങ്ങളുടെ സുരക്ഷയ്ക്ക് അത്യാവശ്യമാണ്.

## മെക്സിക്കോ അതിർത്തിയിലെ ഭൂമിയേറ്റെടുത്ത് യുഎസ് സൈനിക കേന്ദ്രമാക്കും

വാഷിംഗ്ടൺ: അമേരിക്ക മെക്സിക്കോ അതിർത്തിയിലെ ഭൂമിയുടെ നിയന്ത്രണം ഏറ്റെടുത്ത് സൈനിക കേന്ദ്രമാക്കാൻ യുഎസ് നീക്കം. അമേരിക്കൻ പ്രതിരോധ വകുപ്പിനായിരിക്കും മേഖലയുടെ നിയന്ത്രണ ചുമതല. അതിർത്തി മേഖലയിലൂടെയുള്ള അനധികൃത കുടിയേറ്റത്തിന് കടിഞ്ഞാണിടുകയാണ് ലക്ഷ്യം.

അമേരിക്കയിൽ ആഭ്യന്തര നിയമനിർവഹണത്തിന് അമേരിക്കൻ സൈന്യത്തെ ഉപയോഗിക്കുന്നതിന് വിലക്കുള്ള ഫെഡറൽ നിയമം മറികടക്കാനുള്ള പ്രസിഡന്റിന്റെ ശ്രമമാണ് ഈ നീക്കം. സൈനിക താവളത്തിന്റെ ഭാഗമായ ഭൂമിയുടെ സുരക്ഷ ഉറപ്പാക്കുന്നതിനാണെങ്കിൽ സൈന്യത്തിന്റെ വിലക്ക് മറികടക്കാനാകും. എന്നാൽ നിലവിലെ ട്രംപിന്റെ നീക്കം കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധരുടെ കണക്കുകൂട്ടൽ.

റൂസ്വെൽറ്റ് റിസർവേഷൻ അടക്കം 60 അടി വീതിയുള്ള ഫെഡറൽ ഭൂമികളുടെ നിയന്ത്രണം പ്രതിരോധ



വകുപ്പിന് കൈമാറാൻ വെള്ളിയാഴ്ച യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉത്തരവിറക്കിയിരുന്നു. കാലിഫോർണിയ, അരിസോന, ന്യൂമെക്സിക്കോ എന്നിവിടങ്ങളിലായി വ്യാപിച്ച് കിടക്കുന്ന ഈ ഭൂമി നിലവിൽ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ്. നിലവിലെ ട്രംപിന്റെ ഉത്തരവ് നടപ്പിലാക്കിയാൽ ഇതിലൂടെ കുടിയേറുന്നവരെ തടങ്കലിൽ വയ്ക്കാൻ അവിടെ നിലയുറപ്പിക്കുന്ന സൈനികർക്ക് നിയമപരമായി അവകാശം ഉണ്ടാകും.

# ബെൻസൻവിൽ ദേവാലയത്തിൽ ഏപ്രിൽ 16ന് ദമ്പതീസംഗമം



ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്ക ഫൊറോന ദേവാലയത്തിൽ നോമ്പുകാല ദമ്പതീസംഗമം ഏപ്രിൽ 16 ബുധൻ വൈകിട്ട് 6 മണി മുതൽ നടത്തപ്പെടുന്നു. ഈ സംഗമത്തിൽ വടവാതൂർ സെമിനാരി പ്രൊഫസർ ഫാ.റോയി കടുപ്പിൽ ദമ്പതികൾക്കായി നോമ്പുകാല ചിന്തകൾ പങ്കുവെയ്ക്കും.

തുടർന്ന് ആരാധനയും പ്രത്യേകം ആശീർവ്വാദ പ്രാർത്ഥനയും നടത്തപ്പെടും. വിശുദ്ധവാരത്തിൽ നടത്തപ്പെടുന്ന ഈ സംഗമത്തിലേയ്ക്ക് എല്ലാ ദമ്പതികളെയും സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. തോമസ് മുളവനാലും അസി. വികാരി ഫാ. ബിൻസ് ചേത്തലിലും അറിയിച്ചു.

*ലിൻസ് താന്നിച്ചുവട്ടിൽ*

# ജയ കുളങ്ങര 2025 ഷിക്കാഗോ കെ.സി.എസ് യൂത്ത് ഫെസ്റ്റിവൽ കോഡിനേറ്റർ!!



ഷിക്കാഗോ: 2025 മെയ് 10ന് നടക്കുന്ന കെ.സി.എസ് ഷിക്കാഗോയുടെ യൂത്ത് ഫെസ്റ്റിവൽ കോഡിനേറ്ററായി ജയ കുളങ്ങര നിയമിതയായി. ഏതാണ്ട് 600 ഓളം കുട്ടികൾ പങ്കെടുക്കുന്ന ഈ കലോത്സവം സംഘടിപ്പിക്കുന്നതിന് നല്ല അർപ്പണ ബോധവും, ക്ഷമയും, ഓർഗനൈസേഷൻ സ്കിൽസും ഉള്ള വ്യക്തിത്വങ്ങളെ തിരഞ്ഞു കൊണ്ടിരുന്നപ്പോൾ, ആദ്യമേ തന്നെ മനസ്സിലേക്ക് ഉയർന്നു വന്ന പേരാണ് ജയയുടേത്. നല്ല ക്ഷമയും പക്വതയും നിഷ്പക്ഷവുമായ ജയയുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ ശ്രദ്ധേയമാണ്.

കഴിഞ്ഞ 30 വർഷത്തിലേറെയായി കെ.സി.എസിന്റെ വിവിധ ബോർഡുകളിൽ പ്രവർത്തിച്ചിട്ടുള്ള ജയയുടെ പ്രവർത്തനപരിചയം 2025ലെ കെ.സി.എസ് യൂത്ത് ഫെസ്റ്റിവലിന് തിളക്കം കൂട്ടും എന്നുള്ളതിന് സംശയമില്ല. ജയക്ക് കെ.സി.എസ് ഷിക്കാഗോയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം, എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

*ഷാജി പള്ളിവീട്ടിൽ*

# സെന്റ്മേരിസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ 'ഗോൽഗോഥാ 25' ഏകദിന തീർത്ഥാടനം സംഘടിപ്പിച്ചു




ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിസ്കോൺസിലുള്ള ഹോളിഹിൽ ബസിലിക്കിയിലേക്ക് ഗോൽഗോഥാ'25 എന്ന പേരിൽ ഏകദിന തീർത്ഥാടനം സംഘടിപ്പിച്ചു. ആഗതമായിരിക്കുന്ന ഉദ്ധാന തിരുനാളിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് വിശുദ്ധ വാരകർമ്മങ്ങളിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായി യേശുക്രിസ്തുവിന്റെ പീഡാനുഭവ സഹനങ്ങൾ അനുസ്മരിപ്പിക്കുന്ന കുരിശിന്റെ വഴിയിലൂടെയുള്ള ഒരു യാത്രയായിരുന്നു ഗോൽഗോഥാ'25.

മിഷൻ ലീഗ് യൂണിറ്റിലെ 50 കുട്ടികൾ വൈദികർ, സിസ്റ്റേഴ്സ്, മത അധ്യാപകർ മിഷൻ ലീഗ് യൂണിറ്റ് ഭാരവാഹികൾ എന്നിവർ അടങ്ങിയ തീർത്ഥാടകസംഘം ഏപ്രിൽ 12-ാം തീയതി നാൽപ്പതാം ശനിയാഴ്ച സെന്റ്മേരിസ് ദേവാലയ അങ്കണത്തിൽ നിന്നും രാവിലെ ഏഴരയ്ക്ക് പുറപ്പെട്ട് വൈകുന്നേരം ഏഴുമണിയോട് കൂടി തിരിച്ച് എത്തിച്ചേർന്നു. പത്തര മണിക്ക് ഹോളിഹിൽ താഴ്വാരത്തിൽനിന്നും ആരംഭിച്ച കുരിശിന്റെ വഴിയിൽ, 14 സ്റ്റേഷനുകളിലൂടെ യേശുവിന്റെ കുരിശു മരണത്തിന്റെ കഥ അനുസ്മരിച്ചുകൊണ്ട് കുട്ടികൾ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്തു.

തുടർന്ന് ഫാദർ ബിബിൻ കണ്ടോത്ത് കുട്ടികൾക്കായി ഹോളിഹിൽ ബസിലിക്കയിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം ഏതാണ്ട് മൂന്ന് മണിക്കൂറോളം നീണ്ടുനിന്ന വിവിധയിനം കായിക വിനോദങ്ങളിൽ എല്ലാ കുട്ടികളും വളരെ സജീവമായി പങ്കുചേർന്നു.

കായിക വിനോദങ്ങൾക്ക് ഡിആർഇ സജി പൂത്തൃക്കയിലും, മതഅധ്യാപകൻ ക്രിസ് കട്ടപ്പുറവും ചുക്കാൻ പിടിച്ചു. തീർത്ഥാടനത്തിന്റെ പ്രാരംഭത്തിൽ മിഷൻ ലീഗ് യൂണിറ്റ് പ്രസിഡന്റ് അസ്രിയേൽ വളർത്താറ്റ് കുട്ടികൾക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും അതേത്തുടർന്ന് ഇടവക വികാരി ഫാദർ സിജു മുടക്കോടിയിൽ കുട്ടികൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും തീർത്ഥാടനത്തിനു വേണ്ടിയുള്ള എല്ലാവിധ അനുഗ്രഹ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഹോളിഹിൽ വെച്ച് നടന്ന ദിവ്യബലിയെ തുടർന്ന് മിഷൻ ലീഗ് യൂണിറ്റ് ട്രഷറർ ജാഷ് തോട്ടുങ്കൽ ബസിലിക്ക അധികൃരോടുള്ള സെന്റ്മേരിസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റിന്റെ പേരിലുള്ള നന്ദി അറിയിച്ചു. സമയ തേക്കുംകാട്ടിൽ, മജോ കുന്നശ്ശേരിയിൽ, സിസ്റ്റർ ഷാലോം എന്നിവർ കുട്ടികളെ നിയന്ത്രിക്കുന്നതിൽ നേതൃത്വം നൽകി. മിഷൻ ലീഗ് യൂണിറ്റ് ഡയറക്ടേഴ്സായ ജോജോ ആനാലിൽ, സൂര്യ കരിക്കുളം ബിബി നെടുംതുരുത്തി പുത്തൻപുരയിൽ എന്നിവർ ഗോൽക്കൊത്ത'25 എന്ന മിഷൻ ലീഗ് യൂണിറ്റിന്റെ വാർഷിക തീർത്ഥാടനം സംഘടിപ്പിക്കുവാൻ യൂണിറ്റ് ഭാരവാഹികൾക്ക് വേണ്ടുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും നേതൃത്വവും നൽകി. തീർത്ഥാടന യാത്രയുടെ അവസാനം സി.എം.എൽ യൂണിറ്റ് ജോയിൻ ട്രഷറർ ഡാനി വാളത്താട്ട് തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാ കുട്ടികളെയും, നല്ല രീതിയിൽ തീർത്ഥാടനം ആസൂത്രണം ചെയ്യുവാൻ യൂണിറ്റ് ഭാരവാഹികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശവും എല്ലാ സഹായസഹകരണങ്ങളും നൽകിയ എല്ലാ വ്യക്തികളോടുമുള്ള നന്ദി അറിയിക്കുകയും ചെയ്തു.



# ഷിക്കാഗോ ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ മഹാവിഷു ആഘോഷിച്ചു

ഷിക്കാഗോ: മലയാളികൾ ഗൃഹാതുരതയോടെ ആഘോഷിക്കുന്ന മഹാവിഷു, സമാനതകൾ ഇല്ലാതെ വിപുലമായി ഷിക്കാഗോ ഗീതാമണ്ഡലം തറവാട് ക്ഷേത്രത്തിൽ ആഘോഷിച്ചു. സ്വർണ്ണ മണികൾ കൈനീട്ടമായി തരുന്ന കൊന്നയും, കണിവെള്ളരിയും, കാർക്ഷിക വിളകളും, പുന്നെല്ലും, വെള്ളിനാണയങ്ങളും, വാൽക്കണ്ണാടിയും, നിലവിളക്കിന്റെ വെളിച്ചത്തിൽ അണിനിരക്കുന്ന വിഷുക്കണിയും ഒരിക്കലും മായാത്ത ഓർമ്മകളാണ് ഷിക്കാഗോ ഗീതാമണ്ഡലം, ഷിക്കാഗോയിലെ സദ് ജനങ്ങൾക്കായിഒരുക്കിയത്.

ഈ വർഷത്തെ മഹാവിഷു ഏപ്രിൽ 12ന്, ശനിയാഴ്ച രാവിലെ മഹാഗണപതിഹോമത്തോടെയാണ് ആരംഭിച്ചത്. തുടർന്ന് ഗീതാമണ്ഡലം കുടുംബാംഗങ്ങൾ ചേർന്ന് നടത്തിയ നാരായണീയ പാരായണവും, ഗീതാമണ്ഡലത്തിലെ കുട്ടികൾ ചേർന്ന് നടത്തിയ ഗീത പാരായണവും വേറിട്ട ആത്മീയ അനുഭൂതിയാണ് ഭക്ത ജനങ്ങൾക്ക് നൽകിയത്.വാൽക്കണ്ണാടി, ഗ്രന്ഥം, സ്വർണ്ണം, വെള്ളവസ്ത്രം, കണികൊന്ന, വെളുത്ത പുഷ്പം, വെള്ളരിയ്ക്ക, മാമ്പഴം, ചക്ക, ഉണങ്ങല്ലരി, നാണയം, നാളികേരമുറിയിൽ നെയ്യ്തിരി എന്നിവ വച്ചാണ് ഭഗവാന് കണിയൊരുക്കിയത്.

തുടർന്ന് ഭഗവാനെ കണികാണിശേഷം, മേൽശാന്തി ഭഗവാന് ആദ്യ വിഷുകൈനീട്ടം സമർപ്പിച്ച ശേഷം വിഷുകണി ദർശനത്തിനായി തിരുനട തുറന്നു. വിഷുകണി കണ്ട ശേഷം, കുട്ടികൾക്കും, മുതിർന്നവർക്കും, മാതൃവാത്സല്യത്തിന്റെ നിറദീപമായ ഗീതാമണ്ഡലത്തിലെ മുതിർന്ന 'അമ്മ വിഷു കൈനീട്ടം നൽകി. അതിനുശേഷം, കുടുംബാംഗങ്ങളുടെ കലാപരിപാടിയും ഉണ്ടായിരുന്നു, തുടർന്ന് നടന്ന വിഭവ സമൃദ്ധമായ വിഷു സദ്യ യോടെ വിഷു ചടങ്ങുകൾക്ക് സമാപിച്ചു.



# വഴിത്തിരിവാകുമോ അമേരിക്കയുടേയും സൗദിയുടേയും പുതിയ ധാരണ



അമേരിക്കയും സൗദി അറേബ്യയും സിവിൽ ആണവ കരാറിൽ ധാരണയിലെത്തത്തുന്നു. സിവിൽ ആണവ വ്യവസായം വികസിപ്പിക്കാനുള്ള രാജ്യത്തിന്റെ അഭിലാഷങ്ങളിൽ സഹകരിക്കുന്നതിനുള്ള പ്രാഥമിക കരാറിൽ അമേരിക്കയും സൗദി അറേബ്യയും ഒപ്പുവെക്കുമെന്ന് യുഎസ് ഊർജ്ജ സെക്രട്ടറി ക്രിസ് റൈറ്റ് വ്യക്തമാക്കിയിരുന്നു.

സൗദി ഊർജ്ജ മന്ത്രി പ്രിൻസ് അബ്ദുൽ അസീസ് ബിൻ സൽമാനുമായി കൂടിക്കാഴ്ച നടത്തിയ റൈറ്റ്, സൗദി സിവിൽ ആണവ പദ്ധതി വികസിപ്പിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്നതിനുള്ള കരാറിലെത്തുന്നതിനുള്ള പാതയിലാണെന്നും വ്യക്തമാക്കിയിരുന്നു. ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന ഗൾഫ് രാജ്യങ്ങളുടെ പര്യടനത്തിന്റെ ഭാഗമായി സെക്രട്ടറി എന്ന നിലയിൽ രാജ്യത്തേക്ക് ആദ്യമായി സന്ദർശനം നടത്തിയ റൈറ്റ്, റിയാദും വാഷിംഗ്ടണും തമ്മിലുള്ള ഊർജ്ജ സഹകരണം വിശദീകരിക്കുന്ന ഒരു മെമ്മോറാണ്ടത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഈ വർഷം അവസാനം പുറത്തുവരുമെന്നും വെളിപ്പെടുത്തിയിരുന്നു.

യുഎസ് പങ്കാളിത്തത്തിനും ആണവ മേഖലയിലെ പങ്കാളിത്തത്തിനും, തീർച്ചയായും ഒരു 123 കരാർ ഉണ്ടാകും. സൗദിയുടെയും അമേരിക്കൻ ലക്ഷ്യങ്ങളുടെയും നേട്ടങ്ങൾ കൈവരിക്കുന്ന ഒരു കരാർ രൂപപ്പെടുത്തുന്നതിന് ധാരാളം മാർഗങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞിരുന്നു. റിയാദുമായുള്ള 123 കരാർ എന്നറിയപ്പെടുന്നത് 1954 ലെ യുഎസ് ആണവോർജ്ജ നിയമത്തിലെ സെക്ഷൻ 123 നെ പരാമർശിക്കുന്നു. കൂടാതെ ഒരു സിവിൽ ആണവ വ്യവസായം വികസിപ്പിക്കുന്നതിന് യുഎസ് സർക്കാരിനെയും അമേരിക്കൻ കമ്പനികളെയും രാജ്യത്തെ സ്ഥാപനങ്ങളുമായി പ്രവർത്തിക്കാൻ അനുവദിക്കേണ്ടതുണ്ട്.

അതേസമയം ആക്ടിന് കീഴിലുള്ള ആവശ്യകതകൾ സൗദി അധികാരികൾ അംഗീകരിച്ചിട്ടില്ലെന്ന് റൈറ്റ് പറഞ്ഞു. ആണവായുധങ്ങൾ വികസിപ്പിക്കുന്നതിനോ സെൻസിറ്റീവ് വസ്തുക്കൾ മറ്റുള്ളവർക്ക് കൈമാറുന്നതിനോ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ നിന്ന് ഒരു രാജ്യം തടയുന്നതിന് പാലിക്കേണ്ട ഒമ്പത് നോൺപ്രൊലിഫറേഷൻ മാനദണ്ഡങ്ങൾ ഇത് വ്യക്തമാക്കുന്നു. യുറേനിയം സമ്പുഷ്ടമാക്കുന്നതിനോ ചെലവഴിച്ച ഇന്ധനം പുനസംസ്കരിക്കുന്നതിനോ ഉള്ള സാധ്യത തള്ളിക്കളയുന്ന ഒരു കരാറിൽ ഒപ്പുവെയ്ക്കാൻ സൗദി അറേബ്യ ആഗ്രഹിക്കാത്തതിനാൽ ചർച്ചകളിലെ പുരോഗതി മുമ്പ് ബുദ്ധിമുട്ടായിരുന്നു. ഇവ രണ്ടും ഒരു ബോംബിലേക്കുള്ള സാധ്യതയുള്ള വഴികളാണ്.

ഇറാൻ ഒരു ആണവായുധം വികസിപ്പിച്ചാൽ സൗദി അറേബ്യയും അത് പിന്തുടരുമെന്ന് സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ വളരെക്കാലമായി പറഞ്ഞിട്ടുണ്ട്. ഈ നിലപാട് ആയുധ നിയന്ത്രണ വക്താക്കളിലും ചില യുഎസ് നിയമനിർമ്മാതാക്കളിലും യുഎസ്സൗദി സിവിൽ ആണവ കരാറിനെക്കുറിച്ച് ആഴത്തിലുള്ള ആശങ്കയ്ക്ക് കാരണമായിട്ടുണ്ട്. സൗദി അറേബ്യയും ഇസ്രായേലും തമ്മിലുള്ള ബന്ധം സാധാരണ നിലയിലാക്കുമെന്ന പ്രതീക്ഷയിൽ ഒരു സിവിൽ ആണവ കരാറും സുരക്ഷാ ഗ്യാരണ്ടികളും ഉൾപ്പെടുത്തി മുൻ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഭരണകൂടം ശ്രമിച്ചിരുന്ന, രാജ്യവുമായുള്ള വിശാലമായ ഒരു കരാറിനെക്കുറിച്ച് റൈറ്റ് പരാമർശിച്ചില്ല.

ലോകത്തിലെ ഏറ്റവും വലിയ എണ്ണ കയറ്റുമതിക്കാരായ സൗദി അറേബ്യ, കിരീടാവകാശിയുടെ വിഷൻ 2030 പരിഷ്കരണ പദ്ധതി പ്രകാരം, ഗണ്യമായ തോതിൽ പുനരുപയോഗ ഊർജ്ജം ഉൽപ്പാദിപ്പിക്കാനും ഉദ്വമനം കുറയ്ക്കാനും ശ്രമിക്കുന്നു. ഇതിൽ ഒരു ഭാഗമെങ്കിലും ആണവോർജ്ജത്തിൽ നിന്ന് ലഭിക്കുമെന്നുമാണ് പ്രതീക്ഷ.




# പലിശ നിരക്ക് 2.75%ൽ നിലനിർത്തി ബാങ്ക് ഓഫ് കാനഡ

ഒട്ടാവ: തുടർച്ചയായ വെട്ടിക്കുറച്ചിലിന് ശേഷം പലിശ നിരക്ക് 2.75 ശതമാനത്തിൽ നിലനിർത്തി ബാങ്ക് ഓഫ് കാനഡ. കഴിഞ്ഞ ജൂണിൽ പലിശ നിരക്ക് കുറയ്ക്കാൻ തുടങ്ങിയ ബാങ്ക്, താരിഫുകളുടെ ആഘാതം കണക്കിലെടുത്ത് നടപടികൾ നിർത്തിവച്ചിരിക്കുകയാണെന്നും ശ്രദ്ധാപൂർവ്വം മുന്നോട്ട് പോകുമെന്നും ഗവർണർ ടിഫ് മാക്ലെം പറഞ്ഞു.

'അഞ്ച് ആഴ്ച മുമ്പ് ഞങ്ങൾ മാർച്ചിൽ തീരുമാനിച്ചതിനുശേഷം ഒരുപാട് കാര്യങ്ങൾ സംഭവിച്ചു, പക്ഷേ ഭാവി അത്ര വ്യക്തമല്ല. ഏതൊക്കെ താരിഫുകൾ ചുമത്തും, അവ കുറയ്ക്കുമോ അതോ വർദ്ധിപ്പിക്കുമോ, ഇതെല്ലാം എത്ര കാലം നിലനിൽക്കും എന്നൊന്നും ഞങ്ങൾക്ക് ഇപ്പോഴും അറിയില്ല,' നിരക്ക് തീരുമാനം പ്രഖ്യാപിച്ചതിന് ശേഷം മാക്ലെം പറഞ്ഞു.

ബാങ്കിന്റെ പണനയം, പണപ്പെരുപ്പം നിയന്ത്രണത്തിലാണെന്ന് ഉറപ്പാക്കുകയും സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുകയും ചെയ്യുമെന്ന് മാക്ലെം പറഞ്ഞു. ആദ്യ പാദത്തിലെ 1.8 ശതമാനം വളർച്ചാ പ്രവചനത്തിന് ശേഷം, രണ്ടാം പാദത്തിലെ ജിഡിപി വളരെ ദുർബലമാകുമെന്ന് കേന്ദ്ര ബാങ്ക് പ്രതീക്ഷിക്കുന്നു. കാർബൺ നികുതി ഒഴിവാക്കിയതും ക്രൂഡ് ഓയിൽ വില കുറഞ്ഞതും കാരണം ഏപ്രിലിൽ പണപ്പെരുപ്പം ഏകദേശം 1.5 ശതമാനമായി കുറയുന്നതായി കാണുന്നു. ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്വ്യവസ്ഥയുടെ പാത പ്രവചിക്കാൻ പ്രയാസമാണെന്ന് കേന്ദ്ര ബാങ്ക് പറഞ്ഞു.

# റഷ്യയ്ക്ക് ചൈനയുടെ പിന്തുണ: ഉക്രെയ്ൻ മാനുഷിക നിയമം ലംഘിക്കുന്നതായി ചൈന



കീവ്: ഡൊണാൾഡ് ട്രംപിന്റെ പിന്തുണ കുറയുകയും റഷ്യ ആക്രമണം ശക്തമാക്കുകയും ചെയ്തതോടെ മോസ്കോയ്ക്ക് ബീജിങ് നിശബ്ദ പിന്തുണ നൽകിയിരുന്നു. ഇപ്പോൾ റഷ്യക്കാർക്കൊപ്പം യുദ്ധം ചെയ്യുന്ന തങ്ങളുടെ പൗരന്മാരെ ചൈന പൂർണ്ണമായും നിരസിച്ചതിനെത്തുടർന്ന്, ഉക്രെയ്ൻ ചില കടുത്ത നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസിഡന്റ് സെലെൻസ്കിയുടെ അംഗീകാരത്തോടെ, ഉക്രെയ്നിലെ വർഷങ്ങളായി തുടരുന്ന സംഘർഷത്തിൽ യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട ചൈനീസ് പൗരന്മാരെ പുറംലോകത്തെ കാണിക്കാൻ പരേഡ് ചെയ്യിപ്പിക്കാൻ ഉക്രെയ്ൻ സൈന്യം തീരുമാനിച്ചിരിക്കുകയാണ്. യുദ്ധത്തടവുകാരുടെ ഐഡന്റിറ്റികൾ വെളിപ്പെടുത്തുകയും റിപ്പോർട്ടർമാരുടെയും വാർത്താ ക്യാമറകളുടെയും മുന്നിൽ അവരെ പരേഡ് ചെയ്യിപ്പിക്കുകയും ചെയ്യുന്നത് അന്താരാഷ്ട്ര മാനുഷിക നിയമത്തിന്റെ ലംഘനമായാണ് കണക്കാക്കപ്പെടുന്നത്. കീവ് എന്തായാലും അത് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ് ചൈനയുടെ നടപടികൾ തെറ്റാണെന്ന് തെളിയിക്കാൻ വേണ്ടി മാത്രമെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

കഴിഞ്ഞ ആഴ്ച വരെ, ഉക്രെയ്നിന്റെ പ്രദേശത്ത് ഉക്രേനിയക്കാർക്കെതിരെ പോരാടുന്ന 155 ചൈനീസ് പൗരന്മാരുണ്ടെന്ന് ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി പറഞ്ഞിരുന്നു. റഷ്യ ചൈനയെ യുദ്ധത്തിലേക്ക് വലിച്ചിഴയ്ക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. മോസ്കോയുടെ സൈന്യം തങ്ങളുടെ പൗരന്മാരെ റിക്രൂട്ട് ചെയ്യാൻ നിശബ്ദമായി അനുവദിച്ചതിന് ബീജിംഗിനെ വിമർശിച്ചു, അവരാണ് അവർക്ക് യുദ്ധ പരിശീലനം നൽകിയതെന്ന് വാദിച്ചു. നിലവിൽ കുറഞ്ഞത് യുദ്ധത്തിൽ പങ്കെടുക്കുന്ന 155 ചൈനീസ് പൗരന്മാരുടെ വിവരങ്ങൾ കീവിന്റെ കൈവശമുണ്ടെന്നും അവരിൽ രണ്ടുപേരെ കിഴക്കൻ ഡൊണെറ്റ്സ്കിൽ പിടികൂടിയിട്ടുണ്ടെന്നുമുള്ള അവകാശവാദം ചൈന തള്ളിക്കളഞ്ഞു.

അതേസമയം ചൈന അല്ല ഉക്രേനിയൻ പ്രതിസന്ധിയ്ക്ക് തുടക്കമിട്ടതെന്നും ചൈന യുദ്ധത്തിൽ ഒരു പങ്കാളിയല്ലെന്നും തങ്ങൾ ആവർത്തിക്കാൻ ആഗ്രഹിക്കുന്നു. ചൈനയുടെ പങ്ക് കൃത്യമായി മനസ്സിലാക്കാതെ ഉത്തരവാദിത്തമില്ലാത്ത പരാമർശങ്ങൾ നടത്തരുതെന്നും ബന്ധപ്പെട്ട കക്ഷികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നതായി പ്രസിഡന്റ് സെലെൻസ്കിക്ക് മറുപടിയായി, ചൈനയുടെ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

വാഷിംഗ്ടൺ പിന്തുണ കുറച്ചതോടെ, ബീജിംഗിന്റെ ഇടപെടൽ വെളിപ്പെടുത്തുന്നതിന് കീവിന് കുറച്ച് നിയമങ്ങൾ ലംഘിക്കുകയല്ലാതെ മറ്റ് മാർഗമില്ലായിരുന്നു. അതിനാൽ, അതിന്റെ പ്രശസ്തിക്ക് കേടുപാടുകൾ വരുത്താനുള്ള സാധ്യത കണക്കിലെടുത്ത്, കീവ് പിടിക്കപ്പെട്ട ചൈനീസ് പൗരന്മാരെ മാധ്യമങ്ങൾക്ക് മുന്നിൽ നിർത്തും.






# ഇടക്കാല ഉത്തരവിലേക്ക് സുപ്രീംകോടതി, നിയമഭേദഗതി സ്റ്റേ ചെയ്തേക്കും

ന്യൂഡൽഹി: വഖഫ് ഭേദഗതി നിയമത്തിലെ പ്രധാന വ്യവസ്ഥകളിൽ കടുത്ത അതൃപ്തി പ്രകടിപ്പിച്ച സുപ്രീംകോടതി ഇന്ന് (ഏപ്രിൽ 17) ഇടക്കാല സ്റ്റേ ഉത്തരവിലേക്ക് നീങ്ങാൻ സാദ്ധ്യത. ദീർഘകാലമായി ഉപയോഗിക്കുന്ന വഖഫ് സ്വത്ത് ഡീനോട്ടിഫൈ ചെയ്യുന്നത് ഗുരുതര പ്രത്യാഘാതമുണ്ടാക്കുമെന്ന് ഇന്നലെ നിരീക്ഷിച്ചു. ഹിന്ദുക്കളുടെ ബോർഡുകളിൽ മുസ്ളിങ്ങളെ നിയമിക്കുമോയെന്ന് ചോദിച്ചു.



കോടതി വിധികളെ റദ്ദാക്കാൻ നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയില്ലെന്നും പറഞ്ഞു. ഇന്നലെ ഒരുവേള ഇടക്കാല ഉത്തരവിലേക്ക് നീങ്ങിയെങ്കിലും സോളിസിറ്റർ ജനറൽ തുഷാർ മേത്തയുടെ അഭ്യർത്ഥനമാനിച്ച് ഇന്ന് ഉച്ചയ്ക്ക് രണ്ടിന് തുടർവാദം തീരുമാനിക്കുകയായിരുന്നു. കോടതിയുടെ ആശങ്കയിൽ കേന്ദ്രം ഇന്ന് നൽകുന്ന മറുപടി കേട്ടശേഷമായിരിക്കും ഉത്തരവ്.

പാർലമെന്റ് കൊണ്ടുവരുന്ന പുതിയ നിയമങ്ങളിൽ കോടതി അടിയന്തര സ്വഭാവത്തോടെ സാധാരണ ഇടപെടാറില്ല. എന്നാൽ, വഖഫിൽ സാഹചര്യം വ്യത്യസ്തമാണെന്ന് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസുമാരായ പി.വി. സഞ്ജയ് കുമാർ, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ച് നിലപാടെടുത്തു.

നിയമത്തെ എതിർത്തും അനുകൂലിച്ചുമുള്ള 73 ഹർജികളാണ് കോടതിക്കു മുന്നിലുള്ളത്. മുസ്ളിം ലീഗ്, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ തുടങ്ങിയവർക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകരായ കപിൽ സിബൽ, അഭിഷേക് സിംഗ്‌വി, രാജീവ് ധവാൻ എന്നിവർ നിയമത്തെ എതിർത്തു.

വഖഫായി കോടതി പ്രഖ്യാപിച്ചിട്ടുള്ള സ്വത്തും ഡീനോട്ടിഫൈ ചെയ്യാമെന്നത് അനുവദിക്കാനാവില്ല. മുർഷിദാബാദിലെ അക്രമം ആശങ്കപ്പെടുത്തുന്നെന്നും കോടതി പറഞ്ഞു. വഖഫ് കൗൺസിലിലും ബോർഡുകളിലും അംഗങ്ങൾ മുസ്ലിങ്ങളായിരിക്കണം. ഇതര മതക്കാരെ എക്സ് ഒഫിഷ്യോ അംഗങ്ങളായി മാത്രം നിയമിക്കാവുന്നതാണെന്നും കോടതി നിർദ്ദേശം വച്ചു.

## ആശങ്ക ഇവയിൽ

1. മതപരമോ, ജീവകാരുണ്യപരമോ ആയ കാര്യങ്ങൾക്ക് കാലാകാലങ്ങളായി ഉപയോഗിക്കുന്ന വഖഫ് സ്വത്തുക്കളെ വഖഫ് അല്ലാതാക്കി മാറ്റാൻ കഴിയുന്ന വ്യവസ്ഥ.

2. വഖഫ് കൗൺസിലിലും സംസ്ഥാന ബോർഡുകളിലും ഇതര മതസ്ഥർ വരുമ്പോൾ അംഗങ്ങളിൽ ഭൂരിപക്ഷവും മുസ്ലിങ്ങൾ അല്ലാതാകുമോ എന്നത്.

3. ജില്ല കളക്ടർമാർക്ക് മുകളിലുള്ള ഉദ്യോഗസ്ഥൻ വഖഫ് ഭൂമിതർക്കങ്ങൾ പരിഗണിക്കുന്ന സമയത്ത് അവ വഖഫ് സ്വത്തായി കണക്കാക്കില്ലെന്ന വ്യവസ്ഥ.

## മറുപടി വേണ്ടത്

1. വഖഫായി കാലാകാലങ്ങളായി ഉപയോഗിക്കുന്ന സ്വത്തുക്കൾക്ക് രേഖകളുണ്ടാകില്ല. അപ്പോൾ അവയെ രജിസ്റ്റർ ചെയ്യണമെന്ന് എങ്ങനെ വ്യവസ്ഥ വയ്ക്കാനാകും ?

2. ഹിന്ദു ബോർഡുകളിൽ മുസ്ലിമുകളെ അംഗങ്ങളായി നിയമിക്കുമോ? ഉണ്ടെങ്കിൽ കേന്ദ്രം ഉദാഹരണം പറയണം.

3. 100 വർഷം മുൻപ് ഒരു പബ്ലിക് ട്രസ്റ്റിനെ വഖഫായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഇപ്പോഴത് വഖഫല്ലെന്ന് പ്രഖ്യാപിക്കുന്നതെങ്ങനെ?

# മുനമ്പം: പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് വഴിയൊരുങ്ങി

കൊച്ചി: മുനമ്പത്ത് വഖഫുമായി ബന്ധപ്പെട്ട ഭൂമിപ്രശ്നത്തിൽ രാഷ്ട്രീയ വിവാദങ്ങൾ കൊഴുക്കുന്നതിനിടെ സമരക്കാരും പ്രധാനമന്ത്രിയും തമ്മിൽ കൂടിക്കാഴ്ചയ്ക്ക് വഴിയൊരുങ്ങി. ഭൂസംരക്ഷണ സമിതിയിലെ 15 പ്രതിനിധികളുമായി ഈസ്റ്ററിനുശേഷം പ്രധാനമന്ത്രിന്യൂഡൽഹിയിൽകൂടിക്കാഴ്ച നടത്തും. ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ ഇക്കാര്യം അറിയിച്ചതായി സമിതി കൺവീനർ ജോസഫ് ബെന്നി കുറുപ്പശേരി പറഞ്ഞു. പ്രശ്നത്തിന് 15 ദിവസത്തിനകം തീരുമാനമെടുക്കുമെന്ന് കേന്ദ്ര ന്യൂനപക്ഷ ക്ഷേമമന്ത്രി കിരൺ റിജിജുവും ഉറപ്പുനൽകി. ചൊവ്വാഴ്ച വൈകിട്ട് മുനമ്പത്തുനടന്ന സമ്മേളനത്തിനുശേഷം വികാരി ഫാ. ആന്റണി സേവ്യർ തറയിലുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് റിജിജു ഇക്കാര്യം അറിയിച്ചത്. പാവപ്പെട്ട കുടുംബങ്ങളുടെ ഭൂമി വീണ്ടെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വഖഫ് ഭേദഗതിനിയമം പാസാക്കിയതടക്കം കേന്ദ്രസർക്കാർ ഓരോഘട്ടത്തിലും സ്വീകരിച്ച നടപടികൾ മന്ത്രി വിശദീകരിച്ചു.

ചൊവ്വാഴ്ച നടത്തിയ വാർത്താസമ്മേളനത്തിൽ മന്ത്രി റിജിജു പറഞ്ഞ ചില കാര്യങ്ങൾ വിവാദമായിരുന്നു. കോടതിയിലിരിക്കുന്ന വിഷയമായതിനാൽ നിയമപോരാട്ടം തുടരേണ്ടിവരുമെന്ന പരാമർശം മുൻനിലപാടുകളിൽനിന്നുള്ള മലക്കം മറിച്ചിലാണെന്നാണ് വ്യാഖ്യാനിക്കപ്പെട്ടത്.

മന്ത്രിയുടെ പരാമർശം ഭൂസംരക്ഷണസമിതിയിലും അതൃപ്തിയുണ്ടാക്കിയിരുന്നു. ഇതുബോദ്ധ്യപ്പെട്ട മന്ത്രി പൊതുസമ്മേളനത്തിൽ അതിൽ വ്യക്തതവരുത്തി. പാവപ്പെട്ട കുടുംബങ്ങളുടെ ഭൂമി വീണ്ടെടുത്തുനൽകാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ആവർത്തിച്ചു. വഖഫ് നിയമത്തിന്റെ ചട്ടങ്ങൾക്കു രൂപം നൽകിയാലുടൻ മുനമ്പം നിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുമെന്നും അദ്ദേഹം ഉറപ്പുനൽകി.


## ആശങ്ക മാറിയില്ല, സമരം തുടരും

നിയമം പാസായെങ്കിലും ലക്ഷ്യം നേടുംവരെ സമരം തുടരുമെന്ന് ഭൂസംരക്ഷണസമിതി ഭാരവാഹികൾ അറിയിച്ചു. കേന്ദ്രസർക്കാരിൽ പ്രതീക്ഷയുണ്ട്. സമരം ഇന്നലെ 186 ദിവസം പിന്നിട്ടു. പുതിയ വഖഫ്നിയമം പാസായെങ്കിലും മുനമ്പം ഭൂമിപ്രശ്നത്തിന് ശാശ്വതപരിഹാരം നീളുമെന്ന ആശങ്ക സിറോ മലബാർസഭയ്ക്കുണ്ട്. നിയമം പാസാകുന്നതോടെ പ്രശ്നപരിഹാരം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്ന് സഭാവക്താവ് ഫാ. ആന്റണി വടക്കേക്കര പറഞ്ഞു.









# മാസപ്പടിയിലെ എസ്.എഫ്.ഐ.ഒ കേസ്: 2 മാസം തത്സ്ഥിതി തുടരണമെന്ന് ഹൈക്കോടതി

കൊച്ചി: സി.എം.ആർ.എൽ എക്സാ ലോജിക് സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ.ഒ ഫയൽചെയ്ത അന്വേഷണ റിപ്പോർട്ടിൽ കേസെടുക്കാൻ ഉത്തരവിട്ട പ്രത്യേക കോടതി തുടർ നടപടികൾ നിറുത്തിവയ്ക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.

രണ്ടു മാസത്തേക്ക് തത്സ്ഥിതി തുടരണം. എതിർകക്ഷികൾക്ക് സമൻസ് അയയ്ക്കുന്നതടക്കം കൊച്ചിയിലെ പ്രത്യേകകോടതി നിറുത്തിവയ്ക്കണം.

കേസിൽ തങ്ങളെ കേൾക്കാതെയാണ് കേസെടുക്കാൻ നിർദ്ദേശിച്ചതെന്ന് ചൂണ്ടിക്കാട്ടി സി.എം.ആർ.എൽ ഫയൽചെയ്ത ഹർജിയിലാണ് ജസ്റ്റിസ് ടി.ആർ. രവിയുടെ ഇടക്കാല ഉത്തരവ്. കേസെടുക്കാൻ ഉത്തരവിടുംമുമ്പ് എതിർകക്ഷികളെ കേൾക്കേണ്ടതുണ്ടോ എന്ന നിയമപ്രശ്നത്തിൽ ഹൈക്കോടതി വിശദ വാദം കേൾക്കും.

പുതിയ ക്രിമിനൽ നിയമമായ ഭാരതീയ നാഗരിക് സുരക്ഷ സംഹിത പ്രകാരം, കേസെടുക്കാൻ ഉത്തരവിടും മുമ്പ് എതിർകക്ഷികളെയും കേൾക്കേണ്ടതുണ്ടെന്നാണ് ഹർജിക്കാരുടെ വാദം. എന്നാൽ, എസ്.എഫ്.ഐ.ഒ അന്വേഷണം തുടങ്ങിയത് പുതിയ നിയമം നിലവിൽ വരുംമുമ്പായതിനാൽ ഇത് ബാധകമല്ലെന്ന് കേന്ദ്രസർക്കാരിനായി അഡിഷണൽ സോളിസിറ്റർ ജനറൽ എ.ആർ.എൽ സുന്ദരേശൻ വാദിച്ചു. പഴയ നിയമമായ സി.ആർ.പി.സിയിൽ, കേസെടുക്കും മുമ്പ് എതിർകക്ഷികളെ കേൾക്കണമെന്ന് പറയുന്നില്ല.

കേന്ദ്രസർക്കാരിനോട് എതിർസത്യവാങ്മൂലം ഫയൽചെയ്യാൻ നിർദ്ദേശിച്ച ഹൈക്കോടതി ഹർജി മേയ് 23ന് പരിഗണിക്കാൻ മാറ്റി.




## മുഖ്യമന്ത്രിക്കും മകൾക്കും നോട്ടീസ്

എക്സാലോജിക് സൊല്യൂഷൻസിന് ഇല്ലാത്ത സേവനത്തിന് സി.എം.ആർ.എൽ പ്രതിഫലം നൽകിയെന്ന കണ്ടെത്തലിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെടുന്ന ഹർജിയിൽ മുഖ്യമന്ത്രിക്കും മകൾ വീണയ്ക്കുമടക്കം ഹൈക്കോടതി നോട്ടീസയച്ചു. ആദായനികുതി ഇന്ററിം സെറ്റിൽമെന്റ് ബോർഡ് റിപ്പോർട്ടിൽ പരാമർശിക്കുന്നവരുടെ പേരുവിവരങ്ങൾ മുദ്രവച്ച കവറിൽ സമർപ്പിക്കാനും ജസ്റ്റിസ് അമിത് റാവലും ജസ്റ്റിസ് പി.എം. മനോജും ഉൾപ്പെട്ട ഡിവിഷൻബെഞ്ച് നിർദ്ദേശിച്ചു.

മാദ്ധ്യമപ്രവർത്തകൻ എം.ആർ. അജയൻ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയിലാണ് നടപടി. ഹർജി ഫയലിൽ സ്വീകരിക്കാതെയാണ് നോട്ടീസിന് കോടതി നിർദ്ദേശിച്ചത്. എക്സാലോജിക്കും വീണയും മുഖേന മുഖ്യമന്ത്രിക്കാണ് സി.എം.ആർ.എൽ പണം നൽകിയതെന്നാണ് ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ റിപ്പോർട്ടിൽ പറയുന്നതെന്നും ഇതിൽ സി.ബി.ഐ അന്വേഷണം വേണമെന്നുമാണ് ഹർജിക്കാരന്റെ ആവശ്യം.

ഹർജി മേയ് 27ന് വീണ്ടും പരിഗണിക്കും.

# ഹിയറിംഗിൽ ചട്ടലംഘനം നിഷേധിച്ച് പ്രശാന്ത്

തിരുവനന്തപുരം: അഡിഷണൽ ചീഫ് സെക്രട്ടറിക്കെതിരെ സമൂഹ്യമാധ്യമത്തിലൂടെ ആക്ഷേപം ഉന്നയിച്ചതിന്റെ പേരിൽ സസ്പെൻഷനിലായ ഐ.എ.എസ്.ഓഫീസർ എൻ. പ്രശാന്ത് ഇന്നലെ ചീഫ് സെക്രട്ടറി ശാരദാമുരളീധരന് മുമ്പാകെ ഹിയറിംഗിന് ഹാജരായി. വൈകിട്ട് നാലരയ്ക്ക് ആരംഭിച്ച ഹിയറിംഗ് രണ്ടുമണിക്കൂർ നീണ്ടു. അച്ചടക്കനടപടി സംബന്ധിച്ച് പ്രശാന്തിന്റെ ഭാഗം വിശദീകരിക്കാനായിരുന്നു ഹിയറിംഗ്. പ്രശാന്ത് ചട്ടലംഘന ആരോപണം പൂർണ്ണമായി നിഷേധിച്ചതായാണ് അറിയുന്നത്.റിപ്പോർട്ട്മുഖ്യമന്ത്രിക്ക്കൈമാറും.മുഖ്യമന്ത്രിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്.കഴിഞ്ഞ നവംബറിലാണ് പ്രശാന്തിനെ സസ്പെൻഡ് ചെയ്തത്.

ഉടൻ സസ്പെൻഷൻ പിൻവലിച്ചു തിരിച്ചു കയറി എനിക്കവിടെ ഒന്നും മറിക്കാനില്ല എന്നാണ് ഹിയറിംഗിനുശേഷമുള്ള പ്രശാന്തിന്റെ പ്രതികരണം. തനിക്കെതിരെ ക്രിമിനൽ ഗൂഢാലോചന നടന്നെന്നും തെളിവ് നശിപ്പിക്കപ്പെട്ടെന്നും അദ്ദേഹം പറഞ്ഞു. ജയതിലക് ഐ.എ.എസിനെ വിമർശിക്കുന്നത് ചട്ടലംഘനമല്ലെന്ന് അവകാശപ്പെട്ടു. എന്നാൽ പ്രശാന്ത് ചട്ടലംഘനം നടത്തിയതിന്റെപേരിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻ ആണെന്ന് മുഖ്യമന്ത്രി ഇന്നലെ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

ഹിയറിംഗിന് ഹാജരാകുന്നതിന് മുമ്പും പ്രശാന്ത് ചീഫ് സെക്രട്ടറിയെ പരിഹസിച്ച് സമൂഹമാദ്ധ്യമത്തിൽ കുറിപ്പിട്ടു. സുപ്രീംകോടതിയെക്കാൾ പവറാണ് ചീഫ് സെക്രട്ടറിക്കെന്നായിരുന്നു പരിഹാസം.













# കേന്ദ്രമന്ത്രി സത്യം പറഞ്ഞുപോയി: മുനമ്പത്ത് ബി.ജെ.പി തന്ത്രം പൊളിഞ്ഞെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: മുനമ്പത്ത് രാഷ്ട്രീയ മുതലെടുപ്പിനായി കൊണ്ടുവന്ന കേന്ദ്രമന്ത്രി കിരൺ റിജിജുവിൽ നിന്ന് സത്യം പുറത്തു വന്നതോടെ കുളംകലക്കി മീൻപിടിക്കാനുള്ള ബി.ജെ.പി തന്ത്രം പൊളിഞ്ഞെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വഖഫ് ഭേദഗതിയിലൂടെ മാത്രം മുനമ്പം ജനതയ്ക്ക് നീതി ലഭിക്കില്ലെന്നാണ് കേന്ദ്രമന്ത്രിക്ക് സമ്മതിക്കേണ്ടി വന്നത്. അതോടെ ബി.ജെ.പി ഇവിടെ കൊട്ടിഘോഷിച്ച വ്യാജ ആഖ്യാനങ്ങളെല്ലാം ഉടഞ്ഞുപോയി. പ്രശ്നപരിഹാരത്തിന് സുപ്രീംകോടതിയിൽ നിയമപോരാട്ടം തുടരണമെന്നാണ് കേന്ദ്രമന്ത്രി പറയുന്നത്. കേന്ദ്രമന്ത്രിയുടെ വാക്കുകൾ കേട്ട് ഞെട്ടിപ്പോയി എന്നാണ് മുനമ്പം സമരസമിതി കൺവീനർക്ക് പ്രതികരിക്കേണ്ടി വന്നത്. മുനമ്പം ജനതയെ പറഞ്ഞു പറ്റിക്കാനാണ് ബി.ജെ.പി ശ്രമിച്ചത്. ദൗർഭാഗ്യവശാൽ അതിന് പിന്തുണ നൽകുകയാണ് ഇവിടത്തെ പ്രതിപക്ഷനേതാവ് ചെയ്തത്.

വഖഫ് നിയമഭേദഗതി ബിൽ മുനമ്പം വിഷയത്തിന്റെ ശാശ്വത പരിഹാരമാണെന്ന ബി.ജെ.പിയുടെ പ്രചാരണം തനിത്തട്ടിപ്പാണ്. പുതിയ നിയമം ഭരണഘടനയുടെ 26-ാം അനുച്ഛേദത്തിന്റെ ലംഘനമാണ്. മുസ്ലിം അപരവത്കരണത്തിനും അതുവഴി രാഷ്ട്രീയനേട്ടത്തിനുമുള്ള അവസരമായാണ് സംഘപരിവാർ ഈ ബില്ലിനെ കണ്ടത്. വെറുപ്പിന്റെയുംവിഭജനത്തിന്റെയുംരാഷ്ട്രീയമാണ് ബില്ലിന്റെ ഉള്ളടക്കം. ഇത് തിരിച്ചറിഞ്ഞാണ് ബില്ലിനെതിരെയാണ് നിയമസഭ പ്രമേയം പാസാക്കിയത്.

മുനമ്പത്ത് ദീർഘകാലമായി താമസിക്കുന്നവരുടെ അവകാശം സംരക്ഷിക്കാനാണ് സംസ്ഥാനസർക്കാർ പ്രാമുഖ്യം കൊടുത്തത്. അതിന്റെ ഭാഗമായി പഠിച്ച് റിപ്പോർട്ട് നൽകാൻ സി.എൻ. ആർ കമ്മിഷനെ നിയോഗിച്ചു. സമരം അവസാനിപ്പിച്ച് കമ്മിഷൻ റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കണമെന്ന അഭ്യർത്ഥന അവർ സ്വീകരിച്ചില്ല. അവർക്ക് മറ്റ് ചില പ്രതീക്ഷകൾ ചിലർ പോയി പറഞ്ഞപ്പോൾ ഉണ്ടായതാണ് പ്രശ്നമായത്. മുനമ്പത്തെ ജനങ്ങളുടെ വിഷയങ്ങൾ ന്യായമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ലീഗിന് ഇരട്ടത്താപ്പ്

മറ്റൊരു വിഷയം മുസ്ലിം ലീഗിന്റെ ഇരട്ടത്താപ്പാണ്. തളിപ്പറമ്പ് സർ സയ്യിദ് കോളേജുമായി ബന്ധപ്പെട്ട മുസ്ലിംലീഗിന്റെ വിചിത്രമായ നിലപാട് വഖഫ് വിഷയം കാപട്യ പൂർണമായാണ് അവർ ഉപയോഗിക്കുന്നത് എന്ന് തെളിയിക്കുന്നു. സർ സയ്യിദ് കോളേജ് സ്ഥിതി ചെയ്യുന്ന വസ്തു തളിപ്പറമ്പ് ജുമാ മസ്ജിദിന്റേതല്ലെന്നും, അത് നരിക്കോട് ഈറ്റിശ്ശേരി ഇല്ലം വകയാണ് എന്നുമുള്ള വിചിത്രമായ കണ്ടെത്തലാണ് ഉന്നയിച്ചിരിക്കുന്നത്. പള്ളിയുടെ ഉടമസ്ഥതയിൽ വർഷങ്ങളായുള്ള ഭൂമി വഫഖ് പ്രോപ്പർട്ടി അല്ലെന്ന് നിലപാട് എടുക്കാൻ ലീഗ് നേതൃത്വത്തെ പ്രേരിപ്പിച്ച ചേതോവികാരം അവർ തന്നെ വ്യക്തമാക്കേണ്ടതാണ്.













# ‘കേരള തൊഗാഡിയ’; പിണറായി വക ശുദ്ധിപത്രം





ബാബു കദളിക്കാട്

മലപ്പുറം ഒരു പ്രത്യേക രാജ്യമോ? ‘അതേ’യെന്ന നിരീക്ഷണവുമായി എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. പ്രത്യേകം ചിലയാളുകളുടെ സംസ്ഥാനമാണതെന്നും മലപ്പുറത്ത് സ്വതന്ത്രവായു ശ്വസിച്ചും സ്വതന്ത്രമായി അഭിപ്രായം പറഞ്ഞും ജീവിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ലെന്നുമാണ് നിലമ്പൂരിൽ അദ്ദേഹം പരസ്യമായി പറഞ്ഞത്. ഇന്ത്യയും പാകിസ്ഥാനുമായുള്ള ക്രിക്കറ്റ് പോരാട്ടം നടക്കുമ്പോൾ മലപ്പുറത്തെ സ്പോർട്സ് പ്രേമികൾ ആഹ്ളാദാരവം മുഴക്കാറുള്ളത് പാക് വിക്കറ്റുകൾ വീഴുമ്പോഴല്ലെന്ന പഴയകാല ആക്ഷേപം എന്തായാലും വെള്ളാപ്പള്ളി വീണ്ടും ഊതിവീർപ്പിച്ചില്ല.

‘മലപ്പുറത്ത് ഈഴവർക്കായി തൊഴിലുറപ്പ് മാത്രമേയുള്ളൂ. പിന്നാക്ക വിഭാഗക്കാർക്ക് ഒരു പള്ളിക്കൂടമോ കോളജോ ഹയർസെക്കൻഡറി സ്കൂളോ ഇല്ല. വോട്ടുകുത്തിയന്ത്രങ്ങളാണ് മലപ്പുറത്തെ പിന്നാക്ക വിഭാഗക്കാർ. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി ഇത്രനാളായിട്ടും അതിന്റെ ഗുണഫലങ്ങളുടെ ഒരംശം പോലും മലപ്പുറത്തെ പിന്നാക്കവിഭാഗങ്ങൾക്ക് ലഭിച്ചിട്ടില്ല. വോട്ട് ബാങ്ക് രാഷ്ട്രീയത്തിൽ തകർന്നടിഞ്ഞത് ഇവിടുത്തെ പിന്നാക്കക്കാരുടെ സ്വപ്നങ്ങളാണ്.’ ഇങ്ങനെയായിരുന്നു വെള്ളാപ്പള്ളിയുടെ വിശദീകരണം. ഇതോടെ ‘ഇസ്ലാമഫോബിയാ’ വിവാദത്തിലേക്ക് വീണ്ടും വീണ വെള്ളാപ്പള്ളിക്കു ശുദ്ധിപത്രം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ.

ഒരു മതത്തിനെതിരെയും നിലകൊള്ളുന്ന ആളല്ല വെള്ളാപ്പള്ളി. എന്തിനെയും വക്രീകരിക്കാൻ, തെറ്റായി വ്യാഖ്യാനിക്കാൻ ഉള്ള ശ്രമങ്ങളാണ് നടക്കുന്നത്. വെള്ളാപ്പള്ളി പറഞ്ഞത് ഒരു രാഷ്ട്രീയ പാർട്ടിക്കെതിരായാണ്. എന്നാൽ ചിലർ അതിനെ ഒരു മതത്തിനെതിരെ സംസാരിച്ചെന്ന നിലയിലാക്കി മുഖ്യമന്ത്രി പറഞ്ഞു. എല്ലാ ഘട്ടത്തിലും വിവിധ മതങ്ങളുമായി യോജിച്ചുകൊണ്ടുള്ള ഒട്ടേറെ കാര്യങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ വ്യക്തിപരമായി തന്നെ നേതൃത്വം വഹിച്ച ആളാണെങ്കിലും തെറ്റിദ്ധാരണകൾ പരത്താനുള്ള അവസരം അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഭാഗമായി വന്നു. അത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും അവധാനതയും വെള്ളാപ്പള്ളി പുലർത്തേണ്ടതുണ്ടെന്നുപദേശിക്കാനും മുഖ്യമന്ത്രി തയ്യാറായി.

വെള്ളാപ്പള്ളി നടത്തിയ വിവാദ പരാമർശം സി.പി.എമ്മിനു വേണ്ടി മുൻകൂട്ടി എഴുതിയ തിരക്കഥയുടെ ഭാഗമാണെന്ന സംശയം ഇതോടെ പുറത്തുവന്നു. മുസ്ലിം വോട്ട് ബാങ്കിനെ ആശ്രയിച്ചു മുന്നോട്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ ഈഴവ വോട്ടുകൾ ഉറപ്പിക്കാനുള്ള തന്ത്രമാണത്രേ പിണറായിയുടേത്. ഇതിനായി ചേർത്തലയിൽ ചെന്ന് വെള്ളാപ്പള്ളിയെ പുകഴ്ത്തി. ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ കനത്ത തോൽവി വ്യക്തമായതോടെ അടുത്തകാലത്തായി ന്യൂനപക്ഷങ്ങൾ സി.പി.എമ്മിൽ നിന്നും അകലുന്നു എന്നും മനസ്സിലായതോടെ നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള പദ്ധതി പിണറായി അഴിച്ചുപണിതു. മുസ്ലിം വോട്ടുബാങ്ക് പൂർണമായും അകന്ന അവസ്ഥയിലാണ്. അതേസമയം എക്കാലവും സി.പി.എമ്മിനൊപ്പം നിന്ന ഈഴവ വോട്ട് ബാങ്കിൽ ബി.ജെ.പി വലിയ തോതിൽ സ്വാധീനമുണ്ടാക്കുകയും ചെയ്തു. ഈ തിരിച്ചറിൽ നിന്നാണ് ഇപ്പോൾ സി.പി.എം തന്ത്രങ്ങൾ മെനയുന്നത്.

അതേസമയം, വെള്ളാപ്പള്ളിയെ പുകഴ്ത്തിയതിന് പിന്നാലെ 10 വർഷം മുമ്പത്തെ മുഖ്യമന്ത്രിയുടെ പഴയ ചില വാചകങ്ങൾ വീണ്ടും ചർച്ചയായത് സി.പി.എമ്മിനു തിരിച്ചടിയായിട്ടുണ്ട്. കോഴിക്കോട് മാൻ ഹോളിൽ തൊഴിലാളി മരിച്ച സംഭവത്തിനു പിന്നാലെ വെള്ളാപ്പള്ളി നടത്തിയ പ്രതികരണത്തിനെതിരെ പിണറായി വിജയൻ ഫേസ്ബുക്കിൽ കുറിച്ചതിങ്ങനെയായിരുന്നു:

‘അഴുക്കുചാൽ വൃത്തിയാക്കവേ മാൻഹോളിൽ കുടുങ്ങിയ രണ്ട് തൊഴിലാളികളെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ ജീവൻ നഷ്ടപ്പെട്ട ഒട്ടോതൊഴിലാളിയും വേങ്ങേരി സ്വദേശിയുമായ നൗഷാദിനെക്കുറിച്ച് വെള്ളാപ്പള്ളി നടേശൻ നടത്തിയ അധിക്ഷേപം മനുഷ്യത്വം ഇല്ലായ്മയും വെളിവില്ലായ്മയും ആണ്. കേരളത്തിലെ തൊഗാഡിയ ആകാൻ നോക്കുന്ന വെള്ളാപ്പള്ളി വർഗീയ വിഷം വമിപ്പിക്കുകയാണ്. അപകടത്തിൽ പെട്ടവരുടെ മതവും ജാതിയും നോക്കിയല്ല നൗഷാദ് മരണത്തിലേക്ക് എടുത്തു ചാടിയത്. ആ ത്യാഗത്തെ നാടാകെ വിലമതിക്കുന്നു. അതിന്റെ പ്രഭ ഇല്ലാതാക്കാൻ ഒരു വർഗീയ ഭ്രാന്തിനും കഴിയില്ല’.

### കേളപ്പജി... എകെജി...

മലപ്പുറത്ത് ഇപ്പോൾ ഒരു മാസക്കാലം പച്ചവെള്ളം പോലും കുടിക്കാൻ കിട്ടില്ല;നോമ്പുകാലത്ത്. നോമ്പുള്ളവർ വെള്ളം കുടിക്കേണ്ട, ഇല്ലാത്തവർക്ക് കുടിച്ചൂടേ എന്ന ചോദ്യത്തിനു സാമൂഹിക മാധ്യമങ്ങളിൽ ലഭിക്കുന്ന ഉത്തരം ഇങ്ങനെ: ഇത് മലപ്പുറമാണ്. ഇതേ നടക്കൂ. വെള്ളാപ്പള്ളി പറഞ്ഞ പ്രകാരമാകും മലപ്പുറത്തെ കാര്യങ്ങളെന്ന് 57 വർഷം മുമ്പ് ജില്ലയുടെ രൂപീകരണത്തിന് മുമ്പുതന്നെ ജനസംഘവും ആർ.എസ്.എസും ചൂണ്ടിക്കാട്ടിയിരുന്നു. ചില സി.പി.എം നേതാക്കളും അതുപറഞ്ഞെങ്കിലും അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസിന്റെ പദ്ധതി മറിച്ചായിരുന്നു. 1969 ജൂൺ പതിനാറിനാണ് മലപ്പുറം ജില്ല രൂപീകരിക്കുന്നത്. കോഴിക്കോട്, പാലക്കാട് ജില്ലകളിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങൾ ഉൾപ്പെടുത്തിയുള്ള മലപ്പുറം ജില്ലാ രൂപീകരണ പദ്ധതിയെ ശക്തമായി ന്യായീകരിക്കുകയായിരുന്നു നമ്പൂതിരിപ്പാടും മാർക്സിസ്റ്റുപാർട്ടിയിലെ വലിയൊരു വിഭാഗവും.

വികസനത്തിന്റെ പേരുപറഞ്ഞാണ് നമ്പൂതിരിപ്പാട് മലപ്പുറം ജില്ലയെ ന്യായീകരിച്ചത്. കെ.പി.ആർ.ഗോപാലൻ, പി.സി. രാഘവൻനായർ തുടങ്ങിയ ന്യൂനപക്ഷം മാർക്സിസ്റ്റു നേതാക്കൾ ജില്ലാ രൂപീകരണത്തിന് അനുകൂലമായിരുന്നില്ല. ‘മാപ്പിളസ്ഥാൻ’ എന്ന ലക്ഷ്യം പൂർത്തിയാകുന്നതിലെ സന്തോഷപ്രകടനമാണ് മുസ്ളിം ലീഗിനെന്ന ആക്ഷേപം ശക്തമായിരുന്നു. ജില്ലാ രൂപീകരണത്തിനെതിരെയുള്ള പ്രക്ഷോഭത്തിന്റെ നായകസ്ഥാനം കേളപ്പജിക്കായിരുന്നു.

‘ഇന്ത്യയ്ക്കകത്ത് മുസ്ലീങ്ങൾക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ അവരുടേതായ പോക്കറ്റുകൾ ശക്തിപ്പെടുത്തി രാഷ്ട്രീയ ശിഥിലീകരണത്തിന് വഴിയൊരുക്കുക എന്ന ലീഗിന്റെ ലക്ഷ്യത്തിലേക്കുള്ള പ്രഥമ കാൽവയ്പാ’ണിതെന്ന് കേളപ്പജി പരസ്യമായി പ്രസ്താവിച്ചു. ഇതിന് മറുപടി നൽകിയത് കേളപ്പജിയുടെ അരുമശിഷ്യൻ എ.കെ.ഗോപാലൻ തന്നെ. ‘കേളപ്പജി പുരി ശങ്കരാചാര്യരുടെ ശിഷ്യനാണ്’ എന്നു പ്രസംഗിച്ചു എകെജി.

മുസ്ലീങ്ങളുടെ ശത്രുവാണ് ഞാനെന്ന് വിപ്ലവാവേശംകൊണ്ട് ചിന്താശക്തി നശിച്ചുപോയ എന്റെ കുഞ്ഞനിയൻ പറഞ്ഞാലും ലീഗ് നേതാവായ ബാഫക്കി തങ്ങൾ പറയുമെന്ന് തോന്നുന്നില്ല... കേളപ്പജി മറുപടി പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. പക്ഷേ മലപ്പുറം ജില്ലാ രൂപീകരണം ആപത്താണെന്ന് രാഷ്ട്രീയ സ്വയം സേവക സംഘവും ജനസംഘവും സമർഥിച്ചു. ജില്ലാ രൂപീകരണത്തിനെതിരായ പ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്തു.

ഉത്തരേന്ത്യൻ നേതാക്കൾ കൂട്ടത്തോടെ മലബാറിലേക്ക് വന്ന് ജനസംഘത്തിന്റെ ആഹ്വാനപ്രകാരം മലപ്പുറം ജില്ലക്കെതിരായ പ്രക്ഷോഭത്തിൽ അണിനിരന്നു. ജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ 1969 മെയ് പതിനാലിന് പെരിന്തൽമണ്ണ കോസ്മോപൊളിറ്റൻ ക്ലബ്ബിൽ ജില്ലാ വിഭജന കൺവെൻഷൻ സംഘടിപ്പിച്ച് പ്രക്ഷോഭത്തിന് രൂപം നൽകി. തിരുവനന്തപുരം വിജെടി ഹാളിൽ ചേർന്ന ജില്ലാ വിരുദ്ധ കൺവെൻഷനിൽ പങ്കെടുക്കാൻ അടൽ ബിഹാരി വാജ്പേയി എത്തി. പി.വി. വേലായുധൻ ആയിരുന്നു അധ്യക്ഷൻ. ജോസഫ് ചാഴിക്കാടനും പ്രസംഗിച്ചു.

മലപ്പുറം ജില്ലാ രൂപീകരണത്തെ ശക്തമായി എതിർക്കാൻ പല ദേശീയനേതാക്കളും മുന്നോട്ടുവന്നു. മലപ്പുറം ജില്ല ആപത്താണെന്ന് മുൻ കരസൈന്യാധിപൻ ഫീൽഡ് മാർഷൽ ജനറൽ കരിയപ്പ പ്രസ്താവിച്ചു. കേളപ്പജി സംസ്ഥാനത്തുടനീളവും ചില അന്യസംസംസ്ഥാന തലസ്ഥാനങ്ങളിലും മലപ്പുറം ജില്ലാ രൂപീകരണ വിപത്ത് വിശദീകരിക്കാൻ പര്യടനം നടത്തി. ഡൽഹിയിൽ നിന്നുള്ള ആദ്യ ബാച്ച് സത്യഗ്രഹികളുടെ നേതൃത്വം മദൻലാൽ ഖുറാനയ്ക്കായിരുന്നു. ജനസംഘാധ്യക്ഷൻ ബച് രാജ് വ്യാസ് ഉൾപ്പെടെ നിരവധി നേതാക്കൾ സമരം നയിക്കാൻ കേരളത്തിലെത്തി. പക്ഷേ, ജില്ലാ രൂപീകരണം വർഗീയത വളർത്തുമെന്നും ദേശദ്രോഹശക്തികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നുമുള്ള മുന്നറിയിപ്പ് അവഗണിക്കപ്പെട്ടതേയുള്ളൂ..

1969 ജൂൺ രണ്ടു മുതൽ ജൂലൈ പതിനാറു വരെയാണ് ജില്ലാ വിരുദ്ധസമരം നടന്നത്. നാലായിരത്തിൽപ്പരം ആളുകളാണ് സമരം നടത്തിയത്. അന്ന് ജനസംഘം ട്രഷററായിരുന്ന നാനാജി ദേശ്മുഖ് ജൂൺ പതിനൊന്ന് മുതൽ പന്ത്രണ്ടുദിവസം കേരളത്തിൽ തങ്ങി സമരത്തിന് മാർഗ്ഗനിർദ്ദേശം നൽകി. ജൂലൈ പത്തുമുതൽ ആറുദിവസം ജഗന്നാഥറാവു ജോഷിയും കേരളത്തിലുണ്ടായിരുന്നു. ജൂലൈ പതിനാറിന് സെക്രട്ടേറിയറ്റ് നടയിൽ പിക്കറ്റിംഗ് ഉദ്ഘാടനം ചെയ്തത് ജഗന്നാഥറാവു ജോഷിയാണ്. ടി.എൻ. ഭരതന്റെ നേതൃത്വത്തിൽ ഇരുന്നൂറ്റി ഇരുപത് പേരാണ് അവിടെ സമരം നടത്തിയത്. ദീപാങ്കിത കാവിപതാകയുമായി ജനസംഘം തിരുവനന്തപുരത്ത് സമരം നടത്തിയത് അന്ന് ഏറെ പുതുമയായിരുന്നു. മഹാബല ഭണ്ഡാരി ഉൾപ്പെടെ ഏതാനും എം.എൽ.എമാർ സമരക്കാരെ അഭിവാദ്യം ചെയ്യാനെത്തിയിരുന്നു. ജില്ലാ രൂപീകരണത്തെ ശക്തമായി ന്യായീകരിച്ച് എ.കെ. ഗോപാലൻ രംഗത്തിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ അനന്തിരവൻ എ.കെ. രാജഗോപാലൻ കണ്ണൂർ കളക്ട്രേറ്റിലെ സമരത്തിന് നേതൃത്വം നൽകിയത് ഏറെ വാർത്താപ്രാധാന്യം ലഭിക്കാനിടയാക്കി. കെ.ജി.മാരാരാണ് രാജഗോപാലിനെ സമരനായകനായി നിശ്ചയിച്ച് രംഗത്തിറക്കിയത്.

സംസ്ഥാനത്തുടനീളം സമരത്തോട് ജനങ്ങൾ കാണിച്ച അനുഭാവ മനോഭാവം മലപ്പുറം ജില്ലാ വാദികളെ വിളറിപിടിപ്പിച്ചു. തുടർന്ന് അക്രമം വ്യാപകമായി. പൊന്നാനി, വടകര തുടങ്ങിയ സ്ഥലങ്ങളിൽ വർഗീയലഹള സൃഷ്ടിക്കാൻ വിഫലശ്രമവും നടന്നു. വടകര പുതുപ്പണത്ത് ജൂലൈ പതിനാറിന് രാത്രി ഒരു മുസ്ളിം പള്ളി കത്തിച്ചു. പിറ്റേദിവസം ഒരു ക്ഷേത്രവും. പക്ഷേ അതൊരു ലഹളയാക്കിമാറ്റാനുള്ള നീക്കം പരാജയപ്പെടുത്താൻ കേളപ്പജിക്കു സാധിച്ചു. ‘മുല്ലമാർക്കും മൗലവിമാർക്കും താണുവണങ്ങും നമ്പൂരീ മലപ്പുറം ജില്ല കൊടുത്താലും തകർന്നുവീഴും മന്ത്രിസഭ’ എന്നതായിരുന്നു ജില്ലാ വിരുദ്ധസമരത്തിൽ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന് മുന്നറിയിപ്പ് നൽകി ജനസംഘം ഉയർത്തിയ മുദ്രാവാക്യം. അതുപോലെ തന്നെ സംഭവിച്ചു. ജില്ല ലഭിച്ച ശേഷം മുസ്ലീം ലീഗ് നമ്പൂതിരിപ്പാടിനെതിരെ തിരിഞ്ഞു. സപ്തകക്ഷിമുന്നണിയിൽ സി.പി.എം ഒറ്റപ്പെട്ടു. മാർക്സിസ്റ്റ് പാർട്ടിയുടെ ‘വല്യേട്ടൻ’ ഭാവം മാത്രമല്ല, ഭരണത്തിൽ അടിമുടി നടമാടിയ അഴിമതികളും ചൂടേറിയ ചർച്ചാവിഷയമായതിനു പിന്നാലെ മന്ത്രിസഭ തകർന്നു.

## സൺഡേ ക്ലാസിലും മദ്രസയിലും ലഹരി വിരുദ്ധ പ്രചാരണം നടത്തും; മുഖ്യമന്ത്രി

തിരുവനന്തപുരം: ലഹരിക്കെതിരായ പ്രവർത്തനം കൂടുതൽ ശക്തമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരിക്കെതിരെ വിപുലമായ പ്രചാരണം നടത്തും.

രാഷ്ട്രീയ പാർട്ടികളുടെയും മതമേലധ്യക്ഷൻമാരുടെയും പിന്തുണ ഉറപ്പാക്കി. സൺഡേ ക്ലാസിലും മദ്രസ പഠനത്തിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ ആവശ്യപ്പെട്ടു.

രാഷ്ട്രീയ പാർട്ടികളുടെ കൂട്ടായ്മയിൽ ലഹരി വിരുദ്ധ പ്രവർത്തനത്തിന് മുൻഗണന നൽകാനും ധാരണയായി. വിശദമായ അഭിപ്രായം ഒരാഴ്ചക്കുള്ളിൽ നൽകാൻ സർവ്വകക്ഷി യോഗത്തിൽ ആവശ്യപ്പെട്ടു.

ജൂണിൽ വിപുലമായ ക്യാമ്പയിൻ നടത്തുമെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ലഹരി വ്യാപനം തടയാൻ വിളിച്ച സർവ്വകക്ഷി യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഴിമതി ഇല്ലാതാക്കാനുള്ള ക്യാമ്പയിൻ ശക്തമാക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്ത് വിജിലൻസ് പ്രവർത്തനം വിപുലമാക്കും. മാർച്ചിൽ മാത്രം 14 പേരെ വിജിലൻസ് പിടികൂടി. അഴിമതിക്കാരായ 700 ഉദ്യോഗസ്ഥരുടെ പട്ടിക വിജിലൻസ് തയ്യാറാക്കി. ഇതിൽ ചിലർ പിടിയിലായി. അഴിമതി കേസുകൾ കൂടുതൽ ആഴത്തിൽ അന്വേഷിക്കുമെന്നും പിണറായി വിജയൻ കൂട്ടിച്ചേർത്തു.

# നിലമ്പൂരിൽ നിലമൊരുങ്ങുന്നത് ആർക്കുവേണ്ടി?



പിണറായി വിജയനോട് പിണങ്ങിപ്പിരിഞ്ഞ പി.വി. അൻവറിനെ നിലമ്പൂരിലെ വോട്ടർമാർ പിന്തുണയ്ക്കുമോ എന്നത് വലിയൊരു ചോദ്യമാണ്. തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഉപതെരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയ സൂചനയാണെങ്കിൽ ആ ചോദ്യത്തിന് കോടികളുടെ മൂല്യമുണ്ട്. പ്രത്യേകിച്ച് ഇടതുപക്ഷത്തിന്റെ പ്രതീക്ഷയെല്ലാം കേരളത്തിലും പിണറായിയിലും കേന്ദ്രീകരിക്കുന്ന ഈ ഘട്ടത്തിൽ. പ്രായപരിധിയുടെ മാനദണ്ഡങ്ങൾ അദ്ദേഹത്തിന് മുന്നിൽ വഴിമാറുന്നു.

മുഖ്യമന്ത്രി പദത്തിൽ റെക്കോർഡ് സ്ഥാപിച്ചു നിൽക്കുന്ന പിണറായി വിജയൻ എന്ന വൻമരം കേരളത്തിൽ കൂടുതൽ കാലം അധികാരത്തിലിരുന്ന രണ്ടാമത്തെ മുഖ്യമന്ത്രിയെന്ന നേട്ടമാണ് സ്വന്തമാക്കുന്നത്. മുഖ്യമന്ത്രി പദത്തിൽ 3246 ദിവസങ്ങളാണ് പിണറായി വിജയൻ വിഷുദിനത്തിൽ പൂർത്തിയാക്കിയത്. കെ. കരുണാകരനെയാണ് പിണറായി ഇതോടെ പിന്തള്ളിയത്.

അതിനുമുമ്പുതന്നെ കേരളത്തിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി മുഖ്യമന്ത്രി പദത്തിലിരുന്നയാൾ എന്ന റെക്കോർഡ് അദ്ദേഹം നേടിയിരുന്നു. 2022 നവംബർ 14ന് സി. അച്യുതമേനോനെ പിന്തള്ളിയാണ് ആ റെക്കോർഡ് സ്വന്തമാക്കിയത്. സെക്രട്ടേറിയറ്റിലെ നോർത്ത് ബ്ലോക്കിൽ മുഖ്യമന്ത്രി പദത്തിൽ 4009 ദിവസം ചെലവിട്ട ഇ.കെ. നായനാർ മാത്രമാണ് ഇനി പിണറായിയുടെ മുന്നിൽ.

അതുകൊണ്ടാണ് പി.വി. അൻവറിന്റെ വെല്ലുവിളിക്കും പ്രസക്തിയേറുന്നത്. തുടർഭരണത്തിന്റെ ഗുണദോഷങ്ങൾ പ്രതിഫലിക്കുന്ന ഉപതെരഞ്ഞെടുപ്പ് ഫലമായിരിക്കും നിലമ്പൂരിൽ നിന്ന് പുറത്തു വരിക എന്നാണ് അൻവർ ആണയിടുന്നത്. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് മുമ്പ് യു.ഡി.എഫ് പ്രവേശനം വേണമെന്ന് പി.വി. അൻവർ വാശി പിടിക്കുന്നതും കളം കൊഴുപ്പിക്കാനാണ്.

### നിലമ്പൂരിന്റെ നിറം

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ നാല് ഉപതെരഞ്ഞെടുപ്പുകൾ കണ്ട വോട്ടർമാരാണ് കേരളത്തിലുള്ളത്. തൃക്കാക്കരയും പുതുപ്പള്ളിയും സിറ്റിംഗ് സീറ്റുകൾ യു.ഡി.എഫ് നിലനിർത്തിയപ്പോൾ ചേലക്കരയും പാലക്കാടും ഇടതും നിലനിർത്തി. മാറി ചിന്തിക്കേണ്ട സാഹചര്യമോ അങ്ങനെ സ്വാധീനിക്കാൻ പ്രാപ്തമായ വോട്ടിംഗ് പറ്റേൺ വ്യതിയാനമോ ആ മണ്ഡലങ്ങളിൽ സംഭവിച്ചില്ല.

എന്നാൽ നിലമ്പൂരിൽ ചിത്രം വ്യത്യസ്ഥമാണ്. അവിടെ നിലവിൽ ഒരു പ്രവചന സാധ്യത വിദൂരത്താണ്. അത് എങ്ങോട്ടു വേണമെങ്കിലും ചായാം. പണ്ട് ആറ് തവണ ആര്യാടൻ മുഹമ്മദിനെ നിയമസഭയിലേക്ക് അയച്ച മണ്ഡലമാണ് അത്. എന്നാൽ, 2016 ൽ കഥ മാറി. അന്ന് സി.പി.എം, പി.വി. അൻവർ എന്ന സ്വതന്ത്രനെ മണ്ഡലത്തിൽ പരീക്ഷിച്ച് ഗതിമാറ്റി.

11, 500 വോട്ടിനാണ് അൻവർ എന്ന ഇടതു സ്വതന്ത്രൻ ജയിച്ചുകയറിയത്. 2021 ൽ അൻവറിന് രണ്ടാം വിജയവും സമ്മാനിച്ച് നിലമ്പൂർ പിണറായി വിജയനെ സംപ്രീതനാക്കി. അതേ അൻവറാണ് ഇന്ന് ശത്രു പാളയത്തിൽ കയറിക്കൂടി കരുക്കൾ നീക്കാൻ തിരക്കു കൂട്ടുന്നത്.

യു.ഡി.എഫിനെ കീഴ്പ്പെടുത്തിയ അൻവറിന്റെ തിരിച്ചുവരവ് ഇത്തവണ കോൺഗ്രസിന് തുണയാകുമെന്ന് ചിലരെങ്കിലും കണക്കു കൂട്ടുന്നുണ്ട്. കൂടാതെ കഴിഞ്ഞ തവണ മൂവായിരത്തിലധികം വോട്ടുകൾ നേടിയ എസ്.ഡി.പി.ഐ നിലവിൽ യു.ഡി.എഫിലേക്ക് ചാഞ്ഞ് നിൽക്കുകയാണ്. അത് വോട്ടിൽ പ്രതിഫലിച്ചാൽ ഗുണമാണ്.

എന്നാൽ അനുകൂല ചുറ്റുപാടുകൾ നിലനിൽക്കുമ്പോഴും സ്ഥാനാർത്ഥി നിർണയം യു.ഡി.എഫിനെ കുഴയ്ക്കുന്ന കാഴ്ച കാണാം.

### ആര് കളത്തിലിറങ്ങും?

യു.ഡി.എഫിനെപ്പറ്റി പറഞ്ഞാൽ ആര്യാടൻ ഷൗക്കത്തും വി.എസ്. ജോയിയും ചിത്രത്തിൽ വന്നു കഴിഞ്ഞു. അത് രണ്ടു പക്ഷമായി നിൽക്കുന്ന നേതാക്കളാണെന്ന വസ്തുത കോൺഗ്രസിന്റെ എക്കാലത്തേയും ഗ്രൂപ്പു രാഷ്ട്രീയത്തിന്റെ ദൃഷ്ടാന്തമാണ്. അതായത്, മികച്ച കാലുവാരലിനുള്ള അനന്ത സാദ്ധ്യത കോൺഗ്രസ് സ്വയം ഭയക്കണം. ആര്യാടൻ ഷൗക്കത്ത് വിഭാഗം നിലമ്പൂരിൽ പ്രബലമാണ്. കഴിഞ്ഞ തവണത്തെ പി.വി. അൻവറിന്റെ ഭൂരിപക്ഷം കേവലം 2100 വോട്ടായി കുറഞ്ഞിരുന്നു എന്നത് കാണുമ്പോൾ അന്ന് സ്വാധീനിച്ച ഘടകങ്ങളിൽ ഒന്ന് ആര്യാടൻ വിഭാഗത്തിന്റേതും ആകാം.

ഇതിനിടെ മുസ്ലിം ലീഗിന്റെ നിലപാടും നിർണായകം തന്നെ. ഷൗക്കത്തിനെ ലീഗിൽ ഒരു വിഭാഗം പിന്തുണയ്ക്കുമ്പോൾ വി.എസ്. ജോയി മത്സരിക്കട്ടെ എന്ന് കരുതുന്ന ലീഗുകാരും നിലമ്പൂരിലുണ്ട്. ഇതിനെല്ലാം പുറമെ മലപ്പുറം ജില്ലയിൽ നിലമ്പൂർ മണ്ഡലത്തിൽ ഹിന്ദു വോട്ടുകളും നിർണായകമാണ്. 45 ശതമാനമാണ് ഹൈന്ദവ വോട്ടുകൾ. മുസ്ലിം വോട്ടുകളേക്കാൾ മേലെ. വെള്ളാപ്പള്ളി നടേശൻ നിലമ്പൂരിൽ നടത്തിയ മുസ്ലിം വിരുദ്ധ പ്രസംഗത്തിന്റെ ഗുണഭോക്താവ് വെള്ളാപ്പള്ളിയെ പിന്നാലെ ആദരിച്ച പിണറായി വിജയന്റെ സ്ഥാനാർത്ഥി ആവുമോ എന്ന കൗതുക രാഷ്ട്രീയവും നിലമ്പൂരിന്റെ മണ്ണിൽ മുള പൊട്ടുന്നുണ്ട്.

ഇതിനിടെ, നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് മുമ്പ് യു.ഡി.എഫ് പ്രവേശനം പി.വി. അൻവറിന് അനിവാര്യതയാണ്. നേതാക്കൾ വൈകാതെ ചർച്ച നടത്തുമെന്നാണ് പ്രതീക്ഷയെന്നും ആർക്കാണ് വിജയ സാധ്യതയെന്ന് യു.ഡി.എഫ് നേതാക്കളെ അറിയിച്ചിട്ടുണ്ടെന്നും അൻവർ പറയുന്നു.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് മുമ്പ് യു.ഡി.എഫ് പ്രവേശനം സാധ്യമായില്ലെങ്കിൽ മറ്റു കാര്യങ്ങൾ പിന്നീട് ആലോചിക്കേണ്ടിവരുമെന്നും പി.വി. അൻവർ മുന്നറിയിപ്പ് നൽകുന്നു. മലപ്പുറത്ത് ആര്യാടൻ ഷൗക്കത്തോ, വി.എസ്. ജോയിയോ കോൺഗ്രസ് സ്ഥാനാർത്ഥിയായാൽ പിന്തുണയ്ക്കുമോയെന്ന കാര്യത്തിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ തീരുമാനം പറയാൻ പറ്റില്ലെന്നും അൻവർ നിലപാടെടുക്കുകയാണ്.

### നിലമ്പൂരിന്റെ മുനമ്പത്ത്

വെള്ളാപ്പള്ളിയുടെ ജാതിപരാമർശം യാദൃശ്ചികമല്ലാത്തതുപോലെ വഖഫ് വിഷയം നിലമ്പൂരിൽ ഇറക്കുമതി ചെയ്യുന്നതും നിർദ്ദോഷമായിട്ടല്ല. 10 ശതമാനം ക്രൈസ്തവ വോട്ടുകൾ കൂടിയുള്ള നിലമ്പൂരിൽ, ഇടതുപക്ഷത്തിന് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പുകാലത്ത് നീക്കിവയ്ക്കാവുന്ന വിലപേശൽ വോട്ടായി ക്രിസ്ത്യൻ വോട്ടുകൾ മാറാം. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ വഖഫ്, മുനമ്പം വിഷയങ്ങളിൽ പ്രതീക്ഷയർപ്പിച്ചാണ് ബി.ജെ.പിയുടേയും നീക്കം.

ഏതായാലും നിലമ്പൂർ ഉപതെരഞ്ഞെടുപ്പു ഫലം ചുറ്റിക്കറങ്ങുക അൻവർ ഇഫക്ടിൽ ആയിരിക്കും. യു.ഡി.എഫ് ബന്ധത്തെ 'തറവാട്' അഥവാ പൂർവ്വിക പാർട്ടിയിലേക്കുള്ള തിരിച്ചുവരവാണെന്ന് വിശേഷിപ്പിച്ചാണ് മുന്നണിയിലേക്കുള്ള പ്രവേശന സാധ്യതയെ അൻവർ സ്വപ്നം കാണുന്നത്. യു.ഡി.എഫിന്റെ വാതിൽ അൻവറിനു മുന്നിൽ 'അടഞ്ഞിട്ടില്ല, തുറന്നിട്ടുമില്ല' എന്നും യു.ഡി.എഫ് ഉചിതമായ സമയത്ത് ഈ വിഷയം ചർച്ച ചെയ്യുമെന്നും യു.ഡി.എഫ് ചെയർമാനും പ്രതിപക്ഷ നേതാവുമായ വി.ഡി. സതീശൻ പറഞ്ഞ വാക്ക് അവിടെത്തന്നെ നിൽക്കുകയാണ്.

പനമരം പഞ്ചായത്തിലെ എൽ.ഡി.എഫ് ഭരണത്തെ അട്ടിമറിച്ചതാണ് അൻവർ നൽകിയ സമ്മാനം. അടുത്തിടെ തൃണമൂൽ കോൺഗ്രസിൽ ചേർന്ന മുൻ എൽ.ഡി.എഫ് കൗൺസിലർ ബെന്നി ചെറിയാൻ യു.ഡി.എഫിന് അനുകൂലമായി വോട്ട് ചെയ്തതോടെ പനമരത്ത് യു.ഡി.എഫ് അധികാരം പിടിച്ചെടുത്തു. 'വയനാടിലെ ഒരു നഗരസഭയിൽ എൽ.ഡി.എഫിനെ അട്ടിമറിക്കാൻ എനിക്ക് കഴിയുമെന്നതാണ് യു.ഡി.എഫിനുള്ള എന്റെ സമ്മാനം അൻവറിന്റെ ഈ ആത്മ വിശ്വാസം പിണറായിസത്തെ തകർക്കാനുള്ള കരുത്ത് നേടുമോ എന്നാണ് കണ്ടറിയേണ്ടത്.

എന്നാൽ നിലമ്പൂരിൽ കഴിഞ്ഞ എട്ടര വർഷത്തിലധികമായി നടന്ന വികസന പ്രവർത്തനങ്ങൾ ഇടതു സ്ഥാനാർഥിക്ക് വോട്ടായി മാറുമെന്നാണ് സി.പി.എമ്മിന്റെ വിശ്വാസം. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം. സ്വരാജിനാണ് സി.പി.എം മണ്ഡലത്തിന്റെ തിരഞ്ഞെടുപ്പ് ചുമതല നൽകിയിരിക്കുന്നത്. സ്വതന്ത്ര സ്ഥാനാർഥിയെ മത്സരിപ്പിക്കുന്ന കാര്യവും സി.പി.എമ്മിന്റെ സജീവ പരിഗണനയിലുണ്ട്. ഏതുനിമിഷം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാലും നേരിടാനുള്ള സർവ്വ സംവിധാനങ്ങളുമായാണ് മൂന്നു മുന്നണികളിലും നിലമ്പൂരിൽ നിലയുറപ്പിച്ചിട്ടുള്ളത്.

അതിനിടെ വ്യാജ വോട്ടർ പട്ടിക ആരോപണം യു.ഡി.എഫ് ഉയർത്തിയിട്ടുണ്ട്. പതിവു പോലെ ക്രമക്കേടുണ്ടെങ്കിൽ അന്വേഷിക്കട്ടെ എന്ന നിലപാടിലാണ് സർക്കാരും ഇടതുമുന്നണിയും.

*പ്രജിത് രാജ്*






# പുതിയ രാഷ്ട്രീയ പാർട്ടി ഉണ്ടാക്കാൻ മുരളീധരന് തിടുക്കമായി





ജോഷി ജോർജ്

ഉമ്മൻചാണ്ടി വാസ്തവത്തിൽ ഭരണം സംബന്ധിച്ച ഒരൊറ്റ കാര്യങ്ങളിലും കരുണാകര വിഭാഗത്തോട് ഒരുതരത്തിലും ചർച്ച ചെയ്തിരുന്നുമില്ല. സത്യത്തിൽ ഐ വിഭാഗം രൂപം കൊണ്ട് അന്നുമുതൽ ഇക്കണ്ട കാലമത്രയും കോൺഗ്രസ് ഭരിക്കുമ്പോൾ അനുഭവിച്ചിട്ടില്ലാത്ത തരം കടുത്ത അവഗണനയാണ് കരുണാകര വിഭാഗത്തിന് ഉമ്മൻചാണ്ടിയുടെ ഏഴുമാസത്തെ ഭരണം കൊണ്ട് സംഭവിച്ചത്.

ഇത് കോൺഗ്രസിൽ ആത്മാഭിമാനം ഉള്ള പ്രവർത്തകരെ സന്തോഷിപ്പിച്ചു. ഭരണം ഉള്ളപ്പോൾ മേൽപ്പറഞ്ഞ തരത്തിലുള്ള സ്വാധീനവും സ്ഥാനമാനങ്ങളും ഏതൊരു നേതാവിന്റെയും ഗ്രൂപ്പിന്റെയും നിലനിൽപ്പിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. ഇവയൊന്നും ഇല്ലെങ്കിൽ അവരുടെ രാഷ്ട്രീയ മരണം ഉറപ്പ്. ഐ വിഭാഗത്തെ അങ്ങനെ ഒരു മരണത്തിലേക്ക് ആയിരുന്നു എതിരാളികൾ തള്ളിവിട്ടത്. അതേസമയം അഴിമതി സ്വജനപക്ഷപാദം എന്നിങ്ങനെ ഭരണമുള്ളപ്പോൾ ഒക്കെ ഐ ഗ്രൂപ്പ് ഉദാരമായി നടപ്പിലാക്കിയിരുന്ന കലാപരിപാടികൾക്ക് ഒക്കെ തന്നെയും ഉമ്മൻചാണ്ടി കൂച്ചുവിലങ്ങിട്ടു എന്ന പ്രതീതി ജനിപ്പിക്കാൻ കഴിഞ്ഞു.

സത്യത്തിൽ അങ്ങനെ അല്ലെങ്കിൽ പോലും...! പി.എസ്.സി, ദേവസ്വം ബോർഡ് നിയമനങ്ങൾ, പോലീസ് സ്ഥലംമാറ്റം എന്നിവയൊക്കെ നടക്കുമ്പോൾ അഴിമതിയും സ്വജനപക്ഷപാതവും മറ്റും നടന്നിരുന്നു. ക്രമേണ രാഷ്ട്രീയ ചിത്രം മാറിമറിയാൻ തുടങ്ങി. മുഖ്യമന്ത്രി പദം നഷ്ടപ്പെട്ട ആന്റണി പരോക്ഷമായെങ്കിലും തന്റെ നിരാശപ്രകടിപ്പിച്ചുകൊണ്ടിരുന്നു. അതാണ് മൃതാവസ്ഥയിൽ ആയിരുന്ന ഐ ഗ്രൂപ്പിന്റെ പ്രാണവായുവായി മാറിയത്. അതോടൊപ്പം ഉമ്മൻചാണ്ടിയുടെ ചുറ്റും ഒരു സംഘം അമിതശക്തി ആർജ്ജിച്ചു തുടങ്ങിയിരിക്കുന്നു. എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കുന്ന ഈ സംഘത്തിൽ ഉമ്മൻചാണ്ടിയുടെ വിശ്വസ്തരായ ആര്യാടൻ മുഹമ്മദ്, കെ.പി. വിശ്വനാഥൻ, ബെന്നി ബഹനാൻ, പി.ടി. തോമസ്, എം.ഐ. ഷാനവാസ് എന്നിവരാണ് ഉൾപ്പെടുന്നത്.



**കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും ഉള്ളിൽ നിന്നുള്ള നീക്കങ്ങളിലൂടെ മുഖ്യമന്ത്രിപദങ്ങളിൽ നിന്ന് ആദ്യം കരുണാകരനെയും പിന്നീട് ആന്റണിയും മാറ്റിയ പഴയ നാടകങ്ങൾ പോലെ ഒന്ന് വീണ്ടും അരങ്ങേറാൻ വഴി ഒരുങ്ങുകയാണെന്ന് ഐ വിഭാഗം സ്വപ്നം കണ്ടു. ഇപ്പോൾ തീ കൊളുത്തിവിട്ടാൽ ക്രമേണയായി അത് ആളിപ്പടർന്നോളും. അങ്ങനെ വന്നാൽ ഉമ്മൻചാണ്ടി അതിൽ വീണ് ഉടഞ്ഞുകൊള്ളും എന്നവർ കണക്കുകൂട്ടി. അങ്ങനെ വരുമ്പോൾ ആന്റണിയെ തന്നെ വീണ്ടും പുതിയ മുഖ്യമന്ത്രിയായി ഉയർത്തിക്കാട്ടിക്കൊണ്ട് ഒരു കൊട്ടാര വിപ്ലവം ആസൂത്രണം ചെയ്യാൻ അവർ ഒരുങ്ങി.**

ഇവരിൽ ഏറെയും മുഖ്യമന്ത്രിയായിരുന്ന ആന്റണിയുടെ പല രീതികളിലും ശക്തമായ എതിർപ്പുണ്ടായിരുന്നവർ ആണ്. ഈ സംഘത്തിന്റെ ആധിപത്യം ക്രമേണ ഏറി വരുന്നതിൽ ആന്റണി ഖിന്നനായിരുന്നു. അപ്പോഴേക്കും രാഷ്ട്രീയത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ആന്റണി തള്ളപ്പെട്ടു കഴിഞ്ഞിരുന്നു. ആന്റണിക്കൊപ്പം മന്ത്രി പദം നഷ്ടമായ മറ്റു മന്ത്രിമാരും ഗ്രൂപ്പ് കക്ഷി ഭേദമില്ലാതെ ആന്റണിയുടെ പരിഭാവ സംഘത്തിൽ ചേർന്നു. ഉമ്മൻചാണ്ടി ഭരണമേറിയപ്പോൾ മുതൽ പിണങ്ങിയിരുന്ന ബാലകൃഷ്ണപിള്ള, ജേക്കബ് വിഭാഗങ്ങളും പാർട്ടിയിൽ തങ്ങളുടെ എതിർ വിഭാഗത്തെയാണ് ഉമ്മൻചാണ്ടി സഹായിക്കുന്നത് എന്ന് വിശ്വസിച്ച. ആർ.എസ്.പിയിലെ താമരാക്ഷനും ഷിബു ബേബി ജോണും ഉമ്മൻചാണ്ടി വിരുദ്ധ സംഘത്തിന്റെ സഖ്യശക്തികളായി മാറിക്കഴിഞ്ഞിരുന്നു.

ഇവർക്കൊക്കെപ്പുറമേ, ഉമ്മൻചാണ്ടിയുടെ സംഘത്തിന്റെ വാഴ്ചക്കെതിരെ യു.ഡി.എഫിൽ തന്നെ പുതിയ ചില എതിരാളികൾ കൂടി ഉണ്ടായി എന്നതാണ് വിചത്രമായ സംഭവം..! എം.വി രാഘവനും കെ.ആർ. ഗൗരിയും മാത്രമല്ല കെ.എം. മാണിയും ആ പക്ഷത്തു ചേർന്നു. ഇതിനിടെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ ചൊല്ലി മന്ത്രിസ്ഥാനം ഇല്ലാത്ത എല്ലാ ലീഗ് നേതാക്കളും രോഷപ്രകടനങ്ങൾ പതിവാക്കിക്കഴിഞ്ഞിരുന്നു. അതോടെ കുഞ്ഞാലിക്കുട്ടിയിലും രാഷ്ട്രീയ സമവാക്യങ്ങൾ മാറണമെന്ന ചിന്ത ഉദിച്ചു. ഇതറിഞ്ഞ ഉമ്മൻചാണ്ടിയും സംഘവും ഒന്ന് പതറി. ഈയൊരു അവസ്ഥ ഐ ഗ്രൂപ്പിന് ഗുണമായി മാറി.

കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും ഉള്ളിൽ നിന്നുള്ള നീക്കങ്ങളിലൂടെ മുഖ്യമന്ത്രിപദങ്ങളിൽ നിന്ന് ആദ്യം കരുണാകരനെയും പിന്നീട് ആന്റണിയും മാറ്റിയ പഴയ നാടകങ്ങൾ പോലെ ഒന്ന് വീണ്ടും അരങ്ങേറാൻ വഴി ഒരുങ്ങുകയാണെന്ന് ഐ വിഭാഗം സ്വപ്നം കണ്ടു. ഇപ്പോൾ തീ കൊളുത്തിവിട്ടാൽ ക്രമേണയായി അത് ആളിപ്പടർന്നോളും. അങ്ങനെ വന്നാൽ ഉമ്മൻചാണ്ടി അതിൽ വീണ് ഉടഞ്ഞുകൊള്ളും എന്നവർ കണക്കുകൂട്ടി. അങ്ങനെ വരുമ്പോൾ ആന്റണിയെ തന്നെ വീണ്ടും പുതിയ മുഖ്യമന്ത്രിയായി ഉയർത്തിക്കാട്ടിക്കൊണ്ട് ഒരു കൊട്ടാര വിപ്ലവം ആസൂത്രണം ചെയ്യാൻ അവർ ഒരുങ്ങി. അതുവഴി ഹൈകമാന്റിനെ വരുതിയിൽ കൊണ്ടുവരാൻ കഴിയുമെന്നും അവർ കണക്കുകൂട്ടി..!

പുതിയ കലാപത്തിന് അങ്ങനെയാണ് ഐ ഗ്രൂപ്പ് ഊർജ്ജം കൈവരിച്ചത്. ഒരുപക്ഷേ വീണ്ടും ഒരു നേതൃമാറ്റം നടക്കണമെന്നില്ല പ്രത്യേകിച്ച് കാര്യങ്ങൾ അത്ര വരെ കൊണ്ടുപോകാൻ ആഗ്രഹമുള്ള ആളുമല്ല, അതിനുള്ള ചങ്കൂറ്റവും ആന്റണിക്കില്ല. എന്നാൽ ആന്റണിയെ മുന്നിൽ നിർത്തിയില്ലെങ്കിൽ ആ നീക്കം നടക്കുകയുമില്ല. കളി എല്ലാം മറ്റുള്ളവർ കളിച്ച ശേഷം അവസാന രംഗത്ത് രാജഹംസത്തിൽ വന്നിറങ്ങി മുഖ്യമന്ത്രി കസേരയിൽ ആസനസ്ഥനായ പഴയ കാലമല്ല ഇത്.

പണ്ട് ആന്റണിക്ക് വേണ്ടി പടന്നയിച്ച ഉമ്മൻചാണ്ടിയുടെ റോൾ എടുക്കുന്ന മുരളിയാകട്ടെ ഉമ്മൻചാണ്ടിയും അല്ലല്ലോ...! എന്തുതന്നെയായാലും ഇപ്പോഴുള്ള പ്രതിസന്ധി നിയമസഭാ തിരഞ്ഞെടുപ്പ് വരെ കൊണ്ടുപോകണം. അങ്ങനെ വന്നാൽ യു.ഡി.എഫും കോൺഗ്രസും കൂടുതൽ കൂടുതൽ ആഭ്യന്തര ഭിന്നതയിലേക്ക് നീങ്ങും എന്ന് സംശയമില്ല. പുതിയ കലാപത്തോടെ തിരഞ്ഞെടുപ്പ് പരാജയം ഒന്നുകൂടി ഉറപ്പായാൽ യു.ഡി.എഫ് എന്ന മുങ്ങുന്ന കപ്പലിൽ നിന്ന് രക്ഷപ്പെടാനുള്ള നേതാക്കളുടെ തിരക്ക് വർധിക്കുകയുള്ളൂ. എൻ.എസ്.എസും എസ്.എൻ.ഡി.പിയും നായാടി മുതൽ നമ്പൂതിരി വരെയുള്ളവരുടെ ഐക്യത്തിലൂടെ സ്വന്തം തടി രക്ഷിക്കാൻ മാർഗം തേടിയതാണ്.

ഇതിന്റെ ആദ്യ സൂചന ഇനി ഉടൻ സാധ്യതയുള്ളത് നരേന്ദ്ര കമ്മീഷൻ റിപ്പോർട്ടിനെ ചൊല്ലി മുസ്ലിംലീഗിന്റെ രോഷപ്രകടനങ്ങൾ ആയിരിക്കും. യു.ഡി.എഫ് കപ്പലിൽ നിന്ന് രക്ഷപ്പെടാനുള്ള തിരക്കിലേറെ ഇത് ലീഗിന് അത്യന്താപേക്ഷിതം ആയിരിക്കുന്നത് മുസ്ലിം സമുദായത്തിനുള്ളിൽ പാർട്ടി നേരിടുന്ന വിശ്വാസ തകർച്ചയാണ്. തൽക്കാലം പാർട്ടിക്കുള്ളിൽ വളർന്നുവന്ന വിമതശല്യം ഒതുക്കിയെങ്കിലും മുസ്ലിം മത സംഘടനകളിൽ നിന്നു തന്നെയുള്ള എതിർപ്പുകൾ ലീഗിന്റെ അടിത്തറ ഇളക്കാൻ കഴിയുന്നതാണ്. ഇതിനെയൊക്കെ മറികടന്ന് സമുദായിക വികാരം തങ്ങൾക്ക് അനുകൂലമാക്കാൻ അവസാനമാർഗമായി നരേന്ദ്രൻ റിപ്പോർട്ട് ഉപയോഗിക്കാമെന്ന് ലീഗ് കരുതുന്നുണ്ട്. എന്നാൽ ഇത് യു.ഡി.എഫിന്റെ അന്ത്യത്തിലേക്ക് വഴിവയ്ക്കുമെന്നുറപ്പാണ്. എന്നിട്ടും അവർ അതിന് കച്ചമുറുക്കുകയാണ്.

എൻ.എസ്.എസ്., എസ്.എൻ.ഡി.പി സഖ്യവും മുസ്ലീം ലീഗും തമ്മിൽ ഇത് നേരിട്ട് യുദ്ധത്തിന് ഇടയാക്കും. ഹിന്ദുത്വ ശക്തികളും അവസരം ഉപയോഗിക്കാതിരിക്കില്ല. ഒരുപക്ഷേ ഇത് വർഗീയ സംഘർഷങ്ങൾക്ക് പോലും കാരണമായേക്കാം. അതുകൊണ്ട് മുരളീധരൻ പറയുന്ന ഒരു കാര്യം ശരിയാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിയുന്നതോടെ ഇന്നത്തെ നിലയിൽ യു.ഡി.എഫ് നിലനിൽക്കാൻ ഇടയില്ല. ഇത് വിശ്വസിക്കാനും ഏറെപ്പേരുണ്ടായിരുന്നു.

എന്നാൽ ഏറെ താമസിയാതെ കാര്യങ്ങൾ കുഴഞ്ഞുമറിയാൻ തുടങ്ങി. സംഭവബഹുലമായ ഒരു രാഷ്ട്രീയ ജീവിതത്തിന് കാലം അർദ്ധവിരാമം ഇടുകയാണോ എന്നു ശങ്കിക്കുന്ന ഒട്ടേറെ രാഷ്ട്രീയ നിരീക്ഷകരുണ്ടിവിടെ.

പറഞ്ഞുവരുന്നത് കരുണാകരനെ കുറിച്ച് തന്നെയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ സംഘടനയിൽ നിന്നുതന്നെ താൻ ബഹിഷ്കൃതനാകുകയാണോ..? അങ്ങിനെ ഒരവസ്ഥയിലേക്ക് ആ പാർട്ടിയിലെ കാര്യങ്ങൾ എത്തപ്പെട്ടിരിക്കുകയാണെന്ന് കരുണാകരന് തോന്നിത്തുടങ്ങി.

താൻ താലോലിച്ചുകൊണ്ട് നടന്ന രാഷ്ട്രീയ സംഘടനയിൽ നിന്നും പുറത്തു പോകുന്നതല്ല കരുണാകരനെ വിഷമിപ്പിക്കുന്നത്.

നേരെ മറിച്ച് തനിക്കെതിരെ കർക്കശമായ ഒരു നടപടി പോലും എടുക്കാതെ, രക്തസാക്ഷിത്വ പരിവേഷം പോലും നൽകാതെ കോൺഗ്രസ് തന്നെ തികച്ചും അരക്ഷിതമായ ഒരു ഘട്ടത്തിൽ എത്തിച്ചിരിക്കുന്നു. ഇതാണ് കരുണാകരനെ വിഷമിപ്പിക്കുന്നത്.

2005 ഏപ്രിൽ പത്താം തീയതി എ.ഐ.സി.സി ജനറൽ സെക്രട്ടറി ജനാർദ്ദനൻ ദ്വിവേദി, കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്നും കെ. മുരളീധരനെ ആറു വർഷത്തേക്ക് പുറത്താക്കിയ വാർത്ത മാധ്യമങ്ങളെ അറിയിക്കുമ്പോൾ അത് മുരളീധരനെ ലക്ഷ്യമാക്കിയുള്ള ഒരസ്ത്രം അല്ല എന്നത് രാഷ്ട്രീയ കേന്ദ്രങ്ങൾക്ക് നന്നായി അറിയാവുന്നതാണ്.



# പിടിമുറുക്കുന്ന ലഹരിയിൽ നിന്നും കേരളത്തെ ആര് മോചിപ്പിക്കും?

കേരളം ഇന്നുവരെ കാണാത്ത വലിയൊരു ഭീതിയിലൂടെയാണ് കടന്നപോകുന്നത്. അതിന് കാരണം മറ്റൊന്നുമല്ല ലഹരി തിന്നുന്ന യുവതലമുറയാണ്. ലഹരിയുടെ വിദൂര കെടുതികൾ അനുഭവിച്ച നമ്മൾ അതിന്റെ സംഹാരതാണ്ഡവങ്ങൾ കണ്ട് വിറങ്ങലിച്ചു നിൽക്കുകയാണ്. ലഹരിയുടെ ഉന്മാദ വലയം നമ്മുടെ വീടുകളെ ശ്മശാന മൂകതയിലേക്ക് കൊണ്ടെത്തിച്ചു.



ഇന്ന് മാധ്യമങ്ങളിൽ വന്നതും എന്നാൽ അധികമാരും ശ്രദ്ധിക്കാത്തതുമായ ഒരു വാർത്തയായിരുന്നു, സ്കൂളിലെ ലഹരി ഉപയോഗത്തെ കുറിച്ച് പരാതി പറഞ്ഞ വിദ്യാർത്ഥിയെ ആറംഗ സംഘം മർദിച്ചു എന്നത്. നമ്മുടെ വ്യവസ്ഥകൾ ഇത്തരത്തിൽ ആണെങ്കിൽ ലഹരിയ്ക്കെതിരെ ആര് എങ്ങനെ പ്രതികരിക്കും? എങ്ങനെ പ്രതിരോധിക്കും? ഇതിന് വ്യക്തമായ ഉത്തരം നൽകേണ്ടത് സർക്കാരും നമ്മുടെ നിയമവ്യവസ്ഥകളുമാണ്. സംഭവം നടന്നത് കേരളത്തിന്റെ തലസ്ഥാന നഗരിയിലാണ്. ആരും സംഭവം അത്ര കാര്യമാക്കിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

മനുഷ്യ സവിശേഷതകളിൽ പ്രധാനമാണ് നാനാവസ്ഥകളിലും ആനന്ദത്തിൽ എത്തിച്ചേരുക എന്നത്. ജീവജാലങ്ങൾക്ക് അനിവാര്യമായും വേണ്ട ഭക്ഷണം, പാർപ്പിടം, വസ്ത്രം മുതലായ പ്രാഥമിക ആവശ്യങ്ങൾക്കുപരി അധികാരത്തോട്, അംഗീകാരത്തോട്, ധനാഗമനത്തോട്, സുഖത്തോട് മനുഷ്യന് അനന്തമായ പ്രതിപത്തിയാണ്. ഇതിനെയെല്ലാം ചേർത്ത് ലഹരിയുടെ അടിമയാണ് മനുഷ്യനെന്ന് വ്യവച്ഛേദിക്കാം. ആസക്തിയുടെ അടിമത്തം മനുഷ്യൻ ആസ്വദിക്കും. ആയതിനാൽ നിരന്തരമായി അവനെ സംസ്കരിക്കേണ്ടത് അനിവാര്യമാണ്.

രക്തം ശുദ്ധി ചെയ്യാൻ വൃക്ക നിരന്തരം പ്രവർത്തിക്കുന്നപോലെ മനുഷ്യനിൽ കുടികൊള്ളുന്ന ആത്മാംശത്തെ ശുദ്ധിചെയ്യാൻ ഒരു ശക്തിയുടെ ഇടപെടൽ നിർലോഭം ഉണ്ടാകേണ്ടതാണ്. ലഹരി എന്ന തിന്മക്കെതിരെ ശക്തമായ പ്രതിരോധം തീർക്കുക കാലത്തിന്റെ അനിവാര്യതയാണ്. ലഹരിയെ സമീപിക്കുന്ന രീതിയിൽ കാര്യമായ മാറ്റം സമൂഹം കൊണ്ടുവരേണ്ടതുണ്ട്.

അതിന് ലഹരിയുടെ നാനാവശങ്ങൾ നമ്മൾ അറിഞ്ഞിരിക്കണം. കൗമാരത്തിലും യൗവനാരംഭത്തിലുമാണ് കൂടുതൽ പേരും ലഹരിക്കടിപ്പെടുന്നത്. ഇതിന്റെ കാരണങ്ങൾ അറിയണം. ഈ പ്രായത്തിൽ ക്രിമിനൽ മനസ് ഉള്ളവരല്ല കുട്ടികൾ. പിന്നെ എന്തുകൊണ്ടാണ് അവർ ക്രൂരതകൾ ചെയ്തുകൂട്ടുന്നത്?

ഒരു വ്യക്തി ലഹരിയുടെ പിടിയിലമർന്നാൽ അവനെ ഒരു രോഗിയെപ്പോലെ കാണാൻ സാധിക്കണം. ലഹരി ഉപയോഗിക്കുന്നവർ, ലഹരിക്ക് അടിപ്പെട്ടവർ, ലഹരി മുക്തരായവർ, ലഹരി ഉപയോഗിക്കാത്തവർ എന്നിങ്ങനെ സമൂഹം വിഭജിക്കപ്പെടണം.

ആദ്യ മൂന്ന് വിഭാഗത്തെയും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നാലാമത്തെ വിഭാഗം അറിയേണ്ടതുണ്ട്. ഇങ്ങനെ കൃത്യമായി മനസിലാക്കാത്തതും, ലഹരി ഉപയോഗിക്കുന്നവരെ കൈകാര്യം ചെയ്യാൻ വൈദഗ്ധ്യം ഇല്ലാത്തതുമാണ് ഈ വിപത്ത് ഇത്രയും പിടിമുറുക്കാൻ കാരണമായത്.

### ലഹരിയിലൂടെ സമ്പത്ത്

ഒരർഥത്തിൽ ഭക്ഷണം, മരുന്ന് എന്നിവക്ക് സമാനമാണ് ലഹരി വസ്തുക്കളും. ചില രാജ്യങ്ങളുടെ സാമ്പത്തിക നിലനിൽപ്പ് ഇത്തരം ലഹരി പദാർഥങ്ങളുടെ ഉത്പാദനമാണ്. ഓപ്പിയം, കറുപ്പ് എന്നിവ ടൺ കണക്കിന് കൃഷി ചെയ്ത് ലോക വിപണിയിലെത്തിച്ചാണ് ഒരുകാലത്ത് അഫ്ഗാനിസ്ഥാൻ ഉപജീവനം കണ്ടെത്തിയത്. പോപ്പികൃഷി എന്നാണിത് അറിയപ്പെട്ടിരുന്നത്. ചരസ്, ഗഞ്ച (കഞ്ചാവ്) മുതലായവ ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ അനുവദനീയ കൃഷിയാണ്.

കള്ള്, ചാരായം, വിദേശമദ്യം എന്നിവ കേരളം അടക്കം മിക്ക സംസ്ഥാനങ്ങളുടെയും മുഖ്യ വരുമാന മാർഗമാണ്. ഇത്തരം വൈരുധ്യങ്ങളിൽ നിന്ന് വേണം ലഹരിക്കെതിരെ പോരാടാൻ. മദ്യം എന്ന ലഹരി നിർമിക്കുന്നതും വിപണനം നടത്തുന്നതും എക്സൈസ് ഡിപാർട്ട്മെന്റാണ്. അവർ തന്നെയാണ് ലഹരി മാഫിയയെ പിടിക്കുന്നതും ശിക്ഷിക്കുന്നതും.

മദ്യവർജനത്തിന് ഊന്നൽ നൽകാനും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന വിമുക്തി മിഷനും ഇതേ എക്സൈസ് ഡിപാർട്ട്മെന്റിന്റെ കീഴിലാണ്. സങ്കീർണതയുടെ പിരിക്കോണിയിലാണ് നാം നിൽക്കുന്നത്.

ലഹരിയുടെ സാമ്പത്തിക പിന്തുണ സർക്കാറുകൾക്ക് എത്രമേൽ അനിവാര്യമാണെന്ന് സൂചിപ്പിച്ചു. അതപോലെയോ അതിൽ കൂടുതലോ പ്രധാനമാണ് മാഫിയാ സംഘങ്ങൾക്കും ഈ മേഖല. അതുകൊണ്ടാണല്ലോ രഹസ്യമായി അധികൃതരെ അറിയിച്ച പരാതി മറ്റുള്ളവരുടെ ചെവിയിൽ എത്തിയതും 18 കാരന് മണിക്കൂറുകൾക്കകം മർദ്ദനം ഏൽക്കേണ്ടി വന്നതും.

ആഫ്രിക്കൻ, അമേരിക്കൻ മാഫിയകളിലേക്ക് എത്തുന്നതാണ് മയക്കുമരുന്ന് ലോബി. ''വേൾഡോമീറ്റർ' വെബ്സൈറ്റ് കണക്കാക്കിയിരിക്കുന്നത് ഒരു വർഷം ശരാശരി 400 ബില്യൺ ഡോളറിന്റെ (മുപ്പത്തഞ്ച് ലക്ഷം കോടി രൂപ) വാർഷിക വിറ്റുവരവ് നിയമവിരുദ്ധമായ ലഹരിവസ്തുക്കൾ വഴി ലഭിക്കുന്നുണ്ട് എന്നാണ്. അംഗീകൃത ലഹരിയുടെ കണക്ക് വേറെയും ഉണ്ട്. ഈ പണം പൂർണതോതിൽ ഉപയോഗിക്കപ്പെടുന്നത് മനുഷ്യക്കടത്തിനും ആയുധക്കടത്തിനും തീവ്രവാദ പ്രവർത്തനങ്ങൾക്കും ക്വട്ടേഷൻ പരിപാടികൾക്കും അടക്കമുള്ള കുറ്റകൃത്യങ്ങൾക്കാണ്.

രാഷ്ട്രാന്തരീയ സംഘടിത കുറ്റകൃത്യങ്ങളുടെ പകുതിയും ലഹരി മാഫിയ വഴിയാണ് സംഭവിക്കുന്നത് എന്ന് സാക്ഷ്യപ്പെടുത്തുന്നത് ഐക്യരാഷ്ട്ര സംഘടനയുടെ ലഹരിയും കുറ്റകൃത്യവും കൈകാര്യം ചെയ്യുന്ന യുഎൻഒഡിസി ആണ്. അപ്പോൾ നമ്മുടെ കുട്ടികളുടെ കൈകളിലെത്തുന്ന ലഹരിയുടെ സ്രോതസ്സും അത് ആഗോളതലത്തിൽ ഉണ്ടാക്കുന്ന കൊടിയ ഭവിഷ്യത്തും ഊഹിക്കാവുന്നതേയുള്ളൂ.

ചെറുപ്രായത്തിൽ തന്നെ പലരും ലഹരിയുടെ അടിമത്തത്തിലേക്ക് പ്രവേശിക്കുന്നു എന്ന വസ്തുത അവഗണിച്ചുകൂടാ. അതിനുള്ള കാരണങ്ങൾ പലതാണ്. ആ കാരണങ്ങളെ രണ്ടായി തരംതിരിക്കാം. ഒന്ന് അവരുടെ പ്രായം, അനുഭവം. ബുദ്ധി എന്നിവയിടെ ഫലമായുണ്ടാകുന്നവ. രണ്ടാമത്തേത്, ബാഹ്യ ശക്തികൾ വഴി ഉണ്ടാകുന്നവ. രണ്ടായാലും ഒരാൾ മയക്കുമരുന്നിനടിപ്പെടുന്നത് ഒരിക്കലും ആ വ്യക്തിയുടെ തിരഞ്ഞെടുപ്പല്ല. താൻ ലഹരിക്കടിമയാകും എന്ന ബാധ്യതോടെയല്ല ആ വ്യക്തി ലഹരി ഉപയോഗിച്ച് തുടങ്ങുന്നത്.

മാത്രമല്ല ലഹരിയെ പൂർണമായും ലോകത്ത് നിന്ന് തുടച്ചു നീക്കാമെന്ന് കരുതുന്നതും വെറുതെയാണ്. പ്രായോഗികമായ സമീപനം വഴി ലഹരിയെ നമുക്ക് നേരിടാൻ സാധിക്കും. അതിന്റെ കെടുതികളെ വലിയൊരളവോളം നിയന്ത്രിക്കാൻ സാധിക്കും. എന്നാൽ വളരെയധികം അർപ്പണബോധത്തോടെ, കൂട്ടായ പരിശ്രമത്തിലൂടെ സാധിച്ചെടുക്കേണ്ട ഒന്നാണിത്. ലഹരിയുടെ ശൃംഖല സദാ ഉണർന്നിരിക്കുകയാണ്. അധോലോകമാണ് അതിനെ നിയന്ത്രിക്കുന്നത്. അവരുടെ വേരുകൾ സാമൂഹിക സംവിധാനങ്ങളുടെ അകത്തളങ്ങളിൽ വരെ ആഴ്ന്നിറങ്ങിയിരിക്കുന്നു. ആ വലക്കണ്ണികൾ പിഴുതെറിയുക അത്ര എളുപ്പത്തിൽ സാധ്യമല്ല. സമൂഹത്തിന്റെ നിതാന്ത ജാഗ്രതയാണ് ഏക മാർഗം.

### നേരത്തെ എത്തുന്ന കൗമാരം

ഭക്ഷണ ശീലങ്ങൾക്കൊണ്ടും മറ്റും ഇന്ന് കുട്ടികൾ നേരത്തേ തന്നെ കൗമാരത്തിലെത്തുന്നു. 13 വയസ്സ് മുതൽ 19 വരെയാണ് നേരത്തേ കൗമാരം കണക്കാക്കിയിരുന്നതെങ്കിൽ ഇന്നത് 10 വയസ്സ് മുതലാണ്. ഒരു പത്ത് വയസ്സുകാരന്റെ മാനസിക നില കൗമാരക്കാരന്റേതാണ്. ശാരീരിക, മാനസിക, വൈകാരിക, വൈജ്ഞാനിക മാറ്റങ്ങളുടെ സമയമാണ് കൗമാരം.

മനുഷ്യ വളർച്ചയിൽ കൗമാരത്തോട് സമീകരിക്കാവുന്ന ഒരു കാലം വേറെയില്ല. 'വിമുക്തി' 600 വിദ്യാർഥികളിൽ നടത്തിയ സർവേ പ്രകാരം 70 ശതമാനം പേരും പത്തിനും പതിനഞ്ചിനും ഇടയിലുള്ള പ്രായത്തിലാണ് ആദ്യമായി ലഹരി ഉപയോഗിച്ചത് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതിന് ഫലപ്രദമായ ഒരു പരിഹാരവും നമ്മുടെ മുമ്പിൽ ഇല്ലല്ലേ? സമൂഹത്തെ കാർന്നുതിന്നുന്ന ഈ മഹാവിപത്തിന് പരിഹാരം കണ്ടെത്തിയേ മതിയാകൂ.

### 2025 ൽ വിമുക്തി തേടിയത് 2000 പേർ

2025 ൽ ഇതുവരെ എക്സൈസിന്റെ ഡീ അഡിക്ഷൻ സെന്ററുകളായ വിമുക്തി കേന്ദ്രങ്ങളിൽ 2085 പേരാണ് എത്തിയത്. ഇതുവരെ 98 പേർക്ക് വിമുക്തി കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നൽകി. 23 വയസ് വരെയുള്ളവരെ ലഹരി കേസുകളുമായി പിടിച്ചാൽ ഡീ അഡിക്ഷൻ കോഴ്സുകൾ നിർബന്ധമാണ്. നിരോധിത ലഹരി വസ്തുക്കൾ ഉപയോഗിച്ചാൽ 23 വയസ് വരെയുള്ളവർക്ക് ചികിത്സ നൽകി ഭേദമായാൽ കേസ് ഒഴിവാക്കും.

എന്നാൽ വിമുക്തി കേന്ദ്രങ്ങളിൽ ബൈ സ്റ്റാൻഡർ ഇല്ലാതെ കിടത്തി ചികിത്സ നൽകാനാകില്ല. ബൈ സ്റ്റാൻഡർ ഇല്ലാതെ പുറത്തു കൊണ്ടുപോയി ചികിത്സിക്കാമെന്ന് പറയുന്നവരുമുണ്ട്. എന്നാൽ 23 വയസു വരെയുള്ളവർ കൗൺസിലിംഗ് വേണ്ടെന്നു പറഞ്ഞാൽ കേസിന്റെ നടപടികൾ നേരിടണമെന്നാണ് എൻഡിപിഎസ് ആക്ടിൽ പറയുന്നത്.

ആരാണ് ലഹരി മാഫിയകളെ സംരക്ഷിക്കുന്നത്. ലഹരി ഉപയോഗത്തിനെതിരെ ചൂണ്ടുന്ന വിരലുകൾ സംരക്ഷിക്കാൻ സർക്കാർ സംവിധാനങ്ങൾ എല്ലാ സമയവും സജ്ജമായിരിക്കണം. ലഹരി ഉപയോഗിക്കുന്നവനും വിൽപന നടത്തുന്നവനും ഭയക്കുകയും പ്രതികരിക്കുന്നവന് കൂടുതൽ സംരക്ഷണം ഉറപ്പ് വരുത്തുകയും വേണം. സംരക്ഷിക്കേണ്ട കരങ്ങൾ തന്നെ സംഹരിക്കാതിരിക്കുക.

## യുഎസ് വൈസ് പ്രസിഡന്റ് വാൻസും കുടുംബവും ഇന്ത്യാ സന്ദർശനത്തിന്; പ്രധാനമന്ത്രി മോദിയുമായി ചർച്ച നടത്തും

ന്യൂഡെൽഹി: യുഎസ് വൈസ് പ്രസിഡന്റ് ജെഡി വാൻസും കുടുംബവും ഏപ്രിൽ 18 മുതൽ 24 വരെ ഇന്ത്യയും ഇറ്റലിയും സന്ദർശിക്കും. ഇരു രാജ്യങ്ങളിലെയും നേതാക്കളുമായി വാൻസ് സാമ്പത്തിക, ഭൗമരാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യും. ഇന്ത്യയിലെത്തുന്ന ജെഡി വാൻസ് പ്രധാനമന്ത്രി മോദിയുമായി കൂടിക്കാഴ്ച നടത്തും. യുഎസ് വൈസ് പ്രസിഡന്റ് ഈ ആഴ്ച ഇറ്റലിയിലേക്കും തുടർന്ന് ഇന്ത്യയിലേക്കും പോകുമെന്ന് വാൻസിന്റെ വക്താവ് പറഞ്ഞു.



വാൻസിന്റെ ഇന്ത്യൻ വംശജയായ ഭാര്യ ഉഷ വാൻസും യാത്രയിൽ ഒപ്പം ഉണ്ടാകും. കുട്ടികളായ ഇവാൻ, വിവേക്, മിറാബെൽ എന്നിവരെയും ഇന്ത്യയിലേക്ക് കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിൽ, വാൻസും കുടുംബവും ന്യൂഡെൽഹി, ജയ്പൂർ, ആഗ്ര എന്നിവടങ്ങൾ സന്ദർശിക്കും.

ഇന്ത്യയും യുഎസും വ്യാപാര കരാർ ചർച്ചകൾ സജീവമാക്കിയ സാഹചര്യത്തിലാണ് വാൻസിന്റെ സന്ദർശനം. ആറ് ആഴ്ചയ്ക്കുള്ളിൽ യുഎസുമായുള്ള താരിഫ് ചർച്ചകൾ അവസാനിപ്പിക്കാൻ ഇന്ത്യ പ്രതീക്ഷിക്കുന്നതായി കേന്ദ്ര സർക്കാരിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.

വാൻസിന്റെ സന്ദർശനം പ്രധാനമായും ഒരു സ്വകാര്യ യാത്രയായിരിക്കാനാണ് സാധ്യത. എന്നിരുന്നാലും അതിൽ ഔദ്യോഗിക കാര്യങ്ങൾ കൂടി ഉണ്ടായിരിക്കും.



## എൻ.ഡി.എയിലേക്ക് മടങ്ങിയെത്തി, സർക്കാരിനെതിരെ എടപ്പാടി കെ. പളനിസാമി



ചെന്നൈ: എൻ.ഡി.എ സഖ്യത്തിലേക്ക് മടങ്ങിയെത്തിയ അണ്ണാ ഡി.എം.കെ തമിഴ്നാട് നിയമസഭയിൽ ഡി.എം.കെ സർക്കാരിനെതിരെ ശക്തമായ നിലപാടെടുത്തു. ഇന്നലേയും ചൊവ്വാഴ്ചയും നിയമസഭയിൽ നിന്നും വാക്കൗട്ട് നടത്തി. ഡി.എം.കെ നേതൃത്വത്തിലുള്ള സർക്കാർ പ്രതിപക്ഷ ശബ്ദങ്ങളെ അടിച്ചമർത്തുകയും ഗുരുതരമായ ആരോപണങ്ങൾ നേരിടുന്ന മന്ത്രിമാരെ സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് പ്രതിപക്ഷ നേതവ് എടപ്പാടി കെ. പളനിസാമി ആരോപിച്ചു.

കെ. പൊൻമുടി, കെ.എൻ. നെഹ്റു, വി സെന്തിൽ ബാലാജി എന്നീ മൂന്ന് മുതിർന്ന മന്ത്രിമാർക്കെതിരെ നിയമസഭാ ചട്ടം 72 പ്രകാരം അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ അണ്ണാ ഡി.എം.കെ അംഗങ്ങൾ ശ്രമിച്ചുവെങ്കിലും സ്പീക്കർ എം.അപ്പാവു അനുമതി നൽകിയില്ല.

സ്പീക്കർ വിസമ്മതിച്ചത് ജനാധിപത്യവിരുദ്ധമാണെന്ന് വാക്കൗട്ട് നടത്തിയ ശേഷം എടപ്പാടി പ്രതികരിച്ചു. 'ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ഇത്തരം പ്രമേയങ്ങൾ മുമ്പ് ചർച്ച ചെയ്തിരുന്നു. ഇപ്പോൾ എന്തുകൊണ്ടാണ് മൗനം?' പ്രതിഷേധത്തിനിടെ പ്രതിപക്ഷ അംഗങ്ങൾ 'ജനാധിപത്യം എവിടെ? ജനങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻ അനുവാദമില്ല' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തി.

മാദ്ധ്യമങ്ങളോടുസംസാരിക്കവെ, ഭാവിയിലെ രാഷ്ട്രീയ വിന്യാസങ്ങളെക്കുറിച്ചും ഇ.പി.എസ് സൂചന നൽകി. 'തിരഞ്ഞെടുപ്പുകൾ മാത്രമേ ഞങ്ങളുടെ സഖ്യത്തിന്റെ ശക്തി നിർണ്ണയിക്കൂ. ഡി.എം.കെയ്ക്കെതിരായ ഒറ്റക്കെട്ടായ വോട്ടാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്,' അദ്ദേഹം പറഞ്ഞു. 'ബിജെപി ഇതിനകം ഞങ്ങളോടൊപ്പം ചേർന്നു. മറ്റ് പലരും സഖ്യത്തിലേക്ക് വരും,' അദ്ദേഹം കൂട്ടിച്ചേർത്തു.

# നാഷണൽ ഹെറാൾഡ് കേസ്, നിയമപോരാട്ടത്തിന് കോൺഗ്രസ്



ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ നിയമപോരാട്ടത്തിനായി ആലോചനകൾ തുടങ്ങി കോൺഗ്രസ്. രാഹുൽ ഗാന്ധിയെയും സോണിയ ഗാന്ധിയെയും പ്രതികളാക്കി ഡൽഹി റൗസ് അവന്യൂ കോടതിയിൽ ഇ.ഡി കുറ്റപത്രം സമർപ്പിച്ച സാഹചര്യത്തിലാണിത്. കുറ്റപത്രത്തിനെതിരെ ഡൽഹി ഹൈക്കോടതിയെയോ സുപ്രീം കോടതിയെയോ സമീപച്ചേക്കും.

മുതിർന്ന അഭിഭാഷകരുമായി നേതൃത്വം കൂടിയാലോചന നടത്തിയെന്നാണ് വിവരം. കേസിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് അദ്ധ്യക്ഷൻ സാം പിത്രോദ, രാജീവ് ഗാന്ധി ഫൗണ്ടേഷൻ ട്രസ്റ്റി സുമൻ ദുബെ തുടങ്ങിയവർ കൂട്ടുപ്രതികളാണ്. കുറ്റപത്രം സ്വീകരിക്കുന്നതിൽ പ്രത്യേക ജഡ്ജി ഏപ്രിൽ 25ന് വാദം കേൾക്കും.

### പ്രതിഷേധം

രാഹുലിനും സോണിയയ്ക്കുമെതിരെ കുറ്റപത്രം സമർപ്പിച്ച ഇ.ഡി നടപടിക്കെതിരെ ഉത്തരേന്ത്യയിലെ വിവിധയിടങ്ങളിൽ കോൺഗ്രസ് പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. ഇ.ഡി ആസ്ഥാനത്തേക്ക് നീങ്ങാൻ ഡൽഹിയിലെ എ.ഐ.സി.സി ആസ്ഥാനത്തിന് മുന്നിൽ തടിച്ചുകൂടിയ പ്രവർത്തകരെ പൊലീസ് കസ്റ്റഡിയിലെടുത്ത് നീക്കി. കുറ്റപത്രം മോദി സർക്കാരിന്റെ പരിഭ്രാന്തി തുറന്നുകാട്ടുന്നതെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി ജയറാം രമേശ് പ്രതികരിച്ചു.

പ്രതിഷേധിക്കാൻ കോൺഗ്രസിന് അവകാശമുണ്ടെന്ന് ബി.ജെ.പി ചൂണ്ടിക്കാട്ടി. എന്നാൽ ഭൂമിയും പൊതുഫണ്ടും കൊള്ളയടിക്കാൻ അവർക്ക് അവകാശമില്ലെന്ന് ബി.ജെ.പി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ രവിശങ്കർ പ്രസാദ് പറഞ്ഞു.

### വാദ്രയ്ക്ക് ചോദ്യംചെയ്യലിന്റെ മൂന്നാംദിനം

കള്ളപ്പണം വെളുപ്പിച്ചെന്ന കേസിൽ പ്രിയങ്ക ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്ര ഇന്നും ഇ.ഡിക്ക് മുന്നിൽ ഹാജരാകണം. തുടർച്ചയായ മൂന്നാം ദിവസമാണിന്ന്. ഇന്നലെ അഞ്ചു മണിക്കൂറോളം ചോദ്യംചെയ്ത ശേഷം വിട്ടയച്ചു. ചൊവ്വാഴ്ച ആറു മണിക്കൂറോളം ചോദ്യംചെയ്തു. ഗുരുഗ്രാം ശകോഹ്പൂരിലെ 3.5 ഏക്കർ ഭൂമി ഏഴരക്കോടി രൂപ നൽകി വാദ്രയുടെ സ്കൈലൈറ്റ് ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ് വാങ്ങിയതുമായി ബന്ധപ്പെട്ടാണ് ഇ.ഡി കേസ്. റിയൽ എസ്റ്റേറ്റ് കമ്പനിയായ ഡി.എൽ.എഫിന് ഈഭൂമി 58 കോടിക്ക് മറിച്ചുവിറ്റതിൽ കള്ളപ്പണ ഇടപാട് നടന്നിട്ടുണ്ടോയെന്നാണ് ഇ.ഡി അന്വേഷിക്കുന്നത്.







# 'കോടികൾ കയ്യിൽ കിട്ടുമായിരുന്നു, പക്ഷേ അസുഖമായതോടെ അത് വേണ്ടെന്ന് വച്ചു'; സാമന്ത



നടി സാമന്തയ്ക്ക് വലിയൊരു ആരാധകവൃന്ദമുണ്ട്.അതുകൊണ്ടാണ് വിവാഹവും വേർപിരിയലും തുടങ്ങി നടിയുടെ ജീവിതത്തിൽ സംഭവിക്കുന്ന ചെറിയ കാര്യങ്ങൾ പോലും ചർച്ച ചെയ്യപ്പെടുന്നത്. ആരാധകരെ വെറുപ്പിക്കാതെ അഭിനയിക്കുന്നതും വളരെ ലളിതമായ ജീവിതവുമാണ് സാമന്തയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയാക്കുന്നത്.എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി, നടിയുടെ ജീവിതത്തിൽ വിവിധ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഭർത്താവും തെലുങ്ക് നടനുമായ നാഗ ചൈതന്യയിൽ നിന്ന് വേർപിരിഞ്ഞതിന് ശേഷമാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. സാമന്തയുടെ പ്രവൃത്തികൾ അവരുടെ ദാമ്പത്യജീവിതം തകരാൻ കാരണമായെന്നും ആരോപണമുണ്ടായിരുന്നു. അതിനിടയിൽ, നടിക്ക് ഗുരുതരമായ ശാരീരിക പ്രശ്നങ്ങളും ഉണ്ടായിരുന്നു. അങ്ങനെ, ചികിത്സയ്ക്കായി സാമന്ത സിനിമകളിൽ അഭിനയിക്കുന്നതിൽ നിന്ന് ഇടവേള എടുത്തു.ആരോഗ്യം മെച്ചപ്പെടുന്നതുവരെ സാമന്ത വീട്ടിൽ വിശ്രമിക്കുകയാണ്. ഈ കാലയളവിൽ പരസ്യങ്ങളിൽ അഭിനയിക്കാൻ ചിലർ തന്റെ അടുത്തേക്ക് ഓഫറുകളുമായി വന്നെങ്കിലും താൻ അത് നിരസിച്ചുവെന്ന് നടി ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുകയാണ്. ഒരു പരിപാടിയിൽ സംസാരിക്കവെ, തനിക്ക് വന്ന അവസരങ്ങളോട് താൻ നോ പറഞ്ഞിരുന്നതായും അല്ലാത്തപക്ഷം കോടികൾ സമ്പാദിക്കാമായിരുന്നുവെന്നും നടി വ്യക്തമാക്കി.കഴിഞ്ഞ വർഷങ്ങളിൽ അസുഖം ബാധിച്ച് വീട്ടിലിരുന്ന സമയത്ത് പല മൾട്ടിനാഷണൽ ബ്രാൻഡുകളും അവരുടെ ബ്രാൻഡ് അംബാസഡറാകാൻ എന്നെ സമീപിച്ചു. നല്ല പ്രശസ്തിയും അംഗീകാരവും ലഭിക്കുമെന്ന് എനിക്കും അറിയാം. മുൻപും ഈ ബ്രാൻഡുകളുടെ പരസ്യങ്ങളിൽ ഞാൻ അഭിനയിച്ചിട്ടുണ്ട്.ഇത്തരം ബ്രാൻഡുകൾക്ക് വേണ്ടി പ്രവർത്തിച്ചാൽ എനിക്ക് കോടികൾ സമ്ബാദിക്കാമായിരുന്നു. പക്ഷേ ഞാൻ അതെല്ലാം നിഷേധിക്കുകയാണ് ചെയ്തത്. കുറച്ച് വർഷങ്ങൾക്ക് മുമ്ബ് എനിക്ക് ചില ശാരീരിക പ്രശ്നങ്ങൾ ഉണ്ടായി. അതിൽ നിന്നും പുറത്ത് വന്ന് കൊണ്ടിരിക്കുകയാണ്. ആയതിനാൽ, ഞാൻ അത്തരം പരസ്യങ്ങളിൽ അഭിനയിക്കില്ലെന്നൊരു തീരുമാനമെടുത്തു. സാമന്ത കൂട്ടിച്ചേർത്തു.

## നടൻ വിഷ്ണു പ്രസാദ് കരൾ രോഗത്തെത്തുടർന്ന് ഗുരുതരാവസ്ഥയിൽ



സിനിമ-സീരിയൽ താരം വിഷ്ണു പ്രസാദ് കരൾ രോഗത്തെത്തുടർന്ന് ഗുരുതരാവസ്ഥയിലെന്ന് റിപ്പോർട്ടുകൾ. വിഷ്ണുപ്രസാദിന് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തേണ്ടി വരുമെന്നും ചികിത്സയ്ക്കായി 30 ലക്ഷം രൂപയോളം ചെലവ് വരുമെന്നും വിഷ്ണുപ്രസാദിന്റെ ചില സുഹൃത്തുക്കൾ വ്യക്തമാക്കി. വിഷ്ണു പ്രസാദിന്റെ മകൾ താരത്തിന് കരൾ ദാനം ചെയ്യാൻ തയാറായിട്ടുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വേണ്ടി വരുന്ന തുക സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് കുടുംബം.വിഷ്ണുപ്രസാദിന്റെ കുടുംബത്തിന്റെ സമ്മതത്തോടെ 'ആത്മ'യിലെ അംഗങ്ങളിൽ നിന്ന് കുറച്ചു കൂടി തുക സമാഹരിക്കാൻ ഒരുങ്ങുകയാണെന്ന് നടൻ കിഷോർ സത്യയും ആത്മയുടെ വൈസ് പ്രസിഡന്റ് മോഹൻ അയിരൂരും പറഞ്ഞു. പറ്റുന്നവർ സഹായിക്കണം എന്ന് ഞങ്ങൾ അംഗങ്ങളോട് പറഞ്ഞിട്ടുണ്ട്. വിഷ്ണു പ്രസാദിന്റെ അനുമതിയോടെ അങ്ങനെ ഒരു അങ്ങനെ ഒരു സാമ്പത്തിക സഹായത്തിന്റെ അപേക്ഷ എല്ലാവർക്കും അയച്ചിട്ടുണ്ട്. നടൻ കിഷോർ സത്യ പറഞ്ഞു.

## മകനുവേണ്ടി തിരുപ്പതിയിലെത്തി തല മുണ്ഡനം ചെയ്ത് പവൻ കല്യാണിൻെറ ഭാര്യ



ആന്ധ്രാപ്രദേശ് ഉപമുഖ്യമന്ത്രി പവൻ കല്യാണിൻെറ ഭാര്യ അന്ന ഞായറാഴ്ച തിരുമല ക്ഷേത്രത്തിൽ വച്ച് തല മുണ്ഡനം ചെയ്തു. സിംഗപ്പൂരിൽ അടുത്തിടെ ഉണ്ടായ തീപിടുത്തത്തിൽ ഇവരുടെ മകന് പൊള്ളലേറ്റിരുന്നു. മകൻ പൊള്ളലിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടതിൻെറ നന്ദി സൂചകമായാണ് അന്ന തൻെറ തലമുടി മുണ്ഡനം ചെയ്തത്.പരിക്കേറ്റ മകൻ മാർക്ക് ശങ്കറിനെ കൊണ്ടുവരാൻ പവൻ കല്യാണും ഭാര്യയും കഴിഞ്ഞ ആഴ്ച സിംഗപ്പൂരിലേക്ക് പോയിരുന്ന പവൻ കല്യാൺ - അന്ന ദമ്ബതികളുടെ മകൻ മാർക്ക് ശങ്കർ അടുത്തിടെ സിംഗപ്പൂരിൽ ഒരു വേനൽക്കാല ക്യാമ്പിൽ പങ്കെടുക്കുന്നതിനിടെ ഉണ്ടായ തീപിടുത്തത്തിൽ നിന്ന് തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്.ഏപ്രിൽ എട്ടിന് ഉണ്ടായ തീപിടുത്തത്തിൽ കുട്ടിയുടെ കൈകളിലും കാലുകളിലും പൊള്ളലേറ്റിരുന്നു. വിഷപ്പുക ശ്വസിച്ചതിനാൽ ആശുപത്രിയിലായിരുന്നു എട്ടു വയസുകാരൻ. മാർക്കിന് ആപത്തുകൾ ഒന്നും പറ്റാത്തതിനാൽ വീട്ടിലേക്ക് മടങ്ങിയ ശേഷം അന്ന കൊനിഡേല തൻെറ മുടി ഭഗവാൻ വെങ്കിടേശ്വരന് സമർപ്പിക്കുമെന്ന് പ്രതിജ്ഞയെടുത്തിരുന്നു.'ആചാരം പാലിച്ചുകൊണ്ട്, അന്ന പത്മാവതി മുടി അർപ്പിക്കുകയും പൂജ ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്തു.

## എമ്പുരാൻ ഒടിടിയിൽ എത്തുന്നത് റീ എഡിറ്റ് പതിപ്പോ?



മലയാളത്തിലെ വലിയ ഹിറ്റായി മാറിയ ചിത്രമാണ് മോഹൻലാൽ നായകനായ എമ്പുരാൻ. 250 കോടിയിലേറെയാണ് ചിത്രം തീയറ്ററുകളിൽ നിന്നും ഗ്രോസ് കളക്ഷൻ നേടിയത്. മലയാളത്തിൽ ആദ്യമായി 100 കോടി ഷെയർ നേടിയ ചിത്രവും എമ്പുരാനാണ്. ചിത്രം ഇറങ്ങിയ സമയത്ത് അതിലെ ഉള്ളടക്കം വിവാദമായിരുന്നു. ചിത്രത്തിനെതിരെ ഒരു വിഭാഗം നടത്തിയ എതിർപ്പ് ശക്തമായതിന് പിന്നാലെ ചിത്രത്തിൻെറ നിർമ്മാതാക്കൾ തൻെറ ചിത്രം റീ എഡിറ്റ് ചെയ്തിരുന്നു. 22 ഓളം മാറ്റങ്ങൾ ചിത്രത്തിൽ വരുത്തിയെന്നാണ് വിവരം. ചിത്രത്തിലെ വില്ലൻെറ പേര് അടക്കം മാറ്റിയിരുന്നു. അതേ സമയം ചിത്രത്തിൻെറ ഒടിടി റിലീസ് സംബന്ധിച്ച ഒരു വിവരം ശ്രദ്ധേയമാകുകയാണ്. റീ എഡിറ്റ് ചെയ്ത പതിപ്പ് ആയിരിക്കും ഒടിടിയിൽ എത്തുക

# കാറ്റി പെറിയുടെ 10 മിനിറ്റ് ബഹിരാകാശ യാത്രയെ ട്രോളി സോഷ്യൽ മീഡിയ

ഗായിക കാറ്റി പെറി ഉൾപ്പെടെയുള്ള ആറ് വനിതകളുമായി ബ്ലൂ ഒറിജിന്റെ എൻഎസ് 31 ബഹിരാകാശ ദൗത്യം വിജയകരമായി പൂർത്തിയാക്കി മടങ്ങിയെത്തി. ഭൂമിക്കും ബഹിരാകാശത്തിനും ഇടയിലുള്ള കർമാൻ രേഖയിലൂടെ സഞ്ചരിച്ച് പേടകം ഭൂമിയിൽ തിരിച്ചെത്തി. പത്ത് മിനിറ്റോളമാണ് ദൗത്യം നീണ്ടുനിന്നത്. ശതകോടീശ്വരൻ ജെഫ് ബെസോസിന്റെ നേതൃത്വത്തിലുള്ള കമ്പനിയായ'ബ്ലൂ ഒറിജിൻ' ആണ് ചരിത്ര നേട്ടം സ്വന്തമാക്കിയിരിക്കുന്നത്.2021 ൽ സിവിലിയൻ പ്രോഗ്രാം ആരംഭിച്ചതിനുശേഷം പെറിയും സംഘവും ഉൾപ്പെടെ 58 പേർ ബ്ലൂ ഒറിജിനിന്റെ ബഹിരാകാശ പേടകത്തിൽ ബഹിരാകാശത്തേക്ക് യാത്ര ചെയ്തിട്ടുണ്ട്. ടെക്സാസിലെ ബ്ലൂ ഒറിജിന്റെ കേന്ദ്രത്തിൽനിന്ന് തിങ്കളാഴ്ച രാത്രി ഏഴരയോടെയായിരുന്നു പേടകം വിക്ഷേപിച്ചത്. ഭൂമിയിൽനിന്ന് നൂറുകിലോമീറ്റർ അകലെയുള്ള സബ് ഓർബിറ്റൽ ഭ്രമണപഥത്തിലാണ് സംഘം ചെലവഴിച്ചത്. തന്റെ യാത്ര മറ്റുള്ളവർക്കും തന്റെ മകൾക്കും പ്രചോദനമാകട്ടെ എന്ന് കാറ്റി പെറി പ്രതികരിച്ചു.ചരിത്രപരമായ ദൗത്യമായിരുന്നിട്ടും, സോഷ്യൽ മീഡിയയിൽ പലരും പെറിയുടെ പങ്കാളിത്തത്തെ 'വാനിറ്റി പ്രോജക്റ്റ്' എന്ന് വിളിക്കപ്പെടുന്ന ഒന്നായിട്ടാണ് കണ്ടത്. വിമർശകർ 10 മിനിറ്റ് മാത്രം നീണ്ടു നിന്ന പറക്കലിനെ ചൂണ്ടിക്കാണിക്കുകയും അതിന്റെ പ്രാധാന്യത്തെ ചോദ്യം ചെയ്യുകയും ചെയ്തു. വിമാനത്തിന്റെ ദൈർഘ്യത്തെ ടെയ്‌ലർ സ്വിഫ്റ്റിന്റെ 'ഓൾ ടൂ വെൽ' എന്ന ഗാനവുമായി താരതമ്യപ്പെടുത്തി മീമുകൾ പ്രചരിച്ചു. വിമാനയാത്രയ്ക്ക് ശേഷം പെറി നടത്തിയ പ്രവൃത്തികൾ, ലാൻഡിങ്ങിനിടെ നിലം ചുംബിക്കുക, പറക്കലിനിടെ "What a Wonderful World" പാടുക തുടങ്ങിയ കാര്യങ്ങളും വിമർശിക്കപ്പെട്ടു.





# ഒരു സിനിമയ്ക്ക് 30 കോടി! താരമൂല്യത്തിൽ പ്രിയങ്ക തന്നെ !

ബോളിവുഡിൽ പ്രിയങ്ക ചോപ്രയുടെ ഒരു സിനിമ റിലീസായിട്ട് ആറ് വർഷമാകുന്നു. 2019 ൽ ഫർഹാൻ അക്തറിനൊപ്പം അഭിനയിച്ച ദ സ്കൈ ഈസ് പിങ്ക് എന്ന ചിത്രത്തിലാണ് പ്രിയങ്ക ചോപ്ര അവസാനമായി അഭിനയിച്ചത്. ഹോളിവുഡിലും സജീവമായ പ്രിയങ്ക പിന്നീട് ഒരു ഇന്ത്യൻ സിനിമയിൽ അഭിനയിച്ചിട്ടില്ല. കത്രീന കൈഫ്, ആലിയ ഭട്ട് എന്നിവർക്കൊപ്പം സോയ അക്തർ ചിത്രം ജീലേ സരാ എന്ന ചിത്രം പ്രഖ്യാപിച്ചെങ്കിലും അനിശ്ചിതമായി നീളുകയായിരുന്നു.ആറ് വർഷത്തിനിപ്പുറവും ബോളിവുഡിൽ ഏറ്റവും താരമൂല്യമുള്ള നായികയായി തുടരുകയാണ് പ്രിയങ്ക. ബോളിവുഡിലെ മുൻനിര നായികമാരായ ആലിയ ഭട്ട്, ദീപിക പദുകോൺ എന്നിവരെയെല്ലാം പിന്തള്ളി പ്രതിഫലത്തുകയിലും മുന്നിൽ തന്നെയാണ്.നിലവിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന നായിക പ്രിയങ്ക ചോപ്രയാണ്. ബോളിവുഡിൽ വീണ്ടും സജീവമാകാനൊരുങ്ങുന്ന പ്രിയങ്കയെ തേടി വമ്പൻ ഓഫറുകളാണ് എത്തിക്കൊണ്ടിരിക്കുന്നത്. ആർആർആറിനു ശേഷം രാജമൗലി സംവിധാനം ചെയ്യുന്ന മഹേഷ് ബാബു ചിത്രത്തിൽ പ്രിയങ്ക ചോപ്രയാണ് നായികയായി എത്തുന്നത്. മുപ്പത് കോടി രൂപയാണ് ഈ ചിത്രത്തിന് പ്രിയങ്കയുടെ പ്രതിഫലം. ഇരുപത് വർഷങ്ങൾക്കു ശേഷം തെന്നിന്ത്യൻ സിനിമയിൽ പ്രിയങ്ക നായികയാകുന്ന ചിത്രം കൂടിയാണിത്.അതേസമയം, ഇന്ത്യയിൽ മുപ്പത് കോടിയാണ് പ്രതിഫലമെങ്കിലും ഹോളിവുഡിൽ ഇതിലും ഉയർന്ന തുകയാണ് പ്രിയങ്ക വാങ്ങുന്നത്. ആമസോൺ പ്രൈമിൽ എത്തിയ സിറ്റാഡലിന് 41 കോടി രൂപയായിരുന്നു പ്രിയങ്കയുടെ പ്രതിഫലം.രാജമൗലി ചിത്രത്തിനു പുറമേ, ബോളിവുഡിലെ സൂപ്പർഹീറോ ചിത്രമായ ക്രിഷ് 4 ലും പ്രിയങ്കയാണ് നായിക. ഈ ചിത്രത്തിലും 30 കോടിയാണ് താരത്തിന്റെ പ്രതിഫലം.

## 5 കോടി വേണം; അജിത് ചിത്രം ഗുഡ് ബാഡ് അഗ്ലിയുടെ നിർമ്മാതാക്കൾക്ക് വക്കീൽ നോട്ടീസ് അയച്ചു ഇളയരാജ




ചെന്നൈ: അജിത് കുമാർ ചിത്രം ഗുഡ് ബാഡ് അഗ്ലിയുടെ നിർമ്മാതാക്കൾക്ക് സംഗീതജ്ഞൻ ഇളയരാജ വക്കീൽ നോട്ടീസ് അയച്ചതായി റിപ്പോർട്ട്. ചിത്രത്തിൽ അനുമതി ഇല്ലാതെ തന്റെ മൂന്ന് ഗാനങ്ങൾ ഉപയോഗിച്ചു എന്നാണ് അദ്ദേഹത്തിന്റെ പരാതി. അതേസമയം നഷ്ടപരിഹാരമായി 5 കോടി നൽകണമെന്നും ഏഴ് ദിവസത്തിനകം ഗാനങ്ങൾ ചിത്രത്തിൽ നിന്നും നീക്കണമെന്നും നോട്ടീസിൽ ആവശ്യപ്പെടുന്നു. എന്നാൽ പണം നൽകിയില്ലെങ്കിൽ നിയമ നടപടിയുമായി മുന്നോട്ട് പോകുമെന്നും ഇളയരാജ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.



## സെയ്ഫിന് കുത്തേറ്റ കേസ്; വിരലടയാള സാമ്പിളുകൾ പ്രതിയുടേതുമായി ചേരുന്നില്ല

മുംബൈ: ബോളിവുഡ് താരം സെയ്ഫ് അലി ഖാന്റെ കുത്തേറ്റ കേസിൽ നടന്റെ മുംബൈയിലെ ഫ്ലാറ്റിൽ നിന്ന് ശേഖരിച്ച വിരലടയാള സാമ്പിളുകൾ പ്രതിയുടേതുമായി ചേരുന്നില്ലെന്ന് റിപ്പോർട്ട്. പ്രതി ഷരീഫുൾ ഇസ്ലാമിന്റേതുമായി വിരൽ അടയാളം പൊരുത്തപ്പെടുന്നില്ലെന്നാണ് മുംബൈ പോലീസ് സമർപ്പിച്ച കുറ്റപത്രത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.അതേസമയം ഫിംഗർപ്രിന്റ് ബ്യൂറോയിലേക്ക് ഏകദേശം 20 സാമ്പിളുകൾ അയച്ചു അതിൽ 19 എണ്ണം പ്രതിയുടേതുമായി പൊരുത്തപ്പെടുന്നില്ല. പൊലീസ് കുറ്റപത്രത്തിലെ വിശദാംശങ്ങൾ പ്രകാരം, ബാത്ത്റൂം വാതിൽ, കിടപ്പുമുറിയുടെ സ്ലൈഡിംഗ് ഡോർ, അലമാര വാതിൽ എന്നിവയിൽ നിന്ന് കണ്ടെത്തിയ വിരലടയാളങ്ങൾ പ്രതിയുടെ വിരലടയാളവുമായി സാമ്യമില്ല എന്നുമാണ് ലഭിക്കുന്ന റിപ്പോർട്ട്. ജനുവരി 16 ന് പുലർച്ചെയാണ് അതിക്രമിച്ച് കയറിയ പ്രതി കുത്തിയത്.

# ജുറാസിക് പാർക്ക് താരം സാം നീൽ ഗോഡ്സില്ല X കോങ്ങ് സീക്വലിൽ



മോൺസ്റ്റർ വേഴ്സ് ഫ്രാഞ്ചൈസിയിലെ ഗോഡ്സില്ല എക്സ് കോംഗ് സ്വീകലിൽ ജുറാസിക് പാർക്ക് താരം സാം നീൽ കേന്ദ്ര കഥാപാത്രമാകും. ജുറാസിക് പാർക്ക് എന്ന സിനിമയിലെ ഡോ. അലൻ ഗ്രാന്റ് എന്ന ആരാധകരുടെ പ്രിയപ്പെട്ട വേഷത്തിലൂടെയാണ് നീൽ അറിയപ്പെടുന്നത്.ആദം വിംഗാർഡിന്റെ ഗോഡ്സില്ല ്െ. കോങ്, ഗോഡ്സില്ല X കോങ്: ദി ന്യൂ എംപയർ എന്നിവയുടെ തുടർച്ചയായിരിക്കും ഈ ചിത്രം. പക്ഷേ ഔദ്യോഗിക പേര് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.നീലിന്റെ വേഷത്തെക്കുറിച്ചും ചിത്രത്തിന്റെ കഥയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ല. ഗ്രാന്റ് സ്പ്യൂട്ടോർ ചിത്രത്തിന്റെ സംവിധായകനാകും.ഡേവ് കല്ലഹാം തിരക്കഥ എഴുതും. കെയ്റ്റ്ലിൻ ഡെവർ (ദി ലാസ്റ്റ് ഓഫ് അസ്), ജാക്ക് ഒ'കോണൽ (ബാക്ക് ടു ബ്ലാക്ക്) എന്നിവരാണ് മറ്റ് അഭിനേതാക്കൾ ഇവർ സിനിമയിൽ സഹോദരങ്ങളായി അഭിനയിക്കും. ഗോഡ്സില്ല എക്സ് കോങ്: ദി ന്യൂ എമ്പയറിൽ പ്രത്യക്ഷപ്പെട്ടതിന് ശേഷം മോൺസ്റ്റർവേഴ്സിന്റെ ആരാധകരുടെ പ്രിയങ്കരനായ ഡാൻ സ്റ്റീവൻസാണ് ചിത്രത്തിൽ ട്രാപ്പറായി തിരിച്ചെത്തുന്നത്.


## പ്രിയങ്ക ചോപ്രയുടെ അടുത്ത ഹോളിവുഡ് ചിത്രം സാക് എഫ്രോണിനൊപ്പം





നടി പ്രിയങ്ക ചോപ്ര തന്റെ അടുത്ത ഹോളിവുഡ് ചിത്രം പ്രഖ്യാപിച്ചു. ആമസോൺ എംജിഎം സ്റ്റുഡിയോസിനായി നിക്കോളാസ് സ്റ്റോളറിന്റെ വരാനിരിക്കുന്ന കോമഡി ചിത്രത്തിൽ ബേവാച്ച് സഹതാരം സാക് എഫ്രോണിനൊപ്പം നടി വീണ്ടും വെള്ളിത്തിരയിലെത്തും. മൈക്കൽ പെന, വിൽ ഫെറൽ എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നു. ഹോളിവുഡ് റിപ്പോർട്ടർ പറയുന്നതനുസരിച്ച്, ചിത്രത്തിൽ റെജീന ഹാൾ, ജിമ്മി ടട്രോ, ബില്ലി ഐച്ച്നർ എന്നിവരും ചിത്രത്തിലുണ്ട്. നിക്കോളാസിന്റേതാണ് തിരക്കഥ. ഈ ചിത്രത്തിന് മുമ്പ് ജഡ്ജ്മെന്റ് ഡേ എന്നാണ് പേരിട്ടിരുന്നത്. ജയിലിൽ നിന്ന് മോചിതനായ ഒരു യുവ കുറ്റവാളിയെ (സാക് എഫ്രോൺ) കേന്ദ്രീകരിച്ചാണ് കഥ. ചിത്രത്തിലെ പ്രിയങ്കയുടെയും മൈക്കിളിന്റെയും വേഷങ്ങൾ രഹസ്യമാണ്.

## റൊണാൾഡോ സിനിമ നിർമ്മാണ രംഗത്തേക്ക്; മാത്യു വോണുമായി ചേർന്ന് സ്റ്റുഡിയോ ആരംഭിച്ചു





ആഗോള ഫുട്ബോൾ ഐക്കൺ ക്രിസ്റ്റ്യാനോ റൊണാൾഡോ പ്രശസ്ത ബ്രിട്ടീഷ് ചലച്ചിത്ര നിർമ്മാതാവ് മാത്യു വോണുമായി ചേർന്ന് സ്റ്റുഡിയോ ആരംഭിക്കാനൊരുങ്ങുന്നു.ഒരു പുതിയ സ്വതന്ത്ര ഫിലിം സ്റ്റുഡിയോയായ യുആർമർവാണ് തുടങ്ങുന്നത്. യുആർ മർവ് ബാനറിന് കീഴിൽ രണ്ട് ആക്ഷൻ പായ്ക്ക് ചിത്രങ്ങൾ ഇതിനകം പൂർത്തിയായി. 'മാത്യൂ വോണിനൊപ്പം എന്റെ പുതിയ ഫിലിം സ്റ്റുഡിയോയായ യുആർ മർവ് പ്രഖ്യാപിക്കുന്നതിൽ ഞാൻ ആവേശഭരിതനാണ്, ഞങ്ങളുടെ ആദ്യ സിനിമയെക്കുറിച്ച് നിങ്ങളോട് പറയാൻ കാത്തിരിക്കാനാവില്ല. ഉടൻ വരുന്നു''-. സോഷ്യൽ മീഡിയയിൽ ഈ സംരംഭം പ്രഖ്യാപിച്ചുകൊണ്ട് റൊണാൾഡോ ട്വീറ്റ് ചെയ്തു.പ്രഖ്യാപനം ഇതിനകം തന്നെ വിനോദ, കായിക മേഖലയിൽ ഒരുപോലെ ചലനം സൃഷ്ടിച്ചിട്ടുണ്ട്.



# റസ്സൽ ക്രോയ്ക്കും ഹാരിക്കുമൊപ്പം 'ബില്യൺ ഡോളർ സ്പൈ'യിൽ ഫാർമിഗയും

ഓസ്കാർ നോമിനേഷൻ ലഭിച്ച നടി വെരാ ഫാർമിഗ, റസ്സൽ ക്രോ, ഹാരി ലോട്ടി എന്നിവർക്കൊപ്പം വാൾഡൻ മീഡിയയുടെ കോൾഡ് വാർ ത്രില്ലർ ബില്യൺ ഡോളർ സ്പൈയിൽ അഭിനയിക്കുന്നു. പുലിറ്റ്സർ സമ്മാന ജേതാവായ എഴുത്തുകാരൻ ഡേവിഡ് ഇ. ഹോഫ്മാന്റെ പുസ്തകത്തെ ആസ്പദമാക്കിയതാണ് ബില്യൺ ഡോളർ സ്പൈ. അഡോൾഫ് ടോൾകാച്ചേവ് എന്ന സോവിയറ്റ് എൻജിനീയറുടെ ജീവിതകഥയാണ് ചിത്രത്തിൽ പറയുന്നത്. അദ്ദേഹം ആയിരക്കണക്കിന് പേജുകളുള്ള അതീവ രഹസ്യ സോവിയറ്റ് ഇന്റലിജൻസ് യുഎസിന് കൈമാറിയിരുന്നു. സ്വന്തം ജനങ്ങളെ ഒറ്റിക്കൊടുക്കുന്ന ഒരു ഭരണകൂടത്തിനെതിരെ നിലകൊള്ളാനുള്ള ധൈര്യം ടോൾകാച്ചേവ് പ്രകടിപ്പിച്ചു.ടോൾകച്ചേവിന്റെ ഭാര്യ നതാഷയുടെ വേഷത്തിലാണ് ഫാർമിഗ അഭിനയിക്കുന്നത്. ബാഫ്റ്റ ജേതാവ് അമ്മ അസാന്റെയാണ് സംവിധാനം ചെയ്യുന്നത്. വാൾഡൻ മീഡിയയിലെ ഫ്രാങ്ക് സ്മിത്ത്, ബെഞ്ചമിൻ താപ്പൻ, ചെർ ഹൗറിഷ് എന്നിവർ വീഡ് റോഡ് പിക്ചേഴ്സിലെ അകിവ ഗോൾഡ്സ്മാൻ, ഗ്രെഗ് ലെസ്സാൻസ് എന്നിവർക്കൊപ്പം നിർമ്മിക്കുന്നു.ജെയ്ൻ ഹുക്സും നയ കുക്കുക്കോവും എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാരാണ്.

## കൂലിയിൽ രജനികാന്തിനും നാഗാർജുനയ്ക്കുമൊപ്പം ആമിർ ഖാനും

ലോകേഷ് കനകരാജ് - രജനികാന്ത് കൂട്ടുകെട്ടിലെത്തുന്ന കൂലിയുടെ ഓരോ അപ്ഡേറ്റിനും വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്. കൂലിയിൽ ആമിർ ഖാനും ഭാഗമാകുന്നുവെന്ന് നേരത്തെ തന്നെ റിപ്പോർട്ടുകളുണ്ടായിരുന്നു. ചില ലൊക്കേഷൻ ചിത്രങ്ങളും മറ്റ് അഭിനേതാക്കൾ പങ്കുവെച്ച വിഡിയോകളും ആമിർ ഖാൻ കൂലിയിൽ ഉണ്ടാകുമെന്ന അഭ്യൂഹങ്ങൾ വർധിപ്പിച്ചു. ചിത്രത്തിൽ രജനികാന്തിനും നാഗാർജുനയ്ക്കുമൊപ്പം കന്നഡ നടൻ ഉപേന്ദ്രയും എത്തുന്നുണ്ട്. പുതിയ ചിത്രമായ 45 ന്റെ പ്രൊമോഷൻ പരിപാടിക്കിടെയാണ് നടൻ ഇക്കാര്യം വെളിപ്പെടുത്തിയത്. കൂലിയിൽ നാഗാർജുന, ആമിർ ഖാൻ തുടങ്ങിയവർ ഉണ്ടല്ലോ എന്ന് ഒരു മാധ്യമപ്രവർത്തകൻ പറഞ്ഞപ്പോൾ' അതേ, എനിക്ക് അവർക്കൊപ്പം കോമ്പിനേഷൻ സീനുകളുണ്ട്' എന്നായിരുന്നു നടന്റെ മറുപടി. കൂലിയിൽ രജനികാന്ത് നെഗറ്റീവ് ഷെയ്ഡുള്ള കഥാപാത്രമായാണ് എത്തുകയെന്നാണ് റിപ്പോർട്ടുകൾ.

# ദീപക്കേട്ടനാണ് താരം; ആലപ്പുഴ ജിംഖാനയിലെ ഗണപതിയെ കൈകളിലേന്തി പ്രേക്ഷകർ




ഖാലിദ് റഹ്മാൻ സംവിധാനം ചെയ്ത് നസ്ലെൻ ഉൾപ്പെടെ നിരവധി യുവ പ്രതിഭകൾ അഭിനയിച്ച ആലപ്പുഴ ജിംഖാനയിലൂടെ പ്രേക്ഷകരുടെ കയ്യടി നേടുകയാണ് ഗണപതി. സ്പോർട്സ് കോമഡി ജോണറിൽ പുറത്തിറങ്ങിയ ചിത്രത്തിൽ ദീപക്കേട്ടൻ എന്ന കഥാപാത്രമായാണ് ഗണപതി എത്തിയിരിക്കുന്നത്. പെയിന്റ് തൊഴിലാളിയുമായ ദീപക്കേട്ടൻ എന്ന കഥാപാത്രത്തിൽ നിന്നും ബോക്സർ ആയി മാറുന്ന ഗണപതിയുടെ ട്രാൻസ്ഫമേഷൻ ഞെട്ടിക്കുന്നതാണെന്നാണ് പ്രേക്ഷക പ്രതികരണം. ജീവിതത്തോടുള്ള പോരാട്ട വീര്യവും ബോക്സിങ് റിങ്ങിനകത്തുള്ള ആവേശവും ഒരുപോലെ അഭിനയിപ്പിച്ചു പ്രതിഫലിപ്പിക്കാൻ കഴിഞ്ഞ ഗണപതിയുടെ കരിയറിലെ തന്നെ ഏറ്റവും മികച്ച കഥാപാത്രമാണ് ദീപക്കേട്ടനെന്നും സിനിമ കണ്ടവർ അഭിപ്രായപ്പെടുന്നുണ്ട്. ചിരിയിലും നല്ല പൊരിഞ്ഞ ഇടിയിലും കേർത്തെടുത്ത ആലപ്പുഴ ജിംഖാന ഇതിനോടകം മികച്ച പ്രേക്ഷക പ്രതികരണവുമായി തീയേറ്ററുകളിൽ നിറഞ്ഞോടുകയാണ്.നസ്ലിൻ, ഗണപതി, ലുക്ക്മാൻ, സന്ദീപ് പ്രദീപ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ചെയ്ത ചിത്രത്തിൽ ജിംഷി ഖാലിദ്ന്റെ ചായാഗ്രഹണം പ്രധാന ആകർഷണമാണ്. പ്ലാൻ ബി മോഷൻ പിക്ചേഴ്സിന്റെ ബാനറിലും റീലിസ്റ്റിക് സ്റ്റുഡിയോയുടെ ബാനറിലും ഖാലിദ് റഹ്മാൻ, ജോബിൻ ജോർജ്, സമീർ കാരാട്ട്, സുബീഷ് കണ്ണഞ്ചേരി എന്നിവർചേർന്നാണ് നിർമാണം. പ്ലാൻ ബി മോഷൻ പിക്ചേഴ്സിന്റെ ആദ്യ നിർമ്മാണ സംരംഭമാണിത്. ഖാലിദ് റഹ്മാനും ശ്രീനി ശശീന്ദ്രനും ചേർന്ന് തിരക്കഥ രചിച്ച ചിത്രത്തിനായ് സംഭാഷണങ്ങൾ തയ്യാറാക്കിയിരിക്കുന്നത് രതീഷ് രവിയാണ്. നസ്ലിൻ, ഗണപതി, ലുക്ക്മാൻ, സന്ദീപ് പ്രദീപ്, അനഘ രവി എന്നിവർ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ചിത്രത്തിലെ മറ്റ് സുപ്രധാന വേഷങ്ങൾ ഫ്രാങ്കോ ഫ്രാൻസിസ്, ബേബി ജീൻ, ശിവ ഹരിഹരൻ, ഷോൺ ജോയ്, കാർത്തിക്, നന്ദ നിഷാന്ത്, നോയില ഫ്രാൻസി തുടങ്ങിയവരാണ് കൈകാര്യം ചെയ്യുന്നത്.



## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ 157

Movie Njaan Ekanaanu (1982)
Director P Chandrakumar
Lyrics Sathyan Anthikkad
Music MG Radhakrishnan
Singers KJ Yesudas

ഓ മൃദുലേ ...
ഹൃദയ മുരളിയിലൊഴുകി വാ യാമിനി തൻ
മടിയിൽ മയങ്ങുമീ ചന്ദ്രികയിലലിയാം
മനസ്സും മനസ്സുമായ് ചേർന്നിടാം
യാമിനി തൻ മടിയിൽ
മയങ്ങുമീ ചന്ദ്രികയിലലിയാം
മനസ്സും മനസ്സുമായ് ചേർന്നിടാം

എവിടെയാണെങ്കിലും പൊന്നേ നിൻ സ്വരം
മധു ഗാനമായ് എന്നിൽ നിറയും
ഓ മൃദുലേ ...

കദനമാമിരുളിലും പൊന്നേ നിൻ മുഖം
നിറ ദീപമായ് എന്നിൽ തെളിയും
ഓ മൃദുലേ ...
ഹൃദയ മുരളിയിലൊഴുകി വാ
യാമിനി തൻ മടിയിൽ
മയങ്ങുമീ ചന്ദ്രികയിലലിയാം
മനസ്സും മനസ്സുമായ് ചേർന്നിടാം
മനസ്സും മനസ്സുമായ് ചേർന്നിടാം
മനസ്സും മനസ്സുമായ് ചേർന്നിടാം




### ആറുവർഷത്തെ ഇടവേളയ്ക്ക് ശേഷം

# ജോണി ഡെപ്പ് വീണ്ടും വെള്ളിത്തിരയിലേക്ക്

ആറുവർഷത്തെ ഇടവേളയ്ക്ക് ശേഷം ജോണി ഡെപ്പ് വീണ്ടും വെള്ളിത്തിരയിലേക്ക്.മാർക്ക് വെബ്ബിന്റെ 'ഡേ ഡ്രിങ്കർ' എന്ന ചിത്രത്തിലൂടെയാണ് ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഹോളിവുഡ് തിരിച്ചുവരവിന് ജോണി ഡെപ്പ് ഒരുങ്ങുന്നത്. ജോണി ഡെപ്പും പെനലോപ്പ് ക്രൂസുമായി വീണ്ടും ഒന്നിക്കുന്ന ഈ ചിത്രം മികച്ച ഒരു ത്രില്ലർ ആകും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.ലയൺസ്ഗേറ്റ് ആണ് ജോണിയുടെ ഏറ്റവും പുതിയ ചിത്രത്തിന്റെ നിർമ്മാണം. ചിത്രത്തിലെ ജോണിയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ ലയൺസ്ഗേറ്റ് പുറത്തുവിട്ടതിന് പിന്നാലെ ആരാധകരുടെ പ്രതീക്ഷകൾ വാനോളം ഉയർന്നിരിക്കുകയാണ്.'ബ്ലോ', 'പൈറേറ്റ്സ് ഓഫ് ദി കരീബിയൻ: ഓൺ സ്ട്രേഞ്ചർ ടൈഡ്സ്', 'മർഡർ ഓൺ ദി ഓറിയന്റ് എക്സ്പ്രസ്' തുടങ്ങിയ ചിത്രങ്ങളിൽ ജോണിയോടൊപ്പം ഗംഭീരപ്രകടനം നടത്തിയ പെനലോപ്പ് ക്രൂസിനൊപ്പം അദ്ദേഹം വീണ്ടും ഒന്നിക്കുന്നു എന്നുള്ളതും ആരാധകർക്ക് പ്രതീക്ഷ നൽകുന്നുണ്ട്.മുൻ ഭാര്യ ആംബർ ഹേർഡുമായുള്ള നീണ്ട നിയമയുദ്ധത്തിന് ശേഷമാണ് ജോണി ഡെപ്പ് സിനിമയിലേക്കുള്ള തിരിച്ചുവരവ് നടത്തുന്നത്.



## 'ഹിറ്റ് 3' യെ മാർക്കോയുമായി താരതമ്യം ചെയ്യരുത്; നാനി



ഉണ്ണി മുകുന്ദൻ നായകനായ മലയാള ചിത്രം മാർക്കോ ഉത്തരേന്ത്യൻ പ്രേക്ഷകർക്കിടയിലും ശ്രദ്ധ നേടിയിരുന്നു. ഇപ്പോഴിതാ വയലൻസ് രംഗങ്ങളുടെ അവതരണം കൊണ്ട് ശ്രദ്ധ നേടുകയാണ് തെന്നിന്ത്യയിൽ നിന്നുള്ള ഒരു പുതിയ ചിത്രം. നാനി നായകനാവുന്ന തെലുങ്ക് ചിത്രം ഹിറ്റ് 3 ആണ് അത്. ഇക്കാരണത്താൽത്തന്നെ മുൻപ് പറഞ്ഞ ചിത്രങ്ങളുമായുള്ള താരതമ്യം ഹിറ്റ് 3 ൻെറ കാര്യത്തിൽ ഉണ്ടാവുന്നുണ്ട്. ട്രെയ്ലർ ലോഞ്ച് വേദിയിൽ ഇതിനുള്ള പ്രതികരണവും നാനി നടത്തി.'അനിമൽ, കിൽ, മാർക്കോ തുടങ്ങിയ ചിത്രങ്ങളുമായി ഹിറ്റ് 3 നെ താരതമ്യപ്പെടുത്താനാവില്ല എന്നാണ് എനിക്ക് തോന്നുന്നത്. സിനിമ ഒറ്റ ഇരുപ്പിൽ കാണുമ്പോൾ എല്ലാ കാര്യങ്ങളും സ്വാഭാവികതയോടെയാണ് തോന്നുക. അതിന് വയലൻസ് ഒരു വിഷയം ആവില്ല. തീവ്രമായ രംഗങ്ങൾ ഏച്ചുകെട്ടിയതായി നിങ്ങൾക്ക് തോന്നില്ല, നാനി പറയുന്നു.

# പണ്ട് ജയരാജന്മാർ ജയ ജയഹേ, ഇപ്പോൾ ജയരാജത്രയം 'പോ' ഹേ!








ആന്റണി ചടയംമുറി

കണ്ണൂരിലെ സി.പി.എം. എന്നാൽ ഒരു കാലത്ത് ജയരാജന്മാരുടെ കോട്ടയായിരുന്നു. നാടിന്റെ പൊന്നോമനപ്പുത്രനായ പി.ജയരാജൻ പാർട്ടിക്കുവേണ്ടി ഏറെ ത്യാഗം അനുഭവിച്ചതായി എഴുതപ്പെടാത്ത പാർട്ടി ചരിത്രത്തിലുണ്ട്. സോഷ്യൽമീഡിയയിൽ പി.ജെ. ആർമി പോലുമുണ്ടായി. പാർട്ടിക്കുവേണ്ടി ഏറെ ത്യാഗം സഹിച്ച കണ്ണൂരിലെ നേതാക്കളിൽ എന്തുകൊണ്ടും നമ്പർ വൺ ആണ് പി.ജയരാജൻ.

അണികൾക്കുവേണ്ടിയും അവരുടെ കുടുംബങ്ങൾക്കുവേണ്ടിയും '24 മണിക്കൂർ' സഹായഹസ്തം നീട്ടിയ ഈ നേതാവിനായി പിൽക്കാലത്ത് വാഴ്ത്തു പാട്ടുകൾ സോഷ്യൽമീഡിയയിൽ നിറഞ്ഞത് പിണറായി കോടിയേരി കൂട്ടുകെട്ടിനെ അസ്വസ്ഥരാക്കി. ഇതോടെ ജയരാജന്റെ മുകളിലേക്കുള്ള രാഷ്ട്രീയ പടവുകൾ തട്ടിത്തെറിപ്പിക്കപ്പെട്ടു. വടകരയിൽ ലോക്സഭാ സ്ഥാനാർത്ഥിയായി പി.ജയരാജനെ മൽസരിപ്പിക്കാൻ പാർട്ടി തീരുമാനിച്ചുവെങ്കിലും, കണ്ണൂർ പാർട്ടി സെക്രട്ടറി സ്ഥാനം ഒഴിഞ്ഞിട്ട് തെരഞ്ഞെടുപ്പ് ഗോദായിലിറങ്ങിയാൽ മതിയെന്ന് പാർട്ടി നിർദ്ദേശമുണ്ടായി.

കെ. മുരളീധരൻ പി.ജെ.യെ തോൽപ്പിച്ചതോടെ സീൻ കോൺട്രആയി. ഒടുവിൽ, കോൺഗ്രസിൽ നിന്ന് രാഷ്ട്രീയ അഭയാർത്ഥിയായെത്തിയ ശോഭനാ ജോർജിന് നൽകിയ ഖാദി കമ്മീഷൻ വൈസ് ചെയർമാൻ സ്ഥാനത്തേക്ക് പി.ജയരാജനെ പാർട്ടി നിയോഗിച്ചു. ഇപ്പോഴും സഖാവ് അതേ ലാവണത്തിലുണ്ട്. സംസ്ഥാന ദേശീയ സമ്മേളനങ്ങളിൽ പി.ജയരാജൻ അവഗണിക്കപ്പെട്ടു.

ഇതിനു മുമ്പു തന്നെ കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ എം.വി. ജയരാജനെ കണ്ണൂരിൽ പാർട്ടി സ്ഥാനാർത്ഥിയാക്കി. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സ്ഥാനത്തുനിന്ന് കണ്ണൂർ ജില്ലാ സെക്രട്ടറി പദത്തിലെത്തിയ എം.വി. പക്ഷെ പി.ജെ.യെ പോലെ ഇലക്ഷന് മുമ്പ് പാർട്ടി സെക്രട്ടറി സ്ഥാനം രാജി വയ്ക്കേണ്ടി വന്നില്ല. പി.ജയരാജനെ പാർട്ടി സെക്രട്ടറി സ്ഥാനത്തുനിന്ന് മാറ്റാനാണ് വടകര സീറ്റ് പി.ജെയ്ക്ക് നൽകിയതെന്നു വരെ അന്ന് ആരോപണമുയർന്നിരുന്നു.

### എം.വി.ജയരാജനും 'ദിവ്യ' ഇഫക്ടും

എം.വി.ജയരാജന് പാർട്ടി സെക്രട്ടറി സ്ഥാനത്തുനിന്ന് ഒഴിവാക്കിയതിനു പിന്നിൽ രണ്ട് കാരണങ്ങളുണ്ട്. ഒന്നാമതായി കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമ്മടത്തും പോളിംഗ്ബൂത്തിലും സി.പി.എം. വോട്ടെണ്ണത്തിൽ പിന്നിൽ പോയി. ബി.ജെ.പി.ക്കും ഭാഗികമായി യു.ഡി.എഫിനുമാണ് ഈ വോട്ടുകൾ മറിഞ്ഞത്. രണ്ടാമത്തെ കാരണം പി.പി. ദിവ്യയുടെ പ്രശ്നമാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റെന്ന നിലയിൽ ദിവ്യയുടെ ഭർത്താവിന്റെയും കൂട്ടുകച്ചവടക്കാരന്റെയും ഇടപാടുകൾ പാർട്ടി അറിയാതെ പോയത് മുഖ്യമന്ത്രിയെ ചൊടിപ്പിച്ചിരുന്നു.

തന്റെ ഓഫീസിലുള്ള ഒരു പഹയൻ, പെട്രോൾ പമ്പ് ഫെയിം' പ്രശാന്തിനുവേണ്ടി വിജിലൻസിന് പരാതികൊടുത്തതും പുലിവാലായി മാറിയെന്നും മുഖ്യമന്ത്രി തിരിച്ചറിഞ്ഞിരുന്നു. ദിവ്യയെ 'തലോടിയും തല്ലിയും' എം.വി.ജയരാജൻ പരസ്യ നിലപാടെടുത്തതും പിന്നീട് മാധ്യമങ്ങൾക്ക് വിരുന്നായി മാറി.

കണ്ണൂർ എന്നാൽ കേരളാ സി.പി.എം. എന്ന് നിർവചിക്കാവുന്ന വിധം ഇവിടെയുള്ള നേതാക്കളുടെ ചരിത്രം അണികൾക്ക് കാണാപ്പാഠമാണ്. മൃദുഭാഷിയായ സഖാവ് എം.വി. കണ്ണൂരിലെ കലിപ്പ് രാഷ്ട്രീയത്തിന് അനുയോജ്യനല്ലെന്ന് പാർട്ടി തീരുമാനിക്കുകയായിരുന്നു. അത്യപൂർവമായി മാത്രമേ ജില്ലാ സെക്രട്ടറിമാരുടെ ഇലക്ഷൻ വേളയിൽ മുഖ്യമന്ത്രിമാർ പങ്കെടുക്കാറുള്ളൂ.

കണ്ണൂരിലെ പാർട്ടി സെക്രട്ടറിയെ തെരഞ്ഞെടുക്കാൻ മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറി ഗോവിന്ദനും സന്നിഹിതരായത് വെറുതെയല്ല. കാരണം, എന്തു വന്നാലും കെ.കെ.രാഗേഷിനെ പാർട്ടി സെക്രട്ടറിയാക്കണമെന്ന് പിണറായി തീരുമാനിച്ചിരുന്നു. കണ്ണൂരിലെ കേന്ദ്ര സർവകലാശാലയിൽ രാഗേഷിന്റെ പ്രിയ പത്നിക്ക് നിയമനം നേരത്തെ തരമാക്കിയതും ഈ തിരക്കഥയനുസരിച്ചാവാം.

### ഈ.പി.യുടെ 'പീപ്പി' ഊരിയോ?

മൂന്നാമത്തെ ജയരാജനെ ബന്ധുനിയമനത്തിന് മുതിർന്നതിന്റെ പേരിൽ ഒന്നാം പിണറായി സർക്കാരിൽ നിന്ന് പുറത്താക്കിയെങ്കിലും, ഈ.പി. മുഖ്യമന്ത്രിയുടെ 'നല്ല പൊത്തക' ത്തിൽ തന്നെയായിരുന്നു. ആത്മകഥാ വിവാദം പൊതുവേ ഇന്നസെന്റായ ഈ.പി.യെ മുഖ്യമന്ത്രിയുടെ മുമ്പിൽ വില്ലൻ കഥാപാത്രമാക്കാൻ ആരെല്ലാമോ ശ്രമിച്ചു. ഒരുതരത്തിൽ ഈ.പി.ഒരു പാവമാണ്. എന്നാൽ എതിർപക്ഷം ഈപിയെ ഒരു ഉഗ്രമൂർത്തിയാക്കി അവതരിപ്പിക്കുകയായിരുന്നു. എന്തായാലും പാർട്ടിയിൽ ഇനിയൊരു അങ്കത്തിന് ബാല്യമില്ലെന്ന മട്ടിൽ പരുങ്ങലിലാണ് ഈ.പി. ഇപ്പോൾ.

### രാഗേഷിന്റെ 'രാജാപ്പാർട്ട്' രഹസ്യം!

കെ.കെ.രാഗേഷിനെ കണ്ണൂർ പാർട്ടി സെക്രട്ടറിയാക്കുമെന്ന് ആരും കരുതിയതല്ല. പ്രകാശൻ മാസ്റ്ററെ പോലെ പാർട്ടി പാരമ്പര്യമുള്ള നേതാക്കൾ വേറെയുണ്ടായിരുന്നു. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശി ഉന്നം വച്ച പദവിയായിരുന്നു ഇത്. എന്നാൽ ഒടുവിൽ നറുക്ക് രാഗേഷിന് വീഴുകയായിരുന്നു. എസ്.എഫ്.ഐ.യുടെ അഖിലേന്ത്യാ പ്രസിഡന്റ്, സെക്രട്ടറി എന്നീ പദവികളിൽ രാഗേഷ് ശോഭിച്ചിട്ടുണ്ട്. എസ്.എഫ്.ഐ. എന്ന സംഘടന തന്നെയാണ് രാഗേഷിനായി ഒരു ജീവിതപങ്കാളിയെ സമ്മാനിച്ചതും. സെക്രട്ടറിയേറ്റിലെ മിക്ക ഉദ്യോഗസ്ഥർക്കും രാഗേഷ് പ്രിയങ്കരനാണ്.

കോൺഗ്രസുകാരനായ മുൻ എം.എൽ.എ. ശബരീനാഥിന്റെ ഭാര്യ ദിവ്യ എസ്. അയ്യർ പോലും രാഗേഷിനെക്കുറിച്ച് ഫേസ് ബുക്കിൽ അഭിനന്ദനം ചൊരിഞ്ഞത് ഇപ്പോൾ വിവാദമായിട്ടുണ്ട്. കണ്ണൂർ പാർട്ടി സെക്രട്ടറി പദത്തിൽ നിന്നാണ് പിണറായിയും കോടിയേരിയുമെല്ലാം സംസ്ഥാന നേതൃത്വങ്ങളിലേക്ക് ഉയർത്തപ്പെട്ടത്. വേണമെങ്കിൽ ഭാവി മുഖ്യമന്ത്രിയെന്ന സാധ്യത വരെ തള്ളിക്കളയാനും കഴിയില്ല.

### ആരു ഭരിച്ചാലും അവറാച്ചന് നല്ല കാലം!

കിഫ്ബിയുടെ സി.ഇ.ഒ. ആണ് കെ.എം. എബ്രഹാം. എബ്രഹാമിനെ പോയവാരം ഹൈക്കോടതി ജഡ്ജി എ. ബദറുദീൻ ആകെ നാണംകെടുത്തി വാരി നിലത്തടിച്ചത് വാർത്തകളിൽ നിറഞ്ഞു കഴിഞ്ഞു. 2015ൽ മന്ത്രി കെ.എം. മാണിയുടെ കാലത്ത് കെ.എം. എബ്രഹാം ധനകാര്യ വകുപ്പ് സെക്രട്ടറിയായിരുന്നു. ബാർ കോഴ വിവാദത്തിൽ പെട്ട് മാണി പുറത്തായി.

സോളാർ കേസിൽ ഉമ്മൻചാണ്ടിക്കും പരിക്കേറ്റു. ഇടതു മുന്നണി അധികാരമേറ്റപ്പോൾ അബ്രഹാം സി.പി.എമ്മിന്റെ ആളായി മാറി. വിശ്വസ്തനായ ശിവശങ്കർ അഴിമതിയാരോപണങ്ങളിൽ പെട്ടപ്പോൾ കെ.എം. എബ്രഹാം പിണറായിയുടെ വിശ്വസ്തനായി. ആ വിശ്വസ്തനെതിരെയാണ് ഒറ്റ നോട്ടത്തിൽ തെളിവുണ്ടെന്ന് തിരുവനന്തപുരം വിജിലൻസ് ജഡ്ജിയായിരിക്കേ ഇതേ കേസിന്റെ വാദം കേട്ട ഇപ്പോഴത്തെ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബദറുദ്ദീൻ വിധി കൽപ്പിച്ചത്.

ഹർജിക്കാരനായ ജോമോൻ പുത്തൻ പുരയ്ക്കൽ നടത്തിയ ഗൂഢാലോചനയാണ് തനിക്ക് എതിരെയുള്ള കോടതി വിധിയെന്ന് എബ്രഹാം വാദിക്കുന്നു. കൊല്ലം കടപ്പാക്കടയിലുള്ള എട്ടു കോടി രൂപ വില വരുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉടമസ്ഥൻ താനല്ലെന്ന് എബ്രഹാം പറയുമ്പോൾ, കൊല്ലം മുനിസിപ്പാലിറ്റിയുടെ രേഖയിൽ ഉടമസ്ഥന്റെ പേര് എബ്രഹാമിന്റേതാണെന്ന് വിധിയിൽ പറയുന്നുണ്ട്.

### വിരമിച്ചാലും ശമ്പളം, കിമ്പളമോ എന്റേമ്മേ...

2017 ലാണ് കെ.എം. എബ്രഹാം വിരമിച്ചത്. ഉടൻ തന്നെ കിഫ്ബിയുടെ സി.ഇ.ഒ. ആയി നിയമനം. സർവീസിൽ നിന്ന് വിരമിച്ചിട്ടും ഓരോ വർഷവും 10 ശതമാനം വച്ച് സ്വന്തം ശമ്പളം കൂട്ടിക്കൊണ്ട് ഉത്തരവിറക്കാൻ ഈ 'ഘടാ ഘടിയൻ' ഉദ്യോഗസ്ഥന് കഴിയുന്നുവെന്നത് നിസ്സാര കാര്യമല്ല. 6 വർഷത്തിനിടെ ശമ്പളം സ്വയം കൂട്ടി കൂട്ടി ഇപ്പോൾ പ്രതിമാസം മൊത്തം ലഭിക്കുന്നത് 6.07 ലക്ഷം രൂപയാണത്രെ. 1982 ബാച്ച് ഐ.എ.എസുകാരനാണ് എബ്രഹാം. 33 വർഷത്തെ സർവീസ് കാലളയവിൽ തന്റെ പ്രതിമാസ വരുമാനം 15,000 രൂപയിൽ കൂടിയിട്ടില്ലെന്ന് ഒരിക്കൽ കെ.എം. എബ്രഹാം അന്നത്തെ ചീഫ് സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകിയതും ഇപ്പോൾ അദ്ദേഹത്തിന് കെണിയായിട്ടുണ്ട്. 2018-24 കാലഘട്ടത്തിൽ വാങ്ങിയ ശമ്പളക്കണക്കിലും അപാകതകളുള്ളതായി ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ട്.

2003-05ൽ സർക്കാർ സംവിധാനം നവീകരിക്കാൻ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് 5000 കോടി രൂപ കേരളത്തിന് ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ പൂർണ്ണ ചുമതല എബ്രഹാമിനായിരുന്നു. 2008ൽ ഈ പദ്ധതിയെപ്പറ്റി ഒരു വിലയിരുത്തൽ ഏ.ഡി.ബി.യുടെ മേൽ നോട്ടത്തിൽ നടത്തിയിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിൽ നിരവധി അപാകതകൾ ഏ.ഡി.ബി. പിൽക്കാലത്ത് കണ്ടെത്തി. അതായത് എബ്രഹാമിനെക്കുറിച്ചുള്ള സാമ്പത്തിക പരാതികൾ ഇതിനു മുമ്പും ഉണ്ടായിരുന്നുവെന്ന് ചുരുക്കം.

### തെങ്ങിന്റെ മണ്ടയിൽ കയറ്റിയ മാധ്യമങ്ങൾ

ആശാവർക്കർമാരെ തെങ്ങിൻ മണ്ടയിലേക്ക് വലിച്ചു കയറ്റിയത് മാധ്യമങ്ങളാണെന്ന് ഒരു സി.ഐ.ടി.യു. നേതാവ് ആരോപിച്ചത് കേട്ടു. അതായത് ആശമാരെ ആശ കൊടുത്ത് സെക്രട്ടറിയേറ്റിനു മുമ്പിൽ എത്തിച്ചത് മാധ്യമങ്ങളാണത്രെ. അതിൽ ഏഷ്യാനെറ്റ് നമ്പർവൺ ആണെന്നും കഴിഞ്ഞ ഞായറാഴ്ചത്തെ ഒരു വാർത്താധിഷ്ഠിത പരിപാടിയിൽ ഇതേ നേതാവ് കുറ്റപ്പെടുത്തുകയുണ്ടായി.





ഐ.എൻ.ടി.യു.സി എങ്കിലും ആശമാരുടെ സമരത്തിനൊപ്പം നിൽക്കാത്തത് ട്രേഡ് യൂണിയനുകളുടെ സർക്കാരുമായുള്ള 'അവിഹിത ബന്ധ' ത്തെ സൂചിപ്പിക്കുന്നതാണ്. തൊഴിലാളികളിൽ നിന്ന് പിരിച്ചെടുത്ത അംശാദായം പോലുമെടുത്ത് അർമാദിച്ച ഇന്നത്തെ സർക്കാരിന്റെ കെടുകാര്യസ്ഥതയ്ക്കൊപ്പം നിലകൊള്ളുന്ന ഐ.എൻ.ടി.യു. നേതാവിനെപ്പറ്റി എന്തു പറയാൻ?

കേരളത്തിലെ എല്ലാ ക്ഷേമനിധികളും ഏതാണ്ട് പൂട്ടിക്കെട്ടിയ നിലയിലാണ്. എന്നിട്ടും മൂന്നാമത്തെ ഇലക്ഷൻ വിജയത്തിനുവേണ്ടി 'എന്റെ തല, എന്റെ പോസ്റ്റർ' എന്ന മട്ടിൽ ഫ്ളെക്സ് അടിക്കാൻ 21 കോടി രൂപ നീക്കിവച്ച ഇടതുസർക്കാരിന്റെ നുണ വിജയം ആട്ടക്കഥ, ജനം നാറ്റിച്ചു വിടുന്ന നാണം കെട്ട ബാലെയായി മാറമോ? എന്റെ എമ്പുരാനേ നീ തന്നെ തുണ!



# അസമിൽ കോൺഗ്രസിന്റെ പ്രതീക്ഷ ഗൗരവ് ഗൊഗോയിൽ..!

അസമിൽ ഗൗരവ് ഗൊഗോയ് എന്ന 43 കാരനിലാണ് കോൺഗ്രസിന്റെ സർവ്വ പ്രതീക്ഷയും. അസം മുൻ മുഖ്യമന്ത്രി തരുൺ ഗൊഗോയിയുടെ മകനാണ് ഇദ്ദേഹം. ഉയർന്ന ശമ്പളമുള്ള എയർടെല്ലിലെ ജോലി ഉപേക്ഷിച്ചുകൊണ്ട് 2005ൽ ഡൽഹി ആസ്ഥാനമായുള്ള പ്രവാഹ് എന്ന എൻജിഒയിൽ ചേരുകയായിരുന്നു. പിന്നീട് കോൺഗ്രസ് രാഷ്ട്രീയത്തിൽ പയറ്റിത്തെളിഞ്ഞു. 2014 മുതൽ 2024 വരെ 16-ാം ലോക്സഭയിലും 17-ാം ലോക്സഭയിലും അദ്ദേഹം കാലിയബോർ മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നു, അതിനുശേഷം മണ്ഡലം നിർത്തലാക്കപ്പെട്ടു.

2024 മുതൽ 18-ാം ലോക്സഭയിൽ ജോർഹട്ട് ലോക്സഭാ മണ്ഡലത്തിൽ നിന്നുമാണ് ജയിച്ചത്. 2020 മുതൽ 2024 വരെ, അധീർ രഞ്ജൻ ചൗധരിയുടെ കീഴിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ ഡെപ്യൂട്ടി നേതാവായി കസറിയവനുമാണ്. മൂന്നു തവണ കോൺഗ്രസിന്റെ മുഖ്യമന്ത്രിയായിരുന്ന തരുൺ ഗൊഗോയിയുടെ കമാൻഡറുടെ വേഷമായിരുന്നു ഹിമന്ത ബിശ്വ ശർമ്മയയ്ക്ക് ഒരു കാലത്തുണ്ടായിരുന്നത്.

ഗൗരവ് ഗൊഗോയ് ഇങ്ങനെ വളർന്നു പന്തലിച്ചാൽ തന്റെ മുഖ്യമന്ത്രിമോഹം ഒരുകാലത്തും നടക്കില്ലെന്നുകണ്ട ഹിമന്ത ബിശ്വ ശർമ എന്ന കോൺഗ്രസ് നേതാവ് 2016ലെ തിരഞ്ഞെടുപ്പിനു മുൻപ് ഒരുകൂട്ടം കോൺഗ്രസ് എം.എൽ.എമാരുമായി കോൺഗ്രസിനെ ചതിച്ച് ബി.ജെ.പിയിൽ ചേരുകയായിരുന്നു. ആ തിരഞ്ഞെടുപ്പിൽ സർബാനന്ദ സോനോവാളിന്റെ നേതൃത്വത്തിൽ ബി.ജെ.പി അധികാരത്തിലെത്തിയപ്പോൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ബി.ജെ.പിയുടെ ആദ്യ സർക്കാരായി അത്. ഏതാനും വർഷങ്ങൾക്കുള്ളിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ കോൺഗ്രസ് മുക്തമാക്കാൻ നേതൃത്വം നൽകിയത് എൻ.ഡി.എയുടെ വടക്കു കിഴക്കൻ പതിപ്പായ നോർത്ത് ഈസ്റ്റ് ഡെമോക്രാറ്റിക് അലയൻസ് (നേതാ) കൺവീനറായ ഹിമന്ത ബിശ്വ ശർമയാണ്.



2021 തിരഞ്ഞെടുപ്പിൽ സർബാനന്ദ സോനോവാൾ നിയമസഭയിലേക്കു ജയിച്ചെങ്കിലും മുഖ്യമന്ത്രിയായതു ഹിമന്ത ബിശ്വ ശർമയായിരുന്നു. ഗൊഗോയ് കുടുംബത്തിന്റെ മണ്ഡലമായ കാലിയബോറിൽനിന്നു രണ്ടു തവണയാണ് ഗൗരവ് ലോക്സഭയിലേക്കു ജയിച്ചത്. മുതിർന്ന നേതാക്കളെ മറികടന്ന്, രണ്ടുതവണ പ്രതിപക്ഷ ഉപനേതാവുമായി. മണിപ്പൂർ ഉൾപ്പെടെയുള്ള വിഷയങ്ങളിലെ ഗൗരവിന്റെ ഇടപെടലുകൾ ബി.ജെ.പിക്കു തലവേദനയുണ്ടാക്കി. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ മണ്ഡലപുനർനിർണയത്തിൽ കാലിയബോർ ഇല്ലാതായി. ഇതു മനപ്പൂർവമാണെന്നു ഗൗരവ് ആരോപിച്ചു. മണ്ഡലത്തിലെ മുസ്ലിം വോട്ടുകളായിരുന്നു ഗൊഗോയ് കുടുംബത്തിന്റെ എക്കാലത്തേയും ബലം..!

അഹോം വിഭാഗത്തിനു സ്വാധീനമുള്ള ജോർഹട്ടിൽ ഗൗരവ് ഗൊഗോയ് മത്സരിച്ചു. എംപിയും അഹോം വംശജനുമായ തപൻ കുമാർ ഗൊഗോയിയെ മുന്നിൽനിർത്തി ഗൗരവിനെ തോൽപിക്കാൻ ഹിമന്ത ബിശ്വ ശർമ അരയും തലയും മുറുക്കി പൊരുതിനോക്കി. മന്ത്രിസഭയിലെ അംഗങ്ങൾ മുഴുവൻ ജോർഹട്ടിൽ ക്യാംപ് ചെയ്ത് ഗൗരവിനെതിരെ പ്രചാരണം നടത്തി. യഥാർഥത്തിൽ അതു ഹിമന്ത ഗൗരവ് പോരാട്ടമായിരുന്നു. എന്നാൽ അവിടെനിന്നും പുഷ്പം പോലെ ഗൗരവ് ഗൊഗോയ് വിജയശ്രീലാളിതനായി വിഹരിക്കാൻ തുടങ്ങി. അത് ഹിമന്തയ്ക്കു വലിയ തിരിച്ചടിയായിരുന്നു.

അടുത്തകാലത്ത് മുസ്ലിം വോട്ടർമാർക്കിടയിലുണ്ടായ മാറ്റവും ബി.ജെ.പിയെ വല്ലാതെ ഭയപ്പെടുത്തുന്നു. അസമിലെ മുസലിം ജനസംഖ്യ 40 ശതമാനത്തിൽ എത്തിയെന്ന് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പറയുന്നു.

കോൺഗ്രസിനു പരമ്പരാഗതമായി കിട്ടിയിരുന്ന മുസ്ലിം വോട്ടുകൾ ഏതാനും വർഷങ്ങളായി മൗലാനാ ബദറുദ്ദീൻ അജ്മൽ നേതൃത്വം നൽകിയ എ.ഐ.യു.ഡി.എഫിനാണ് ലഭിച്ചിരുന്നത്. എന്നാൽ, മുസ്ലിം വോട്ടുകൾ വിഘടിപ്പിച്ച് ബി.ജെ.പിയെ സഹായിക്കുന്ന നിലപാടാണ് വൻവ്യവസായിയായ അജ്മൽ നടത്തുന്നതെന്ന കോൺഗ്രസ് ആരോപണത്തിനു ഫലമുണ്ടായി. മുസ്ലിം വോട്ടർമാർ ഒന്നടങ്കം കോൺഗ്രസിലേക്കു മാറുന്ന സ്ഥിതിയാണ് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കണ്ടത്. അജ്മൽ സ്ഥിരമായി ജയിച്ചിരുന്ന ദുബ്രി മണ്ഡലത്തിൽ കോൺഗ്രസിന്റെ റക്കീബുൽ ഹുസൈൻ ജയിച്ചത് പത്തുലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലും. അത് ദേശീയ റെക്കോർഡാണ്.

ഹിമന്ത ബിശ്വ ശർമയുടെ ഭാര്യയും വ്യവസായിയുമായ റീനിക്കി ബൂയാൻ ശർമയെ അനധികൃതമായി സർക്കാർ ഒട്ടേറെ സഹായങ്ങൾ നൽകുകയാണെന്നു ഗൗരവ് ശക്തമായ ആരോപണം ഉന്നയിച്ചു. അതിനു തടയിടാൻ ഗൗരവ് ഗൊഗോയിയുടെ ബ്രിട്ടീഷ് ഭാര്യ എലിസബത്തിന്റെ പാക് ബന്ധങ്ങളെക്കുറിച്ച് ഇല്ലാക്കഥകൾ മെനഞ്ഞ് മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ പുതിയ വെളിപ്പെടുത്തലുകൾ നടത്തുകയും ഗുരുതരമായ ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു.

അതിന് ചൂട്ടുപിടിക്കാൻ റിപ്പബ്ലിക് ചാനലിന്റെ എഡിറ്റർ-ഇൻ-ചീഫ് അർണാബ് ഗോസ്വാമിയുയും മുന്നിട്ടിറങ്ങിയിരുന്നു. അസം സർക്കാർ എലിസബത്തിനെതിരെ കേസെടുത്ത് അന്വേഷണം തുടങ്ങുകയും ചെയ്തിരുന്നു. തീർന്നില്ല, ഗൗരവ് ഗൊഗോയ് ഫൗണ്ടേഷന്റെ എൻജിഒ ജോർജ്ജ് സോറോസിൽ നിന്ന് ധനസഹായം സ്വീകരിച്ചുന്നെും പ്രചരിപ്പിക്കാനും മടിച്ചില്ല.

2014ൽ കോൺഗ്രസ് എംപി ഗൊഗോയിയുടെ ഫൗണ്ടേഷൻ ഒരു എൻജിഒ ആരംഭിച്ചതായും ജോർജ്ജ് സോറോസിൽ നിന്ന് പണം സ്വീകരിച്ചതായും ഹിമന്ത ബിശ്വ ശർമ്മ പറഞ്ഞുനടന്നു. 2015ൽ, വിദേശകാര്യ മന്ത്രാലയത്തിന്റെ (എംഇഎ) അനുമതിയോ അറിവോ ഇല്ലാതെയാണ് ഗൊഗോയ് പാകിസ്ഥാൻ എംബസി സന്ദർശിച്ചത്. സന്ദർശനത്തിനുശേഷം മന്ത്രാലയത്തെ അറിയിക്കുന്നതിലും അദ്ദേഹം പരാജയപ്പെട്ടു. 'പാകിസ്ഥാൻ എംബസി സന്ദർശനത്തിന് ശേഷം, മുംബൈയിൽ നടന്ന 26/11 ഭീകരാക്രമണം തീരദേശ പാതയിലൂടെയാണെന്ന് അറിഞ്ഞുകൊണ്ട്, തീരദേശ പാതകളിൽ ഇന്ത്യ എത്ര റഡാറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നതുപോലുള്ള വളരെ സെൻസിറ്റീവ് ചോദ്യങ്ങൾ ഗൊഗോയ് ഇന്ത്യൻ പ്രതിരോധ മന്ത്രിയോട് ഉന്നയിച്ചു,' ഇങ്ങനെ തുടരെത്തുടരെ അസം മുഖ്യമന്ത്രി പല പല ആരോപമങ്ങൾ 1ന്നയിച്ചെങ്കിലും അതൊന്നും വിലപ്പോകുന്നില്ല.

**ഡൽഹി ഡെർബാർ**

> **അസമിൽ കോൺഗ്രസിനെ നയിക്കാൻ ഗൗരവ് ഗൊഗോയ് എത്തിയാൽ അവിടെ തീപാറുകതന്നെ ചെയ്യും..! കോൺഗ്രസിനെ ചതിച്ച് ബി.ജെ.പിയോടൊപ്പം പോയി മുഖ്യമന്ത്രിയായ ഹിമന്ത ബിശ്വ ശർമ്മയ്ക്കെതിരെ പ്രത്യക്ഷപോരാട്ടത്തിന് ഗൊഗോയ് നേതൃത്വം നൽകുകയും ചെയ്താൽ അസം രാഷ്ട്രീയം ഇളകിമറിയുമെന്ന് ഹൈക്കമാന്റ് കരുതുന്നു.**

എന്തുതന്നെയായാലും അസമാൽ കോൺഗ്രസിനെ നയിക്കാൻ ഗൗരവ് ഗൊഗോയ് എത്തുകയും ഹിമന്ത ബിശ്വ ശർമ്മയ്ക്കെതിരെ പ്രത്യക്ഷപോരാട്ടത്തിന് നേതൃത്വം നൽകുകയും ചെയ്താൽ അസം രാഷ്ട്രീയം ഇളകിമറിയുകതന്നെ ചെയ്യും.

*എമ എൽസ എൽവിൻ*

# ആരാണ് ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസാകുന്ന ബി.ആർ ഗവായ്?

ജസ്റ്റിസ് ബി.ആർ ഗവായ് ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസാകും. മെയ് 14 ന് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റെടുക്കും എന്ന് ഉറപ്പായി. നിലവിലെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന മെയ് 13ന് ചീഫ് ജസ്റ്റിസ് സ്ഥാനത്ത് നിന്നും വിരമിക്കും. ജസ്റ്റിസ് ഖന്ന തന്നെ ജസ്റ്റിസ് ഗവായിയെ പിൻഗാമിയായി ശുപാർശ ചെയ്തുവെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.



### ആരാണ് ബി.ആർ ഗവായ്

ദളിത് വിഭാഗത്തിൽ നിന്നും ചീഫ് ജസ്റ്റിസ് പദവിയിലെത്തുന്ന രണ്ടാമത്തെ വ്യക്തിയാണ് ഭൂഷൺ രാമകൃഷ്ണ ഗവായി എന്ന ബി.ആർ ഗവായി. മലയാളിയായ ജസ്റ്റിസ് കെ.ജി ബാലകൃഷ്ണനാണ് ദളിത് വിഭാഗത്തിൽ നിന്നുള്ള ആദ്യ സുപ്രീംകോടതി ചീഫ് ജസ്റ്റിസ്. മുൻ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ ലോക്സഭാഗത്വം നഷ്ടപ്പെടുന്നതിന് വരെ കാരണമായ ഗുജറാത്ത് ഹൈക്കോടതിയുടെ വിധി സ്റ്റേ ചെയ്തത് ഉൾപ്പെടെ നിരവധി ശ്രദ്ധേയമായ ഉത്തരവുകൾ പുറപ്പെടുവിച്ച വ്യക്തി കൂടിയാണ് അദ്ദേഹം.

### രാഷ്ട്രീയ ബന്ധം

1960 നവംബർ 24 നാണ് ബി.ആർ ഗവായിയുടെ ജനനം. കോൺഗ്രസ് പാർട്ടിയുമായി രാഷ്ട്രീയ ബന്ധമുള്ള ഒരു കുടുംബത്തിൽ പെട്ടയാളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവ് ജസ്റ്റിസ് രാമകൃഷ്ണ സൂര്യഭാൻ ഗവായ് (ആർ.എസ്. ഗവായ്) മഹാരാഷ്ട്രയിലെ പ്രമുഖ ദളിത് നേതാവ് അംബേദ്കറൈറ്റ് സംഘടനയായ റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യയുടെ (ആർ.പി.ഐ) സ്ഥാപകനുമായിരുന്നു. 1964 മുതൽ 1998 വരെ മഹാരാഷ്ട്ര രാഷ്ട്രീയത്തിൽ സജീവമായിരുന്നു അദ്ദേഹം.

1998 ൽ അമരാവതി നിയോജക മണ്ഡലത്തിൽ നിന്ന് ആർ.പി.ഐയുടെ സ്ഥാനാർത്ഥിയായി ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ അധികാരത്തിലിരുന്ന 2006 നും 2011 നും ഇടയിൽ ബീഹാർ, സിക്കിം, കേരളം എന്നിവയുടെ ഗവർണറായും ആർ.എസ് ഗവായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

### അഭിഭാഷകനായി 1985 ൽ തുടക്കം

1985 ൽ അഭിഭാഷകനായി എന്റോൾ ചെയ്ത ജസ്റ്റിസ് ഗവായ് 2003 നവംബർ 14 ന് ബോംബെ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് മുമ്പ് മഹാരാഷ്ട്ര സർക്കാരിന് വേണ്ടി ഗവൺമെന്റ് പ്ലീഡറായും പിന്നീട് ഗവൺമെന്റ് പ്രോസിക്യൂട്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുപ്രീംകോടതിയിലേക്ക് എത്തുന്നതിന് മുമ്പ് 16 വർഷം ബോംബെ ഹൈക്കോടതി ജഡ്ജിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2019ൽ തന്നെ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ് നേതൃത്വം നൽകുന്ന എസ്സി കൊളീജിയം അദ്ദേഹത്തിന്റെ പേര് ശുപാർശ ചെയ്തിരുന്നു.

### സുപ്രധാന വിധികൾ

2025 മെയ് 14 മുതൽ നവംബർ 24 വരെയായിരിക്കും അദ്ദേഹത്തിന്റെ കാലാവതി. 2019 മെയ് 24 ന് സുപ്രീംകോടതി ജഡ്ജിയായി നിയമിതനായ ജസ്റ്റിസ് ഗവായ് നിരവധി സുപ്രധാന വിധിന്യായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജമ്മു കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെ ചോദ്യം ചെയ്യുന്ന ഹർജികൾ നിലവിൽ കേൾക്കുന്ന ഭരണഘടനാ ബെഞ്ചിലും അദ്ദേഹം അംഗമാണ്.

കേന്ദ്രത്തിന്റെ 2016ലെ നോട്ട് അസാധുവാക്കൽ പദ്ധതിയെ ശരിവച്ചെ 2023 ജനുവരി 2 ലെ ബെഞ്ചിലെ അംഗം കൂടിയാണ് അദ്ദേഹം. ജസ്റ്റിസ് ഗവായ്, ജസ്റ്റിസ് എസ് അബ്ദുൾ നസീർ, ജസ്റ്റിസ് എ.എസ് ബൊപ്പണ്ണ, ജസ്റ്റിസ് വി. രാമസുബ്രഹ്മണ്യൻ എന്നിവർക്ക് വേണ്ടി 258 പേജുള്ള ഭൂരിപക്ഷ അഭിപ്രായം എഴുതിയതും അദ്ദേഹമായിരുന്നു.

നടപടിക്ക് മുമ്പ് കുറഞ്ഞത് ആറ് മാസമെങ്കിലും ആർബിഐയും കേന്ദ്ര സർക്കാരും പരസ്പരം കൂടിയാലോചന നടത്തിയിരുന്നുവെന്ന് ജഡ്ജി അഭിപ്രായപ്പെട്ടു. ഏതൊരു മൂല്യമുള്ള കറൻസിയും അസാധുവായി പ്രഖ്യാപിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ടെന്നും അന്ന് കോടതി വ്യക്തമാക്കി.

2022 നവംബർ 11 ന് രാജീവ് ഗാന്ധി വധക്കേസിൽ മൂന്ന് പതിറ്റാണ്ടിലേറെയായി ജീവപര്യന്തം തടവ് അനുഭവിക്കുന്ന ആറ് കുറ്റവാളികളെ ഉടൻ മോചിപ്പിക്കാൻ ഉത്തരവിട്ടതും ഗവായിയുടെ നേതൃത്വത്തിലുള്ള ബെഞ്ചായിരുന്നു. വണ്ണിയാർ വിഭാഗത്തിന് വിദ്യാഭ്യാസത്തിലും ജോലിയിലും തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ സംവരണം 'ഭരണഘടനാ വിരുദ്ധം' എന്ന് വിധിച്ച 2022 മാർച്ച് 31 ലെ സുപ്രീം കോടതി ബെഞ്ചിലും അദ്ദേഹം അംഗമായിരുന്നു.

# ധോണിയുടെ റെക്കോർഡ് ഇനി അയ്യർക്ക് സ്വന്തം



മുല്ലൻപൂരിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ 111 റൺസ് പ്രതിരോധിച്ച് ജയിച്ച് ഐപിഎല്ലിൽ എക്കാലത്തെയും മികച്ച റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണ് പഞ്ചാബ് കിംഗ്സ്.ഒരു ടീം പ്രതിരോധിച്ച് ജയിക്കുന്ന ഐപിഎൽ ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ സ്കോറാണിത്. എംഎസ് ധോണിയുടെ നേതൃത്വത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ് നേടിയ 16 വർഷം പഴക്കമുള്ള റെക്കോർഡാണ് ശ്രേയസ് അയ്യരുടെ നേതൃത്വത്തിലുള്ള ടീം തകർത്തത്. മത്സരം പഞ്ചാബ് 16 റൺസിന് വിജയിച്ചു.മുൻപ് ചെന്നൈ സൂപ്പർ കിംഗ്സ് 2009-ൽ ഡർബനിലെ കിംഗ്സ്മീഡ് സ്റ്റേഡിയത്തിൽ പിബികെഎസിനെതിരെ (കിംഗ്സ് ഇലവൻ പഞ്ചാബ്) 116 റൺസ് വിജയലക്ഷ്യം പ്രതിരോധിച്ച് (സിഎസ്കെ) റെക്കോർഡിട്ടിരുന്നു. ഐപിഎൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന റൺ ചേസിന്റെയും ഏറ്റവും കുറഞ്ഞ സ്കോർ പ്രതിരോധിച്ചതിന്റെയും റെക്കോർഡ് ഇപ്പോൾ പഞ്ചാബിന് സ്വന്തമായി. 2024 സീസണിൽ കൊൽക്കത്തയ്ക്കെതിരെയായിരുന്നു പഞ്ചാബ് 262 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യം പിന്തുടർന്ന് വിജയിച്ചത്



# മെസ്സിക്ക് 2026 ലോകകപ്പ് കളിക്കാൻ ആഗ്രഹമുണ്ട്; ലൂയിസ് സുവാരസ്



2026ലെ ലോകകപ്പ് കളിക്കാൻ ലയണൽ മെസ്സിക്ക് ആഗ്രഹമുണ്ടെന്ന് വെളിപ്പെടുത്തി ഇൻ്റർ മിയാമിയിലെ സഹതാരം ലൂയിസ് സുവാരസ്.വിരമിക്കലിനെക്കുറിച്ച് മെസ്സിയോട് സംസാരിച്ചിരുന്നോ എന്ന ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ദേശീയ ടീമിൽ ഇല്ലാത്തതിനാൽ തനിക്ക് അതിനുള്ള സാധ്യത കുറവാണെന്നും സുവാരസ് പറഞ്ഞു.'തമാശയായി ഞങ്ങൾ പലതവണ വിരമിക്കലിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. പക്ഷേ അടുത്ത വർഷത്തെ ലോകകപ്പിൽ കളിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. ദേശീയ ടീമിൽ കുറച്ചുകാലമായി ഇല്ലാത്തതിനാൽ എന്നെ സംബന്ധിച്ച് ആ ആഗ്രഹം വിരളമാണ്. പക്ഷേ, അപ്പോഴും ഞങ്ങൾ വിരമിക്കലിനെക്കുറിച്ച് ഇതുവരെ സംസാരിച്ചിട്ടില്ല' -സുവാരസ് പറഞ്ഞു.മെസ്സി ലോകകപ്പിൽ കളിക്കുമോ എന്ന് താൻ ചോദിച്ചിട്ടില്ലെന്നും, അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ എന്താണെന്ന് അദ്ദേഹത്തിന് മാത്രമേ അറിയൂ , അത് കാലം തെളിയിക്കുമെന്നും സുവാരസ് വ്യക്തമാക്കി. തന്റെ വിരമിക്കലിനെക്കുറിച്ചുള്ള ചോദ്യത്തിനും സുവാരസ് മറുപടി പറഞ്ഞു. എത്രകാലം കളിക്കാൻ കഴിയുമെന്നറിയില്ല, പക്ഷേ, കളിക്കാനും മത്സരിക്കാനുമുള്ള ആഗ്രഹത്തിന്റെ ജ്വാല ഇപ്പോഴുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. അടുത്തവർഷം ജൂൺ 11 മുതൽ ജൂലായ് 19 വരെ കാനഡ, മെക്സിക്കോ, യുഎസ്എ എന്നിവിടങ്ങളിലാണ് ലോകകപ്പ് നടക്കുക.

# ഒളിമ്പിക്സിൽ ക്രിക്കറ്റും; കാലിഫോർണിയ വേദിയാവും

2028 ലോസ് ആഞ്ജലസ് ഒളിമ്പിക്സിൽ ഉൾപ്പെടുത്തിയ ക്രിക്കറ്റ് മത്സരങ്ങളുടെ വേദിയിൽ തീരുമാനമായി. കാലിഫോർണിയയിലെ പൊമോന ഫെയർഗ്രൗണ്ട്സിലായിരിക്കും മത്സരങ്ങൾ നടക്കുകയെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് സംഘടനയായ ഐസിസി അറിയിച്ചു. 1922 മുതൽ ലോസ് ആഞ്ജലസ് കൗണ്ടി ഫെയർ ഉത്സവം നടക്കുന്ന ഈ വേദി പൊമോന ഫയർപ്ലക്സ് എന്നും അറിയപ്പെടുന്നു. ലോസ് ആഞ്ജലസിൽ നിന്ന് 50 കിലോമീറ്റർ കിഴക്ക് ഭാഗത്തായാണ് ഗ്രൗണ്ട് സ്ഥിതി ചെയ്യുന്നത്. ഏകദേശം 500 ഏക്കറോളം വ്യാപിച്ചുകിടക്കുന്ന സ്ഥലമാണിത്.അതേസമയം, ലോസ് ആഞ്ജലസ് ഒളിമ്പിക്സിൽ ക്രിക്കറ്റിന്റെ വേദി പ്രഖ്യാപിച്ചതിനെ സ്വാഗതം ചെയ്യുന്നതായി ഐസിസി ചെയർമാൻ ജയ്ഷാ അറിയിച്ചു. ഒളിമ്പിക്സിൽ ക്രിക്കറ്റിന്റെ തിരിച്ചുവരവിന്റെ ഒരുക്കത്തിലേക്കുള്ള സുപ്രധാന ചുവടുവെയ്പാണിതെന്നും അദ്ദേഹം അറിയിച്ചു. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ മത്സരങ്ങളായിരിക്കും നടത്തുക. ആറുവീതം ടീമുകൾക്ക് പങ്കെടുക്കാവുന്ന ടൂർണമെന്റ് ടി20 ഫോർമാറ്റിലായിരിക്കും നടത്തുക. ഓരോ വിഭാഗത്തിലും പരമാവധി 90 അത്‌ലറ്റുകൾക്ക് ടൂർണമെന്റിൽ പങ്കെടുക്കാമെന്നാണ് സംഘാടകർ വ്യക്തമാക്കിയത്.




ലഖ്നൗ സൂപ്പർ ജയന്റ്സിന്റെ പ്രധാന പേസ് ബൗളറായ മായങ്ക് യാദവ് രാജസ്ഥാൻ റോയൽസിനെതിരായ നിർണായക ഐപിഎൽ മത്സരത്തിന് മുന്നോടിയായി ടീമിൽ തിരിച്ചെത്തി.22-കാരനായ ഈ ഫാസ്റ്റ് ബൗളർക്ക് കഴിഞ്ഞ സീസണിൽ സംഭവിച്ച നടുവേദനയും കാൽവിരലിലെ പരിക്കും മൂലം ഈ സീസണിൽ ഇതുവരെ കളിക്കാൻ കഴിഞ്ഞിരുന്നില്ല.ഏപ്രിൽ 15-ന് അദ്ദേഹം ടീം ഹോട്ടലിൽ ചേരുകയും ഘടഏയുടെ മെഡിക്കൽ സ്റ്റാഫിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ ഏപ്രിൽ 19-ന് നടക്കുന്ന മത്സരത്തിൽ കളിക്കാനും സാധ്യതയുണ്ട്.മായങ്ക് 2024 ലെ കജഘ ൽ 4 മത്സരങ്ങളിൽ നിന്ന് 7 വിക്കറ്റുകൾ നേടി മികച്ച പ്രകടനം കാഴ്ചവെക്കുകയും പിന്നീട് അതേ വർഷം തന്നെ ഇന്ത്യൻ ടീമിൽ അരങ്ങേറ്റം കുറിക്കുകയും ചെയ്തു. ഈ സീസണിൽ കാര്യമായ മുന്നേറ്റം നടത്താൻ കഴിയാതെ വിഷമിക്കുന്ന ലഖ്നൗവിന്റെ ബൗളിംഗ് നിരയ്ക്ക് അദ്ദേഹത്തിന്റെ തിരിച്ചുവരവ് ശക്തി പകരുമെന്ന് ആരാധകർ പ്രതീക്ഷിക്കുന്നു.

# മായങ്ക് യാദവ് ലഖ്നൗ സൂപ്പർ ജയന്റ്സ് ടീമിൽ തിരിച്ചെത്തി



# മീരാബായ് ചാനു അത്‌ലറ്റ്സ് കമ്മീഷൻ ചെയർപേഴ്സൺ




ടോക്കിയോ ഒളിമ്ബിക് മെഡൽ ജേതാവായ മീരാബായ് ചാനുവിനെ ഇന്ത്യൻ റെസ്‌ലിംഗ് ഫെഡറേഷന്റെ അത്‌ലറ്റ്സ് കമ്മീഷൻ ചെയർപേഴ്സണായി തിരഞ്ഞെടുത്തു.49 കിലോഗ്രാം വിഭാഗത്തിൽ ഒളിമ്ബിക് മെഡൽ നേടിയ രണ്ടാമത്തെ ഇന്ത്യൻ ഭാരോദ്വഹന താരമാണ് ചാനു. തന്നെ ചെയർപേഴ്സണായി തിരഞ്ഞെടുത്തതിന് ചാനു ഫെഡറേഷന് നന്ദി അറിയിച്ചു.ഈ ഉത്തരവാദിത്തങ്ങൾ ഗൗരവമായി ഏറ്റെടുക്കുമെന്നും സഹ ഭാരോദ്വഹനക്കാരുടെ ശബ്ദം ഉയർത്തിപ്പിടിക്കാനും അവരുടെ ശബ്ദം പ്രതിനിധീകരിക്കാനുമുള്ള അവസരം ലഭിച്ചതിൽ തനിക്ക് വളരെയധികം അഭിമാനമുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.ടോക്കിയോയിൽ 210 കിലോഗ്രാം ഭാരം ഉയർത്തിയാണ് ചാനു ഒളിമ്ബിക് മെഡൽ നേടിയത്. കഴിഞ്ഞ വർഷം പാരീസ് ഒളിമ്ബിക്സിൽ മറ്റൊരു മെഡൽ നേടാൻ സാധ്യതയുണ്ടായിരുന്നെങ്കിലും അത് നഷ്ടപ്പെട്ടു.

## ചാംപ്യൻസ് ലീഗ്; ബാഴ്സലോണയും പിഎസ്ജിയും സെമിയിൽ

യുവേഫ ചാംപ്യൻസ് ലീഗ് ഫുട്ബോളിൽ സെമിയിൽ കടന്ന് ബാഴ്സലോണയും പിഎസ്ജിയും. രണ്ടാം പാദ ക്വാർട്ടറിൽ ഇരുടീമുകളും പരാജയപ്പെട്ടെങ്കിലും ആദ്യ പാദത്തിലെ വിജയമാണ് ഇരുടീമുകൾക്കും സെമി പ്രവേശനത്തിന് സഹായകമായത്. ജർമ്മൻ ക്ലബ് ബൊറൂസിയ ഡോർട്ട്മുണ്ടിനോട് ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ബാഴ്സലോണ പരാജയപ്പെട്ടത്. എന്നാൽ ആദ്യ പാദത്തിലെ എതിരില്ലാത്ത നാല് ഗോളിന്റെ വിജയം സ്പാനിഷ് ക്ലബിന് സെമി സാധ്യത നൽകി.ക്വാർട്ടർ രണ്ട് പാദങ്ങളിലുമായി 5-3 എന്ന അഗ്രിഗേറ്റ് സ്കോറിൽ ബാഴ്സലോണ ചാംപ്യൻസ് ലീഗിന്റെ സെമിയിലേക്ക് കടന്നു. ഡോർട്ട്മുണ്ടിനായി സെർഹൗ ഗുയ്റാസിയെ നേടിയ ഹാട്രിക് നേട്ടം പാഴായി. മറ്റൊരു മത്സരത്തിൽ രണ്ടിനെതിരെ മൂന്ന് ?ഗോളുകൾക്കാണ് പിഎസ്ജി ആസ്റ്റൺ വില്ലയോട് തോറ്റത്. എന്നാൽ ആദ്യ പാദ ക്വാർട്ടറിൽ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ആസ്റ്റൺ വില്ല പിഎസ്ജിയെ തോൽപ്പിച്ചിരുന്നു. ഇതോടെ രണ്ട് പാദങ്ങളിലുമായി നാലിനെതിരെ അഞ്ച് ഗോളുകൾക്കാണ് പിഎസ്ജിയുടെ വിജയം.


## വാങ്കഡെ സ്റ്റേഡിയത്തിൽ രോഹിത് ശർമ സ്റ്റാൻഡ് വരുന്നു

ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമക്ക് ആദരമൊരുക്കി മുംബൈ ക്രിക്കറ്റ് അസോസിയേഷൻ. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലെ സ്റ്റാൻഡിന് രോഹിത് ശർമയുടെ പേര് നൽകാൻ ക്രിക്കറ്റ് അസോസിയേഷൻറെ വാർഷിക ജനറൽ ബോഡി യോഗം തീരുമാനിച്ചു.രോഹിത്തിന് പുറമെ അജിത് വഡേക്കറുടെയും മുംബൈ ക്രിക്കറ്റ് അസോസിയേഷൻ മുൻ പ്രസിഡൻറ് ശരദ് പവാറിന്റെയും പേരുകൾ സ്റ്റേഡിയത്തിലെ രണ്ട് സ്റ്റാൻഡുകൾക്ക് നൽകും.വാങ്കഡെയിലെ ലെവൽ 3ലെ ദിവേച്ച പവലിയനാണ് ഇനി മുതൽ രോഹിത് ശർമ സ്റ്റാൻഡ് എന്നറിയപ്പെടുകയെന്ന് മുംബൈ ക്രിക്കറ്റ് അസോസിയേഷൻ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ പറയുന്നു.ലെവൽ 3ലെ ഗ്രാൻഡ് സ്റ്റാൻഡ് ശരദ് പവാറിൻറെ പേരിലും ലെവൽ 4 സ്റ്റാൻഡ് അജിത് വഡേക്കറുടെ പേരിലും അറിയപ്പെടും.





## ക്രിസ്റ്റ്യാനോ അൽ നസ്റിൽ തുടരുമോ?

ഫുട്ബോൾ ഇതിഹാസം ക്രിസ്റ്റ്യാനോ റൊണാൾഡോ അടുത്ത സീസണിൽ സൗദി പ്രോ ലീഗിൽ തുടരുമോ? സൗദി ക്ലബ്ബായ അൽ-നാസർ എഫ്സിയുമായുള്ള രണ്ടര വർഷത്തെ കരാർ അവസാനിക്കാനിരിക്കെ, പോർച്ചുഗീസ് താരത്തിന്റെ ഭാവി അറിയാൻ ഫുട്ബോൾ ലോകം കാത്തിരിക്കുകയാണ്.അടുത്ത വർഷത്തെ ഫിഫ ലോകകപ്പിൽ കളിക്കാൻ ലക്ഷ്യമിടുന്ന 40 കാരനായ താരം ക്ലബ് ഫുട്ബോളിൽ സജീവമായി തുടരുമെന്ന് ഉറപ്പാണ്. സൗദി പ്രോ ലീഗിലെ ഏറ്റവും മികച്ച കളിക്കാരിൽ ഒരാളായി അദ്ദേഹം ഇതിനകം ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ അൽ-നാസറുമായുള്ള കരാർ പുതുക്കാൻ അദ്ദേഹം തയ്യാറാകുമോ എന്ന് കണ്ടറിയണം.2023ൽ അൽ നസ്റിൽ ചേർന്ന ക്രിസ്റ്റ്യാനോയുടെ നിലവിലെ കരാർ ഈ വേനൽക്കാലത്ത് അവസാനിക്കും. പ്രതിവർഷം 75 മില്യൺ ഡോളർ പ്രതിഫലത്തിന് രണ്ടര വർഷത്തെ കരാറിലാണ് ഏർപ്പെട്ടിരുന്നത്. പ്രായം 40ൽ എത്തിയെങ്കിലും കഴിഞ്ഞ ദിവസം ക്രിസ്റ്റ്യാനോ നേടിയ സൂപ്പർ ഗോൾ കരിയറിലെ തന്നെ ഏറ്റവും മികച്ച ഗോളുകളിലൊന്നായിരുന്നു. പെനാൽറ്റി ബോക്സിന് പുറത്തുനിന്നുള്ള നെടുനീളൻ ഷോട്ട് വലയിൽ കയറിയ കാഴ്ച കണ്ട് ഫുട്ബോൾ ലോകം അമ്പരന്നു.ക്ലബ്ബിൽ തുടരാൻ ക്രിസ്റ്റ്യാനോ ആഗ്രഹിക്കുന്നതായി അൽ നസ്ർ വൈസ് പ്രസിഡന്റ് ഖാലിദ് അൽ-മാലിക് വെളിപ്പെടുത്തി.



# രാത്രി ഉറങ്ങുമ്പോൾ മുറിയിൽ ലൈറ്റ് ഇടാറുണ്ടോ? രക്തത്തിലെ പഞ്ചസാര ഉയർത്തും !



രാത്രിയിൽ ലൈറ്റ് ഇട്ട് ഉറങ്ങുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവിനെ ഉയർത്തുമെന്ന് പഠനം. ഉറക്കത്തിൽ ചെറിയ അളവിൽ വെളിച്ചം ഏൽക്കുന്നത് പോലും ശരീരത്തിന്റെ സ്വാഭാവിക താളത്തെയും ഹോർമോൺ സന്തുലിതാവസ്ഥയെയും തടസ്സപ്പെടുത്തുമെന്നും ഇത് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും കാരണമാകുമെന്നും ആസ്റ്റർ വൈറ്റ്ഫീൽഡിലെ ഇന്റേണൽ മെഡിസിൻ വിഭാഗം മേധാവി ഡോ. സുചിസ്മിത രാജമാന്യ പറയുന്നു.

മാത്രമല്ല രാത്രിസമയങ്ങളിൽ ഹൃദയമിടിപ്പും മറ്റ് ഹൃദയ സംബന്ധമായ പ്രവർത്തനങ്ങളും കുറഞ്ഞ ആളവിലായിരിക്കും, ഇത് പകൽ സമയത്ത് കൂടിയിരിക്കും. ഉറങ്ങാൻ കിടക്കുമ്പോൾ ചെറിയ വെളിച്ചമാണെങ്കിൽ പോലും ശരീരത്തെ സ്വാഭാവികമായ ജാഗ്രതാവസ്ഥയിലാക്കുന്നു. ഇത് ഹൃദയമിടിപ്പ് വർധിപ്പിക്കും.

### ഹോർമോൺ സന്തുലിതാവസ്ഥയെ ബാധിക്കുന്നു

രാത്രിയിൽ വെളിച്ചം ഏൽക്കുന്നത് കോർട്ടിസോൾ പോലുള്ള മറ്റ് ഹോർമോണുകളെ ബാധിക്കും. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവിനെയും ബാധിക്കും.

### രക്തത്തിലെ പഞ്ചസാര വർദ്ധിപ്പിക്കുന്നു

ഉറക്കം തടസ്സപ്പെടുന്നത്, ഹോർമോൺ മാറ്റങ്ങൾ, ഇൻസുലിൻ പ്രതിരോധം വർദ്ധിക്കുന്നത് എന്നിവയുടെ സംയോജനം രക്തത്തിലെ പഞ്ചസാരയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് കാരണമാകും.

### ഹൃദയരോഗ്യത്തെ ബാധിക്കും

ലൈറ്റ് ഇട്ട് ഉറങ്ങുന്നത് ഹൃദയരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുമെന്നും ഹൃദ്രോഗത്തിനും പ്രമേഹത്തിനും സാധ്യത വർധിപ്പിക്കുമെന്നും ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.

### പരിഹാരം എന്താണ്?

നേരത്തെ അത്താഴം കഴിക്കുന്നതാണ് ഉത്തമം. നമ്മുടെ തലച്ചോറിനെ സജീവമാകാൻ പ്രേരിപ്പിക്കുന്ന നീല രശ്മികൾ പുറപ്പെടുവിക്കുന്ന സ്ക്രീനിന്റെ ഉപയോഗം രാത്രിയിൽ കുറയ്ക്കാം. സ്ഥിരമായി ഇത് ഉപയോഗിക്കുന്നത് കോർട്ടിസോൾ വർധിപ്പിച്ച് രക്തത്തിലെ പഞ്ചസാരയുടെ അളവിൽ മാറ്റങ്ങൾ വരുത്തും.

കിടപ്പുമുറിയിൽ കൃത്രിമ വെളിച്ചങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കാം. ഉറങ്ങുമ്പോൾ ലൈറ്റ് ഓഫ് ആക്കുക. കൂടാതെ വൈകുന്നേരം 4 അല്ലെങ്കിൽ 5 മണിക്ക് ശേഷം കഫീൻ അടങ്ങിയ പാനീയങ്ങൾ കുടിക്കുന്നത് ഒഴിവാക്കാം.



# പ്രോസ്റ്റേറ്റ് കാൻസർ കണ്ടെത്താൻ ഉമിനീരും സഹായിക്കും

പ്രോസ്റ്റേറ്റ് കാൻസർ നേരത്തേ കണ്ടെത്താൻ ഉമിനീർ പരിശോധന സഹായിക്കുമെന്ന് ബ്രിട്ടീഷ് ശാസ്ത്രജ്ഞർ. പുരുഷന്മാരുടെ ഡിഎൻഎ വിശകലനം ചെയ്താണ് രോഗ സാധ്യത നിർണ്ണയിക്കുന്നത്.

പ്രോസ്റ്റേറ്റ് കാൻസർ സാധ്യത വർദ്ധിപ്പിക്കുന്ന ഡിഎൻഎയിലെ 130 മ്യൂട്ടേഷനുകളാണ് പഠനം പരിശോധിച്ചത്.

55 നും 69 നും ഇടയിൽ പ്രായമുള്ള പുരുഷന്മാരുടെ ഉമിനീർ പഠനത്തിനായി ഉപയോഗിച്ചു. ഗവേഷണ ഫലങ്ങൾ ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിനിൽ പ്രസിദ്ധീകരിച്ചു.

യുകെയിൽ ഓരോ വർഷവും ഏകദേശം 12,000 പുരുഷന്മാർ പ്രോസ്റ്റേറ്റ് കാൻസർ ബാധിച്ച് മരിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. പ്രോസ്റ്റേറ്റ് ബയോപ്സികൾക്കും എംആർഐ സ്കാനുകൾക്കും കണ്ടെത്താൻ കഴിയാത്ത അപകടസാധ്യതകൾ ഉമിനീർ പരിശോധനകൾ വെളിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

എന്നിരുന്നാലും, നമുക്ക് ഇത് പൂർണ്ണമായും ആശ്രയിക്കണമെങ്കിൽ, കൂടുതൽ പഠനങ്ങൾ ആവശ്യമാണ്, കാത്തിരിക്കേണ്ടിവരുമെന്ന് കേംബ്രിഡ്ജ് സർവകലാശാലയിലെ പ്രൊഫസർ മൈക്കൽ ഇനോയ് പറഞ്ഞു. പ്രോസ്റ്റേറ്റ് കാൻസറിനുള്ള നിലവിലെ പരിശോധന പലപ്പോഴും അനാവശ്യ ചികിത്സകളിലേക്ക് നയിക്കുന്നുവെന്ന് ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാൻസർ റിസർച്ചിലെ പ്രൊഫസർ ക്രിസ്റ്റ്യൻ ഹെലിലും അഭിപ്രായപ്പെട്ടു.



# വിവാഹിതർക്ക് ഡിമെൻഷ്യ വരാനുള്ള സാധ്യത കൂടുതലെന്ന് പഠനം

ഫ്ളോറിഡ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ നടത്തിയ പഠനത്തിൽ,അവിവാഹിതരെഅപേക്ഷിച്ച്വിവാഹിതർക്ക് ഡിമെൻഷ്യ വരാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടെത്തി.

ഡിമെൻഷ്യ ഇല്ലാത്ത അമേരിക്കയിലെ 24,000 ആളുകളിൽ നിന്ന് ഗവേഷകർ തുടക്കത്തിൽ വിവരങ്ങൾ ശേഖരിച്ചു. അവരെ 18 വർഷത്തേക്ക് നിരീക്ഷിച്ചു. തുടർന്ന് അവർ വിവാഹിതർ, അവിവാഹിതർ, വിവാഹമോചിതർ, വിധവകൾ എന്നിവരിൽ ഡിമെൻഷ്യയുടെ നിരക്ക് താരതമ്യം ചെയ്തു.

തുടക്കത്തിൽ, മൂന്ന് അവിവാഹിത ഗ്രൂപ്പുകളിലുള്ളവർക്ക് വിവാഹിതരെ അപേക്ഷിച്ച് ഡിമെൻഷ്യ വരാനുള്ള സാധ്യത കുറവാണെന്ന് അവർ കണ്ടെത്തി. എന്നിരുന്നാലും, പുകവലി, വിഷാദം തുടങ്ങിയ മറ്റ് ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ, വിവാഹമോചിതരും അവിവാഹിതരുമായ ആളുകൾക്ക് ഡിമെൻഷ്യ വരാനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തി.

ഡിമെൻഷ്യയുടെ തരം അനുസരിച്ച് വ്യത്യാസങ്ങൾ പ്രകടമായിരുന്നു. ഏറ്റവും സാധാരണയായി കണ്ടുവരുന്ന ഡിമെൻഷ്യയായിരുന്നു അവിവാഹിതരിൽ പൊതുവെ കണ്ടിരുന്നത്. ഇത് വാസ്കുലാർ ഡിമെൻഷ്യക്ക് ബാധകമായിരുന്നില്ല.

ഓർമ്മക്കുറവ്, സംശയം, മാനസികാവസ്ഥയിലെ മാറ്റങ്ങൾ എന്നിവ ഡിമെൻഷ്യയുടെ ലക്ഷണങ്ങളാണ്. അവരുടെ പങ്കാളികൾക്ക് അവരെ മനസ്സിലാക്കാൻ കഴിയുന്നതിനാൽ, വിവാഹിതരിൽ ഡിമെൻഷ്യ നേരത്തെ കണ്ടെത്താൻ കഴിയും. അവിവാഹിതരിൽ ഇത് പലപ്പോഴും പിന്നീട് കണ്ടെത്തുന്നു. ഇതായിരിക്കാം വിവാഹിതരിൽ ഡിമെൻഷ്യ കൂടുതലാണെന്ന വിലയിരുത്തലിലേക്ക് ഗവേഷകരെ എത്തിച്ചത്.

# പോസിറ്റീവ് എനർജിയും സുഗന്ധവും പരത്തും! വീടിനുള്ളിൽ വളർത്താൻ പറ്റിയ ചെടികൾ



പൂച്ചെടികൾ കണ്ട് ഉണരുന്നത് എത്ര മനോഹരമാണെന്ന് പറയേണ്ടതില്ലല്ലോ. വീട്ടിൽ നല്ല സുഗന്ധമുണ്ടെങ്കിൽ, മനസ്സിന് തന്നെ ഒരു കുളിർമയാണ്. നമ്മൾ വീടിനുള്ളിൽ ഇൻഡോർ സസ്യങ്ങൾ വളർത്താറുണ്ട്. എന്നാൽ എത്ര പേർ അവയുടെ ഗുണങ്ങളെ അടിസ്ഥാനമാക്കി സസ്യങ്ങൾ വാങ്ങുന്നുണ്ട്? നിങ്ങൾ വീടിനുള്ളിൽ ഇൻഡോർ സസ്യങ്ങൾ വളർത്താൻ പദ്ധതിയിടുകയാണെങ്കിൽ, ഈ സസ്യങ്ങൾ വാങ്ങുക.

### പീസ് ലില്ലി

നിങ്ങൾ ആദ്യമായി സസ്യങ്ങൾ വളർത്തുകയാണെങ്കിൽ, പീസ് ലില്ലി ഒരു നല്ല ഓപ്ഷനാണ്. പീസ് ലില്ലിക്ക് വളരെ കുറച്ച് വെളിച്ചവും വെള്ളവും മാത്രമേ ആവശ്യമുള്ളൂ. അതിന്റെ പരിചരണവും വളരെ എളുപ്പമാണ്. കൂടാതെ, പീസ് ലില്ലി വായുവിനെ ശുദ്ധീകരിക്കും.

### ആന്തൂറിയം

കടും ചുവപ്പ്, പിങ്ക് നിറങ്ങളിൽ ആന്തൂറിയം കാണപ്പെടുന്നു. ഹൃദയാകൃതിയിലുള്ള ഇലകൾ ചെടിക്ക് കൂടുതൽ ഭംഗി നൽകുന്നു. ആന്തൂറിയത്തിന് ഈർപ്പം, നല്ല വെളിച്ചം, എന്നിവ ആവശ്യമാണ്. അതിനാൽ, ചെടിക്ക് ചെറിയ അളവിൽ ഈർപ്പം ഉണ്ടെന്ന് നിങ്ങൾ എല്ലായ്പ്പോഴും ഉറപ്പാക്കണം.

### ഓർക്കിഡ്

മിക്ക വീടുകളിലും വളർത്തുന്ന ഒരു സസ്യമാണ് ഓർക്കിഡുകൾ. നേരിട്ട് സൂര്യപ്രകാശം ലഭിക്കാത്ത സ്ഥലത്താണ് ഓർക്കിഡുകൾ വളർത്തേണ്ടത്. അവ വളരാൻ ആഴ്ചതോറും നനയ്ക്കേണ്ടതുണ്ട്.

### ലിപ്സ്റ്റിക് പ്ലാന്റ്

ചുവന്ന ട്യൂബ് ആകൃതിയിലുള്ള പൂക്കൾ ഉള്ളതിനാൽ ഇതിനെ ലിപ്സ്റ്റിക് പ്ലാന്റ് എന്ന് വിളിക്കുന്നു. ലിപ്സ്റ്റിക് ചെടിയുടെ യഥാർത്ഥ പേര് എസ്കിനാന്തസ് എന്നാണ്.

തൂക്കിയിട്ട ചട്ടിയിൽ വളർത്തുന്നതാണ് നല്ലത്. ഈ ചെടി ഈർപ്പം ഇഷ്ടപ്പെടുന്നു. ലിപ്സ്റ്റിക് ചെടി വളരാൻ ചെറിയ അളവിൽ വെളിച്ചവും ആവശ്യമാണ്.

### ജെറേനിയം

ആകർഷകമായ പൂക്കളുള്ള ഒരു സസ്യമാണ് ജെറേനിയം. ഈ ചെടി വേഗത്തിൽ വളരുന്നു. അതിനാൽ, ഇതിന് കുറച്ച് പരിചരണം മാത്രമേ ആവശ്യമുള്ളൂ. ചെടി നന്നായി വളരാൻ നേരിട്ട് സൂര്യപ്രകാശം ആവശ്യമാണ്. കൂടാതെ, ജെറേനിയം വീടിനുള്ളിൽ സുഗന്ധം പരത്തുന്നു.

### ക്ലൈംബിംഗ് റോസസ് (റോസ സ്പീഷീസ്)

കുറ്റിച്ചെടികൾക്ക്പകരംക്ലൈംബിംഗ് വള്ളികൾ രൂപപ്പെടുത്തുന്ന നിരവധി റോസ് ഇനങ്ങൾ ഉണ്ട്,വർഷങ്ങളോളം മനോഹരമായ പൂക്കൾ തരും ഇവ.




## സെർച്ച് എഞ്ചിനിൽ മാറ്റങ്ങൾ വരുന്നു; മുഖം മിനുക്കാൻ ഒരുങ്ങി നെറ്റ്ഫ്ളിക്സ്

നെറ്റ്ഫ്ളിക്സ് തങ്ങളുടെ സെർച്ച് എഞ്ചിനിൽ മാറ്റങ്ങൾ വരുത്താൻ ഒരുങ്ങുകയാണ്. നിലവിലുള്ള സെർച്ച് സിസ്റ്റത്തിന് പകരം ഓപ്പൺ എഐ മോഡലുകൾ ഉപയോഗിച്ച് പുതിയ എഐ സെർച്ച് സിസ്റ്റം സ്ഥാപിക്കുക എന്നതാണ് പുതിയ നീക്കം.

അതേസമയം, ഉപയോക്താക്കൾക്ക് കൂടുതൽ നിർദ്ദിഷ്ട പദങ്ങൾ ഉപയോഗിച്ച് ഉള്ളടക്കം തിരയാൻ കഴിയും. ഉദാഹരണത്തിന്, നിങ്ങൾ സങ്കടപ്പെടുമ്പോൾ കാണാൻ നല്ല സിനിമകൾക്കായി തിരയുമ്പോൾ, നെറ്റ്ഫ്ളിക്സ് അനുയോജ്യമായ സിനിമകൾ നൽകും. ഉപയോക്തൃ ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തിൽ ഫീച്ചർ മാറ്റും. കൂടാതെ, ഈ സംവിധാനം നിലവിൽ ഓസ്ട്രേലിയയിലും ന്യൂസിലൻഡിലും പരീക്ഷണാടിസ്ഥാനത്തിൽ ലഭ്യമാണ്.

നിലവിൽ ഐ.ഒ.എസ് ആപ്പിൽ മാത്രമാണ് ഈ ഫീച്ചർ ലഭിക്കുക. അടുത്ത ദിവസങ്ങളിൽ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഈ ഫീച്ചർ ലഭ്യമായി തുടങ്ങും. ഇന്ത്യയിൽ ഇത് ലഭ്യമാകുമോയെന്ന കാര്യത്തിൽ വ്യക്തതയില്ല.

സിനിമ നിർമാണത്തിലും പ്ലാറ്റ്ഫോം മെച്ചപ്പെടുത്തലിലുമായി നെറ്റ്ഫ്ളിക്സ് എ.ഐ സാങ്കേതിക വിദ്യകളിൽ നിരന്തരം പരീക്ഷണങ്ങൾ നടത്തുകയാണ്. ഈ മാസം ആദ്യം, നെറ്റ്ഫ്ളിക്സ് അതിന്റെ ടിവി ആപ്പ് ബഹുഭാഷാ ഓഡിയോ പിന്തുണയോടെ അപ്ഡേറ്റ് ചെയ്തു. ഇതിലൂടെ ഉപയോക്താക്കൾക്ക് വിവിധ ഭാഷകളിൽ സിനിമകളും ഷോകളും ആസ്വദിക്കാനാകും.

## എ.ഐ മ്യൂസിക് ജനറേറ്റർ അവതരിപ്പിച്ച് യൂട്യൂബ്; ഇനി കോപ്പിറൈറ്റ് അടിക്കുമെന്ന ഭയം വേണ്ട

വീഡിയോ സ്രഷ്ടാക്കളെ ലക്ഷ്യമിട്ട് യൂട്യൂബ് മ്യൂസിക് അസിസ്റ്റന്റ് എന്ന പുതിയ എഐ ഫീച്ചർ അവതരിപ്പിച്ചു. വീഡിയോകൾക്കായി ഇഷ്ടാനുസൃത പശ്ചാത്തല സംഗീതം സൃഷ്ടിക്കാൻ സഹായിക്കുന്ന ഒരു എഐ മ്യൂസിക് ജനറേറ്റർ ഫീച്ചർ ആണ് യൂട്യൂബ് അവതരിപ്പിച്ചത്.

യൂട്യൂബ് സ്റ്റുഡിയോയിലെ ക്രിയേറ്റേഴ്സ് മ്യൂസിക് ടാബിൽ ഈ ഫീച്ചർ ഉൾപ്പെടുത്തിയിട്ടുണ്ട്. പകർപ്പവകാശത്തെക്കുറിച്ച് ആശങ്കപ്പെടാതെ വീഡിയോകൾ അപ്ലോഡ് ചെയ്യാൻ ഇത് നിങ്ങളെ അനുവദിക്കുന്നു. യൂട്യൂബിന്റെ കർശനമായ പകർപ്പവകാശ നിയമങ്ങൾ സ്രഷ്ടാക്കൾക്ക് എപ്പോഴും ഒരു വെല്ലുവിളിയായിരുന്നു.

പകർപ്പവകാശ ലംഘനത്തിന് യൂട്യൂബിന് അവരുടെ വീഡിയോകളും ചിലപ്പോൾ അവരുടെ ചാനലുകളും തടയാൻ കഴിയും. അതിനാൽ, സംഗീതത്തിന്റെ തിരഞ്ഞെടുപ്പിൽ ഒരു പരിമിതിയുണ്ട്. ഇത് പലപ്പോഴും സ്രഷ്ടാക്കൾക്ക് ഇഷ്ടമുള്ള പശ്ചാത്തല സംഗീതം ഉൾപ്പെടുത്തുന്നതിൽ നിന്ന് തടയുന്നു. ഇതിനുള്ള പരിഹാരമായാണ് പുതിയ എഐ ഫീച്ചർ അവതരിപ്പിച്ചിരിക്കുന്നത്.




ടെക്സ്റ്റ് പ്രോംപ്റ്റുകൾ വഴിയാണ് പശ്ചാത്തല സംഗീതം സൃഷ്ടിക്കാൻ കഴിയുക. ഉപയോക്താവ് നൽകുന്ന ടെക്സ്റ്റ് പ്രോംപ്റ്റ് അനുസരിച്ച് ഇൻസ്ട്രുമെന്റൽ ട്രാക്ക് സൃഷ്ടിക്കപ്പെടും. ചില മുൻകൂട്ടി തയ്യാറാക്കിയ പ്രോംപ്റ്റുകളും ഫീച്ചറിൽ ലഭ്യമാണ്.

പ്രോംപ്റ്റുകൾ നൽകാൻ ബുദ്ധിമുട്ടുള്ളവർക്ക് ഇത് കൂടുതൽ സൗകര്യപ്രദമാക്കും. ക്രിയേറ്റർ മ്യൂസിക് ടാബിൽ ഇതിനായി ഒരു പ്രത്യേക ജെമിനി ഐക്കൺ നൽകിയിട്ടുണ്ട്. ഇതിൽ ക്ലിക്ക് ചെയ്ത് നിങ്ങൾക്ക് ആവശ്യമുള്ള മ്യൂസിക് ടൈപ്പ് സംബന്ധിച്ച വിശദാംശങ്ങൾ വിവരണ ബോക്സിൽ നൽകുക.

വീഡിയോയുടെ വിഷയം, ദൈർഘ്യം, സ്വഭാവം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തുക. തുടർന്ന് ജനറേറ്റ് ബട്ടൺ ക്ലിക്ക് ചെയ്താൽ നാല് ഓഡിയോ സാമ്പിളുകൾ ജനറേറ്റ് ചെയ്യപ്പെടും. ഇവയിൽ നിന്ന് നിങ്ങൾക്ക് അനുയോജ്യമായത് തിരഞ്ഞെടുക്കാം.

## ഏത് ആകൃതിയിലേക്കും മാറ്റം; ടെക് ലോകത്തെ ഞെട്ടിക്കും ഈ ബാറ്ററി

ഏത് ആകൃതിയിലേക്കും മാറ്റാവുന്ന ബാറ്ററി വികസിപ്പിച്ച് ശാസ്ത്രജ്ഞർ. സ്വീഡനിലെ ശാസ്ത്രജ്ഞരാണ് ഈ ബാറ്ററി വികസിപ്പിച്ചെടുത്തത്. അടുത്ത തലമുറയിലെ ഗാഡ്ജെറ്റുകൾ, മെഡിക്കൽ ഉപകരണങ്ങൾ, റോബോട്ടുകൾ എന്നിവയിൽ വിപ്ലവം സൃഷ്ടിക്കാൻ കഴിയുന്ന ഒരു വഴിത്തിരിവായി ഈ കണ്ടെത്തലിനെ വിശേഷിപ്പിച്ചിട്ടുണ്ട്.



വലിച്ചുനീട്ടാവുന്ന ബാറ്ററികൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ മുമ്പും നടന്നിട്ടുണ്ട്. ഇത് അതിൽ നിന്ന് വ്യത്യസ്തമാണ്. ടൂത്ത് പേസ്റ്റ് പോലെ തോന്നിക്കുമിത്. ഒരു ത്രീ ഡി പ്രിന്റർ ഉപയോഗിച്ച് നിങ്ങൾക്ക് ഇഷ്ടമുള്ള രൂപത്തിലേക്ക് അതിനെ മാറ്റാം. ഗവേഷകർ വികസിപ്പിച്ച ബാറ്ററിയുടെ പ്രോട്ടോടൈപ്പ് 500 തവണയിലേറെ ചാർജ് ചെയ്തും ഡിസ്ചാർജ് ചെയ്തും പരീക്ഷണം നടത്തിയിരുന്നു.

നിലവിലുള്ളതിന്റെ ഇരട്ടി വലിപ്പത്തിലേക്ക് ഇത് നീട്ടാൻ കഴിയും. നിലവിലെ അവസ്ഥയിൽ, ഈ ബാറ്ററി വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയില്ല. കാരണം, ഇതിന് ഒരു വോൾട്ട് മാത്രമേ സംഭരിക്കാൻ കഴിയൂ. ഒരു സാധാരണ കാർ ബാറ്ററിക്ക് സംഭരിക്കാൻ കഴിയുന്നതിന്റെ എട്ട് ശതമാനം മാത്രമാണിത്. അതിനാൽ പിന്നീട് അതിന്റെ ശേഷി വർദ്ധിപ്പിക്കാൻ കഴിയുമെന്ന് ശാസ്ത്രജ്ഞർ അവകാശപ്പെടുന്നു.

## ഡൗൺലോഡിങ്ങിൽ ലോകത്ത് ഒന്നാമൻ; കരുത്ത് കാട്ടി ചാറ്റ് ജിപിടി




ഡൗൺലോഡിന്റെ കാര്യത്തിൽ ഇൻസ്റ്റാഗ്രാമിനെയും ടിക് ടോക്കിനെയും മറികടന്ന് ഓപ്പൺ എഐയുടെ ചാറ്റ് ജിപിടി. മാർച്ചിൽ 46 ദശലക്ഷം ഡൗൺലോഡുകളുമായി ചാറ്റ് ജിപിടി ലോകത്ത് ഒന്നാമതെത്തി. അനലിറ്റിക്സ് കമ്പനിയായ ആപ്പ് ഫിഗേഴ്സ് ആണ് ഈ കണക്കുകൾ പുറത്തുവിട്ടത്.

ചിത്രങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പുതിയ ടൂൾ ചാറ്റ് ജിപിടിയിൽ ഉൾപ്പെടുത്തിയതിന് ശേഷമാണ് ഡൗൺലോഡുകൾ വർദ്ധിച്ചത്. ഗിബ്ലി ശൈലിയിലുള്ള സ്റ്റുഡിയോ ആർട്ട് സോഷ്യൽ മീഡിയയിൽ ഒരു ട്രെൻഡായി മാറിയതിനാലാണിത്. ദശലക്ഷക്കണക്കിന് ആളുകൾ ഈ സവിശേഷത പരീക്ഷിക്കാൻ ചാറ്റ് ജിപിടി ഉപയോഗിക്കുന്നുണ്ട്.

മാർച്ചിലെ 4.6 കോടി ഡൗൺലോഡിൽ 1.3 കോടി ആപ്പിൾ ഫോണുകളിലായിരുന്നു. 3.3 കോടി ആൻഡ്രോയിഡ് ഫോണുകളിലും. ഇൻസ്റ്റഗ്രാമിനും ഇതിനടുത്തുതന്നെ ഡൗൺലോഡ് ഉണ്ടായി.

ഐഫോണുകളിൽ 50 ലക്ഷവും ആൻഡ്രോയിഡ് ഫോണുകളിൽ 4.1 കോടിയുമായിരുന്നു ഇൻസ്റ്റഗ്രാം ഡൗൺലോഡ്. ടിക് ടോകിന് 4.5 കോടി ഡൗൺലോഡ് ലഭിച്ചു.

ചാറ്റ് ജിപിടിയുടെ ഡൗൺലോഡിൽ വലിയ വർധനയാണ് ഏതാനും മാസമായി രേഖപ്പെടുത്തുന്നത്. മാർച്ചിൽ ഫെബ്രുവരിയിലെക്കാൾ 28 ശതമാനം കൂടി.

2024 ജനുവരി-മാർച്ച് കാലയളവുമായി താരതമ്യംചെയ്താൽ 2025ൽ 148 ശതമാനം വരെയാണ് വർധനയെന്നും ആപ്പ് ഫിഗേഴ്സ് പറയുന്നു.

## വീഡിയോ കോൾ ഇനി രസകരമാക്കാം; പുതിയ ഫീച്ചറുമായി വാട്സ്ആപ്പ്

ചാറ്റിംഗ്, വോയ്സ് കോളുകൾ, വീഡിയോ കോളുകൾ തുടങ്ങിയവയ്ക്കായി ദശലക്ഷക്കണക്കിന് ആളുകൾ ഉപയോഗിക്കുന്ന ഒന്നാണ് വാട്സ്ആപ്പ്. ഏകദേശം 3.5 ബില്യൺ ഉപയോക്താക്കൾ പ്രതിദിനം വാട്സ്ആപ്പ് ഉപയോഗിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഉപയോക്തൃ അനുഭവം സമ്പന്നമാക്കുന്നതിനായി കമ്പനി നിരന്തരം പുതിയ ഫീച്ചറുകൾ അവതരിപ്പിക്കുന്നുണ്ട്. ഇപ്പോഴിതാ വാട്സ്ആപ്പ് വോയിസ് കോളിംഗ്, വീഡിയോ കോളിംഗ് അനുഭവം മെച്ചപ്പെടുത്തുന്നതിനായി വാട്സ്ആപ്പിൽ പുതിയ അപ്ഡേറ്റുകൾ അവതരിപ്പിക്കാൻ പോകുകയാണ്.




പുതിയ അപ്ഡേറ്റിനെ കുറിച്ച് വാട്സ്ആപ്പ് അപ്ഡേറ്റ്സ് ട്രാക്കറായ WA-Betainfo ആണ് വിവരങ്ങൾ പങ്കുവെച്ചത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമായ ആൻഡ്രോയ്ഡിനുള്ള ഏറ്റവും പുതിയ വാട്സ്ആപ്പ് ബീറ്റ പതിപ്പിലാണ് ഈ അപ്ഡേറ്റുകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.

വോയിസ്, വീഡിയോ കോളുകൾക്കായി വാട്സ്ആപ്പ് മൂന്ന് പുതിയ ഫീച്ചറുകൾ ചേർക്കുന്നുണ്ടെന്ന് വാബീറ്റ ഇൻഫോ റിപ്പോർട്ട് ചെയ്യുന്നു. നിലവിൽ ഈ സവിശേഷതകൾ ആൻഡ്രോയ്ഡ് ബീറ്റ ഉപയോക്താക്കൾക്ക് മാത്രമാണ് ലഭ്യമാകുന്നത്. ഇൻകമിംഗ് വോയ്സ് കോൾ അറിയിപ്പുകൾ നിശബ്ദമാക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്ന മ്യൂട്ട് ബട്ടൺ ഒരു പുതിയ കൂട്ടിച്ചേർക്കൽ ആയിരിക്കും. അതായത് ഉപയോക്താക്കൾക്ക് ഇപ്പോൾ അവരുടെ മൈക്രോഫോൺ നിശബ്ദമാക്കിവെച്ചുകൊണ്ട് കോളുകൾക്ക് മറുപടി നൽകാൻ കഴിയും.

വീഡിയോ കോളിംഗ് ലക്ഷ്യമിട്ടുള്ള മറ്റൊരു പുതിയ അപ്ഡേറ്റിൽ വീഡിയോ കോളിന് മറുപടി നൽകുന്നതിനുമുമ്പ് ഉപയോക്താക്കൾക്ക് അവരുടെ വീഡിയോ ഓഫ് ചെയ്യാനുള്ള ഓപ്ഷനും ലഭിക്കും. മുമ്പ്, കോൾ എടുത്ത ശേഷം ഉപയോക്താക്കൾക്ക് ക്യാമറ ഓഫാക്കേണ്ടി വന്നിരുന്നു. ഈ ബുദ്ധിമുട്ട് പുതിയ ഫീച്ചർ ഇല്ലാതാക്കും. കൂടാതെ, വീഡിയോ കോളുകൾക്കിടയിൽ ഇമോജി പ്രതികരണങ്ങൾ നൽകാനും വാട്സ്ആപ്പ് പദ്ധതിയിടുന്നു. ചാറ്റ് ചെയ്യുമ്പോൾ തത്സമയം വികാരങ്ങൾ പ്രകടിപ്പിക്കാൻ ഈ ഫീച്ചർ ഉപഭോക്താക്കളെ അനുവദിക്കുന്നു.



# മാർച്ചിൽ ഇസ്രായേലിന് നേരെ നടന്ന ആക്രമണം: പ്രതികളെ പിടികൂടിയെന്ന് ലെബനൻ സൈന്യം; ഹിസ്ബുള്ളയെക്കുറിച്ച് പരാമർശമില്ല

ബെയ്റൂട്ട്: കഴിഞ്ഞ മാർച്ചിൽ ലെബനനിൽ നിന്ന് ഇസ്രായേലിന് നേരെ രണ്ട് തവണ നടന്ന റോക്കറ്റാക്രമണങ്ങളുമായി ബന്ധപ്പെട്ട് പ്രതികളെന്ന് സംശയിക്കുന്ന ഏതാനും പേരെ അറസ്റ്റ് ചെയ്തതായി ലെബനൻ സൈന്യം അറിയിച്ചു. മാർച്ച് 22, 28 തീയതികളിൽ തെക്കൻ ലെബനനിലെ നബാത്തിയ മേഖലയിൽ നിന്നാണ് ഇസ്രായേലിലേക്ക് റോക്കറ്റുകൾ വിക്ഷേപിച്ചത്.സൈന്യത്തിന്റെ പ്രസ്താവന പ്രകാരം, ലെബനൻകാരും ഫലസ്തീനികളും അടങ്ങുന്ന ഒരു സംഘമാണ് ആക്രമണത്തിന് പിന്നിൽ. വിവിധയിടങ്ങളിൽ നടത്തിയ റെയ്ഡുകളിലൂടെയാണ് ഇവരിൽ പലരെയും പിടികൂടിയത്. ആക്രമണത്തിന് ഉപയോഗിച്ച ഉപകരണങ്ങളും വാഹനങ്ങളും പിടിച്ചെടുത്തതായും സൈന്യം വ്യക്തമാക്കി. സംഭവത്തിൽ ഉൾപ്പെട്ട മറ്റുള്ളവർക്കായി തിരച്ചിൽ തുടരുകയാണ്.അതേസമയം, സൈന്യത്തിന്റെ ഔദ്യോഗിക പ്രസ്താവനയിൽ ഇറാൻ പിന്തുണയോടെ പ്രവർത്തിക്കുന്ന ഹിസ്ബുള്ള സംഘടനയെക്കുറിച്ച് യാതൊരു പരാമർശവും നടത്തിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. 2024 നവംബറിലെ വെടിനിർത്തൽ കരാറിന് ശേഷം നടന്ന ഈ ആക്രമണങ്ങളുടെ ഉത്തരവാദിത്തം നേരത്തെ ഹിസ്ബുള്ള നിഷേധിച്ചിരുന്നു. പിടികൂടിയവരെ ജുഡീഷ്യറിയുടെ മേൽനോട്ടത്തിൽ ചോദ്യം ചെയ്തുവരികയാണെന്ന് സൈനിക വൃത്തങ്ങൾ അറിയിച്ചു.



## സിറിയയിലും ലബനനിലും ഗസ്സയിലും സൈന്യം തുടരുമെന്ന് ഇസ്രായേൽ

ജറുസലേം: ഗാസയിൽ മാത്രമല്ല, അയൽ രാജ്യമായ ലെബനനിലും സിറിയയിലും അധിനിവേശ പ്രദേശങ്ങളിൽ ഇസ്രായേൽ സൈന്യത്തെ അനിശ്ചിതകാലത്തേക്ക് നിലനിർത്തുമെന്ന് പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ്. സൈനികരെ പൂർണ്ണമായും ഒഴിപ്പിക്കുന്നതിനുപകരം അധിനിവേശ പ്രദേശങ്ങളിൽ തന്നെ നിലനിർത്തുകയും സുരക്ഷിത മേഖലകളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ലക്ഷ്യമെന്ന് കാറ്റ്സ് പറഞ്ഞു.വെടിനിർത്തൽ അവസാനിച്ചതിനുശേഷം കരസേന വീണ്ടും ആക്രമണം ആരംഭിച്ച ഗാസയിലെ നിരവധി പ്രദേശങ്ങൾ സമീപ ആഴ്ചകളിൽ ഇസ്രായേൽ സൈന്യം കൈവശപ്പെടുത്തിയിട്ടുണ്ട്. ബന്ദികളെ മോചിപ്പിക്കാൻ ഹമാസിനെ നിർബന്ധിക്കുന്നതിന്റെ പേരിലാണ് ഈ നീക്കം എങ്കിലും, അവർ കൂടുതൽ സൈനികരെ വിന്യസിക്കുകയും നിയന്ത്രണം കർശനമാക്കുകയും ചെയ്യുന്നു.ഹിസ്ബുല്ലക്കെതിരെ ആക്രമണവുമായി കഴിഞ്ഞ വർഷം ലബനാനിലെത്തിയ ഇസ്രായേൽ സേന ചില ഭാഗങ്ങളിൽനിന്ന് ഇനിയും പിൻവാങ്ങിയിട്ടില്ല. ബശ്ശാറുൽ അസദിനെ മറിച്ചിട്ട സൈനിക അട്ടിമറിക്കുടൻ തെക്കൻ സിറിയയിലേക്ക് കടന്നുകയറിയ ഇസ്രായേൽ സൈന്യം അവിടെയും അക്രമം തുടരുകയാണ്. അതേസമയം, ഗാസയിലെ ഒരു ആശുപത്രിയിലേക്ക് ഇസ്രായേൽ വീണ്ടും ആക്രമണം നടത്തി.

## വിദൂര ഗ്രഹത്തിൽ ജീവന്റെ സൂചനകൾ; വെളിപ്പെടുത്തലുമായി ശാസ്ത്രജ്ഞർ



ലണ്ടൻ: മറ്റൊരു നക്ഷത്രത്തെ ചുറ്റുന്ന വിദൂര ലോകം ജീവന്റെ ആവാസ കേന്ദ്രമായിരിക്കാമെന്നതിന് പുതിയ തെളിവുകൾ കണ്ടെത്തിയതായി ശാസ്ത്രജ്ഞർ.ഗ218യ എന്ന ഗ്രഹത്തിന്റെ അന്തരീക്ഷത്തെക്കുറിച്ച് പഠിക്കുന്ന കേംബ്രിഡ്ജ് സംഘം ഭൂമിയിലെ ലളിതമായ ജീവികളിൽ നിന്ന് മാത്രം ഉത്പാദിപ്പിക്കപ്പെടുന്ന തന്മാത്രകളുടെ അടയാളങ്ങൾ കണ്ടെത്തി എന്നാണ് വെളിപ്പെടുത്തിയിരിക്കുന്നത്. നാസയുടെ ജെയിംസ് വെബ് ബഹിരാകാശ ദൂരദർശിനി ഗ്രഹത്തിന്റെ അന്തരീക്ഷത്തിൽ ജീവനുമായി ബന്ധപ്പെട്ട രാസവസ്തുക്കൾ കണ്ടെത്തിയ രണ്ടാമത്തെതും കൂടുതൽ പ്രതീക്ഷ നൽകുന്നതുമായ ഒന്നാണിത്. എന്നാൽ ഈ ഫലങ്ങൾ സ്ഥിരീകരിക്കുന്നതിന് കൂടുതൽ ഡാറ്റ ആവശ്യമാണെന്ന് ശാസ്ത്ര സംഘവും സ്വതന്ത്ര വാനനിരീക്ഷകരും വ്യക്തമാക്കുന്നു. ഉടൻ തന്നെ നിർണായക തെളിവുകൾ ലഭിക്കുമെന്ന് കേംബ്രിഡ്ജ് സർവകലാശാലയിലെ ജ്യോതിശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ടിലെ മുഖ്യ ഗവേഷകനായ പ്രൊഫ. നിക്കു മധുസൂദൻ പറഞ്ഞു.

## യുറേനിയം സമ്പുഷ്ടീകരണത്തിന് ഞങ്ങൾക്ക് അവകാശമുണ്ട്, അതിൽ ചർച്ചയില്ല; ഇറാൻ

ടെഹ്റാൻ: ആണവ ഇന്ധനമായ യുറേനിയത്തിൻറെ സന്പുഷ്ടീകരണം ഇറാൻ നിർത്തില്ലെന്ന് വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി. ഈ വാരാന്ത്യത്തിൽ റോമിൽ വെച്ച് ആണവ പദ്ധതിയെക്കുറിച്ച് അമേരിക്കയുമായി രണ്ടാം ഘട്ട ചർച്ചകൾ നടക്കാനിരിക്കെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.ഒമാനിൽ ശനിയാഴ്ച ആരംഭിച്ച ചർച്ചയിൽ ഒരു കരാറും ഉണ്ടായില്ലെങ്കിൽ സൈനിക നടപടിയെടുക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞിരുന്നു. ചർച്ചയിൽ ഇറാനെ നയിക്കുന്നത് അരാഗ്ചിയാണ്. കരാറുണ്ടാക്കണമെങ്കിൽ ഇറാൻ സന്പുഷ്ടീകരണം അവസാനിപ്പിക്കണമെന്ന് അമേരിക്കൻ സംഘത്തെ നയിക്കുന്ന സ്റ്റീവ് വിറ്റ്കോഫും കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.



യുറേനിയം സന്പുഷ്ടീകരിക്കാൻ ഇറാന് അവകാശമുണ്ടെന്നും അക്കാര്യത്തിൽ ചർച്ചയില്ലെന്നും അരാഗ്ചി മറുപടി നൽകി. സന്പുഷ്ടീകരണ വിഷയത്തിൽ അമേരിക്കയ്ക്കുള്ള ആശങ്കകളിൽ ചർച്ചയാകാമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഇതിനിടെ, ഇറാൻറെ കൈവശമുള്ള സന്പുഷ്ട ആണവ ഇന്ധനം റഷ്യ പോലുള്ള മൂന്നാമതൊരു രാജ്യത്തിനു കൈമാറാൻ അമേരിക്ക നിർദേശിച്ചേക്കുമെന്നു റിപ്പോർട്ടുണ്ട്. ഇറാൻ ഇത് അംഗീകരിക്കില്ലെന്നും പറയുന്നു.

# അവസരം മുതലെടുത്ത് ചൈന; താരിഫ് യുദ്ധത്തിനിടെ 85,000ത്തിലധികം ഇന്ത്യക്കാർക്ക് വിസ വാഗ്ദാനം

വാഷിംഗ്ടൺ : യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ താരിഫ് യുദ്ധത്തിനിടെ ഇന്ത്യയിൽ നിന്നുള്ള സഞ്ചാരികൾക്ക് വിസ അനുവദിച്ച് ചൈന. ജനുവരി 1 മുതൽ ഏപ്രിൽ 9 വരെ 85,000-ത്തിലധികം ഇന്ത്യക്കാർക്ക് വിസ അനുവദിച്ചതായി ചൈനീസ് അംബാസഡർ സു ഫെയ്ഹോങ് പറഞ്ഞു.'കൂടുതൽ ഇന്ത്യൻ സുഹൃത്തുക്കളെ ചൈനയിലേക്ക് സ്വാഗതം. സുരക്ഷിതവും ഊർജ്ജസ്വലവും ആത്മാർത്ഥവും സൗഹൃദപരവുമായ ഒരു ചൈന അനുഭവിക്കൂ. ജനുവരി 1 മുതൽ ഏപ്രിൽ 9 വരെ ഇന്ത്യക്കാർക്ക് 85,000-ത്തിലധികം വിസകൾ അനുവദിച്ചു,' ചൈനീസ് അംബാസഡർ സു ഫെയ്ഹോങ് ഒരു എക്സ്-പോസ്റ്റിൽ എഴുതി. കൂടുതൽ ഇന്ത്യൻ വിനോദസഞ്ചാരികളെ രാജ്യത്തേക്ക് ആകർഷിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ചൈനീസ് സർക്കാർ വിസ ചട്ടങ്ങളിൽ വിവിധ ഇളവുകളും ഏർപ്പെടുത്തിയിട്ടുണ്ട്.ചൈന സന്ദർശിക്കാൻ താൽപര്യമുള്ളവർക്ക് വിസ ലഭിക്കാൻ ഓൺലൈൻ അപ്പോയിന്റ്മെന്റ് ഇല്ലാതെ നേരിട്ട് വിസ സെന്ററുകളിൽ അപേക്ഷ നൽകാം.ഹ്രസ്വകാലത്തേക്ക് ചൈനയിലേക്ക് പോകാൻ ബയോമെട്രിക്ക് ഡേറ്റ നൽകണമെന്ന നിർബന്ധവുമില്ല. ഇത് പ്രോസസിങ് സമയം കുറയ്ക്കുന്നതിനും സഹായകരമാകും.വളരെ കുറഞ്ഞ നിരക്കിൽ ഇപ്പോൾ ചൈനീസ് വിസ ലഭിക്കും. ഇത് ഇന്ത്യൻ സന്ദർശകർക്ക് ചൈനയിലേക്കുള്ള യാത്ര സുഗമമാക്കുന്നു.വിസ അംഗീകാരിക്കാനുള്ള സമയക്രമം കൂടുതൽ കാര്യക്ഷമമാക്കി. ഇത് വേഗത്തിലുള്ള ഇഷ്യു അനുവദിക്കുകയും ബിസിനസ്, വിനോ



ദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുകയും ചെയ്യുന്നു. സാംസ്കാരിക ഉത്സവങ്ങൾ, കൂടുതൽ ടൂറിസം കേന്ദ്രങ്ങൾ എന്നിവ ഇന്ത്യൻ വിനോദ സഞ്ചാരികൾക്കായി ചൈന ഒരുക്കുന്നുണ്ട്.



## ഇസ്രയേൽ പാസ്പോർട്ട് ഉടമകൾക്ക് മാലിദ്വീപിൽ വിലക്ക്

മാലി: ഇസ്രായേൽ പാസ്പോർട്ടുള്ള പൗരന്മാർക്ക് പ്രവേശനം വിലക്കി മാലിദ്വീപ്. പ്രസിഡന്റ് മുഹമ്മദ് മുർസിയുടെ നിർദ്ദേശപ്രകാരം സുരക്ഷാ സാങ്കേതിക മന്ത്രി അലി ഇഹ്സാൻ ആണ് ഇക്കാര്യം അറിയിച്ചത്. ഗാസയിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധവും നിരപരാധികളെ കൊല്ലുന്നതും അവസാനിപ്പിക്കുന്നതുവരെ നിരോധനം തുടരുമെന്ന് മാലിദ്വീപ് സർക്കാർ പ്രഖ്യാപിച്ചു. ഇസ്രായേലി പൗരന്മാർക്ക് പ്രവേശന നിരോധനം ഏർപ്പെടുത്താനുള്ള തീരുമാനം മന്ത്രിസഭയുടെ ശുപാർശ പ്രകാരമാണെന്ന് പ്രസിഡന്റ് മുഹമ്മദ് മുർസി പറഞ്ഞു.പലസ്തീനുവേണ്ടി ധനസഹായ ക്യാംപെയ്ൻ നടത്താനും പ്രസിഡന്റ് മുയിസു തീരുമാനിച്ചിട്ടുണ്ട്. പലസ്തീന് ആവശ്യമായ സഹായങ്ങൾ അവലോകനം ചെയ്യുന്നതിനായി പ്രത്യേക നയതന്ത്രപ്രതിനിധിയെ നിയമിക്കാനും തീരുമാനിച്ചു.

## 'ലിംഗാധിഷ്ഠിത സംരക്ഷണം സ്ത്രീകളായി ജനിച്ചവർക്ക് മാത്രം'; നിർണായക വിധിയുമായി യുകെ സുപ്രീം കോടതി

ലണ്ടൻ: സ്ത്രീ എന്നതിന്റെ നിയമപരമായ നിർവചനം ജനന സമയത്തെ ലിംഗഭേദം അനുസരിച്ചെന്ന് യുകെയിലെ സുപ്രീം കോടതി. ബ്രിട്ടനിലെ തുല്യതാ നിയമപ്രകാരം സ്ത്രീയെ അവരുടെ ജനന സമയത്തെ ലിംഗഭേദം അനുസരിച്ചാണ് നിർവചിക്കുകയെന്ന് ജഡ്ജിമാർ ഏകകണ്ഠമായി വിധിച്ചു. സ്കോട്ട്ലൻഡ്, ഇംഗ്ലണ്ട്, വെയിൽസ് എന്നിവിടങ്ങളിൽ ലിംഗാധിഷ്ഠിത അവകാശങ്ങൾക്കായി ദീർഘകാലമായി നടന്ന നിയമപോരാട്ടത്തിന്റെ പരിസമാപ്തിയാണ് കോടതിയുടെ വിധി. സ്ത്രീകളായി ജനിച്ചവർക്ക് മാത്രമേ ലിംഗാധിഷ്ഠിത സംരക്ഷണം ബാധകമാകൂ എന്ന് ആവശ്യപ്പെട്ട് കേസ് ഫയൽ ചെയ്ത ഫോർ വിമൻ സ്കോട്ട്ലൻഡ് എന്ന പ്രചാരണ ഗ്രൂപ്പിന്റെ വാദം കോടതി അംഗീകരിച്ചു.എന്നിരുന്നാലും, വിധി ഒരു വിഭാഗത്തിന്റെ വിജയമായി കാണരുതെന്ന് ജഡ്ജി ലോർഡ് ഹോഡ്ജ് പറഞ്ഞു. നിയമം ഇപ്പോഴും ട്രാൻസ്ജെൻഡർ വിഭാഗത്തെ വിവേചനത്തിൽ നിന്ന് സംരക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.ജനനത്തിന് ശേഷം ലിം?ഗഭേദം വരുത്തി സ്ത്രീയായി മാറി, തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നേടിയ ആരെയും സമത്വ നിയമപ്രകാരം സ്ത്രീകളായി നിർവചിക്കാമെന്നായിരുന്നു സ്കോട്ടിഷ് സർക്കാറിന്റെ വാദം.എന്നാൽ, ജനനസമയത്തെ ലിംഗഭേദം മാറ്റാനാവാത്തതാണെന്നും അതുകൊണ്ട് തന്നെ കൂടുതൽ പ്രാധാന്യമുണ്ടെന്നും എഫ്ഡബ്ല്യുഎസ് വാദിച്ചു. സ്ത്രീയായി ജനിച്ച വ്യക്തികളുടെ അതേ നിയമപരമായ സംരക്ഷണം ട്രാൻസ് സ്ത്രീകൾക്ക് ഉണ്ടാകരുതെന്നും സംഘടന കോടതിയിൽ വ്യക്തമാക്കി. അതേസമയം, വിധി ആശങ്കയുളവാക്കുന്നതാണെന്ന് എൽജിബിടിക്യു ആക്ടിവിസ്റ്റുകൾ പറഞ്ഞു.





## 'നിങ്ങളുടെ സേവനത്തിന് നന്ദി'; ജീവൻ രക്ഷിച്ച മെഡിക്കൽ സംഘത്തിന് നന്ദി പറഞ്ഞ് മാർപാപ്പ

വത്തിക്കാൻ സിറ്റി: തന്റെ ജീവൻ രക്ഷിച്ച ഡോക്ടേഴ്സിനും മെഡിക്കൽ സംഘത്തിനും നന്ദി പറഞ്ഞ് ഫ്രാൻസിസ് മാർപാപ്പ. 38 ദിവസം ചികിത്സയിലായിരുന്ന റോമിലെ ജെമെല്ലി ആശുപത്രിയിലെ 70 ഓളം ഡോക്ടർമാരെയും ജീവനക്കാരെയും അദ്ദേഹം സന്ദർശിച്ചു.'ആശുപത്രിയിലെ നിങ്ങളുടെ സേവനത്തിന് നന്ദി'' മാർപാപ്പ പറഞ്ഞു. ശ്വാസകോശ അണുബാധയെത്തുടർന്ന് 5 ആഴ്ച ആശുപത്രിയിലായിരുന്ന മാർപാപ്പ കഴിഞ്ഞ മാസം 23ന് ആണ് ആശുപത്രി വിട്ടത്. 2 മാസം പൂർണ വിശ്രമത്തിലാണ്. അതേസമയം പെസഹാവ്യാഴം, ദുഖവെള്ളി ദിവസങ്ങളിൽ വത്തിക്കാനിലെ തിരുക്കർമ്മങ്ങൾക്ക് ഫ്രാൻസിസ് മാർപാപ്പ നേതൃത്വം നൽകില്ല. പകരം മൂന്ന് കർദിനാൾമാർക്ക് മാർപാപ്പ ചുമതല നൽകി.ഓശാന ഞായറാഴ്ച അപ്രതീക്ഷിതമായി സെയ്ന്റ് പീറ്റേഴ്സ് ചത്വരത്തിൽ വിശ്വാസികളെ കാണാൻ . മാർപാപ്പ വീൽച്ചെയറിലെത്തിയിരുന്നു.

വാചകം

# 75th Happy Birthday



## Herald Figueiredo



Calicut Archbishop Most Rev Varghese Chakalakkal blessing the birthday cake during the birthday party at Chicago













